# സ്മരണമണ്ഡലം

THE UNITED STORES,
NEAR V. H. G. H. SCHOOL,
PATTATHANAM,
QUILON.

(Malayalam)
**Smaranamandalam**
Autobiography
By Sahithyapanchananan
P. K. NARAYANA PILLAI
First Published 1943
Reprinted May 1955, June 1964,
April 1973
Printed at
The Kerala University Co-operative Stores Press
Trivandrum
Price Rs. 3/-
Copyright.
V. Raveendranathan Nair
Publishers:
The Kerala University Co-operative Stores
Trivandrum.

PATTATHANAM

# സ്മരണമണ്ഡലം

സാഹിത്യപഞ്ചാനനൻ

പി. കെ. നാരായണപിള്ള

പ്രസാധകന്മാർ

കേരളാ യൂണിവേഴ്സിററി കോഓപ്പറേററീവ് സ്റ്റോഴ്സ്

തിരുവനന്തപുരം

## പി. കെ. നാരായണപിള്ളയുടെ കൃതികൾ

1. കുഞ്ചൻനമ്പ്യാർ
2. തുഞ്ചത്തെഴുത്തച്ഛൻ
3. ചിലകവിതാപ്രതിധ്വനികൾ
4. പ്രബന്ധകല്പലത
5. പ്രസംഗതരംഗിണി (മൂന്നുഭാഗം)
6. വിജ്ഞാനരഞ്ജിനി
7. കേരളാചാരനാഡീപരീക്ഷ
8. നായന്മാരും സ്വാത്തവിചാരവും
9. മദ്രാസ് ഭൂമിശാസ്ത്രം
10. ലഘുവ്യാകരണം
11. വ്യാകരണപ്രവേശിക
12. പ്രയോഗദീപിക
13. കാവ്യമേഖല (പദ്യം)
14. ശ്രീമൂലമുക്താവലി ,,
15. കിമപികാവ്യം ,,
16. സ്മരണമണ്ഡലം

## പ്രസാധനങ്ങൾ

17. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്
18. ഭാരതം – സംഭവപർവ്വം ,,
19. ,, – കർണ്ണപർവ്വം ,,
20. ശ്രീമഹാഭാഗവതം ,,
21. ഇരുപത്തിനാലുവൃത്തം ,,
22. കൃഷ്ണഗാഥ
23. ഘോഷയാത്ര തുള്ളൽ
24. പഞ്ചേന്ദ്രോപാഖ്യാനം ,,
25. സുന്ദോപസുന്ദോപാഖ്യാനം ,,
26. സത്യാസ്വയംവരം ,,
27. കൃഷ്ണാർജ്ജുനയുദ്ധം, അഥവാ മാധവലീല ,,

SREENIVAS
Pattathanam

# അവതാരിക

കേരളഭാഷാസാഹിത്യത്തിൽ ആത്മീയങ്ങളായ ജീവചരിത്രങ്ങൾ വളരെ ദുർല്ലഭങ്ങളാണല്ലോ എന്നു വ്യസനിക്കത്തക്കതാകുന്നു. അങ്ങനെയിരിക്കെ സഹൃദയ സമാജത്തിലെ സദസ്യന്മാരായ വിദ്വജ്ജനങ്ങൾക്കു് ആ മാസികപുസ്തകം മാസത്തിൽ ആവർത്തിച്ചു നടത്തണമെന്നു കാംക്ഷയുണ്ടാകുകയും ഞാൻകൂടി അതിന്റെ രക്ഷാകർത്തൃത്വം വഹിക്കണമെന്നു താല്പര്യപ്പെടുകയും ചെയ്തു. സഹൃദയമാസികയുടെ രക്ഷാകർത്തൃത്വവും എന്റെ ആരോഗ്യവും തമ്മിൽ വളരെ യോജിച്ചിരുന്നില്ല. വിദ്വജ്ജനങ്ങളുടെ ലേഖനഖനികൾ മാസികഗ്രന്ഥത്തിനു പ്രയോജനപ്പെടുവാൻ പല ഉപായങ്ങൾ പ്രയോഗിച്ച കൂട്ടത്തിൽ ആയാസഹീനമായും ലളിതമായും പേലവമായും ഞാനുംകൂടി മാസികഗ്രന്ഥത്തിലേയ്ക്കു് എഴുതിക്കൊണ്ടിരിക്കുന്നതിനു പ്രിൻസിപ്പാൾ ഏ. ഗോപാലമേനവൻ പ്രയോഗിച്ച സൂത്രം തൽകാലം ബുദ്ധിമുട്ടായിട്ടു തോന്നിയെങ്കിലും ഇപ്പോൾ ഇങ്ങനെ പരിണമിച്ചല്ലോ എന്നു സന്തോഷിക്കുന്നു. ഇതിന്റെ ആവിർഭാവകാലത്തുതന്നെ പ്രസിദ്ധ ഭാഷാസാഹിത്യകാരനായ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ ഉദ്യമത്തിൽ അനുഗ്രാഹകനായിരുന്നു. മഹാകവി റാവുസാഹിബ്ബ് എസ്. പരമേശ്വരയ്യരവർകൾ, മേജർ സർദാർ കെ. എം. പണിക്കർ എം. ഏ. ബാർ-അററ്-ലാ മുതൽ പേരും ഇതിന്റെ പൂർത്തിയിൽ പ്രോത്സാഹികളായിരുന്നു. എന്നാൽ

ശൈശവം തുടങ്ങി മുപ്പതു വയസ്സുവരെ ആയുസ്സിൻെറ ഒരു ഘട്ടമായും അതിനു ശേഷം മറെറാരു ഘട്ടമായും വിഭാജ്യമാക്കി പ്രതിപാദിക്കുന്നതു കൊള്ളാമെന്നു വിചാരിച്ച് ഈ പ്രഥമഭാഗം ബഹുജനസമക്ഷം ഇപ്പോൾ അവതരിപ്പിക്കുന്നു. അടുത്ത ഭാഗവും താമസി യാതെ അച്ചടിച്ചുകൊള്ളാവുന്നതാണു്. ഊരുമദ്ധ്യത്തിൽക്കൂടി ശസ്ത്രവൈദ്യൻെറ ആയുധം കടന്നുകൂട്ടുകയും ആരോഗ്യഭാഗ്യം അല്പാല്പം നവീകരിച്ചുകിട്ടുകയും മഹാരാജാവു തിരുമനസ്സിലെ നിസ്സീമമായ കാരുണ്യം ഇതേവരെ അന്നദാനപട്ടവായി ഫലിക്കുകയും ചെയ്കയാൽ ഇത്രമാത്രമൊക്കെ സാധിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ജഗദീശ്വരൻ പ്രസാദിക്കട്ടെ !

ഇതിൽ പല അഭിപ്രായങ്ങളും സംഗതിവശാൽ പറയേണ്ടതായി വന്നിട്ടുണ്ടെങ്കിലും അവയെല്ലാം രസഗതിയെ അനുകൂലിച്ചു പറയുവാൻ ഇടയായി എന്നല്ലാതെ മറെറാന്നുമല്ല. എന്നുതന്നെയുമല്ലാ ഇനി വരാനുള്ള ഭാഗത്തിലെ പ്രസ്താവനകൾകൊണ്ടല്ലാതെ അനുസ്യൂതങ്ങളായ ഭാവങ്ങളുടെ പരിപൂർണ്ണത സിദ്ധിക്കുന്നതുമല്ല.

തിരുവനന്തപുരം

1-11-1937 പി. കെ. നാരായണപിള്ള

SNC. II

# ഒന്നാംഭാഗം

## ഒന്നു്

കൊല്ലവർഷം 1053-ാമാണ്ടു മീനമാസം ഒൻപതാം തീയതി അമ്പലപ്പുഴെ കൃഷ്ണസ്വാമിക്ഷേത്രത്തിനു കുറെ കിഴക്കുമാറി കടമ്മാട്ടുവീട്ടിൽ പ്രഭാതവേള നൂതനമായ ഒരു ശിശുവിന്റെ ഉൽപ്പത്തിയെ ഉദയസൂര്യനു പ്രത്യക്ഷീകരിച്ചു. തലേദിവസം ദേശാധിദേവതയായ പാർത്ഥസാരഥിയുടെ ക്ഷേത്രത്തിൽ കൊടിയേററായിരുന്നു. ലഗ്നത്തിൽ ആദിത്യനും ബുധനും ശനിയും മൂന്നാമെടത്തു കുജനും മാന്ദിയും അഞ്ചാമെടത്തു കേതുവും എട്ടാമെടത്തു ചന്ദ്രനും പതിനൊന്നാമെടത്തു വ്യാഴവും രാഹുവും പന്ത്രണ്ടാമെടത്തു ശുക്രനും ഇങ്ങനെയായിരുന്നു ജനനകാലത്തെ ഗ്രഹനില. നക്ഷത്രം യാതപ്രായമായിരുന്ന ചിത്തിരയായിരുന്നതുകൊണ്ടു് സ്വാതിയുടെ കൈയേററവും അതിത്തിത്തക്കവും ഉണ്ടായിരുന്നതായി ചില ജ്യൗതിഷികന്മാർ ഗണിക്കാറുണ്ടു്. മുൻപറഞ്ഞ ഗ്രഹനിലയെ അനായാസമായി ഓർമ്മിക്കുന്നതിനു ഞാൻ തന്നെ പദ്യമായിട്ടു കുറിച്ചിട്ടുള്ളതു വായനക്കാർക്കു കൗതുകകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ലക്ഷ്മീനമ്യസമാസു മീനനവമശ്രീവാസരേ ലഗ്നഗേ
ഭാസ്വൻ മന്ദബുധത്രയേ കുജയുതേ മാന്ദൌതൃതീയം ഗതേ
കേതൌ പഞ്ചമമഷ്ടമഞ്ച ശശിനി വ്യാളേന ലാഭം ഗുരൌ
കാവ്യേ ദ്വാദശമാശ്രിതേ ച സമഭൂന്നാരായണശ്ചിത്രയാ.

ഈ ശ്ലോകത്തിൽ 'ലക്ഷ്മീനമ്യ' എന്നുള്ളതു് ക, ഒന്നു് ഖ, രണ്ടു് ഇത്യാദി അക്ഷരസംഖ്യ അനുസരിച്ചു് 1053-ാമാ

ണ്ടിനെ കുറിക്കുന്നതും 'ലക്ഷ്മി' എന്നുള്ളതു മാതാവിന്റെ നാമധേയവും ആകുന്നു. ഇങ്ങനെയാണ് എന്റെ ജാതകം. 'കേസരിയോഗം' 'നീചഭംഗരാജയോഗം' 'പരിവത്തന യോഗം' ഇങ്ങനെ ചില യോഗങ്ങൾ ജാതകവശാൽ ഉണ്ടെങ്കിലും ശസ്ത്രക്രിയയ്ക്കു വിധേയനാകത്തക്കവിധം അടുത്തകാലത്തു ശരീരാസ്വാസ്ഥ്യം നേരിട്ടപ്പോൾരോഗവും യോഗവും തമ്മിലും ശാസ്ത്രവും ശസ്ത്രവും തമ്മിലും വല്ലാത്ത വിഘടന സംഭവിക്കുമോ എന്നു സംശയിക്കാതിരുന്നില്ല. യമധമ്മന്റെ ധമ്മബുദ്ധിയും ആയുസ്സിന്റെ ബലവും കൊണ്ടു് 58-ാമത്തെ വയസ്സു കഴിഞ്ഞു് ജീവിതം ഒന്നുകൂടി നീട്ടിക്കിട്ടിയതു് ഇപ്പോൾ അനുഭവിച്ചുവരികയാണു്.

ഞാൻ അമ്മയുടെ സീമന്തപുത്രനാണു്. സഹോദര സ്ഥാനത്തു രണ്ടു പുരുഷന്മാരും മൂന്നു സ്ത്രീകളും ഇപ്പോൾ ഉണ്ടു്. ഞങ്ങളുടെ അച്ഛൻ ആലപ്പുഴപ്പറവൂർ പ്രസിദ്ധ ധനിക കുടുംബമായ പൊഴിച്ചേരിമഠത്തിൽ ദാമോദരൻ പ്ലാപ്പള്ളി യാകുന്നു. അച്ഛനു് ആദ്യജോലി തെക്കേടത്തു മനയ്ക്കൽ കാര്യ ഭരണവും പിന്നീടു ചൊവ്വൂർമനയ്ക്കൽ ജഡ്ജിനമ്പൂരിപ്പാട്ടിലെ കാര്യസ്ഥതയും ഒടുവിൻ ആയില്യം തിരുനാൾ തിരുമനസ്സി ലെക്കാലത്തു തിരുവനന്തപുരത്തു വലിയ കൊട്ടാരത്തിൽ രായസവും ആയിരുന്നു. ആയില്യം തിരുനാൾ തിരുമന സ്സിലെ ദൃഢമായകാരുണ്യത്തിനും വിശ്വാസത്തിനും അച്ഛൻ പാത്രമായിരുന്നു. അതിന്റെ ഫലമായി വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു സിംഹാസനസ്ഥനാകയും രായസസ്ഥാ നത്തുനിന്നു് അച്ഛൻ സ്ഥാനഭ്രഷ്ടനാകയും ഒരുമിച്ചു കഴിഞ്ഞു. ചുരുക്കം പറഞ്ഞാൽ വിശാഖം തിരുനാൾ തിരുമനസ്സിലെ കാലത്തു് തിരുവനന്തപുരം ബാലികേറാമലപോലെ അച്ഛ നവജ്ഞനീയമായിരുന്നു. അച്ഛന്റെ പേരിൽ ഉണ്ടായിരുന്ന കഠിനമായ അപരാധം ആയില്യം തിരുനാൾ തിരുമനസ്സു കൊണ്ടു് ആലസ്യമായിക്കിടന്നിരുന്നപ്പോൾതിരുമനസ്സിലെ

അഭിപ്രായമനുസരിച്ച് പാഴൂർകണിയാൻെറ വാസസ്ഥലത്തു ചെന്നു രോഗനിവൃത്തിയെ സംബന്ധിച്ച ഗൂഢമായി പ്രശ്നം വയ്പിക്കുവാൻ പോയി എന്നുള്ളതാണു. മീനച്ചൽ തഹശീൽദാക്കും മൂവാററുപുഴ തഹശീൽദാക്കും രഹസ്യമായി എഴുത്തും കൊണ്ടു പുറപ്പെട്ട ദൂതനുവേണ്ടസഹായങ്ങൾ ചെയ്തുകൊടുക്കണമെന്നു കൊട്ടാരം സർവ്വാധികാര്യക്കാർ ഏർപ്പാടുകൾ ചെയ്തു അയയ്ക്കുകയാണുണ്ടായതു്. അക്കാലത്തു കൊച്ചുരാമൻ(എന്നാണു പേരെന്നു തോന്നുന്നു) എന്നു പ്രസിദ്ധനായ ഗണകൻ പാഴൂർ ഗണകന്മാരുടെ വംശപ്രസിദ്ധി അത്യുച്ചദശയെ പ്രാപിപ്പിച്ചു പരിലസിച്ചിരുന്നു. പ്രശ്നത്തിനു് ഇന്ന സംഗതിയെന്നും അതിൻെറ സാദ്ധ്യാസാദ്ധ്യങ്ങൾ എങ്ങനെയെന്നും ഒന്നും പറയാതെയാണു പ്രശ്നം ആരംഭിച്ചതു്. പടിപ്പുര പ്രശ്നമാണു പാഴൂർ പ്രധാനമായി വച്ചിരിക്കുന്നതു്. ഇന്ന കാര്യം പ്രമാണിച്ചാണു വന്നതു് എന്നു ഗണകൻതന്നെപറയണമെന്നു് അച്ഛൻ സിദ്ധാന്തിച്ചു. അവിടെയുള്ള പ്രതിഷ്ഠയിൽ ദത്തദൃഷ്ടിയായിരുന്ന ഗണകൻ ഒടുവിൽ എഴുനേററു മണിയടിക്കയും തൊഴുകയും എല്ലാം കഴിഞ്ഞു ചിന്താമഗ്നനായി ഇരുന്നശേഷം ഒരു രോഗം സംബന്ധിച്ച പ്രശ്നത്തിനാണു വന്നതു് എന്നുപറഞ്ഞു. അങ്ങനെയാണെങ്കിൽ ആരുടെ രോഗമാണു് എന്നു ചോദിച്ചതിനു മററാരുടേയും അല്ല, നാടുവാഴുന്ന തമ്പുരാൻെറതന്നെയാണു് എന്നു് ആ മഹാജ്യൗതിഷികൻ ഉത്തരം പറഞ്ഞു. തിരുമനസ്സിലേക്കു് ആലസ്യമാണെങ്കിൽ രോഗത്തിൽനിന്നും നിവൃത്തനമുണ്ടാകുമോ ഇല്ലയോ എന്നു ചോദ്യം തുടന്നു. നിവർത്തനം ഉണ്ടാകയില്ലെന്നു് ആയിരുന്നു മറുപടി. അച്ഛൻ ഈ ദൂതു നിർവ്വഹിച്ചു് ആലപ്പുഴയെത്തിയപ്പോൾ തിരുമനസ്സു കൊണ്ടു നാടുനീങ്ങിയതുകൊണ്ടു നാട്ടുവാലായ്മ ആചരിക്കുന്നതിനു വേണ്ട രാജശാസന പുറപ്പെട്ടുകഴിഞ്ഞു. കണ്ണുനീർപ്പുഴ ഒഴുക്കിക്കൊണ്ടു് അച്ഛൻ ആലപ്പുഴെത്തന്നെ താമസം ഉറ

പ്പിച്ചു. പിന്നീട്ട മൂലം തിരുനാൾ മഹാരാജാവു തിരുമനസ്സു കൊണ്ടു രാജ്യഭാരം ഏറെറു കുറെ കഴിഞ്ഞതിനുശേഷമാണ് അച്ഛൻ തിരുവനന്തപുരത്തു വരികയും മുഖംകാണിക്കയും ചെയ്തതു്. തിരുവനന്തപുരം വിട്ടു പോയിട്ടു നാൾ വളരെ യായിരുന്നു എങ്കിലും ഒരു ചെറിയ പെൻഷൻ തിരുമനസ്സു കൊണ്ടുദയവായിഅനുവദിച്ചുകൊടുത്തു. പിന്നീട്ട് അച്ഛന്റെ വ്യവസായം മിക്കവാറും കൃഷിത്തൊഴിൽ ആയിരുന്നു.

മൂലം തിരുനാൾ തിരുമനസ്സിലെ മുഖം കാണിക്കാൻ അച്ഛൻ തിരുവനന്തപുരത്തു വന്നപ്പോൾ അന്നു ബാല്യമായി രുന്ന ഞാൻകൂടി അച്ഛന്റെകൂടെ ഉണ്ടായിരുന്നു. അന്നു് അച്ഛന്റെ പരിചയക്കാരിൽ ഞങ്ങൾ പോയി കണ്ടവരുടെ കൂട്ടത്തിൽ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാരുംകൂടിയുണ്ടാ യിരുന്നു. അദ്ദേഹം ജോലിയിൽനിന്നു പിരിഞ്ഞു് ഒരു മേശ പ്പുറം നിറയെ പുസ്തകങ്ങൾ ചിതറിക്കൊണ്ടു് എന്തോഗ്രന്ഥ നിർമ്മാണജോലിയിൽ—പക്ഷേ, ഭാഷാചരിത്രം ആയിരി ക്കാം—ഏർപ്പെട്ടിരുന്നതു കണ്ടിട്ടുള്ളതായി ഓക്കുന്നു.

എന്റെ ജനനം കടമ്മാട്ടുവീട്ടിൽ ആയിരുന്നു എങ്കിലും എട്ടുപത്തു വയസ്സാകുന്നതുവരെ പ്രധാനമായി താമസിച്ചിരു ന്നതു പറവൂർ മുറിയിൽ മുരിങ്ങനാട്ടു് എന്ന അച്ഛന്റെ വക ഒരു സ്ഥലത്തായിരുന്നു. എങ്കിലും കടമ്മാട്ടു വീട്ടിൽ മാതാ മഹിയുടെ വാത്സല്യംകൊണ്ടു് ചിലപ്പോൾ താമസിക്കാൻ ഇടവന്നിട്ടുണ്ടു്. അങ്ങനെ താമസിച്ചിരുന്ന ഒരവസരത്തി ലാണ് 57-ലെ പ്രസിദ്ധമായ വെള്ളപ്പൊക്കം ഉണ്ടായതു്. ഗ്രാമവൃദ്ധന്മാർ ആ വെള്ളപ്പൊക്കത്തിനെ ചെമ്പൻവെള്ളം എന്നാണ് വിളിച്ചു വരുന്നതു്. മലവെള്ളത്തിന്റെ താമ്രവ ർണ്ണത്തെ പുരസ്കരിച്ചായിരിക്കണം ആ പേർ ഉണ്ടായതു്. ആ വെള്ളപ്പൊക്കത്തിൽ ഞാനും മററു കുടുംബാംഗങ്ങളും നശിച്ചുപോകാതിരുന്നതു് ഈശ്വരകാരുണ്യം എന്നേ പറ വാനുള്ളു. കടമ്മാട്ടു് എന്നു പറഞ്ഞതു് ഒരു ചെറിയ വീടാ

ണ്ട്. അത്താഴവും കഴിഞ്ഞു് ആ വീട്ടിന്റെ പൂമുഖത്തു് ഒരു ഭൃത്യൻ നാലുവയസ്സു പ്രായമുള്ള എന്നെ സൂക്ഷിച്ചുകൊണ്ടു കിടന്നിരുന്നു. അപ്പോൾ വീട്ടുമുററത്തു വെള്ളമാകട്ടെ വള്ളമാകട്ടെ ഉണ്ടായിരുന്നില്ല. പ്രഭാതമായി ഉണൎന്നുനോക്കിയപ്പോൾ വരുണലോകം മൂടിപൊട്ടി ആ പ്രദേശത്തൊക്കെയും വ്യാപിച്ചതുപോലെകാണപ്പെട്ടു. പ്രളയത്തിന്റെ വിലാസം പ്രകൃതിതന്നെ അഭിനയിച്ചതു പോലെയും തോന്നാതിരുന്നില്ല. ഒരു വിരല്ക്കിട്‌വെള്ളംകൂടി പൊങ്ങിയിരുന്നു എങ്കിൽ കടമ്മാട്ടുവീടു് വരുണന്റെ ആക്രമണത്തെ തടുക്കുന്നതിനു് അശക്തമായിത്തീരുന്നതിനും ഇടയാകുമായിരുന്നു. അവിടത്തെ മുററത്തു് ഒന്നുരണ്ടു വലിയ വള്ളങ്ങൾ എങ്ങനെയൊ വളരെ ക്ലേശിച്ചു് അമ്മാവൻ കേശവപിള്ള കൊണ്ടുവന്നിരുന്നതു് പുരയുടെ തൂണിൽ കെട്ടിയിരുന്നു. ഈ ജംഗമങ്ങളായ ഭവനങ്ങളാണു ഞങ്ങളുടെ രക്ഷയ്ക്കായി കരുതിയിരുന്നതു്.

അച്ഛനും അമ്മയും താമസിച്ചിരുന്ന മുരിങ്ങനാട്ടുവീടു് കടമ്മാട്ടുവീട്ടിൽനിന്നു് ഉദ്ദേശം ആറേഴുനാഴിക അന്നത്തേനിലയ്ക്കു ദൂരെയായിരുന്നു.വെള്ളപ്പൊക്കത്തിന്റെ ഭയങ്കരത്വം മാതാപിതാക്കൾ വേണ്ടപോലെ ഗ്രഹിച്ചു ഉടൻതന്നെ രണ്ടു ഭൃത്യന്മാരെ വള്ളവുംകൊടുത്തു് എന്നെ കടമ്മാട്ടുനിന്നു് ഉടൻതന്നെ മുരിങ്ങനാട്ടു കൊണ്ടുചെല്ലാൻ നിയോഗിച്ചു. അവർ വന്നുചേൎന്ന ഉടൻതന്നെ എന്നെ വള്ളത്തിൽ കയററിക്കൊണ്ടു പുറപ്പെട്ടു. പോകുന്ന വഴിയെല്ലാം ചെമ്പുതകിടുപോലെ താമ്രവർണ്ണമായ ജലം പരന്നിരിക്കുന്നതല്ലാതെ ഒന്നും കാണ്മാനുണ്ടായിരുന്നില്ല. അമ്പലപ്പുഴെ ക്ഷേത്രത്തിന്റെ മാളികയിൽ മാത്തൂപ്പണിക്കരുടെയും വെള്ളൂർ കുറുപ്പിന്റെയും പരസ്പരമല്ലയുദ്ധസന്നദ്ധമായ പ്രതിമകൾ ഉത്സവത്തിനു പ്രദർശിപ്പിക്കാറുള്ളതു പോലെ രണ്ടു വിക്രമികളായ നക്രങ്ങൾ മുരിങ്ങനാട്ടു വീട്ടിലെ തിണ്ണയിൽ കിടക്കുന്ന കാഴ്ച

യാണു് അവിടെച്ചെന്നപ്പോൾ ഞങ്ങൾ കണ്ടതു്. കടമ്മാട്ടു വീട്ടിലേക്കു വള്ളം അയച്ചതിൽപ്പിന്നെ വരുണദേവൻ കുറേക്കൂടി പ്രസാദിക്കയും തൻനിമിത്തം അച്ഛനമ്മമാരും അനുചരന്മാരും ഞങ്ങളുടെ കറുമ്പിപ്പശുവും മററും സ്ഥലം മാറി താമസിക്കുന്നതിനു നിർബന്ധിതരാകയും, വഞ്ചിയിൽ സഞ്ചരിക്കുന്നവരോടു ചോദിച്ചു് സ്ഥലംമാററത്തിൻെറ വിവരം മനസ്സിലാക്കി അങ്ങോട്ടു പോകയും ചെയ്തു. ഇങ്ങനെയാണു് 99-ാമാണ്ടേക്കു മുമ്പു് ഉണ്ടായിരുന്ന ചരിത്രപ്രസിദ്ധമായ വെള്ളപ്പൊക്കത്തിൻെറ സ്വരൂപം. മേൽപ്പത്തൂർ നാരായണ ഭട്ടതിരിയുടെ കാലത്തു് ഉണ്ടായതായി അദ്ദേഹം വർണ്ണിച്ചിട്ടുള്ള വെള്ളപ്പൊക്കം ഇവിടെ സ്മരണീയമാകുന്നു.

നദീപുഷ്ടിരഹസ്യാ നു ന ഹ്യസാരം പയോഽജനി
നിജാൽ കുടീരാൽ സായാഹ്നേ നഷ്ടാർത്ഥാഃ പ്രയയുഃ ജനാഃ

എന്നാണു് വശ്യവാക്കായ അദ്ദേഹത്തിൻെറ വർണ്ണന. ഭവനങ്ങൾ ഇടിഞ്ഞുവീഴുകയും, കന്നുകാലികളും മലയിൽനിന്നും മലമ്പാമ്പുകളും ആനക്കുട്ടിയും ചത്തൊഴുകുകയും, ആറും തോടും നിലവും തിരിച്ചറിയാതാകയും, ആഹാരസാധനങ്ങൾ സംഭരിച്ചുവയ്ക്കുന്നതു് നശിച്ചുപോകയും മററു കോലാഹലങ്ങളും കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിൻെറ ഭയങ്കരങ്ങളായ ലക്ഷണങ്ങളാകുന്നു. ഇങ്ങനെയുള്ള ഭൂപ്രദേശത്തെ അധിവസിക്കുന്ന ജനങ്ങൾക്കു രക്ഷാമാർഗ്ഗങ്ങളായി പല സാഹായ്യങ്ങളും ഗവമ്മെൻറു ചെയ്തുകൊടുക്കേണ്ടതിനെപ്പററി അപേക്ഷിക്കുമ്പോൾ നെററിചുളിച്ചു നോക്കുന്ന ഭരണാധികാരികൾ വെള്ളപ്പൊക്കത്തിൻെറ പ്രചണ്ഡതാണ്ഡവത്തിൽ കുട്ടനാട്ടു താമസിക്കുവാൻ ഇടവരുന്നില്ലല്ലോ എന്നു് ആരുതന്നെ വ്യസനിക്കുകയില്ല! വഞ്ചിയിൽക്കൂടി സഞ്ചരിക്കരുതേ, എന്നു ചോദിച്ചാൽ നിലങ്ങളുടെ അതിർത്തി തിരിക്കുന്ന **വരമ്പുകൾതോറും വെള്ളത്തിനടിയിൽ തപസ്സിനെന്നതു**

പോലെ സർവ്വേക്കല്ലുകൾ സ്ഥാപിതങ്ങളായിരുന്നതുകൊണ്ടു് വള്ളത്തിന്റേയും ബോട്ടിന്റേയും മൂട തകൎന്നുപോകുമെന്നു ഭയന്നു് അതിനും മാൎഗ്ഗമില്ലാതെയാണു് ഇരിക്കുന്നതു്. വള്ളക്കരവും ടോളും കൊണ്ടുള്ള ശല്യവും ചില്ലറയല്ല. നിഷ്ഠുരന്മാരായ ടോൾഗേററുകാരും വള്ളം പതിക്കാതെ അങ്ങോട്ടുമിങ്ങോട്ടും നീങ്ങാൻ സമ്മതിക്കാതെ ശ്രുണ്ണികടിക്കുന്ന ഇഞ്ചിനീയരന്മാരും സാധുക്കളെ വലയ്ക്കുന്നതിനു കണ്ണിൽ എണ്ണയൊഴിച്ചുകൊണ്ടിരിക്കുന്നവരാകുന്നു. അമ്മയ്ക്കു പ്രാണവേദനയാണെങ്കിലും ഭാൎയ്യയ്ക്കു പ്രസവവേദനയാണെങ്കിലും കൂടി വല്ല ഔഷധ സഹായവും തേടിപ്പിടിക്കാമെന്നുവെച്ചാൽത്തന്നെയും ഈ കൂട്ടരുടെ നിരോധനത്തിനു് ശൈഥില്യമുണ്ടാകാറില്ല. ഇങ്ങനെയെല്ലാമാണു കുട്ടനാട്ടിലെ ദുർഘടങ്ങൾ.

അച്ഛൻ കൃഷിവ്യവസായത്തിൽ ഏർപ്പെട്ടിരുന്ന സംഗതി മുമ്പു പറഞ്ഞുവല്ലോ. നിരന്തരമായി കൃഷികൊണ്ടുള്ള ഭാഗ്യം അച്ഛൻ അനുഭവിച്ചിരുന്നില്ല. ഏതാനും സംവത്സരം അടുപ്പിച്ചടുപ്പിച്ചു് കൃഷി ഗുണകരമായിരുന്നു എങ്കിലും പിന്നീടു് അച്ഛനു കൃഷിയിൽ ഭാഗ്യഭംഗം അടിക്കടി നേരിട്ടുകൊണ്ടിരുന്നു. ലക്ഷ്മീഭഗവതിയുടെ ചപലത പ്രസിദ്ധമാണല്ലൊ. "നീചൈർ ഗച്ഛത്യുപരി ച ദശാചക്രനേമിക്രമേണ" എന്ന കവിവചനം അച്ഛന്റെ കാൎയ്യത്തിൽ പരിണാമദശയിൽ സത്യമായി ഭവിച്ചു.

അച്ഛൻ ഒരുകാലത്തും കുട്ടികളോടു കഠിനമായി പ്രവർത്തിച്ചിരുന്നില്ല. ഞങ്ങളെ അച്ഛൻ പ്രഹരിച്ചിട്ടില്ല. അനുസരണമില്ലാതെ കുട്ടികൾ ശാസനീയന്മാരെന്നുവന്നാൽ അച്ഛനു കണ്ണിൽനിന്നു ബാഷ്പോദയം ഉണ്ടാകുകയാണ ശിക്ഷാവിധിയുടെ സ്വരൂപം.

എന്നെ എഴുത്തിനു് ഇരുത്തിയതു് ആരാണെന്നു് എനിക്കു നിശ്ചയമില്ല. മെട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചതിൻെറ ശേഷം എഴുത്തിനിരുത്തിയതിനെപ്പററി രണ്ടു പേർ തമ്മിൽ അവകാശ തക്ക്മുണ്ടായതായി അറിയാം. ആ ഭാഗം നിർണ്ണയിക്കേണ്ട കാര്യമില്ല. ഒരു പാഠശാലയിൽ ആദ്യമായി പഠിച്ചതു് ഇപ്പോൾ തിരുവിതാംകൂറിൽ കൃഷിവകുപ്പിൻെറ അദ്ധ്യക്ഷനായിരിക്കുന്ന മി. പരമേശ്വരൻപിള്ളയുടെ* കുടുംബംവക ഭഗവതിക്കൽ ക്ഷേത്രപരിസരത്തിൽ ചാമിപ്പിള്ള ആശാൻ നടത്തിയിരുന്ന പാഠശാലയിൽ ആയിരുന്നു. ആ പാഠശാല ഏകാചാൎയ്യാധിഷ്ഠിതമായിരുന്നു. വൈദുഷ്യത്തിൻെറ കഥ എങ്ങനെ ഇരുന്നാലും വാർദ്ധക്യത്തിൻെറ മൂർദ്ധന്യത ചാമിപ്പിള്ള ആശാനിൽ പരിലസിച്ചിരുന്നു. കുഴിപ്പെരുക്കം, താനപ്പെരുക്കം, തടിപ്പെരുക്കം മുതലായ അസാധാരണ ഗണനവിദ്യകളിൽ ആശാൻ വിദഗ്ദ്ധനായിരുന്നു. വാദ്ധക്യത്തിൻെറ തള്ളൽനിമിത്തം കൺപോളകൾ കീഴ്പ്പോട്ടു മടിഞ്ഞുകിടന്നിരുന്നതിനാൽ ജാംബവാനെപ്പോലെ പിടിച്ചു വിടുർത്തേണ്ട ആവശ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ലേ എന്നു സംശയിക്കേണ്ടിയിരുന്നു. ചൂരൽവടി ഇടയ്ക്കിടയ്ക്കു പ്രയോഗിക്കാറുണ്ടായിരുന്നെങ്കിലും മാംസപേശികളുടെ ബലഹീനതകൊണ്ടു് ആശാൻെറ പ്രയോഗങ്ങൾ അസഹനീയമായിരുന്നില്ല. ചൂരലിനെക്കാൾ കക്ക്ശമായി ഫലിച്ചിരുന്നതു് കൈവിരലുകളുടെ നഖങ്ങൾക്കിടയിൽ വിദ്യാൎത്ഥിയെന്ന ഭാഗ്യഹീനൻെറ ചെവി സമർപ്പിച്ചിരുന്നതും നഖമുദ്ര ശ്രവണങ്ങളിൽ പതിഞ്ഞിരുന്നതും ആയിരുന്നു. പാക്കുവെട്ടിയുടെ മദ്ധ്യേ അടയ്ക്കാവച്ചു ഞെരിക്കുന്നതുപോലെ ഏതാണ്ടൊരനുഭവം ശിഷ്യൻെറ ശ്രോത്രം അനുഭവിച്ചിരുന്നു. ആശാൻ എഴുന്നേററുചെന്നു വിദ്യാൎത്ഥി

*അദ്ദേഹം മരിച്ചുപോയതിൽ ഖേദിക്കുന്നു.

a short story



യെ ആക്രമിക്കാറുണ്ടായിരുന്നില്ല എന്നുള്ളതായിരുന്നു ഒരു രക്ഷ. നേരേമറിച്ച് സ്ഥാവരാവസ്ഥയിൽ പ്രതിഷ്ഠിതനായിരുന്ന ആ ഗുരുഭൃതൻ ഇരുന്നിരുന്നിടത്തേക്കു വിദ്യാൎത്ഥി ചെവി ഹാജരാക്കി മുദ്ര അടിപ്പിച്ചുകൊണ്ടു പോന്നുകൊള്ളണമെന്നുള്ളതായിരുന്നു വ്യവസ്ഥ. അതു കൂടാതെ കപ്പിയും കയറും ഉപയോഗിക്കുന്നതും ഒരു ശിക്ഷാവിധിയായിരുന്നു. പാഠശാലയുടെ ഒരു ഭാഗത്തു ഹോമകുണ്ഡം ജ്വലിപ്പിച്ച് നാരായം പഴുപ്പിച്ചു മൂന്നു മുകളിലേക്കു നിറുത്തിവന്നിരുന്നതും സാധാരണ കാഴ്ചയായിരുന്നു. ഹോമകുണ്ഡത്തിന്റെ മുകളിലായി വിദ്യാൎത്ഥിയെ പാകപ്പെടുത്തുന്നതിനു കെട്ടിത്തൂക്കി വന്നിരുന്നു. പള്ളിക്കൂടത്തിൽ ശരിയായി ഹാജരാകാതെയുള്ള കുട്ടികൾ കാടുകളിലും വൃക്ഷങ്ങളുടെ മുകളിലും ഒളിച്ചിരിക്കയും അവരെ വേട്ടയാടുന്നതുപോലെ മററു കുട്ടികളും ആശാന്റെ പ്രതിനിധികളും കൂടിച്ചെന്നു പിടിച്ചു ഹാജരാക്കുകയും കപ്പിയിലിടുകയും ചെയ്തുവന്നിരുന്നു. ചാമിപ്പിള്ള ആശാന്റെ പീനൽക്കോഡിന്റെ വ്യവസ്ഥകൾ. ഇപ്രകാരമായിരുന്നു:

"ഏക ഏവാദ്വിതീയശ്ചാമിപ്പിള്ള ആശാൻ" എന്നു പറയത്തക്കവിധത്തിൽ അത്ര അനന്യസാധാരണനായിരുന്നില്ല മഹാനുഭാവനായ എന്റെ ഗുരുനാഥൻ. ഒരുകാലത്തു വിദ്യയ്ക്കു് അദ്ധ്യേതാവിന്റെ അന്തശ്ശരീരത്തിൽ പ്രവേശിക്കുവാൻ വാദ്യമേളമായി തലയ്ക്കിട്ടു കൊട്ടുകളും വിദ്യാൎത്ഥികളുടെ ശബ്ദഘോഷണങ്ങളും ചൂരൽവടി കൊണ്ടു ചില തട്ടുകളും വേണ്ടിയിരുന്നതിനുപുറമെ കർണ്ണരന്ധ്രങ്ങളിൽ കടന്നുകൂടുന്നതിനുമുമ്പ്, മത്തഭ്രമരം പുഷ്പത്തിന്റെ മദ്ധ്യഭാഗത്തു് തേൻ തപ്പിച്ചെന്നു് ചുററുമുള്ള പുഷ്പദലങ്ങളിൽ പരുഷമായി പതിക്കുന്നതുപോലെ കാതിന്റെ വള്ളികളിലു മററും ചില ഉഴവുചാലുകൾ ഉണ്ടാക്കാതെ കഴിഞ്ഞിരുന്നില്ല.

ഇതു നമ്മുടെയിടയിൽ മാത്രമുണ്ടായിരുന്ന പതിവല്ല. 'ചാർലസ് ഡിക്കൻസി'ന്റെ നോവലുകളിൽ ചിലതിൽ ഈ സ്ഥിതി വർണ്ണിച്ചിട്ടുള്ളതു വായനക്കാർ ഓർക്കുമായിരിക്കും. എങ്കിലും ചാമിപ്പിള്ള ആശാന്റെ ജീർണ്ണവും സുഷിരമയവുമായ ശരീരം പരിത്യജിച്ച വയോധികനായ ജീവാത്മാവ് പുനർജന്മ വിമുഖനായി അദൃശ്യമായി ഇപ്പോഴും വായുമണ്ഡലത്തിൽ സഞ്ചരിക്കുന്നുണ്ടെങ്കിൽ ആ മഹാത്മാവിനെപ്പററി അനധികൃതമായി ചെയ്യുന്ന ഈ വിചാരണകൾ കണ്ടു കയത്തു് എന്റെ ശ്രോത്രമണ്ഡലത്തെ ആക്രമിക്കുമോ എന്നു ഭയന്നു് ഈ വിചാരം നമസ്കാരപൂർവ്വം ഇവിടെ വിരമിപ്പിക്കുന്നു.

## രണ്ടു്

പിന്നീടു് ഞാൻ പഠിച്ചിരുന്നതായി ഓക്കുന്ന പള്ളിക്കൂടം കള്ളർകോട്ടുകരയിൽ താനാകുളത്തിൻെറ വടക്കു കിഴക്കേക്കോണിൽ ആയിരുന്നു. അതു ഞങ്ങൾ താമസിച്ചിരുന്ന മുരിങ്ങനാട്ടുനിന്നും ഉദ്ദേശം രണ്ടുമൈൽ ദൂരെയാണു്. ഇവിടത്തെ ഹെഡ്മാസ്റ്റർ എൻെറ അച്ഛൻെറ അരിവെയ്പുകാരൻ അനന്തകൃഷ്ണയ്യനായിരുന്നു. രാവിലെ പാചകകൃത്യം നിർവ്വഹിച്ചു് ഭക്ഷണവും കഴിഞ്ഞു് ഉണ്ടതെല്ലാം വിദ്യാലയത്തിലെത്തുമ്പോഴേക്കു ദഹിക്കുമാറു് പ്രഭാതവ്യായാമമായി നടന്നു് അസ്പൃശ്യമായ വാഹനം പോലെ എന്നെ പള്ളിക്കൂടത്തിലേക്കു് അദ്ദേഹം നയിച്ചു വന്നു. കൂടാതെ അവിടെ കരിപ്പുറത്തു് രാമനാശാൻ എന്നൊരു വാദ്ധ്യാർകൂടി ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ പ്രധാനകൃത്യം പല്ലുതേക്കാതേയും നാക്കുവടിക്കാതേയും മററു ശൗചകർമ്മങ്ങൾ അനുഷ്ഠിക്കാതേയും സ്കൂളിൽ ഹാജരാകുന്ന കുട്ടികളെ കണ്ടുപിടിച്ചു്, ദന്തധാവനാദി ശൗചകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലേക്കു ധാവനം ചെയ്യിപ്പിക്കുകയായിരുന്നു. അക്ഷരാഭ്യാസാദികാര്യങ്ങൾ അത്ര ഗൗരവമുള്ളതായി രാമനാശാൻ ഗൗനിച്ചിരുന്നില്ല. ഈ പള്ളിക്കൂടം വിട്ടുപിരിഞ്ഞതിൻെറ ശേഷം രാമനാശാനു് തിരുവാതിരക്കളിയിൽ വളരെ സാമർത്ഥ്യമുണ്ടെന്നു ഞാൻ കണ്ടുബോദ്ധ്യപ്പെട്ടിട്ടുണ്ടു്. വട്ടത്തിൽ നടന്നു സ്ത്രീകൾ തിരുവാതിരകളിക്കുമ്പോൾ അവരുടെ ഇടയിൽ ഒരു വിടവു വല്ലയിടത്തും കണ്ടാൽ അവിടെ ആശാൻ കടന്നുകൂടുകയും

മുമ്പിനാലെ ഉണ്ടായിരുന്ന കളിക്കാരനെപ്പോലെ ചുവടുകൾ വച്ചും കഠോരമായ കണ്ഠഘണ്ടാധ്വനി മുഴക്കിയും ലജ്ജാവതികളെ ചിരിപ്പിച്ചും പ്രഗത്ഭകളെ മത്സരിപ്പിച്ചും ആകപ്പാടെ ഒരു കൊഴപ്പുണ്ടാക്കുന്നതിനു് ഉപകരിച്ചു വരികയും ചെയ്തിരുന്നു.

അനന്തകൃഷ്ണയ്യൻ കലാന്തരത്തിൽ ഉപാദ്ധ്യായ വൃത്തിയും ഞങ്ങളുടെ വീട്ടിലെ പാചകവൃത്തിയും വിട്ടു നെല്പുര കണക്കുവേലയിലും അവിടന്നു് പ്രമോഷൻകിട്ടി നെല്പുര വിചാരിപ്പു വേലയിലും വളരെ പ്രശോഭിച്ചിരുന്നതിൻെറ ശേഷം പെൻഷൻപററി പരലോകത്തേക്കു പോയെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം ഒരു ധീരനായിരുന്നെന്നുള്ളതിനു തക്കമില്ല. എന്തുകൊണ്ടെന്നാൽ ഒരാണ്ടു് അമ്പലപ്പുഴഉത്സവം കാണുവാൻ ഇദ്ദേഹം മാർഗ്ഗദർശിയായും ഞങ്ങൾ പിൻഗാമികളായും ഒരു രാത്രി ക്ഷേത്രത്തിൻെറ കിഴക്കേനടയിൽ ചെന്നപ്പോൾ ആലിൻെറ വേരാണെന്നു വിചാരിച്ചു് ഒരു പാമ്പിൻെറ തലയിൽ അദ്ദേഹം ചവിട്ടുന്നതിനു് ഇടയായി. തലയിൽ സൂക്ഷ്മമായി ചവിട്ടേററതുകൊണ്ടു് കടിക്കാൻ നിവ്വാഹമില്ലാതെ വിഷമിച്ച പാമ്പു് സാധുബ്രാഹ്മണൻെറ കാലിൽ കഴിയുംപോലെ ചുററി. അനന്തകൃഷ്ണയ്യനു് താൻ അകപ്പെട്ടിരിക്കുന്ന ആപത്തുമനസ്സിലായി. കാൽ ഇളക്കുകയാണെങ്കിൽ പാമ്പു കടിക്കും. അല്ലെങ്കിൽ പാമ്പിൻെറ വാലുചുററി സ്തംഭംപോലെ നില്ക്കേണ്ടിവരും. പാമ്പിനും ഇതുപോലെ വിട്ടിട്ടു പോകാനും തരമില്ല, ചവിട്ടേല്ക്കാതെയിരിക്കാനും തരമില്ലെന്ന ധമ്മസങ്കടം നേരിട്ടു. എങ്കിലും പരാജയം പാമ്പിനു തന്നെയാണുപററിയതു്. ക്രമേണ അനന്തകൃഷ്ണയ്യൻെറ പാദംകൊണ്ടുള്ള പിതുക്കു നിമിത്തം പമ്പിൻെറ തല വിത്തുചേമ്പു വേകിച്ചതുപോലെ അരഞ്ഞു ഭൂമിയോടു ചേരുകയും വാലുകൊണ്ടുള്ള ചുററൽ ക്രമേണ

അഴിഞ്ഞുപോകുകയും ഘോരമായ ഒരു അലർച്ചയോടുകൂടി അനന്തകൃഷ്ണയ്യൻ ചാടി ദൂരെ ചെന്നുവീണു രക്ഷപ്പെടുകയും ചെയ്തു. ഇതാണു് അദ്ദേഹം ധീരനാണെന്നു ഞാൻ ആദ്യമേ പറഞ്ഞതു്. അദ്ദേഹത്തിൻെറ ഭയങ്കര ശബ്ദത്തിൽആകാശം മാറെറാലിക്കൊണ്ടുവെന്നും പറയേണ്ടിയിരിക്കുന്നു.

കള്ളർകോട്ട പള്ളിക്കൂടത്തിൽനിന്നും ഗണ്യമായ വല്ല വിജ്ഞാനവും എനിക്കു സിദ്ധിച്ചിട്ടുണ്ടോ എന്നു രൂപമില്ല. പക്ഷേ, ആ പ്രദേശം പലവിധത്തിൽ എൻെറ ഉപരി വളർച്ചയിൽ ഘടിച്ചിട്ടുണ്ടെന്നു് എനിക്കു തോന്നാതിരുന്നിട്ടില്ല. കള്ളർകോട്ടു് ആലപ്പുഴനിന്നും ഉദ്ദേശം രണ്ടുമൂന്നു മൈൽ തെക്കാണു്. അവിടെ—കൊല്ലം 770-ാമാണ്ടിടയ്ക്കാണെന്നു തോന്നുന്നു—പോർത്തുഗീസുകാരനായ മെനിസീസ്മെത്രാൻ ചെന്നിരുന്നതായും ദേശവാസികൾ ചേൎന്നു് ആ മെത്രാനോടു് ലഹളയ്ക്കൊരുമ്പെട്ടതായും റെവറൻറു് 'ഹൗ' എഴുതിയിട്ടുള്ള ക്രിസ്ത്യാനിചരിതത്തിൽ വായിച്ചിട്ടുള്ളതായി ഓൎക്കുന്നു. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകളിൽ ഒന്നുരണ്ടിടത്തു് കള്ളർകോടിനെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. അവിടത്തെ ക്ഷേത്രം എൻെറ ബാല്യത്തിൽത്തന്നെ പരമാവധി ജീൎണ്ണമായിരുന്നു. മുൻവശം രണ്ടു കളിത്തട്ടുള്ളവയിലെ പലകകൾ പലെടത്തും പൊയ്പ്പോകുകയാൽ ഇടയ്ക്കിടയ്ക്കു പല്ലു കൊഴിഞ്ഞുപോയ വൃദ്ധവദനത്തിൻെറ ഛായയെ വ്യക്തമായി സ്ഫുരിപ്പിച്ചിരുന്നു. ഈ ക്ഷേത്രം ശ്രീമാൻ ആർ. കൃഷ്ണപിള്ളയുടെ കാലത്തു ജീൎണ്ണോദ്ധാരണശ്രമങ്ങൾ അറിയുവാൻ തുടങ്ങിയെന്നു തോന്നുന്നു. പ്രദോഷവ്രതം അനുഷ്ഠിച്ചു് എത്രയോ പ്രദക്ഷിണം ആ ജീൎണ്ണക്ഷേത്രത്തിനു ചുററും ഞാൻ വെച്ചിട്ടുണ്ടു്! അവിടത്തെ ആരാധനയും ഭക്തിയും നിമിത്തം ഞാൻ ശിവഭക്തനായും തീൎന്നിട്ടുണ്ടു്. അവിടെ ആനപ്പുറത്തെഴുന്നള്ളിപ്പു് അന്നു നടപ്പുണ്ടായിരുന്നില്ല. രജത വൃഷഭ വിഗ്രഹത്തിൻെറ മുകളിലാ

യിരുന്നുഉത്സവത്തിനുപോലും എഴുന്നള്ളിപ്പു നടന്നിരുന്നതു്. ക്ഷേത്രത്തിൽ നിന്നും കുറെ പടിഞ്ഞാറുമാറിയാണു് താനാകുളം എന്ന പ്രസിദ്ധ കുളം സ്ഥിതിചെയ്യുന്നതു്.

"മണിദർപ്പണമിവ ദദർശ വാപികാം" എന്നുള്ള വർണ്ണന ഈ കുളത്തിനാണു് യഥാർത്ഥമായി യോജിക്കുന്നതു്. ഇത്ര മനോഹരമായ ഒരു കുളം തിരുവിതാംകൂർ സംസ്ഥാനത്തു് ഉണ്ടോ എന്നു സംശയമാണു്. അതിൻെറ വിമലിമയും വിസ്തൃതിയും ആഹ്ലാദകരത്വവും എന്നെ വളരെ ഗാഢമായി സ്പർശിച്ചിട്ടുള്ളവയാണു്. പിന്നീടു് ആലപ്പുഴപ്പള്ളിക്കൂടത്തിൽ ഞാൻ പഠിക്കുമ്പോൾ കാലാന്തരത്തിൽ എൻെറ ശ്വശുരനായിത്തീന്ന ശ്രീമാൻ നാരായണമേനവനവർകൾ രാവിലെ ഇവിടെ വന്നു കുളിച്ചു സ്വകൃത്യനിർവ്വഹണത്തിലേക്കു ത്വരപ്പെട്ടു തിരിയെപ്പോകുന്നതു് അപരിചിതനായ ഞാൻ അചഞ്ചലദൃഷ്ട്യാ കണ്ടുനിന്നിട്ടുണ്ടു്. സാഹിത്യസ്നേഹിയും, സാഹിത്യപഥത്തിൽ എനിക്കു പരമോത്സാഹ പ്രദനുമായിരുന്ന 'ചിന്നങ്കാടനാശാൻ' എന്ന അപരാഭിധാനത്താൽ വിദിതനായിരുന്ന ശ്രീമാൻ ഗോവിന്ദവാര്യരുടെ ഭവനം പ്രസ്തുതക്ഷേത്രത്തിനു വളരെ സമീപമായിരുന്നു. എത്രയോ അക്ഷരശ്ലോകപരീക്ഷകൾ ഞങ്ങൾ ഇവിടെവച്ചു നടത്തിയിട്ടുണ്ടു്! യശസ്കാമമില്ലാതെ സാഹിത്യസേവ ചെയ്തുകൊണ്ടിരുന്ന എത്രയോ വിദ്വജ്ജനങ്ങളെ ഞങ്ങൾ ഇവിടെ വിളിച്ചു വരുത്തിയിട്ടുണ്ടു്! മനസ്സു താനാകുളത്തിലും താനാകുളം മനസ്സിലും പരസ്പരം ലയിച്ചിരിക്കുന്നതു് യാവജ്ജീവം നിലനില്ക്കുന്ന പരസ്പരബന്ധമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നാലുപാടും ദീർഘമണ്ഡപംപോലെ-കാണപ്പെടുന്ന തീരപ്രദേശങ്ങൾ ധവളധവളമായ സികതാപൂരങ്ങളാൽ താനാകുളത്തെ അലങ്കരിച്ചിരിക്കുന്നതു കണ്ടാൽ രാമനാശാൻെറ ദന്തധാവള്യ സിദ്ധാന്തം അനുസരിച്ചു് ആ പ്രദേ

ശത്തിലെ ഭൂമിപോലും ശുചിസ്മിതമായി താനാകുളമാകുന്ന കണ്ണാടിയിൽ താനേനോക്കി ആനന്ദിക്കുന്നില്ലയോ എന്നു തോന്നിപ്പോകും. അതുപോലെ അനതിദൂരസ്ഥമായ സമുദ്രത്തിൽനിന്നും പുറപ്പെടുന്ന പവനപോതങ്ങൾ സമുദ്ര തീരസീമയിൽ കാഞ്ചീലതപോലെ ദീർഘരേഖീഭവിച്ചു നില്ക്കുന്ന നാളികേരപംക്തികളാൽ മന്ദായമാനങ്ങളായി താനാകുളത്തിങ്കൽ പര്യവസാനിക്കുന്നതും സ്മരണീയമാകുന്നു. ഇങ്ങനെതാനാകുളം ഒരു ശുദ്ധികേന്ദ്രമാണെന്നു പറയേണ്ടിയിരിക്കുന്നു. പരമശിവന്റെ പശ്ചാദ്ഭാഗത്തു സ്ഥാനംകൊണ്ടു് അപ്സരായമാണകളായ തദ്ദേശതരുണികളുടെ ശൃംഗാരദേശികനായ സുമസായകൻ, ശ്രീ മഹാദേവന്റെ മുമ്പിൽ തൃക്കണ്ണുകൾ ഭയന്നു നില്ക്കുവാൻ ഭീരുവായിട്ടു് പിൻഭാഗത്തുനിന്നു തന്റെ കുസൃതികൾ നിമിത്തം ദേവൻ കോപിച്ചു തിരിഞ്ഞു നോക്കുന്നപക്ഷം അഗ്നിബാധയിൽനിന്നു താനാകുളത്തിൽ മുങ്ങിക്കിടന്നു രക്ഷപ്പെടാമെന്നു കരുതി അതിന്റെ തീരപ്രദേശത്തു് അദൃശ്യനായി വിലസുന്നില്ലയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ഭട്ടബാണന്റെ മട്ടിൽ എന്റെ വാചാലതയെ ഉച്ചലിപ്പിക്കുന്നതിനു് താനാകുളം പ്രേരകമാണെങ്കിലും സംക്ഷേപ രസം ബലവത്തരമായി തോന്നുകയാൽ താനാകുളത്തിനും നമസ്കാരം പറഞ്ഞു് ഇവിടെ വിരമിക്കുന്നു.

ഞാൻ പഠിച്ചിരുന്നതായി പറവൂർകരയിൽ ഒരു പള്ളിക്കൂടംകൂടിയുണ്ടു്. അതു മുരിങ്ങനാട്ടുവീട്ടിൽ നിന്നും വളരെ ദൂരെയാണെന്നു പറയുവാനില്ല. 'അനന്തകൃഷ്ണഭട്ടൻ' അരിപ്പുരയിൽനിന്നും പിൻവാങ്ങി കണ്ടുകൃഷിക്കാരുടെ നെൽപ്പുരയിൽ പ്രവേശിക്കുവാൻ പുറപ്പെട്ടതിൽ പ്പിന്നെയാണെന്നു തോന്നുന്നു, 'തേവലപ്പുറത്തു വെളി'യിലുണ്ടായിരുന്ന പള്ളിക്കൂട്ടത്തിൽ ഞാൻ പ്രവേശിക്കുവാൻപുറപ്പെട്ടതു്. അതിന്റെ

സ്ഥാപകന്മാരും ഭരണാധികാരികളും ആലപ്പുഴ ഉണ്ടായിരുന്ന ലണ്ടൻമിഷൻ സൊസൈററിക്കാരായിരുന്നു. ആ പാഠശാലയിൽ രണ്ടു ഭാഗങ്ങളുണ്ടായിരുന്നതിൽ ഒന്നിൽ ഇംഗ്ലീഷും മറെറാന്നിൽ മലയാളവും പഠിപ്പിച്ചുവന്നു. ഞാൻ മലയാളം ക്ലാസ്സിലാണു് ആദ്യമായി ചേൎന്നതു്. എൻെറ ഉപാദ്ധ്യായനായിരുന്ന കരയാംവട്ടം 'കൊച്ചുക്നൊശാൻ' അവർകൾ വളരെദൂരം പാദചക്രംകൊണ്ടു് അതിലംഘിച്ചുസ്കൂളിൽ ഹാജരാകുകയാണു ചെയ്തുകൊണ്ടിരുന്നതു്. അതുകൊണ്ടു് അദ്ദേഹം മദ്ധ്യാഹ്നത്തിൽ ശുദ്ധോപവാസം അനുഷ്ഠിച്ചിരുന്നു. ചിലപ്പോൾ ഞാൻ സാറിനെ ഉച്ചയ്ക്കു വല്പഭക്ഷണവും കൊടുക്കുന്നതിനു വിളിച്ചുവീട്ടിൽ കൂട്ടിക്കൊണ്ടുപോകുകയും അതൊരു പതിവായിത്തീരുകയും ആശാൻ മദ്ധ്യാഹ്നാൽ പരം ഞങ്ങളോടു പ്രസന്നമായി പെരുമാറുകയും ചെയ്തുവന്നിരുന്നു. ആശാൻെറ കാരുണ്യംകൊണ്ടു ചൂരൽവടി ഇല്ലാതെ തന്നെ മലയാളം എഴുതുവാനും വായിക്കുവാനും ഞാൻ ഒരു വിധം അഭ്യസിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം എൻെറ പിതൃവ്യൻ ആലപ്പുഴ ജില്ലാക്കോർട്ടു വക്കീൽ ജനാർദ്ദനൻ പ്ലാപ്പള്ളി അവർകൾ ഈ പള്ളിക്കൂടത്തിൽ കയറിവരികയും അദ്ദേഹത്തിൻെറ മക്കൾ ഇംഗ്ലീഷും ഞാൻ മലയാളവും പഠിച്ചുകൊണ്ടിരുന്ന വ്യത്യാസം പരിഹരിക്കുവാൻ എന്നെക്കൂടി ഇംഗ്ലീഷു് ഭാഗത്തിൽ ചേർക്കണമെന്നു് ഹെഡ്മാസ്റ്ററോടു പറയുകയും ഇപ്രകാരം യദൃച്ഛയാ ഞാൻ ഇംഗ്ലീഷു് പഠിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇംഗ്ലീഷ് ഉപാദ്ധ്യായൻ മിസ്റ്റർ സി. വി. വക്കി എന്നൊരാളായിരുന്നു. പ്രശംസനീയമായ താല്പര്യത്തോടും സ്വകൃത്യത്തിൽ ആദരവോടും അദ്ദേഹം ഞങ്ങളുടെ അദ്ധ്യാപനം നടത്തിയിരുന്നു. ആ സ്കൂൾ വിട്ടുപോയതിൽപ്പിന്നീടു് അദ്ദേഹം എവിടെയാണെന്നു ഞാൻ പല അന്വേഷണങ്ങൾ നടത്തിയതിലും കണ്ടുകൂടുവാൻകഴിഞ്ഞിട്ടില്ല. പിന്നീടു വന്നുചേൎന്ന വാദ്ധ്യാർ ഒരു മിസ്റ്റർ ഇട്ടി

യായിരുന്നു. അദ്ദേഹത്തിനു ചാമിപ്പിള്ള ആശാൻെറ ഉപക രണങ്ങളിൽ ചൂരൽവടിയുടെപ്രാധാന്യം അഗണ്യമാക്കുവാൻ സാധിച്ചിരുന്നില്ല. അന്യഥാ ഒരു നല്ല വാദ്ധ്യാരായിരുന്ന് മി. ഇട്ടി. പാതിരിസായിപ്പ് പള്ളിക്കൂടം നോക്കുവാൻ വരു ന്നുവെന്ന് അറിവുകിട്ടുന്ന ദിവസങ്ങളിൽ അദ്ദേഹത്തിൻെറ ചൂരൽവടിക്ക് അജ്ഞാതവാസം പ്രായേണ കണ്ടുപോന്നു. പാതിരിസായിപ്പ് വരുന്നതു സാധാരണ കുതിരപ്പുറത്തായി രിക്കും. കൂടെ മറെറാരു കുതിരയിൽ ഒരു മദാമ്മകൂടി കാണും. നാട്ടുകാൎക്കും വിദ്യാൎത്ഥികൾക്കും ഇവരുടെ ആഗമം ഒരു മഹോത്സവംപോലെ ഉത്സാഹപ്രദമായിരുന്നു. സ്കൂൾപരി ശോധന കഴിഞ്ഞാൽ അവർ ചില പുസ്തകങ്ങളും കുപ്പായ ങ്ങളും കുട്ടികൾക്കു സമ്മാനം കൊടുക്കുക പതിവായിരുന്നു. ഈ പള്ളിക്കൂടം വളരെ നാളത്തേക്കുണ്ടായിരുന്നുവെന്നു കേട്ടിട്ടുണ്ട്. ഒരു വെള്ളപ്പൊക്കത്തിലാണെന്നുതോന്നുന്നു, അതിൻെറ മേൽക്കൂട്ട് ഊക്കൻ കാററുമായി മത്സരിച്ചു പറക്കു കയും അങ്ങനെ പാഠശാല ഭിത്തിമാത്രമായിട്ട് അവശേഷി ക്കുകയും ചെയ്തുവെന്നാണ് അറിയുന്നതു്. സ്ഥാനഭ്രംശപരി ഭ്രമത്തിൽ കുട്ടികളുടെ തല ഒന്നു തലോടിക്കൊണ്ടു പുറപ്പെട ണമെന്നു മേൽക്കൂരയ്ക്കു തോന്നാത്തതു പരമമൎയ്യാദതന്നെ.

ഇങ്ങനെ അക്കാലത്തു് പറവൂർ, കള്ളർകോട്ട് എന്നീ കരകളിൽ ഉണ്ടായിരുന്ന മിക്ക പള്ളിക്കൂടങ്ങളിലും ഞാൻ പഠിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഒടുവിൽ പറഞ്ഞ പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ—അതായ തു്, ഏകദേശം എട്ടുപത്തുവയസ്സു പ്രായമുള്ളപ്പോൾ—ഞങ്ങ ളുടെ താമസം സ്ഥിരമായി മുരിങ്ങനാട്ടുനിന്നും അമ്പലപ്പുഴയ്ക്കു മാറേറണ്ടതായിട്ടുവന്നു. ഞങ്ങൾ അമ്പലപ്പുഴയ്ക്കു പോയതിനു പുറകേ മുരിങ്ങനാട്ട് കോർട്ടുലേലത്തിൽ പോകുകയും ചെയ്തു. അസുഖഭൂയിഷ്ഠമായ ആ ഭാഗങ്ങളൊക്കെയും ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല.

വിദ്യാത്ഥികളുടെ കായികമായ പുഷ്ടിയും സൗഷ്ഠവവും വിദ്യാലയാധികാരികളുടെ കാര്യമായി അന്നു് ആരും ഗൗനിച്ചിരുന്നില്ല. ഞാൻ തിരുവനന്തപുരത്തു കാളേജിൽ പഠിക്കുമ്പോൾ പോലും കായികമായ വ്യായാമം നിസ്സാരമായ ഒരു കാര്യമായേ കരുതിയിരുന്നുള്ളു. ഞങ്ങളുടെ ഇംഗ്ലീഷ് പ്രഫസ്സർ സി. എസ്സ്. ബായിൽ അവർകൾ നാലുമണിക്കു പള്ളിക്കൂടം വിട്ടാൽ ഫുട്ബാൾ കളിക്കുന്നതിലേക്കു് ആൾപിടുത്തത്തിനു പണ്ടു കല്ലാലക്കടവിൽ കേവുവഞ്ചിക്കാരേക്കാളും ഇപ്പോൾ അഷ്ടാസനക്കാറിലേക്കു് ആൾ ശേഖരിക്കുന്ന കണ്ടക്ടറന്മാരേക്കാളും ജാഗ്രതയായി നില്ക്കുന്നതും അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നതും ഞാൻ കണ്ടിട്ടുണ്ടു്. ആ സ്ഥിതിക്കു മുൻവിവരിക്കപ്പെട്ട പള്ളിക്കൂടങ്ങളിൽ വ്യായാമവിഷയമായി ഒരേർപ്പാടും ഉണ്ടായിരിക്കുവാൻ ഇടയില്ലെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ബാലന്മാർ വിദ്യാത്ഥികളായാൽ അവക്കു കളികളിലും വിനോദങ്ങളിലും ഉള്ള ആസക്തി അററുപോകുമെന്നുള്ള ഭാവന തീരെ അനാസ്പദമാകുന്നു. ലോകം ഈശ്വരൻ സൃഷ്ടിച്ചതുതന്നെ കേവലം ലീലയായിട്ടാണെന്നാണു വലിയ ചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. "വിശ്വം ചമയ്ക്കുമുടനേയതു കാത്തഴിക്കും വിശ്വൈകനാഥനു കളിപ്പുരയെന്നപോലെ" എന്ന കീത്തനശ്ലോകംതന്നെ നോക്കുക. കളിയിലുള്ള രസം സഹജമാണു്. അതുകൊണ്ടു വിദ്യാത്ഥികൾക്കു സ്കൂളുമായി ബന്ധമില്ലെങ്കിൽത്തന്നെയും മറെറവിടെയെങ്കിലും അവർ കളിക്കാതിരിക്കുന്നതല്ല. കളിയോടു തീരെ ആസക്തിയില്ലാത്ത വിദ്യാത്ഥികളുണ്ടെങ്കിൽ അവർ ക്രമേണ മരപ്പാവകളോടു് ശീലത്തിൽ സായൂജ്യം പ്രാപിക്കുന്നവരായിരിക്കും.

ചേർവ്വർക്കരയിൽ മുരിങ്ങനാട്ടു താമസിച്ചിരുന്നപ്പോൾ എനിക്കു പ്രിയപ്പെട്ട കളി എന്തായിരുന്നുഎന്നു ചോദിച്ചാൽ

വള്ളംകളിയാണെന്നു പറയേണ്ടിയിരിക്കുന്നു. വീട്ടിനുചുറവും വയലുകളും തോട്ടുകളും സമൃദ്ധിയായിട്ടുണ്ടായിരുന്നു. വിശി ഷ്യകിഴക്കുവശം വിശാലമായ വയലുകൾ പരമ്പരയായി പമ്പാനദിവരെ നീണ്ടുകിടന്നിരുന്നതും പ്രസ്താവയോഗ്യ മാണു്. ഇവിടെ കൃഷിക്കാലം ഒഴിച്ചാൽ എല്ലാ സമയവും വെള്ളം ഉണ്ടായിരിക്കും. അങ്ങനെയുള്ള വയലുകളിലും തോ ട്ടുകളിലും തുഴയും നയമ്പും ഉപയോഗിച്ചു വള്ളം കളിക്കുന്ന തുപോലെ ഉത്സാഹമായ ഒരു വിനോദം ഞാൻ അനുഭവിച്ചി ട്ടില്ല. കുത്തിയിരുന്നു നിരങ്ങി നിരങ്ങിക്കളിക്കുന്ന ഗോലി കളിയും ലക്ഷ്യത്തിൽ എററുന്നതിനു സാമർത്ഥ്യം അഭിവൃദ്ധ മാക്കുന്ന അണ്ടികളിയും തലപ്പന്തുകളിയും കിളിയന്തട്ടുക ളിയും മററും ഓണക്കാലത്തു് പറവൂർ കരക്കാർ ശാസ്താങ്കൽ മുററത്തു് നടത്താറുണ്ടായിരുന്നതും ഞാൻകൂടി അതിലൊക്കെ ഭാഗഭാക്കായി ഇരുന്നിട്ടുള്ളതും ആണു്. പകടകളി, ചീട്ടു കളി മുതലായി യദൃച്ഛാപ്രമാണങ്ങളായ ചില കളികളും ഏഴാമത്തുകളി, കൊടം പൂജകളി മുതലായ വിനോദങ്ങളും അന്നു നടപ്പുണ്ടായിരുന്നവയാണു്. കുറേക്കൂടി പ്രായമായതി നുശേഷം ചതുരംഗം കളിയിലും ഞാൻ അത്യുത്സാഹിയായി ത്തീന്നു. ചുരുക്കം പറഞ്ഞാൽ കാലിന്റെ വേഗമോ പാട വമോ അവശ്യം കൂടിയേതീരൂ എന്നുള്ള വിനോദങ്ങളിലും കളികളിലും ഞാൻ വളരെ താൽപര്യമുള്ളവനായിരുന്നു എന്നു പറയുവാൻ നിവ്വാഹമില്ല. വള്ളംകളിക്കു് കാലുകൊ ണ്ടുള്ള പ്രയോഗം മിക്കവാറും അനപേക്ഷിതമായിരുന്നതു കൊണ്ടായിരിക്കാം അതിൽ എനിക്കു താല്പര്യം തോന്നി യതു്. എന്നാൽ സഹക്രീഡികളായി കുറെ ആളുകളെങ്കിലും ഇല്ലാതെ വള്ളംകളി നടത്തുന്നതിനു നിവ്വാഹമില്ല. അതു കൊണ്ടു് ഇപ്പോഴും ആ കളിയിൽ എനിക്കു താൽപര്യമുണ്ടെ ങ്കിലും അതുവെറും താൽപര്യമായിപ്രവൃത്തിമാർഗ്ഗത്തിൽ അനു ഷ്ഠാനമില്ലാതെയായിത്തീന്നിട്ടു വളരെക്കാലമായിരിക്കുന്നു.

ഡാക്കർ മിച്ചലിൻെറ കാലത്തു വേളീക്കായലിൽ വള്ളംകളി ഊജ്ജിതത്തിൽ നടത്തുന്നതിനു വേണ്ട ശ്രമം നടന്നു. ആ ശ്രമം അചിരേണ വന്ധ്യമായി പരിണമിക്കയാണുണ്ടായതു്. വള്ളംകളി ആപത്തില്ലാത്ത ഒരു വിനോദമാണ്എന്നുവിചാരിക്കേണ്ട. അതിനെപ്പററി മേൽ പ്രതിപാദിക്കാം. ഇങ്ങനെ എട്ടുപത്തു വയസ്സായപ്പോഴേക്കും മാനസികമായും കായികമായും സിദ്ധിച്ച പോഷണങ്ങളോടുകൂടി ഞങ്ങൾ വീണ്ടും അമ്പലപ്പുഴെ താമസം ഉറപ്പിച്ചു. എന്നാൽ ഇത്തവണ താമസിച്ചതു കടമ്മാട്ടു വീട്ടിലായിരുന്നില്ല. അതിനു സമീപം തന്നെ അമ്മയുടെ ഇളയ സഹോദരിയുടെ ഭർത്താവായിരുന്ന കലവറ പരമുപിള്ള പ്രവർത്ത്യാരവർകൾ പുതുതായി പണിയിച്ചുകൊട്ടത്ത കിഴക്കേ മാളിയക്കൽവീട്ട് ആരും താമസം ഇല്ലാതെ കിടക്കുന്നതുകൊണ്ടു് ഞങ്ങളുടെ താമസം അവിടെ ആക്കി. ഒരു പള്ളിക്കൂടത്തിലും ചേരാതെ അവിടെ ഞാൻ കുറേനാൾ താമസിച്ചിരുന്നു. എന്നാൽ ഈ അനദ്ധ്യായ കാലം ദീർഘീഭവിക്കുന്നതിനു മുമ്പ് അമ്പലപ്പുഴെഡിസ്ത്രിക്ട് ഇംഗ്ലീഷ്സ്കൂളിൽ എന്നെ ചേർത്തു. ആ പള്ളിക്കൂടത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും അതു സംബന്ധിച്ചുള്ള നാട്ടുഭാഷാഭ്യാസവും മാത്രമേ എനിക്കു സിദ്ധിച്ചിട്ടുള്ളു. ആറു ക്ലാസ്സുകൾ ആ പള്ളിക്കൂടത്തിൽ ഉണ്ടായിരുന്നതിൽ ക്രമേണ പ്രതിവർഷം ഓരോ ക്ലാസ്സുവീതം ഞാൻ കടന്നുകൂടി. മെസേഴ്സ് നരസിംഹക്കമ്മത്തി, വേലുപ്പിള്ള, കുളത്തുഅയ്യൻ, ചിദംബരയ്യൻ, സുബ്ബയ്യൻ മുതലായവർ അവിടെ ഉപാദ്ധ്യായന്മാരായിരുന്നു. ആ പള്ളിക്കൂടം പഴയ താലൂക്കുകച്ചേരിയായിരുന്നു. അവിടെ നിന്നും ഇംഗ്ലീഷുപള്ളിക്കൂടം കടപ്പുറത്തേക്കു മാററിയതിനുശേഷം അതു മലയാംപള്ളിക്കൂടമായി ഉപയോഗിച്ചുവന്നിരുന്നു. സന്ധിബന്ധങ്ങളുടെ ജീർണ്ണതകൊണ്ടു് ഈ വൃദ്ധവിദ്യാലയം എപ്പോഴാണു നിലംപതിക്കുന്നതെന്നു നിശ്ചയമില്ലാതെ ഇപ്പോൾ ശൂന്യമായി കിടക്കയാണു്. പരേ

തനായ ദേവസ്വം കമ്മീഷണർ ആർ. കൃഷ്ണപിള്ള. ആർ. നീലകണ്ഠപ്പുതുവാൾ, ആർ. ഗോവിന്ദപ്പുതുവാൾ മുതലായ പലരും ഈ വിദ്യാലയത്തിൽ പഠിച്ചു ജയിച്ചിട്ടുള്ളവരാണു്. മനുഷ്യരുടെ മനസ്സിന്റെ അന്ധകാരം ഉച്ചാടനം ചെയ്യുന്നതിനു വിവിധവിധികൾ നടന്നുകൊണ്ടിരുന്ന ഈ പള്ളിക്കൂടത്തിന്റെ കോണഭാഗത്തുള്ള മുറികളിൽ അന്ധകാരം ഒളിച്ചിരുന്നതായി തോന്നുമായിരുന്നു. ഇൻസ്പെക്ടരായിരുന്ന ജെ. ഏ. ഡത്തി അവർകളും വിദ്യാഭ്യാസമേലദ്ധ്യക്ഷനായിരുന്ന ഡാക്ടർ ഹാർവിസായിപ്പും മററും പരിശോധനയ്ക്കു വരുമ്പോൾ അവിടെ ഇരുന്നു ശരീരധാവള്യത്തിനു് ചന്ദ്രഗ്രഹണവേളയിലെന്നപോലെ 'കൃഷ്ണവിലാസ'ത്തോടുകൂടി പ്രസിദ്ധമായ അമ്പലപ്പുഴപ്പായസവും പാനീയങ്ങളും മററു ഭോജ്യങ്ങളും കഴിക്കുമായിരുന്നു.

അമ്പലപ്പുഴ പള്ളിക്കൂടത്തിൽ പഠിച്ചിരുന്നപ്പോൾ ഞാൻ ഒരു ക്ലാസ്സിലും തോററിട്ടില്ല എന്നുതന്നെയല്ല, ഉയന്ന ക്ലാസ്സുകളിലേക്കു ചെല്ലുന്തോറും സമത്ഥനായ വിദ്യാത്ഥിയാണെന്നുള്ള പ്രശംസയ്ക്കു പാത്രമായിത്തീരുകയും ചെയ്തിരുന്നു എന്നുള്ള അഭിമാനകരമായ സംഗതി, അഹംഭാവമാണെന്നു് അസൂയാമൂർഖന്മാർ വ്യാഖ്യാനിച്ചാലും പ്രസ്താവിക്കാതെ തരമില്ല. കണക്കു്, ക്ഷേത്രഗണിതം, ഇംഗ്ലീഷ്, മലയാളം ഇത്യാദി വിഷയങ്ങളിൽ രണ്ടോ മൂന്നോ വിദ്യാത്ഥികൾ എന്നോടു കിടനില്ക്കുന്നവരുണ്ടായിരുന്നു എങ്കിലും ഹെഡ്മാസ്റ്റർ സുബ്ബയ്യൻ എന്നെ അഗ്രേസരനായി ഗണിച്ചിരുന്നു. അദ്ദേഹം അസാമാന്യനായ ഒരദ്ധ്യാപകൻ ആയിരുന്നു. പരീക്ഷ അടുക്കുമ്പോൾ അദ്ദേഹത്തിന്റെ ക്ലാസ്സിലെ വിദ്യാത്ഥികൾ താൻ താമസിച്ചിരുന്ന മഠത്തിൽ കിടക്കുവാൻ ചെല്ലണമെന്നു നിർബ്ബന്ധിച്ചിരുന്നു. അവിടെ ഭഗവതിസേവ നടത്തി പഴയ പാഠങ്ങൾ ആവത്തിച്ചു പഠിപ്പിച്ചു

കൊണ്ടിരുന്നു. വെളുപ്പാൻകാലമായാൽ വിദ്യാൎത്ഥികൾ പുതച്ചുമൂടികിടക്കാൻ ഇടയാകാതെ അദ്ദേഹത്തിൻെറ സന്നിധിയിൽ അദ്ധ്യയനം നടത്തിയതിൻെറ ശേഷം ഉദയത്തോടുകൂടി എല്ലാപേരും പിരിഞ്ഞുപോകുമായിരുന്നു. ഇങ്ങനെ ഒരു ഗുരുകുലസമ്പ്രദായവും ആധുനികരീതികളും യോജിപ്പിച്ചുകൊണ്ടാണ് അദ്ദേഹം അദ്ധ്യാപനം നടത്തിവന്നതു്. ഇതുകൊണ്ടു് അനേകം വിദ്യാൎത്ഥികൾക്കു പല ഗുണങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഏകദേശം ഈ രീതിയ അനുസരിച്ചുവന്ന മറെറാരു അദ്ധ്യാപകൻ തിരുവനന്തപുരം കാളേജിലെ പ്രഫസ്സർ സി. എസ്സ്. ബായിൽഎന്ന സായിപ്പവർകളായിരുന്നു. ഇംഗ്ലീഷ് സാഹിത്യം പഠിക്കവാനുണ്ടായ വിദ്യാൎത്ഥികളെ സന്ധ്യകഴിഞ്ഞു് അദ്ദേഹം സ്വന്തം ബംഗ്ലാവിൽ ക്ഷണിച്ചുവരുത്തി സാഹിത്യവിഷയകമായ പല സംഗതികളും ഉപദേശിച്ചു കൊടുത്തിരുന്നു. പ്രാചീന ഇംഗ്ലീഷ് സാഹിത്യമാതൃകയായ ബിയോവുൾഫ് മുതലായവയെ ആധുനിക ഇംഗ്ലീഷ് ഭാഷയിലേക്കു പരിവൎത്തനം ചെയ്തു് അദ്ദേഹം വിദ്യാൎത്ഥികളെ ധരിപ്പിച്ചുവന്നു. ഈ കൂട്ടത്തിൽ പാഠപദ്ധതികഴിഞ്ഞു് ബിസ്കറററു്, സോഡാ മുതലായവ പ്രയോഗിച്ചു് ഒരു ലഘുഭക്ഷണം കൂടിശിഷ്യന്മാരായ അതിഥികൾക്കു സായിപ്പു കൊടുത്തു വന്നിരുന്നു.

## മൂന്നു്

അമ്പലപ്പുഴ ഇംഗ്ലീഷ് സ്കൂളിൻെറ തരണം പൂർണ്ണമായി വർണ്ണിക്കുന്നതിനുമുമ്പ് മുരിങ്ങനാട്ടു താമസിച്ചിരുന്നപ്പോൾ തന്നെ അമ്പലപ്പുഴ നടന്ന ഒരു ഗംഭീരമായ സംഭവം *പ്രസ്തുത്യമായിത്തോന്നുന്നു. എനിക്കു് അന്നു് അഞ്ചെട്ടുവയസ്സുപ്രായമുണ്ടെന്നാണു വിശ്വാസം. എന്തുകൊണ്ടെന്നാൽ ഭൃത്യൻെറ കടിതടശകടത്തിൽ ഇരുന്നു കൊണ്ടാണു് താഴെ പറയാൻ പോകുന്ന സംഭവങ്ങൾ ഞാൻ കണ്ടിട്ടുള്ളതായി ഓർക്കുന്നതു്. അമ്പലപ്പുഴ പടിഞ്ഞാറേനടയിൽ ഉള്ള എണ്ണക്കുളത്തട്ടിൻെറ വടക്കു പടിഞ്ഞാറേക്കോണിൽ 'നാണുച്ചാർ' എന്നു ഭൃത്യൻ എന്നെ എളിയിൽ എടുത്തു് ഉച്ച തിരിഞ്ഞു് ഒൻപതാം ഉത്സവത്തിലെ ആഘോഷങ്ങൾ കാണുന്നതിനു നിന്നിരുന്നു. സഭ്യതാസഭ്യതകളെ തിരിക്കുന്ന ഭിത്തികളെ ആക്രമിച്ചു തകൎക്കുന്ന പൂരപ്പാട്ടിനു പ്രാധാന്യം ചേൎത്തലയാണെങ്കിലും അമ്പലപ്പുഴെ എട്ടും ഒൻപതും ഉത്സവദിവസങ്ങളിൽ ഉപസ്തരണം വിളമ്പുന്നതുപോലെ അല്പനേരത്തേക്കു് അതു് അനുഷ്ഠിക്കപ്പെട്ടുപോന്നിരുന്നു. ചേൎത്തല പൂരപ്പാട്ടിനുള്ള അധഃപതനത്തോടുകൂടി അതിനു് അമ്പലപ്പുഴയിൽ ഉണ്ടായിരുന്ന യോഗക്ഷേമങ്ങൾ എങ്ങനെയായെന്നു നിശ്ചയമില്ല. അവിടം നില്ക്കട്ടെ. പ്രസ്തുത ദിവസം പൂരപ്പാട്ടു പാടുവാൻ പാടില്ലെന്നു് അന്നവിടെ പോലീസ്. ഇൻസ്പെക്ടരായിരുന്ന ശിവരാമപിള്ള അവർകൾ വിരോധിച്ചു് ഒരു നിരോധനാജ്ഞ വാക്കു

* പ്രസ്താവിക്കത്തക്കതു്.

കൊണ്ടു് ഉദ്ഘോഷിച്ചു. അതിനെ തൃണപ്രായമായി ഗണിച്ചു ജനങ്ങൾ പൂരപ്പാട്ടു നടത്തി. പോലീസുസൈന്യം ഇൻസ്പെക്ടരുടെ ആജ്ഞപ്രകാരം അപരാധികളെ അറസ്റ്റു ചെയ്യുവാനായി ഉദ്യമിച്ചെങ്കിലും അതു സാധിച്ചില്ല. എന്നുതന്നെയുമല്ല; പോലീസുകാരുടെ നേക്കു വലിയ ആപ്പുവിളിയും കൂക്കുവിളിയും കല്ലേറുമാരംഭിക്കുകയും ചെയ്തു. മണ്ണു നുള്ളിയിട്ടാൽ വീഴാത്തവിധം ആൾ തിങ്ങിക്കൂടുകയും ജനക്കൂട്ടത്തിന്റെ സന്തതിയായി ഭയങ്കരമായ ഒരു ലഹള ഉത്ഭവിക്കുകയും ചെയ്തു. ഇൻസ്പെക്ടർ ശിവരാമപിള്ള ക്ഷേത്രത്തിന്റെ വടക്കുപടിഞ്ഞാറു് തല്ക്കാലം തഹശീൽദാർ കച്ചേരി ചെയ്തുകൊണ്ടിരുന്നിടത്തു് അഭയം പ്രാപിച്ചു. ആ മുറിയിലേക്കു കൈയിൽ കിട്ടിയ കല്ലും കാളാമുണ്ടനും മററുമെടുത്തു ജനങ്ങൾ ഏറുതുടങ്ങി. ഒരു ശിലാവർഷം നടക്കുന്നതുപോലെ ആ പ്രദേശത്തു കല്ലേറുണ്ടായി. ലഹളശമിപ്പിക്കുവാൻ വാളൂരിപ്പിടിച്ചുകൊണ്ടു് തഹശീൽദാർ പുറത്തേക്കു വന്നു. പക്ഷേ, 'വാളു വിറച്ചു വിറച്ചു പിന്നോട്ടു' പോയതല്ലാതെ വെട്ടുന്നതിനു പ്രയോജനപ്പെട്ടില്ല. ''മാമ്മോ! പൊന്നുമാമ്മോ!'' എന്നു ജനങ്ങൾ ചുററും കൂടി കൂവിയതല്ലാതെ തഹശീൽദാരെ ഒരു വിധത്തിലും ഉപദ്രവിച്ചില്ല. ലജ്ജാകുലനായ അദ്ദേഹം തിരിയെ അകത്തുപോയി രക്ഷാമാർഗ്ഗങ്ങൾ ആലോചിച്ചുകൊണ്ടു സ്വസ്ഥമായിരുന്നു. ഇൻസ്പെക്ടരുടെ നേരേയുള്ള കാലുഷ്യം കൂടിക്കൂടി വന്നതല്ലാതെ ഒരു വിധത്തിലും കുറഞ്ഞില്ല. 'ബാർണബി റെഡ്ജ്'' എന്ന നോവലിൽ 'ചാർല്സ് ഡിക്കൻസ്'' വർണ്ണിച്ചിട്ടുള്ള ലഹളപോലെ ഒരു ജനവിപ്ലവമാണു് അന്നു് അമ്പലപ്പുഴെ നടന്നതു്. സന്ധ്യയായപ്പോൾ ഇൻസ്പെക്ടർ താമസിച്ചിരുന്ന വീട്ടിലേക്കു് ഒരു സംഘം ആളുകൾ പുറപ്പെട്ടു് അടച്ചുപൂട്ടിയിരുന്ന പടിപ്പുര അവർ ഇളക്കിയെടുത്തുതുള്ളിക്കൊണ്ടു ക്ഷേത്രപരിസരത്തേക്കു പോന്നു. ദൈവാധീനംകൊണ്ടു് ഇൻ

സ്പെക്ടരുടെ ഭാര്യയേയും കുട്ടികളേയും ഗൂഢമായി മറെറാരു ഭവനത്തിൽ കൊണ്ടുപോയി ശാന്തചിത്തന്മാരായ ചില സുജനങ്ങൾ കാലേക്കൂട്ടി ഒളിച്ചു പാർപ്പിച്ചു രക്ഷിച്ചിരുന്നു. ഇൻസ്പെക്ടർ ഇരുന്നിരുന്ന മുറിയുടെ മുൻവശത്തു ജനങ്ങൾ കൂടി. ബഹുകണ്ഠങ്ങളിൽനിന്നു് ഏകകാലത്തു പുറപ്പെട്ട വിവിധങ്ങളായ ശബ്ദങ്ങളുടെ ആകെത്തുക അല്പം ദൂരെ അല റിക്കൊണ്ടിരുന്ന സമുദ്രത്തിൻെറ അലർച്ചയെ അശ്രാവ്യമാ ക്കിത്തീർത്തു. രാത്രി അതിക്രമിച്ചതോടുകൂടി ആ വാതിൽതുറ ന്നു് ആളുകൾ അകത്തു കടക്കുമെന്ന മട്ടിലായി. ഈ സാഹ സങ്ങൾ ഇൻസ്പെക്ടർ ധരിച്ചു് ആ മുറിക്കു വടക്കോട്ടുണ്ടായി രുന്ന ഒരു ചെറിയ വാതിലിൽക്കൂടി ഒരു വിധത്തിൽ സ്വയ മേ ഞെക്കിപ്പിഴിഞ്ഞു് വെളിയിൽച്ചാടി ക്ഷേത്രത്തിലെ കാടിക്കുഴിയിൽ ലഘുവായി ഒരഭിഷേകവും കഴിഞ്ഞു് വയലു കളിലും തോടുകളിലും കൂടി നീന്തിത്തുടിച്ചു് ഏകവസ്ത്രധര നായി ആലപ്പുഴെച്ചെന്നു രക്ഷപെട്ടു. ആ സംഭവമധികരിച്ചു പല പാട്ടുകളുമുണ്ടാക്കിയിട്ടുള്ളതിൽ ഒന്നിൽ

"കാലുമടക്കിയടിക്കും ശിവരാമൻ
കാടിക്കുഴി ചാടി ഓടിപ്പോയി!"

എന്നുപറഞ്ഞിട്ടുള്ളതു് ഇപ്പോഴും ചിലർ പാടിക്കേൾക്കാ റുണ്ടു്. എതിക്കാൻ ശക്തിയില്ലാതേയും, ഓടിഒളിക്കാൻ തര പ്പെടാതെയും ജനങ്ങളുടെ കൈയിൽ കിട്ടിയ പോലീസുകാ രുടെ തൊപ്പി മലത്തിവെപ്പിച്ചു് അതിൽ മണ്ണുവാരിനിറച്ചു് അവരെക്കൊണ്ടു ചുമപ്പിച്ചു. അന്നുതുടങ്ങി മണ്ണുചുമപ്പു പോ ലീസുകാക്കാണെന്നും ജനങ്ങൾക്കല്ലെന്നും ലഹളക്കാരായ 'മഹാജനങ്ങൾ' ഏപ്പാടു ചെയ്തു. ചില പോലീസുകാർ ഗോമയംചുമക്കുന്നവരായും കുറേക്കൂടി ഗൗരവപ്പെട്ടവർ *ശിര സ്ഥലണ്ഡന്മാരായും കാണപ്പെട്ടു. ഇങ്ങനെയുള്ള പ്രകടന

---

* തലയിൽ ആനപ്പിണ്ടത്തോടുകൂടിയവർ. ലണ്ഡം എന്നാൽ മല യാളത്തിൽ ഇരണ്ടം എന്നു പറയുന്നതുതന്നെയാണു്.

ങ്ങൾ നിമിത്തം പിറേറദിവസം (ആറാട്ടനാൾ) ക്ഷേത്രപരി സരത്തിൽ മഷിയിട്ടു നോക്കിയാൽപ്പോലും ഒരു പോലീസു കാർനെ കാണ്മാൻ കിട്ടുകയില്ലായിരുന്നു. പോലീസുകാരുടെ ബന്തവസ്സില്ലാതെയും ഉത്സവാദികൾ നടക്കുമെന്നു് അന്നു വ്യക്തമായി. ഈ ലഹള ഉണ്ടായതു നാടകശാലസദ്യക്കു് ഇലവെച്ചപ്പോൾ പോലീസ് ഇൻസ്പെക്ടർ പന്തിയിൽ കൂടി നടക്കുകനിമിത്തമാണെന്നു പറഞ്ഞു കേട്ടിട്ടുണ്ടു്. ആ സദ്യക്കു് ഇലവെച്ചാൽ മാത്തൂർപ്പണിക്കർക്കല്ലാതെ പന്തിയിൽ ക്കൂടി നടന്നുകൂടാ എന്നാണു വ്യവസ്ഥ. ആ വ്യവസ്ഥയെ ഭഞ്ജിച്ചാണു് ഇൻസ്പെക്ടർ പന്തിയിൽക്കൂടി നടന്നതു്. അ ങ്ങനെ നടക്കാൻ പാടില്ലെന്നു തട്ടങ്ങാട്ടു നാരായണപ്പണി ക്കർ ഇൻസ്പെക്ടരോടു നേരെ പറഞ്ഞു. അതിനു്, ''നടന്നാ ലോ?'' എന്നു് ഇൻസ്പെക്ടർചോദിച്ചു. നടന്നാൽ അതിൻെറ ഫലം കിട്ടും,'' എന്നു പണിക്കർ മറുപടിയും പറഞ്ഞു. ഇങ്ങ നെയുണ്ടായ പ്രതികാരബുദ്ധിയോടു കൂടി നാരായണപ്പണി ക്കർ പ്രസ്തുത ലഹള സ്വരൂപിപ്പിച്ചു നടത്തിയതാണെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. അദ്ദേഹമിതിനൊക്കെ മതി യായ ആളായിരുന്നു എന്നതിനു സംശയമില്ല. ഞാൻ അദ്ദേ ഹത്തെ കണ്ടിട്ടുണ്ടു്. ദൃഢവും വിശാലവുമായ വക്ഷസ്സ്ഥ ലവും, ഇന്ദ്രലുപ്തകത്തിൻെറ ആക്രമംകൊണ്ടു രോമശൂന്യവും ക്ഷുരകലോകത്തിൻെറ നിരാശതാഖനിയും ആയ മൂർദ്ധപ്രദേ ശവും മുസലസദൃശങ്ങളായ ബാഹുദണ്ഡങ്ങളും മാംസളങ്ങ ളായ ജംഘകളും ബലിഷ്ഠമായ ശരീരവും കൊണ്ടു് ആരുടെ ശ്രദ്ധയേയും ആകർഷിക്കത്തക്കവിധത്തിലുള്ള ഒരു 'കുററി യാൻ' ആയിരുന്നു അദ്ദേഹം. പിന്നീടൊരു കാലത്തെ അടി പിടിയിൽ ഉൾപ്പെട്ടു് തുഴകൊണ്ടു കിട്ടിയ താഡനം ഏററു തലയുടെ ഒരു ഭാഗം പൊട്ടിപ്പോയതു താങ്ങിപ്പിടിച്ചുകൊ ണ്ടു് മജിസ്ട്രേട്ടിൻെറ മുൻപാകെ അദ്ദേഹം മൊഴികൊടുക്കു ന്നതും ഞാൻ കണ്ടിട്ടുണ്ടു്. മത്സരക്കളികളിൽ ചുണ്ടൻവള്ള

ത്തിൻെറ അണിയത്തുനിന്നു് അമരം പിടികൂന്നതും തോററു പോകുമെന്നു കണ്ടാൽ താൻ കയറിരിക്കുന്ന വള്ളം മററു വള്ളങ്ങളിൽ ഉടക്കി വഴക്കുണ്ടാക്കുന്നതും അദ്ദേഹത്തിനു് ഒഴിച്ചുകൂടാൻവയ്യാത്ത മഹാവിദ്യകളായിരുന്നു. ഏതു സമയത്തും അദ്ദേഹത്തിനു് അകമ്പടിക്കാരെപ്പോലെ കുറെ ആളുകൾ കൂടെയുണ്ടായിരിക്കും. ''കത്തും അകത്തും അന്യഥാകത്തും ശക്തഃ'' എന്നലക്ഷണം നാരായണപ്പണിക്കർക്കു് ഏറെക്കുറെയോജിച്ചിരുന്നു. അങ്ങനെയുള്ള ഒരാൾ വിചാരിച്ചാൽ മുൻപറഞ്ഞ തരത്തിലുള്ള ഒരു ലഹള അസാദ്ധ്യമാവുകയില്ല.

ഇങ്ങനെ ലഹളക്കാക്കുണ്ടായ വിജയം വളരെ നാളത്തേക്കു നിലനിന്നില്ല. കമ്പിമാർഗ്ഗേണ വർത്തമാനങ്ങൾ തിരുവനന്തപുരത്തും കൊല്ലത്തും അധികാരസ്ഥന്മാർ അറിയുകയും തുരുതുരെ വള്ളംവഴിയും കരവഴിയും അനവധി പോലീസുകാർ അമ്പലപ്പുഴെ വന്നു ചാടുകയുംചെയ്തു. അറസ്റ്റിൽനിന്നു രക്ഷപ്പെട്ട ആളുകൾ വളരെ ചുരുക്കമായിരുന്നു. നാരായണപ്പണിക്കരെ അറസ്ററു ചെയ്വാൻ പോയ പോലീസുകാക്കു വള്ളപ്പുരയിൽ ഇരുത്തി ഭക്ഷണം കൊടുത്തു. അവർ ഉണ്ടു് ഏകദേശം തീരാറായപ്പോൾ പുറത്തുനിന്നു വള്ളപ്പുരയുടെ വാതിൽ ഓടാമ്പലിട്ടു പൂട്ടിയതു നിമിത്തം ആ പോലീസുകാർതന്നെ അറസ്റ്റിലകപ്പെട്ടതായി കേട്ടിട്ടുണ്ടു്. പലരും പോലീസുകാരുടെ പിടിയിൽ അകപ്പെടാതിരിക്കുവാൻ ഒളിക്കേണ്ടതായി വന്നിട്ടുണ്ടു്. സപ്പക്കാവുകളിൽ സപ്പഭീതി കൂടാതെ പല ദിവസം നിവാസമുറപ്പിച്ചിട്ടുള്ളവരുണ്ടു്. മച്ചും പുറങ്ങളിൽ മലമൂത്രാദിമർദ്ദനം സഹിച്ചുകൊണ്ടു കിടന്നിട്ടുള്ളവരുമുണ്ടു്. എന്തിനു് 'ഘോഷയാത്ര'യിലും മററും കുഞ്ചൻ നമ്പ്യാർ വർണ്ണിക്കുന്നതരത്തിലുള്ള പരിഹാസ കരങ്ങളായ നിഗ്രഹനവിദ്യകളെപ്പോലെ അത്ര കഠിനങ്ങളല്ലെങ്കിലും വളരെ പ്രാകൃതങ്ങളായ ചാപല്യങ്ങൾ കൊണ്ടു്

അഭയം പ്രാപിക്കുവാൻ ജനങ്ങൾ പ്രേരിതരായിത്തീൎന്നു. ഞങ്ങളുടെകടമ്മാട്ടുവീട്ടിലും പോലീസുകാർ ചെല്ലാതിരുന്നില്ല. അപ്പോൾ വാല്യക്കാരൻ നാണുച്ചാരും എന്റെ മാതുലന്മാരിൽ കനീയാനായ കുഞ്ചുപിള്ളയും മച്ചുംപുറത്തായിരുന്നു. മച്ചും പുറത്തേക്കു കയറുന്ന ഇടപ്പലകയുടെ സമീപമായി നാണുവിനെ പ്രതിഷ്ഠിച്ചുകൊണ്ടു ബുദ്ധിമാനായ കാരണവർ നെല്ലുണക്കുന്ന പായുടെ ഉള്ളിൽ നിശ്ചാഞ്ചല്യ വ്രതമനുഷ്ഠിച്ചുകൊണ്ടിരുന്നു. പോലീസുകാർ ചെന്നു് ഇടപലക പൊക്കിയപ്പോൾ നാണുവിനെ പിടികൂട്ടുകയും പിന്നെയാരുമില്ലെന്നു കരുതി അവനോടുകൂടി തിരിയെപോവുകയും ചെയ്തു. രാത്രി കുറെ ആയപ്പോൾ കുഞ്ചുപിള്ള പാടങ്ങളും തോടുകളും കടന്നു ഞങ്ങൾ താമസിച്ചിരുന്ന മുരിങ്ങനാട്ടു് പ്രഭാതസമയത്തു വന്നുചേൎന്നു. ലഹളസംബന്ധിച്ച അറസ്റ്റുകളും പോലീസ് നടപടികളും എല്ലാം അവസാനിക്കുന്നതുവരെ താമസം ഞങ്ങളുടെകൂടെത്തന്നെയായിരുന്നു. ഇങ്ങനെയെല്ലാമാണു 'ശിവരാമപിള്ള ലഹള'യുടെ വിവരങ്ങൾ. അപരാധികളും നിരപരാധന്മാരും ഈ ജനസമുദായ ഭൂകമ്പത്തിൽ അകപ്പെട്ടു. നാണുച്ചാരെ പിടിച്ചതു കേവലം അസംബന്ധമായിട്ടാണെന്നുള്ളതിനു ഞാൻതന്നെ സാക്ഷിയാണു്. എന്തുകൊണ്ടെന്നാൽ അയാൾ എന്നെ എടുത്തുകൊണ്ടുനിന്നിരുന്നതല്ലാതെ ഒരു കല്ലുപോലും എറിഞ്ഞിട്ടില്ല. പക്ഷേ, എന്നെ ആരും സാക്ഷിയാക്കിയില്ല; ഞാൻ സാക്ഷി എഴുതിയുമില്ല.

പറവൂർനിന്നു ഞങ്ങൾ അമ്പലപ്പുഴയ്ക്കുവന്നു കിഴക്കേമാളികയ്ക്കൽ കുറച്ചുനാൾ താമസിച്ചതായി പറഞ്ഞുവല്ലോ. അചിരേണ അവിടെ താമസിച്ചിരിക്കേ അച്ഛൻ ഞങ്ങൾക്കു വാങ്ങിച്ചുതന്ന പടിഞ്ഞാറേ ആലപ്പാട്ടു പുരയിടത്തിൽ ഒരു പുരവെച്ചു സ്ഥിരതാമസം അങ്ങോട്ടു മാററി. അതാണു് ഇപ്പോൾ എന്റെ കുടുംബഭവനം. അവിടെ താമസം തുട

ങ്ങിയതു നിമിത്തമാണു് ഞാൻ പി. കെ. നാരായണപിള്ള യായതു്. അതിനുമുമ്പു് ഞാൻ കെ. നാരായണപിള്ളയായിരുന്നു. ക്ലാസ്സിൽ മുമ്പുതന്നെ വേറൊരു കെ. നാരായണപിള്ള ഉണ്ടായിരുന്നതു നിമിത്തം എന്നെ വേർതിരിച്ചറിയുന്നതിലേക്ക പടിഞ്ഞാറേ ആലപ്പാട്ടെന്നു ഗൃഹനാമധേയത്തിലെ ആദ്യക്ഷരംകൂടി ഘടിപ്പിച്ചു് പി. കെ. നാരായണപിള്ള ആക്കുകയാണുചെയ്തതു്. എൻെറ അനുജൻ ഇപ്പോഴും കെ. വാസുദേവൻ പിള്ളയാണു്. അമ്പലപ്പുഴ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ ചാമിപ്പിള്ള ആശാൻെറ ആയുധങ്ങൾ കേവലം ദുർല്ലഭങ്ങളായിരുന്നില്ല. വിശിഷ്യ ചൂരൽവടിയുടെ പ്രയോഗം നോട്ടീസുകൊടുക്കാതെയും അയുക്തിപൂർവ്വമായും നടന്നിട്ടുള്ളതിനു പല ദൃഷ്ടാന്തങ്ങളുണ്ടു്. ഒന്നു രണ്ടെണ്ണം ഇവിടെ പ്രസ്താവിക്കാം. ഗോവിന്ദപ്പിള്ള എന്ന ഒരു വിദ്യാർത്ഥി ശരിയായി പഠിക്കാതിരുന്നതുകൊണ്ടു കൈ നീട്ടുവാൻ പറഞ്ഞു് കൈയുടെ വെള്ളയിൽ കുളത്തുവയ്യൻ സാർ പ്രഹരിക്കുവാൻ തുടങ്ങി. നീട്ടിയ കൈ മുന്നോട്ടും പിന്നോട്ടും ഭയചഞ്ചലനായ വിദ്യാർത്ഥി തെരുതെരെ നീട്ടുകയും പിൻവലിക്കുകയും ചെയ്തതിനിടയിൽ ലക്ഷ്യം തെററി പ്രഹർത്താവിൻെറ കാലിൽത്തന്നെ ഊക്കോടെ ഒരടി ഏല്ക്കുവാൻ ഇടയായി. കണ്ടുകൊണ്ടിരുന്ന ഞാൻ പൊട്ടിച്ചിരിച്ചുപോയി. അതു കണ്ടു് "പഴുത്ത പ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും, അല്ലേ ?" എന്നു പറഞ്ഞു് എന്നെയുമൊരടി ഏല്പിച്ചു. ഇവിടെ ഞാൻ ഒരപരാധവും ചെയ്തിട്ടില്ലെന്നു വ്യക്തമാണല്ലോ. അതിൻെറ മുകൾ ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരുന്ന ചിദംബരയ്യൻ എന്ന വാദ്ധ്യാർ ഒരു തടിയനും എന്നാൽ വാമനാകൃതിയുമായിരുന്നു. അമ്പലപ്പുഴ കുളപ്പുരയിൽ ചാക്യാർ പാഠകം പറഞ്ഞുകൊണ്ടു നിന്നിരുന്നപ്പോൾ ഇദ്ദേഹം കടന്നുവന്നു. കഥയോടു ഘടിപ്പിച്ചു് ചിദംബരയ്യനെ ഒരു ഭൂതത്താനായി ചാക്യാർ ഉപഹസിച്ചു. അതു കേട്ടു് അല്പം ചിരിച്ചു

പോയ ഞാൻ മുതലായ ശിഷ്യന്മാരെ അദ്ദേഹം പിറേറദിവസം സ്കൂളിൽ വച്ചു പ്രഹരിച്ചു. ഇതു ന്യായമാണോ എന്നു വായനക്കാർതന്നെ തീരുമാനിക്കേണ്ടതാണ്. ഹെഡ്മാസ്റ്റർ സുബ്ബയ്യനവർകളും ഇത്തരം ശിക്ഷാവിഷയത്തിൽ ചില ചാപല്യങ്ങൾ കാണിച്ചിട്ടുണ്ട്. കള്ളർകോട്ടുത്സവത്തിനു പോയപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ട ശങ്കരപ്പിള്ളയെ വിശ്വനാഥയ്യനെന്ന അവിടത്തുകാരൻ ഒരു കുട്ടി അടിച്ചു: അമ്പലപ്പുഴ ഉത്സവത്തിനു വിശ്വനാഥയ്യൻ വന്നപ്പോൾ പ്രതിക്രിയയായി എന്റെ നേതൃത്വത്തിൽ ഞങ്ങളുടെ കൂട്ടുകാർകൂടി സാമാന്യം വൃത്തിയായി വിശ്വനാഥയ്യനെ മർദ്ദിച്ചു. ഈ വിവരം വിശ്വനാഥയ്യന്റെ അച്ഛൻ ഹെഡ്മാസ്റ്റർ സ്വാമിയെ അറിയിക്കുകയും എനിക്കു ദക്ഷിണതരുവിക്കുകയും ചെയ്തു. ഇതെല്ലാം സ്കൂളിനു വെളിയിൽ നടന്ന സംഭവങ്ങളാണ്. ശങ്കരപ്പിള്ളയ്ക്കു കിട്ടിയ മർദ്ദനത്തെപ്പററി ചോദ്യം ചെയ്വാൻ അശക്തനായ ഹെഡ്മാസ്ററർ അയാളുടെ മാനം സ്ഥാപിക്കുവാൻപ്രതിക്രിയയായി ഞങ്ങൾ ചെയ്ത പ്രവൃത്തിയെ മാത്രം വിചാരണയ്ക്കായി എടുത്തതു് ഒരു മാതിരി ഏകപക്ഷനടപടിയായി പരിഹാസം അർഹിക്കുന്നു. എന്നാൽ അദ്ദേഹം അന്യഥാ ബഹുയോഗ്യനായിരുന്നു എന്നു കൃതജ്ഞതാസമേതം ഭക്തിപുരസ്സരം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

മെട്രിക്കുലേഷൻ പരീക്ഷമാത്രം ജയിച്ചിട്ടുണ്ടായിരുന്ന ആ ഉപാദ്ധ്യായൻ ഇംഗ്ലീഷ്, കണക്കു് മുതലായ വിഷയങ്ങളിൽ അസാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. ഇംഗ്ലീഷിൽ കവിത എഴുതുന്നതിനുപോലും അദ്ദേഹം ശക്തനായിരുന്നു. ഡാക്ടർ ഹാർവി സ്കാട്ട്ലൻഡിലായിരുന്നപ്പോൾ സുബ്ബയ്യരുടെ പേക്കു് എഴുത്തുകൾ അയച്ചിരുന്നതു ഞാൻ കണ്ടിട്ടുണ്ട്. സ്വഗുരുവിനു് അദ്ദേഹം അത്രമാത്രം പ്രിയനായിരുന്നു.

പ്രസ്തുതസ്കൂളിൽ ക്രമമായി വിദ്യാൎത്ഥികൾക്കു യാതൊരു വ്യായാമവും ഉണ്ടായിരുന്നില്ല. അദ്ധ്യാപകന്മാർ അക്കാൎയ്യത്തിൽ അശ്രദ്ധധ്യാനന്മാരുമായിരുന്നു. ചില വിദ്യാൎത്ഥികൾ പന്തുകളിയിലും വള്ളംകളിയിലും ഏൎപ്പെട്ടിരുന്നുവെങ്കിലും അതൊരു അസമ്മതമായ വ്യാപാരമാണെന്നു ധരിച്ചുകൊണ്ടിരുന്നു. ഓണം മുതലായ വിശേഷങ്ങൾ വരുമ്പോൾ പള്ളിക്കൂടത്തിന്റെ മുൻഭാഗത്തുള്ള തെരുവിൽ കാൽപന്തുകളി പൊതുജനങ്ങൾ നടത്തിവന്നിരുന്നു. അങ്ങനെയുള്ള കളികൾ കാണുന്നതു് ഞങ്ങൾക്കു വിനോദപ്രദവും ഉത്സാഹകരവുമായിരുന്നു. അതിൽ രണ്ടു മൂന്നുപേരുടെ കാൎയ്യം ഞാൻ പ്രത്യേകം ഓൎക്കുന്നു. കൊച്ചൗസേപ്പെന്ന ഒരു ക്രിസ്ത്യാനി വളരെ ബലിഷ്ഠനും പന്തടിച്ചു മുമ്പോട്ടു കയററുന്നതിൽ ദുൎന്നിവാരനുമായിരുന്നു. അയാളെ തടഞ്ഞു നിറുത്തുന്നതിനു് അപ്പുപിള്ള എന്നൊരു വയോധികനല്ലാതെ സാധിച്ചിരുന്നില്ല. അപ്പുപിള്ളയുടെ കാൽ എത്തുന്ന ദിക്കിൽക്കൂടി പന്തു കടത്തിക്കൊണ്ടുപോകാൻ, കരുത്തനായ കൊച്ചൗസേപ്പിനുപോലും ഒരിക്കലും സാധിച്ചിട്ടില്ല. ശരീരാഭ്യാസവും കാലിന്റെ വഴക്കവും അതു കൊളുത്തുപോലെ പ്രയോഗിക്കുവാനുള്ള സാമൎത്ഥ്യവും അപ്പുപിള്ളയ്ക്കു് അത്രമാത്രമുണ്ടായിരുന്നു. തോട്ടിയിട്ടു പിടിക്കുന്നതുപോലെ എതിരാളികളുടെമേൽ അപ്പുപിള്ള കാൽ പ്രയോഗിച്ചു മറിച്ചിടുന്നതു കാണുമ്പോൾ കാണികൾ ആകമാനം ചിരിച്ചു കൂക്കുവിളിക്കുക പതിവായിരുന്നു. പിന്നെയൊരു കളിക്കാരൻ പറയാററു മൂപ്പീന്നെന്ന ഒരു മദ്ധ്യവയസ്കനായിരുന്നു. ശരീരശക്തിയോ അഭ്യാസബലമോ വളരെ മെച്ചമെന്നു പറയുവാൻ ഉണ്ടായിരുന്നില്ലെങ്കിലും കൗശലം കൊണ്ടു പന്തു തട്ടിക്കൊണ്ടുപോകുവാൻ അയാൾക്കു് ഒരു പ്രത്യേക സാമൎത്ഥ്യമുണ്ടായിരുന്നു. അപ്പുപിള്ള, അതായതു് വാഴവേലിക്കകത്തു് അപ്പുപ്പിള്ള കളിക്കു വരുന്നതിൽ പ്രായേണ ഉദാസീനനായിരുന്നതുകൊണ്ടു്

ഞങ്ങൾ പോയി അദ്ദേഹത്തെ ഇളക്കി മുറുക്കാൻ വാങ്ങി ക്കൊടുത്തു നിർബ്ബന്ധിച്ചു പിടിച്ചുകൊണ്ടുവന്നു കളി നടത്തി യിട്ടുണ്ടു്. അദ്ദേഹംകൂടി ഉണ്ടെങ്കിൽ കളിക്കു വളരെ കൊഴു പ്പു് ഉണ്ടാകുക പതിവാണു്.

ഇടവം മിഥുനം മാസങ്ങളിൽ വെള്ളം പൊങ്ങിക്കിട ക്കുമ്പോഴാണു് വള്ളം കളിക്കു് ഉത്സാഹമുണ്ടാകാറുള്ളതു്. ചമ്പക്കുളത്തു് 'മൂലക്കാഴ്ച'ക്കു് നിവൃത്തിയുള്ളപ്പോഴൊക്കെയും ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നു. കുട്ടികൾതന്നെ തുഴയും നയ് മ്പും എടുത്തു് മൂന്നുനാലു മൈൽദൂരമുള്ള ചമ്പക്കുളംവരെ പോ കുമായിരുന്നു. പോകും വഴിക്കു പൂക്കൈതയാറു് അഥവാ പമ്പാനദി കടക്കേണ്ടതായിട്ടുണ്ടു്. അതു കടക്കുന്നതിനു വലിയ തിരകളോ കാററും പിശറുമോ ഉണ്ടെങ്കിൽ പ്രായ പൂർത്തിയുള്ള ആരെയെങ്കിലും അമരം പിടിക്കുവാൻ ഞങ്ങൾ കരുതിക്കൊള്ളും. അങ്ങനെ ഒരിക്കൽ ചമ്പക്കുളത്തുനിന്നു കളി കഴിഞ്ഞു തിരിച്ചു വരുമ്പോൾ അമരത്തു മുൻപറഞ്ഞ അമ്മാവൻ കുഞ്ചുപിള്ളക്കുട്ടി ഉണ്ടായിരുന്നു, പൂക്കൈതയാ ററിൽ കടലിലെ തിരപോലെ വലിയ ഓളങ്ങൾ ഉണ്ടായി രുന്നു. വള്ളം അക്കരെയ്ക്കു് എന്തായാലും വെയ്ക്കുമെന്നുള്ള ധാർ ഷ്ട്യത്തോടുകൂടി അമരത്തു നിന്നിരുന്ന അമ്മാവൻ വള്ളം വിട്ടു. ആററിൻെറ മദ്ധ്യത്തു വന്നപ്പോൾ മുങ്ങിച്ചാകുകയേ യുള്ളു എന്നു തോന്നുമാറു് അത്ര കലശലായി ഓളങ്ങളുടെ മേളമുണ്ടായി. അമരക്കാരനായ അമ്മാവനും അസാമാന്യ മായി സംഭ്രമിച്ചു. പക്ഷേ, കാററു് അനുകൂലമായിരുന്നതു കൊണ്ടു് വള്ളം ഒരുവിധം ഇക്കരെ വന്നുചേർന്നു. അതുവരെ ഭയംകൊണ്ടു നിശ്ശബ്ദനായിരുന്ന അമ്മാവൻ "ഹും! ഹും! കടമ്മാട്ടു കുഞ്ചുവാണു് അമരത്തു നിന്നിരുന്നതെന്നു് ആറു് അറിഞ്ഞില്ലായിരിക്കും" എന്ന വീരവാദംകൊണ്ടു കാറ്റിൻെറ സാഹായ്യം സ്വകീയസാമർത്ഥ്യമായി വിളംബരപ്പെടുത്തി,

ചിലപ്പോൾ വള്ളം മുങ്ങുകയും ഞങ്ങൾ തന്നെ വെള്ളം കള ഞ്ഞു വള്ളത്തിൽ കയറി വീണ്ടും കളിക്കുകയും ചെയ്തിട്ടുണ്ടു്.

അമ്പലപ്പുഴെ കൂടെക്കൂടെ ഉണ്ടാകാറുള്ള ഒരു വിനോദം കഥകളിയാണു്. മാത്തൂർ കുഞ്ഞുപിള്ള, തിരുവല്ലാ കുഞ്ഞുപിള്ള, കുഞ്ഞികൃഷ്ണക്കുറുപ്പ്, കരിപ്പുഴ വേലു, കൊച്ചപ്പിരാമന്മാരാർ മുതലായ പ്രസിദ്ധനടന്മാരെല്ലാം പല തവണ അമ്പലപ്പുഴെ നാടകശാലയിലും, ഊട്ടുപുരയിലും ആടിയിട്ടുള്ളവരാണു്. അമ്പലപ്പുഴ നാടകശാലയിലെ തൂണുകൾക്കു പോലും കഥകളിയിലെ കൈ അറിയാമെന്നു് ആളുകൾ പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. ഒന്നു മാത്രം ഇവിടെപ്പറയാം:

നാടകശാലയിലെ കഥകളി കാണ്മാൻ ആലപ്പുഴെ നിന്നു കുറെ കന്നാന്മാർ പുറപ്പെട്ടു. അവർ അവിടെ എത്തിയപ്പോൾ കഥകളി ആരംഭിച്ചു കുറെ കഴിഞ്ഞിരുന്നു. ഒരു രാക്ഷസവേഷധാരിയുടെ പുറപ്പാടു സമയത്താണു് ഇവർ ചെന്നുചേർന്നതു്. വേഷക്കാരൻ തിരശ്ശീല പൊക്കിനോക്കിക്കൊണ്ടു് ഒരു അലർച്ച അലറിയതുകേട്ടു് സാധുക്കളായ കന്നാന്മാർ ഭയന്നു തിരിഞ്ഞുനോക്കാതെ ഏകദേശം ഒന്നര മൈൽ ദൂരം ഓടിപ്പോയി എന്നാണു പ്രസ്തുത കഥ: "ചെന്താപ്പുലെ ഒരു വേഷം വന്നുട്ടാൻ; ശീല കിളത്തിപ്പാത്താൻ; ഒരലറ് അലറിനാൻ; നാങ്കൾ അങ്കെയിരുന്തു് നെടുങ്കമ്പി; പുതുക്കുളങ്ങര നടയിൽ വന്തു തിരുമ്പിപ്പാത്തോം" ഇത്യാദി അവർ സ്മരണീയമായ ഈ സംഭവത്തെ സ്വഭാഷയിൽ വർണ്ണിച്ചിട്ടുള്ള കഥ നാട്ടുകാർ ആവർത്തിക്കുന്നതു് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു്. അത്ര തന്മയത്വമായിട്ടാണു കഥകളി അവിടെ നടന്നുകൊണ്ടിരുന്നതു്.

ചാക്യാർകൂത്തു്, പാഠകം മുതലായതും, അപൂർവ്വമായി മോഹിനിയാട്ടവും കംസനാടകവും മററും അമ്പലപ്പുഴെ നടത്താറുണ്ടായിരുന്നു,

## നാല്

മനുഷ്യസൃഷ്ടിയിൽ അത്യന്തം സ്ഥൂലവും ബഹുമഹത്തുമായി ഞാൻ കണ്ടിട്ടുള്ളതു് മദ്രാസിൽ ക്രൗൺ പ്രാസിക്യൂട്ടർ ആയിരുന്ന കെ. പി. എം. മേനവൻ ബി. എ. ബാരിസ്റ്റർ അവർകളെ ആയിരുന്നു. അദ്ദേഹം ഒരിക്കൽ തിരുവനന്തപുരത്തു വന്നിരുന്ന അവസരത്തിൽ ഞങ്ങളുടെ വസതിയിൽ മുകൾതട്ടിൽ അതിഥിയായി പൂജിക്കപ്പെട്ടു. അപ്പോൾ ആരോഹാവരോഹക്രിയ നിമിത്തം അതിഥി വളരെ ക്ലേശപ്പെട്ടതായി തോന്നുകയും, തന്നിമിത്തം ആതിഥ്യം ഞങ്ങൾക്ക് സങ്കടകരമായി തോന്നുകയും ചെയ്തു. സ്ഥൂലദേഹന്മാരെപ്പററിയുള്ള ഗണനയിൽ ഗണപതിയായി ഗണിക്കേണ്ടതു് കെ. പി. എം. മേനോൻ അവർകളെയാണെന്നു് ആധുനികമതത്തെ ആദരിച്ചു് ഇത്രയും പ്രസ്താവിക്കേണ്ടി വന്നതാണു്. "ഓം നമോ ഭഗവതേ കെ. പി. എം മേനവായ."

തിരുവിതാംകൂർ സർക്കാർസർവ്വീസിൽ, തഹശീൽദാരായിരുന്ന ശ്രീമാൻ പ്രാക്കുളം സി. പത്മനാഭപിള്ള അവർകൾക്കു് മി. കെ. പി. എം. മേനവൻെറ ശിഷ്യത്വംപോലും ഈ വിഷയത്തിൽ അർഹതയുണ്ടോ എന്നു സംശയമാണു്. എങ്കിലും പത്മനാഭപിള്ള അവർകളുടെ ഉന്നതിയും, വീതിയും, ഘനവും ഏതു ദ്രഷ്ടാവിൻെറ നയനങ്ങളേയും ആകർഷിച്ചു വിഷമിപ്പിക്കുമായിരുന്നു. അദ്ദേഹത്തെ അമ്പലപ്പുഴയ്ക്കു സ്ഥലംമാററി വന്നുചേൎന്നതിൻെറ പിറേറദിവസം

റസിഡണ്ടസായ്പു് കരുമാടി ബംഗ്ലാവിൽ വന്നിരുന്നു കൊണ്ടു്, തഹശീൽദാരെ കാണ്മാൻ ആളയച്ചു. ഏഴര എട്ടുമണിയോടുകൂടി തഹശീൽദാർ അമ്പലപ്പുഴ സ്വവസതിയിൽനിന്നും കരുമാടിയിലേക്കു തിരിച്ചു. ക്ഷേത്രത്തിൻെറ കിഴക്കുവശമുള്ള കുളത്തിനു 'തൃക്കയിൽകുളം' എന്നും അവിടുന്നു വടക്കുകിഴക്കുള്ള കളിത്തട്ടിനു് 'എറക്കോടി കളിത്തട്ടു്' എന്നും പേരുപറയുന്നു. ഞങ്ങൾ സ്കൂൾകുട്ടികൾ കുളത്തിൻെറ വടക്കേക്കരെ വന്നപ്പോൾ തഹശീൽദാർ പടിഞ്ഞാറുനിന്നു കിഴക്കോട്ടു വരുന്നു. അദ്ദേഹത്തിനു കൈകാൽ മുതലായ അവയവങ്ങൾ ഉണ്ടെന്നു പ്രയാസപ്പെട്ടു തിരിച്ചറിയാമായിരുന്നു. എങ്കിലും ആകപ്പാടെ സ്വരൂപം ഭൂചരമായ ഒരു മേഘഘനം പോലെ തോന്നുമായിരുന്നില്ലേ എന്നു സംശയിക്കുന്നു. പ്രസ്തുത മേഘഘനത്തിൻെറ ആദ്യഗൎജ്ജനം ഞങ്ങൾ കേട്ടതു് "സാധുക്കളുടെ കാൎയ്യം കഴിഞ്ഞിട്ടു സായിപ്പിൻെറ കാൎയ്യം" എന്നായിരുന്നു. കാതിൽ തിളങ്ങിക്കൊണ്ടിരുന്ന വൈരജോഡുകടുക്കൻ ദേവേന്ദ്രൻെറ വജ്രായുധത്തിനു സദൃശമായി പ്രകാശിച്ചു. ക്ഷേത്രത്തിൽ പല ഗൃഹങ്ങളിൽനിന്നും പായസത്തിനു പാൽ കൊടുക്കപതിവുണ്ടു്. എന്നാൽ ഹാജരാക്കുന്ന പാലിൽ കണക്കിലധികം വെള്ളമുണ്ടായിരുന്നാൽ അതു സ്വീകരിക്കാതെ നിരസിക്കുന്നതിനു 'തിരിച്ചുവയ്ക്കുക' എന്നാണു പറയാറുള്ളതു്. അന്നു തിരിച്ചുവച്ച പാൽ കൊണ്ടുവന്ന സ്ത്രീകൾ, തഹശീൽദാർ അടുക്കലുണ്ടെന്നു് അറിയാതെ അവരുടെ സങ്കടങ്ങളെല്ലാം പറഞ്ഞുകൊണ്ടു വരികയായിരുന്നു. സാധുക്കളുടെ കാൎയ്യം എന്നുപറഞ്ഞിടത്തു സാധുക്കൾ എന്നു പറഞ്ഞതു് ഇവരെ ഉദ്ദേശിച്ചാണു്. ഇവരുടെ സങ്കടമാണു് സായ്പിനെ കാണുന്നതിനുമുമ്പു കേട്ടു തീരുമാനിക്കണമെന്നു ഘോഷിച്ചതു്. അതിനാൽ അദ്ദേഹം കളിത്തട്ടിൽ ഇരുന്നുകൊണ്ടു പാൽഅളക്കുന്ന ദേവസ്വം ജോലിക്കാർ എല്ലാം ഹാജരാവുന്നതിനു് ഉത്തരവുകൊ

ടുത്തു. അവർ വന്നു. എന്തുചെയ്യേണ്ടു എന്നറിയാതെ പല പ്രാവശ്യം നിലംമുട്ടെ മുക്കുമുട്ടിച്ചുകൊണ്ട് അവർ നിന്നു. ആകപ്പാടെ വാദി പ്രതിയായി എന്നുള്ളഭാവം അവിടെസ്പഷ്ടമായി. ഒടുവിൽ സാധുസ്ത്രീകളുടെ നഷ്ടമെല്ലാം അപരാധികളായ ഉദ്യോഗസ്ഥന്മാർ കൊടുത്തുകൊള്ളുന്നതിനും മേലിൽ ഇങ്ങനെ വരാതിരിക്കുന്നതിനു തഹശീൽദാരുടെ വീട്ടിൽ പിന്നീടു ചെന്നു ഭദ്രമായ ഏർപ്പാടുകൾ ചെയ്യുന്നതിനും വ്യവസ്ഥകൾ ചെയ്തു. പത്മനാഭപിള്ള അവർകളുടെ വേറെ ഒരു പരാക്രമം അനന്യസാദൃശ്യമാണ്. അമ്പലപ്പുഴക്ഷേത്രത്തിൽ വൃശ്ചികമാസം ആരംഭം തുടങ്ങി നാല്പത്തൊന്നു ചിറപ്പ് അഥവാ നാല്പത്തൊന്നുവ്രതം എന്ന ഒരു അടിയന്തിരം ഉണ്ട്. അതിൽ ഓരോ ദിവസവും കേമമായി കഴിക്കാൻ സാധിക്കുകയില്ലല്ലോ. പക്ഷേ, പത്മനാഭപിള്ള അവർകൾ വന്നതു തുടങ്ങി ഓരോ ചിറപ്പും, ആകുന്നതും മോടിയായി കഴിക്കണം എന്നു നിർബ്ബന്ധം തുടങ്ങി. പച്ചയും പഴുത്തതും കൂടെ കെട്ടുകയോ, ഒരുജാതി കുലവാഴ മറെറാരുജാതി കുലവാഴയോടു ചേർക്കുകയോ ഒന്നും പാടില്ലെന്നും, ആട്ടത്തിലെപ്പോലെ വിദ്യുജ്ജിഹ്വത്വം ചിറപ്പിൽ വിധിച്ചിട്ടില്ലെന്നും മററും ഉള്ള സിദ്ധാന്തങ്ങൾ അദ്ദേഹം പ്രചരിപ്പിച്ചു. പണമില്ലെന്നോ സൗകര്യമില്ലെന്നോ ഉള്ള ഒഴികഴിവ് ഒരിക്കലും സ്വീകാര്യമായിരുന്നില്ല.

എന്തിന്; ക്ഷേത്രത്തിൻെറ തിരുമുററവും, പരിസരവും അടുത്തും അകന്നുമുള്ള പ്രദേശങ്ങളും ശരിയായി പഴുത്ത കുലവാഴകൊണ്ട് അലങ്കരിക്കപ്പെട്ട് ആ ആണ്ടത്തെ നാല്പത്തൊന്നുചിറപ്പ പൊടിപൂരമായിനടന്നു. അങ്ങനെയൊരു ചിറപ്പ് "ന ഭൂതോ ന ഭവിഷ്യതി." അടിയന്തിരത്തിൻെറ ആഡംബരത്തിനു മൂന്ന് ആനയ്മേൽ എഴുന്നള്ളിക്കണമെന്നു തഹശീൽദാർ നിർബ്ബന്ധിച്ചു. അങ്ങനെ പാടില്ലെന്നു തന്ത്രിമാർ കീഴ്നടപ്പിനേയും മററും ആലംബമാക്കി എതിർവാദിച്ചു.

തഹശീൽദാരുടെ സമയോചിതമായ ഒരു വാദം ശ്രീകൃഷ്ണൻ, ഭഗവതി, ഗണപതി എന്നു മൂന്നു മൂർത്തികളെ ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നും അതിൽ കൃഷ്ണനെ മാത്രം എഴുന്നള്ളിക്കുന്നതു വളരെ പോരാത്തതാണെന്നും ആയിരുന്നു. ഇങ്ങനെ ആ ഭാഗത്തും തഹശീൽദാർ ജയിച്ചു. അദ്ദേഹത്തെപ്പോലെ മാംസളനായ വേറെയും ഒരു തഹശീൽദാർ അമ്പലപ്പുഴെ വന്നിട്ടുണ്ടു്. അദ്ദേഹമാണു പ്രസിദ്ധ താക്കീകനായ് നാണഅയ്യാശാസ്ത്രി. പൂവൻപഴം അദ്ദേഹത്തിനു വളരെ പ്രിയമാണു്. അതുകൊണ്ടു് ഓരോ കുലയും എണ്ണി സംഖ്യ തിട്ടപ്പെടുത്തി സ്വയമേ എടുക്കുന്ന കായുടെ സംഖ്യ ചുരുക്കി വച്ചുകൊള്ളും. ഇതറിയാതെ വീരമണി എന്നൊരു ബ്രാഹ്മണ സേവക്കാരൻ ഒരു പഴം അതിൽനിന്നു് എടുത്തു തിന്നതായി അദ്ദേഹത്തിനു സന്ദേഹം ജനിച്ചു. വീരമണിയെ വിളിച്ചു മൂന്നാലു ചോദ്യം കഴിഞ്ഞപ്പോൾ, പരമാത്ഥം അയാൾ ഒരു പഴമെടുത്തതാണെന്നു തെളിഞ്ഞു. കൈക്കൂലി കൊടുക്കുന്നതു കണ്ടുപിടിക്കുന്നതിനും അദ്ദേഹത്തിനു ചില ചില്ലറ വിദ്യകൾ ഉണ്ടായിരുന്നു. ഒരു ദിവസം ഊട്ടിലെ അരിവെപ്പുകാർ, കൺട്രാക്ടർ പച്ചവിറകാണു കൊണ്ടുവന്നിരിക്കുന്നതെന്നും അതിനാൽ ഭക്ഷണം സമയത്തു കാലമാവുകയില്ലെന്നും പറഞ്ഞു. കൺട്രാക്ടരെ വരുത്തിയശേഷം മറപ്പള്ളിവെപ്പുകാർ പൊയ്ക്കൊള്ളുവാൻ ആജ്ഞാപിച്ചു. എന്നിട്ടു കൺട്രാക്ടരോടു് നാലു ചക്രം ഓരോ അരിവെപ്പുകാരനും കൊടുത്താൽ പച്ചവിറകായാൽത്തന്നെയും ഉണക്കവിറകായിക്കൊള്ളുമെന്നു് അദ്ദേഹം പറഞ്ഞു. വൈകുന്നേരം അദ്ദേഹം ചെന്നു വിറകു പരിശോധിച്ചു. എല്ലാം ഉണക്കവിറകായിരിക്കുന്നോ എന്നു ചോദിച്ചു. എല്ലാം ശരിയായിരിക്കുന്നു എന്നു് അവർ ഉത്തരം പറഞ്ഞു. നാലുചക്രംകൊണ്ടു് പച്ചവിറകു് ഉണക്കവിറകാകുമല്ലോ എന്നു പറഞ്ഞു ചിരിച്ചുംകൊണ്ടു് അദ്ദേഹം പോയി. ഒരിക്കൽ കളിത്തട്ടിൽ ഇരുന്നു്,

"ക്ഷിതിപ ത്വമാദ്യുപകൃതം മരുത്വതഃ
പ്രതിപത്തിയോൎത്തു ലഘുവെന്നുമന്യസേ
അതിവിസ്മിതസ്ത്വദപദാനതോഽർഹണാം
മതിയായതായ് ന ഗണയത്യസാവപി"

എന്നു് ഒരു സരസൻ ശ്ലോകം ചൊല്ലുകയായിരുന്നു. ഇതു കേട്ടു ശാസ്ത്രികൾകൂടി കളിത്തട്ടിൽ കയറിയിരുന്നു. ശാസ്ത്രിയെ കണ്ടു് മേല്പടിയാൻ അധികം മുളകു കൂട്ടിയതുപോലെ മൂക്കിൽനിന്നും വിയിൽനിന്നും വെള്ളം വന്നു വിഷമിച്ചു. എത്ര വളഞ്ഞു വളഞ്ഞു വ്യാഖ്യാനിച്ചിട്ടും 'അപദാനതഃ' എന്നതിൻെറ അൎത്ഥം പറയാതെ നമ്മുടെ സരസൻ തെന്നതു കണ്ടു്, ശാസ്ത്രികൾ ഒടുവിൽ, "എന്ന അന്ത അപദാനതഃ ശബ്ദം അങ്കെ പഴനിലം പോട്ടിരിക്കാ?" എന്നു ചോദിച്ചുകൊണ്ടെഴുന്നേററു പോയി.

ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് അക്കാലത്തു് ഒരിക്കൽ അമ്പലപ്പുഴ എഴുന്നള്ളിയപ്പോൾ ബോട്ടുകടവിൽ ഒരു മേശ; വിശേഷതരം കമ്പ്ളികൊണ്ടു് അലങ്കരിച്ചിരുന്നു. തക്കം നാണുഅയ്യനും പൗസുദാരികമ്മീഷണർ അനന്തരാമയ്യനും ഏകകാലത്തു് ആ കമ്പ്ളിയെ കാംക്ഷിച്ചു. കമ്പ്ളി എടുത്തു കൊട്ടാരത്തിൽ അയച്ചുകൊടുക്കണമെന്നു പൗസുദാരികമ്മീഷണർ തഹശീൽദാരോടു് ഏൎപ്പാടുചെയ്തു. അതു നടക്കുകയില്ലെന്നും തനിക്കു് എങ്ങനെയോ രാജഗുരുസ്ഥാനമുണ്ടെന്നും "എല്ലാം രാജാക്കിട്ട ചൊല്ലുവൻ" എന്നും ശാസ്ത്രികൾ ഘോഷിച്ചു. പക്ഷേ, ഇതൊന്നും കൊണ്ടു കുലുങ്ങുന്ന കൂട്ടത്തിലല്ലായിരുന്നു അനന്തരാമയ്യൻ അഥവാ ചരവണസ്വാമി. അതുകൊണ്ടു് എഴുന്നള്ളത്തു കഴിഞ്ഞ ഉടൻതന്നെ കമ്പ്ളി കക്ഷത്തിൽ മടക്കിവെച്ചുകൊണ്ടു ശാസ്ത്രികൾ അവിടെനിന്നും കടന്നു. പിന്നീടു ഞാൻ ശാസ്ത്രികളെ കണ്ടതു തിരുവനന്തപുരത്തു കാളേജിൽ ജോലിയിലി

രിക്കുമ്പോഴാണു്. പിന്നെ ബഹുമാന്യനായിരുന്ന വി. പി. മാധവരായർ അവർകൾ ദിവാൻജിയായിരുന്നപ്പോൾ ബനാറീസ്ജാൺസൺ എന്ന ഹിന്ദുമതമത്സരി ഇവിടെ വന്നു. അദ്ദേഹം ഒരുവശമായും തിരുവനന്തപുരത്തുള്ള പണ്ഡിതന്മാരെല്ലാം മറുവശമായും ദിവാൻജി അവർകൾ ഒരു മഹാസദസ്സ് സംഘടിപ്പിച്ചു വാദപ്രതിവാദം നടത്തി. ലോകസൃഷ്ടിയിൽ ഈശ്വരനു യാതൊരു ഉദ്ദേശവും ഇല്ല എന്നു സിദ്ധാന്തിക്കുന്ന വേദാന്തമതം നിരുത്തരവാദവും, അസാന്മാർഗ്ഗികവും അതുകൊണ്ടു് അസ്വീകാര്യവും ആണെന്നായിരുന്നു സായ്പിൻെറ നില. ഈശ്വരനു് ലോകസൃഷ്ടിയിൽ ഉദ്ദേശമുണ്ടെന്നു പറയുകയാണെങ്കിൽ ഏതോ ന്യൂനത ആ സൃഷ്ടികൊണ്ടു് ഈശ്വരനു പരിഹരിക്കാൻ ഉണ്ടായിരുന്നു എന്നു സമ്മതിക്കണം. ഈശ്വരനു് അങ്ങനെ ഒരു ന്യൂനത ഉണ്ടായിരുന്നാൽ ഈശ്വരൻ സർവ്വപരിപൂർണ്ണനാവുകയില്ല. ഈശ്വരത്ത്വം തന്നെ പരിപൂർണ്ണത്വത്തിൽ ഇരിക്കുന്നതാണു്. അതുകൊണ്ടു സായ്പിൻെറ വാദം ആപാദചൂഡം പരസ്പരവിരുദ്ധമാണു്. എന്നിങ്ങനെ ശാസ്ത്രികളും വെങ്കോബാചാരി ചീഫ്ജസ്റ്റീസും, രാമചന്ദ്രറാവു ജഡ്ജിയും, ഞാൻമുതൽ പേരും എതിർവാദം ചെയ്തു. 'ലീലാകൈവല്യം' എന്നു വേണം പറയാൻ എന്നായിരുന്നു ചീഫ്ജസ്റ്റീസവർകളുടെ അഭിപ്രായം. കൊച്ചുകുട്ടികൾ കളിക്കാൻ പുറപ്പെടുമ്പോൾ യാതൊരുദ്ദേശവും ഉള്ളതായി പറയുവാൻ ഇല്ലല്ലോ.

ഇതുകൂടാതെ വെളുത്ത ലക്ഷ്മണയ്യൻ, ശങ്കരലിംഗം പിള്ള, പിഞ്ഞാണിന്നാണുവിൻെറ തല്ലുകൊണ്ട ശങ്കരയ്യൻ തഹശീൽദാർ ഇത്യാദി പലരും അവിടെ തഹശീൽ ഉദ്യോഗമായിരുന്നിട്ടുണ്ടു്. എന്നാൽ ആകൃതിവിശേഷം വിചാരിച്ചുനോക്കിയാൽപ്പോലും അവർ പ്രത്യേകം പ്രസ്താവനയെ അർഹിക്കുന്നില്ല.

## അഞ്ച്

വിദ്യോപാസനയിൽ വിദ്യാത്ഥി ഉപാദ്ധ്യായന്റെ ശാസനകളേയും സ്വതേയുള്ള വാസനകളേയും അനുസരിച്ചു കൊണ്ടിരിക്കുന്നു: ഉപാദ്ധ്യായശാസനകൾകൊണ്ട് വിജ്ഞാനസമ്പത്തു വർദ്ധിക്കുന്നു. ചെറുപ്പത്തിൽ സുപ്തങ്ങളായി ക്കിടക്കുന്ന വാസനകൾ അവ്യക്തമായും പിന്നീടു വ്യക്തമായും പ്രകടതയെ പ്രാപിക്കുന്നു. പഴയ താളിയോലയിൽ എഴുതിയിരിക്കുന്ന അക്ഷരങ്ങൾ പഴക്കംകൊണ്ട് നേരേ കാണാൻവയ്യാതായാൽ ചില ചെടികളുടെ ചാറുതേച്ചു വ്യക്തമാക്കുന്നതുപോലെയാകുന്നു, വാസനകളെ സ്പഷ്ടമാക്കുന്നത്. ദുർവാസനകൾ പ്രബലീഭവിക്കാതേയും നിശ്ശേഷം ക്ഷയിച്ചും പോകുന്നതിനുവേണ്ട ജാഗ്രത ഉണ്ടാക്കേണ്ടതാണുതാനും. ഇനി സംഗീതത്തിലും സാഹിത്യത്തിലും എനിക്കുണ്ടായിരുന്ന വാസനകൾ ലീനാവസ്ഥയിൽനിന്ന് അഭിവൃദ്ധിയെ പ്രാപിച്ചതെങ്ങനെയെന്നു സ്വല്പം പറയാം.

എന്റെ ചെറുപ്പകാലത്തിൽ അമ്പലപ്പുഴ ഉത്സവത്തിന് തിരുവിതാംകോട്ടുള്ള പ്രധാന നാഗസ്വരക്കാരെയൊക്കെ വരുത്താറുണ്ടായിരുന്നു. മാവേലിക്കര കിട്ടുപ്പണിക്കർ, മേല്പടിയാന്റെ അനന്തരവൻ കുഞ്ഞുരാമൻ, ഏവൂർ നാണുപ്പണിക്കർ, തിരുവല്ലാ കുഞ്ഞുപിള്ളപ്പണിക്കർ, വൈക്കം നാണുപ്പണിക്കർ എന്നിവരൊക്കെ ആയിരുന്നു അന്നത്തെ പ്രധാനപ്പെട്ട നാഗസ്വരക്കാർ. ഇവർ ഒരു വരിയായിനിന്ന്

കല്പിച്ചുണ്ടാക്കിയ കൃതികൾ, അതായതു് 'പന്നഗേന്ദ്ര', 'ഭക്തപരായണ,' 'ശ്രീരമണവിഭോ' മുതലായ കീർത്തനങ്ങൾ വായിക്കുമായിരുന്നു.

ത്യാഗരാജകീർത്തനങ്ങളുടെ കഥപോലും അന്നു കേൾക്കാറുണ്ടായിരുന്നില്ല. നാഗസ്വരക്കാർ കുഴലൂതുന്നതിനു വെയ്ക്കുന്ന പുല്ലിനു് 'പില്ലെ'ന്നു് അവസ്ഥാരക്ഷയ്ക്കുവേണ്ടി പ്പറയുന്നു. മേല്പറഞ്ഞ നാഗസ്വരക്കാരെയനുസരിച്ചു് ഓലക്കാൽകൊണ്ടു പില്ലും കുഴലും സ്കൂൾകുട്ടികളായ ഞങ്ങൾ പ്രായോഗിച്ചു് അനുകരിച്ചു വന്നു. ഇതിനും പുറമേ തിരുവാതിരകളി, ഭാഗവതരന്മാരുടെ സദിരുകൾ മുതലായവ നടക്കുന്നിടത്തെത്തി ജാഗ്രതയായി യഥാശക്തി സംഗീതം ഗ്രഹിച്ചുവന്നു. കിട്ടപ്പണിക്കരുടേയും നാണപ്പണിക്കരുടേയും കാലം കഴിഞ്ഞിട്ടു് എത്രയോ സംവത്സരം കഴിഞ്ഞിരിക്കുന്നു. മലയാളത്തിൽനിന്നു നാഗസ്വരം പഠിക്കുവാൻപാണ്ടിയിൽപ്പോവുക എന്ന ഏർപ്പാടു നടപ്പിൽ വന്നു.. തിരുനക്കര കൊച്ചുരാമൻ, ചേർത്തല കൊച്ചുകൃഷ്ണൻ മുതൽപേർ ഈ പ്രസ്ഥാനത്തിന്റെ പ്രഥമതരംഗത്തിൽ ഉൾപ്പെട്ട ആളുകളാണു്. ഇവരിലൊക്കെ പ്രബലീഭവിച്ചതു വൈക്കത്തു കിട്ടപ്പണിക്കർ എന്ന നാഗസ്വരക്കാരനാകുന്നു. ഈ നാട്ടുകാരെക്കൊണ്ടു് അതൃപ്തന്മാരായിരുന്ന സംഗീതരസികന്മാർ പാണ്ടിയിൽ നിന്നുതന്നെ നാഗസ്വരക്കാരെ ഇവിടെ വരുത്തിക്കൊണ്ടുമിരുന്നു. ആനയപ്പൻ, ചിംഗാരവേലു, ശിവക്കൊളുന്തു, ചിത്തിര, ചിന്നപ്പക്കിരി, ചിദംബരം വൈത്തിനാഥൻ, നടേശൻ മുതൽപേർ അങ്ങനെയുള്ളഗംഭീരന്മാരാണു്. സ്വാമിഅയ്യങ്കാരുടെ കല്യാണത്തിനു വന്ന നാഗസ്വരക്കാർ ജനങ്ങളുടെ തിക്കും തിരക്കും നിമിത്തം പിതുങ്ങിപ്പോകാതിരിപ്പാൻ അവരെ ഒരു പ്രത്യേക വണ്ടിയിൽ കയറേറണ്ടി വന്നു. ചിങ്കാരവേലു ആലപ്പുഴ മുല്ലയ്ക്കൽ ചിറപ്പിനു വരുന്ന

എന്നു കേട്ടാൽ, മധുരപദാൎത്ഥങ്ങളിൽ എറുമ്പു പൊതിയുന്ന തുപോലെ ആളുകൾ കൂടിക്കൊണ്ടിരുന്നു. ഇവിടൊക്കെ ഞങ്ങളും എത്തുക പതിവായിരുന്നു. പാരദേശികന്മാരുടെ ആക്രമത്തിനെ തടയുവാൻ ആളില്ലല്ലോ എന്നു പലരും മന സ്താപപ്പെട്ടുകൊണ്ടിരുന്ന കാലത്താണു് 'അമ്പലപ്പുഴക്കുട്ടൻ' എന്നു പിന്നീടു് അറിയപ്പെട്ട വൈക്കം കുട്ടപ്പണിക്കർ പ്രാധാ ന്യത്തിൽ വന്നതു്. അയാൾ നാഗസ്വരത്തിനു് ഒരു ഗന്ധ ൎവ്വൻതന്നെയായിരുന്നു. മുൻപറഞ്ഞ പാണ്ടിക്കാരിൽ ചിലർ അയാളുമായി എതിൎത്തു കൊമ്പുകുത്തേണ്ടി വന്നിട്ടുണ്ടു്. ഒടു വിൽ 'ചിത്തിര' എന്ന നാഗസ്വരക്കാരൻ തിരുവിതാംകൂ റിൽ കയറുകയില്ലെന്നു സത്യം ചെയ്തുപോയി. കുട്ടപ്പണി ക്കർ താമസിച്ചിരുന്നതു് എൻെറ വീട്ടിൻെറ തെക്കുപടി ഞ്ഞാറെ ഭാഗത്തു് ഒരു വീട്ടിലായിരുന്നു. അദ്ദേഹത്തിൻെറ ഭാൎയ്യ കുട്ടിയമ്മ ഇപ്പോഴും ഉണ്ടു്. അവരുടെ പാട്ടു് കുട്ടപ്പണി ക്കരെത്തന്നെ ചിലപ്പോൾ ഉരുട്ടിയിടുന്നതിനുതക്ക സ്വാര സ്യമുള്ളതാണു്.

ഇവരുടെ സംഗീതപ്രയോഗങ്ങൾ മിക്ക ദിവസവും വീട്ടിലിരുന്നു കേൾക്കാമായിരുന്നു. പുത്രനായ ശങ്കരനാരാ യണപ്പണിക്കർ, പിതാവായ കുട്ടപ്പണിക്കരുടെ യശസ്സിനെ ഒരു വിധം പരിപാലിച്ചു വരുന്നു. ശിഷ്യനിൽ വാത്സല്യ വാനായ വീരാച്ചാമി കൂടക്കൂടെ മലയാളത്തു വരാറുമുണ്ടു്. ഇതിനൊക്കെ പുറമെ ശങ്കരഭാഗവതർ മിക്കവാറും ഒരുകാല ത്തു് എൻെറ സഹചരനായിരുന്നിട്ടുള്ള സംഗതിയും പ്രസ്താ വയോഗ്യമാകുന്നു. തിരുവനന്തപുരത്തു വന്നശേഷം വെട്ടു കൊണ്ടഭാഗവതർ, കണ്ണമാലഭാഗവതർ, മഹാദേവഭാഗവ തർ, രാമസ്വാമിഭാഗവതർ, ടി. ലക്ഷ്മണൻപിള്ള അവർ കൾ, കൊച്ചുകൃഷ്ണഭാഗവതർ, പപ്പുക്കുട്ടി കണിയാർ മുതൽ പേരുടേയും അവരുടെ ശിഷ്യജനങ്ങളുടേയും പാട്ടുകൾ പല

കുറിയും ഞാൻ കേട്ടിട്ടുണ്ട്. പപ്പുക്കുട്ടികണിയാരുടെ അദ്ധ്യാപനം അവലംബിച്ച കീർത്തനങ്ങൾ ഉണ്ടാക്കാൻ മുതിരുകയും കുറെ ഫിഡിൽ വായന അഭ്യസിക്കയും ചെയ്യാതിരുന്നിട്ടുമില്ല. പക്ഷേ, ഇങ്ങനെയുള്ള സംഗീതരസത്തെ സാഹിത്യരസവും, ഉപജീവനത്തിനുവേണ്ട വിജ്ഞാനസമ്പാദനവും അധികമൊന്നും വളരുവാൻ അനുവദിച്ചില്ല. ഇപ്പോഴും നല്ല സംഗീതം മററാരെങ്കിലുമോ അഥവാ ഞാൻതന്നെയോ പ്രയോഗിക്കുന്നപക്ഷം ഹൃദയനാഡികൾ ചഞ്ചലീഭവിക്കുന്നതായും നയനങ്ങൾ അശ്രുപൂർണ്ണങ്ങളാകുന്നതായും തോന്നാറുള്ളതു് അനുഭവസിദ്ധമാണു്. ഇയ്യിടെ സുഖക്കേടു നിമിത്തം അവശനായിത്തീർന്നശേഷം 'കരണീയം' എന്ന നളചരിതം പദം ഞാൻതന്നെ പാടുവാൻ തുടങ്ങുകയും എൻെറ പരുഷസ്വരത്തിൽ സ്വയമേലയിച്ചു് 'ആരിതോർത്തു ദൈവവിധി' എന്ന ഭാഗം ആയപ്പോൾ നിയന്ത്രിച്ചിട്ടു് അടങ്ങാതെ അശ്രുക്കൾ നയനങ്ങളെ രോധിക്കയും ചെയ്തു. അപ്പോൾ കയറിവന്ന ശൂരനാട്ടു കുഞ്ഞൻപിള്ള അവർകൾ, 'കരയുന്നതെന്താണെ'ന്നു ചോദിക്കയും പാടിയതിൻെറ ഫലമാണെന്നുഞാൻ സമാധാനം പറയുകയും ചെയ്തതായിട്ടോർക്കുന്നു. എൻെറ സാഹിത്യവാസനയുടെ ലക്ഷ്യം പുറമേ സ്ഫുരിക്കുന്നതിനു വലുതായ ആലോചനയോ കഠിനമായ ശ്രമമോ വേണ്ടിവന്നില്ല. ഉണ്ണായിവാര്യരുടെ ഭാഷയിൽ പറഞ്ഞാൽ.

"ഉന്മിഷിതം ഝടിതി" എന്നു തന്നെ ഏറെക്കുറെ ഗണിക്കാവുന്നതാകുന്നു. സതീർത്ഥ്യനായി ഗോപാലക്കുറുപ്പ് എന്നു പേരായി ഒരു യുവാവുണ്ടായിരുന്നു. അദ്ദേഹം ഒടുവിൽ താലൂക്കുകച്ചേരിയിൽ ഒരു ക്ലാക്കായിത്തീർന്നു. അങ്ങനെയിരിക്കെ, കച്ചേരിക്കാരുടെ കണക്കിൻ പ്രകാരം കുറെ പണം കാണാതെ പോകുകയും പണത്തിൻെറ പേരിലുള്ള സഹതാപംകൊണ്ടു് എൻെറ സതീർത്ഥ്യൻ, താനും കൂടി കാണാ

തെപോവുകയാണു വേണ്ടതെന്നു നിശ്ചയിക്കയും ചെയ്തു. അതിൽ കൂട്ടത്തിലായി മി. കുറുപ്പും അപ്രത്യക്ഷമായ പണവും തമ്മിൽ പ്രത്യക്ഷ പരോക്ഷഭാവങ്ങൾക്ക വല്ല ബന്ധവും ഉള്ളതായി അറിയുന്നില്ല. ഗവമ്മെണ്ട സ്ഥാപനങ്ങളിൽ നിന്നു പണം കാണാതെപോകുന്നതു് അസാധാരണമായ ഒരു സംഗതിയല്ല. അവിടെ അധികാരം വഹിക്കുന്ന ആളുകൾ തുഷാരശേഖരങ്ങളായ ഗിരിശിഖരങ്ങളെപ്പോലെ ഉന്നമിച്ചു ഞെളിയുന്നതല്ലാതെ ഒളിച്ചോടിയിട്ടുള്ളതായി അധികം ഉദാഹരണങ്ങളില്ല. ആ സ്ഥിതിക്കു് മി. ഗോപാലകുറുപ്പേ! സമീപത്തെങ്ങാനും ഉണ്ടെങ്കിൽ തിരസ്കരണി നീക്കി പ്രത്യക്ഷപ്പെടുകതന്നെ. നിങ്ങളുടെ അംഗുലിപല്ലവങ്ങളെ തടുത്തുനിർത്തുന്നതിനു് ഇരുമ്പുപെട്ടികളുടെയോ, ഖജനാവുകളുടെയോ പൂട്ടുകൾക്ക ശക്തിയില്ല. അതുകൊണ്ടു് സമ്പൽക്ഷയം നേരിട്ടിരിക്കുന്ന ഇക്കാലത്തു നിങ്ങളെപ്പോലെയുള്ള മഹാന്മാർ നിരൂപിച്ചാൽ സാധുക്കൾക്ക വളരെ ഉപകാരം ചെയ്യാവുന്നതാണു്. കൊള്ളാം! മി. കുറുപ്പും ഞാനും കൂടി 'ഫോത്തുഫാറം' എന്നു സംജ്ഞിതമായ ക്ലാസ്സിൽ ചാക്യാരുടെ കടാക്ഷത്തിനു ലക്ഷ്യമായിത്തീർന്ന ചിദംബരയ്യൻ സാറിന്റെ അദ്ധ്യാപനത്തിനു് അധീനപ്പെടുവാൻ ഇടയായി. പ്രസിദ്ധ മലയാളമുൻഷിയായ ശ്രീമാൻ രാമക്കുറുപ്പ് ബി. ഏ. അവർകളുടെ 'പ്ലാംപറമ്പുവീടും', മി. ഗോപാലക്കുറുപ്പിന്റെ 'വാഴപ്പറമ്പുവീടും' ബന്ധുവീടുകളായിരുന്നു. ചക്കയും വാഴക്കുയും പോലെ മി. രാമക്കുറുപ്പിനെ അനുസരിച്ചു താരതമ്യേന തനിക്കും ഭാഷാവൈദുഷ്യവും, സാഹിത്യസമ്പത്തും ഉണ്ടെന്നു വിദ്യാത്ഥിയായ കുറുപ്പു കായ്യകാരണങ്ങളെ അപേക്ഷിക്കാതെ അഭിമാനിക്കാൻ തുടങ്ങി. സബ്രഹ്മചാരികളായ സ്നേഹിതരെപ്പററി പരിഹാസകരമായി ശ്ലോകങ്ങൾ മിക്കദിവസവും മി. കുറുപ്പ് ഉണ്ടാക്കി വന്നു. ചിദംബരയ്യരുടെ വേത്രയഷ്ടികൊണ്ടുള്ള താഡന

ങ്ങളും കുട്ടനങ്ങളും മററും ഗോപാലക്കുറുപ്പിൻെറ കവിതാ ശൗര്യത്തെ ക്ഷയിപ്പിച്ചില്ല. ഒടുവിൽ എന്നെപ്പററിയും ഏതാനും ശ്ലോകങ്ങളുണ്ടാക്കിയിരിക്കുന്നതായി ക്ലാസ്സിൽ പ്രസിദ്ധമായി. ഇംഗ്ലീഷ്, കണക്കു് മുതലായ വിഷയങ്ങളിൽ അതിശ്രദ്ധവെച്ച് പാഠങ്ങൾ പഠിച്ചുവന്ന ഞാൻ മലയാളം മിക്കവാറുമൊരു ഉപസർജ്ജനമായേ കരുതിയിരുന്നുള്ളു. എന്നാൽ കുറുപ്പിൻെറ മുട്ടകടി നില്ക്കുവാൻ ഭാവമില്ലെന്നു കണ്ടപ്പോൾ അദ്ദേഹത്തെപ്പററി ഏതാനും ശ്ലോകം ഉണ്ടാക്കുകയല്ലാതെ മറുമരുന്നില്ലെന്നു ബോദ്ധ്യം വന്നു. ഇങ്ങനെയാണു് ആദ്യമായി ഞാൻ സാഹിത്യത്തിൽ കൈവച്ചതു്. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻെറ 'കാന്തവൃത്തം' എന്ന പുസ്തകം വാങ്ങി പഠിച്ചപ്പോൾ സാധാരണ പ്രചാരത്തിലുള്ള വൃത്തങ്ങളെല്ലാം എനിക്കു സ്വാധീനങ്ങളായി. പക്ഷേ, അഗാധവും അതിവിശാലവുമായ ശബ്ദശാസ്ത്രമോ ? അതിനു കുറുപ്പിനെപ്പോലെ ഞാനും അജ്ഞനാണെന്നുബോദ്ധ്യമായി. ശ്ലോകമുണ്ടാക്കി കുറെ പരിചയം സമ്പാദിച്ചാൽ കുറുപ്പിനു് ഉണ്ടെന്നുവച്ചിരുന്ന ഉറപ്പു തെറിച്ചുപോകുമെന്നു തോന്നാതിരുന്നില്ല.

എൻെറ ശ്ലോകങ്ങൾ കുറുപ്പിൻെറ ശ്ലോകങ്ങളെക്കാൾ നല്ലതാണെന്നു് കുറുപ്പിനോടു ഗൂഢവൈരാഗ്യമുണ്ടായിരുന്നവർ സ്പഷ്ടമായി ഇടിച്ചു സംസാരിക്കുകയും ചെയ്തു. ഇങ്ങനെ കവിതാലതാഗൃഹത്തിൻെറ കെട്ടുപാടുകളിൽ ഞാൻകൂടെ ഉൾപ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ.

ഇംഗ്ലീഷ്സ്കൂളിൽ മി. കുറുപ്പിൻെറ ക്ലാസ്സ്കയററങ്ങൾ പ്രായേണ മന്ദായമാനങ്ങളായിരുന്നു. അതുകൊണ്ടു് അചിരേണ ഞാൻ അദ്ദേഹത്തെ വിട്ടുപിരിഞ്ഞു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, വെണ്മണി നമ്പൂതിരിപ്പാടന്മാർ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ, ചാത്തുക്കുട്ടി മന്നാടിയാർ, നടുവത്തു നമ്പൂരിമാർ, പഴയ കുഞ്ചൻനമ്പ്യാർ, എഴുത്തച്ഛൻ,

സി. വി. രാമൻപിള്ള അവർകൾ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. കേശവപ്പിള്ള, ചക്രപാണിവാര്യർ ഇത്യാദി കവികളുടെ കൃതികൾ യുവവിദ്യാർത്ഥികളെ ഭാഷയുടെ മനോഹരതയിലേക്കും, മാനസമ്മാനങ്ങളിലേക്കും ആകർഷിച്ചു തുടങ്ങി. ശ്രീമതി തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ 'സുഭദ്രാർജ്ജുനം'; മന്നാടിയാരുടെ 'ജാനകീപരിണയം', വലിയ കോയിത്തമ്പുരാന്റെ 'അഭിജ്ഞാനശാകുന്തളം' ഇവ രംഗങ്ങളിൽ കൊല്ലം നാരായണപിള്ള അവർകളുടെ പ്രാമാണ്യത്തിലും, ഈ. വി. രാമനുണ്ണിത്താനവർകളുടെ അദ്ധ്യക്ഷതയിലും സാധാരണമായി അഭിനയിക്കപ്പെട്ടുവന്നു. "കഥകളി ചെവെറണ്ണൂർ * ചെന്നു ടിക്കററു വാങ്ങും", എന്നു ശാന്തപ്രകൃതിയായ ചാത്തുക്കുട്ടി മന്നാടിയാരവർകൾപോലും ഉൽഘോഷിച്ചുപോയി. യശസ്കാമന്മാരും അനുകരണശരണന്മാരും ആയ പദ്യകാരന്മാർ എന്തെല്ലാമോ നാടകങ്ങളുണ്ടാക്കി. 'മണ്ണാങ്കട്ടയും കരിയിലയും' എന്നു് ഒരു നാടകം കണ്ടിട്ടുള്ളതായി ഞാൻ ഓർക്കുന്നു. ഒടുവിൽ 'ചക്കീചങ്കര' നാടകത്തിന്റെ നിർമ്മിതികൊണ്ടു നാടകകവികൾണ്ടായിരുന്ന എടുത്തുചാട്ടം രാമക്കുറുപ്പവർകൾ വേണ്ടപോലെ ശമിപ്പിച്ചു. സംസ്കൃതഭാഷയിലുള്ള ഏതു കൃതിയും മലയാളത്തിൽ തർജ്ജമചെയ്താൽ കവിതയായി കരുതിക്കൊള്ളേണ്ടതാണെന്നു് ഒരു തത്വം ഉള്ളതുപോലെ, പല സംസ്കൃത കൃതികളും ഭാഷയിലേക്കു തർജ്ജമചെയ്യപ്പെട്ടു. ഒരു തർജ്ജമക്കമ്പനി ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടന്നതായിട്ടും ഓർക്കുന്നു. പാവപ്പെട്ട മലയാളഭാഷയ്ക്കു നേരിട്ട മർദ്ദനവും, വർദ്ധനമോ കാര്യമോ എന്നു നിർണ്ണയിക്കാൻ പ്രയാസമായ വിപത്തും വർണ്ണിക്കുവാൻ വിഷമമാണു്. ഇങ്ങനെ എന്റെ ചുററും അടിച്ചുകൊണ്ടിരുന്ന കവിതാത്ധംത്ധാമാരുതൻ ഞാൻ വെറുതേയി

* ഷോറന്നൂർ

രിക്കുവാൻ സമ്മതിക്കുമോ ? ഒരിക്കലുമില്ല. അതുകൊണ്ടു കേവലം ബാല്യമായിരുന്ന അക്കാലത്തുപോലും മനോധർമ്മം അനുസരിച്ച് ചില ശ്ലോകങ്ങളും കവിതകളും ഉണ്ടാക്കുവാൻ ഞാൻ ശ്രമിച്ചിട്ടുള്ള പാതകം ജനസമക്ഷം സമ്മതിച്ചുകൊള്ളുന്നു. ചരിത്രകഥനത്തിനുള്ള രസത്തിനുവേണ്ടി അങ്ങനെയുള്ള വ്യവസായത്തെപ്പററി സ്വല്പമായി ഇവിടെ പ്രസ്താവിക്കുന്നു.

വലിയകോയിത്തമ്പുരാൻെറ 'മയൂരസന്ദേശം' വെളിയിലായപ്പോൾ എനിക്കും ഒരു സന്ദേശകാവ്യം എഴുതണമെന്നു കലശലായ താല്പര്യമുണ്ടായി. എൻെറ സന്ദേശത്തിനു 'കാകസന്ദേശം' എന്നു പേരിട്ടു. 'മയൂരസന്ദേശ'ത്തിലെ നായകനും നായികയും മററു പലതും ആനുരൂപ്യംകൊണ്ടു സ്വാരസ്യത്തെ പോഷിപ്പിക്കുന്നു. എൻെറ സന്ദേശത്തിൽ നായികയ്ക്കു്, കേവലം അനുചിതനായ ഒരു നായകനും ശൃംഗാരരസത്തിനു യോജിക്കാത്ത രസങ്ങളും സങ്കലനം ചെയ്തു കൃതി പൂർത്തിയാക്കുകയാണു ചെയ്തതും. ഉദാഹരണത്തിനു നായകൻ വളരെ മുമ്പിനാലേ അലക്കി എടുത്ത ഒരു കസവുനേരിയതുമുണ്ടു് കോണോടു കോൺ മടക്കി, ഭാര്യവീട്ടിൽ പോകുമ്പോൾ അലങ്കാരമായി ധരിച്ചു്, മൂന്നുനാലു നാഴിക ദൂരെയുള്ള തൻെറ വീട്ടിൽ കൊണ്ടുവെയ്ക്കുക പതിവായിരുന്നു. കാകസന്ദേശം ഒരുവിധത്തിലും മയൂരസന്ദേശത്തെ ആക്ഷേപിക്കുന്നതല്ല. നേരേമറിച്ചു് ചില കുതിരകൾക്കുള്ളതുപോലെ ഗതിയിൽ രസങ്ങൾക്കുള്ള അസ്വാരസ്യവും, വക്രഗതിയും കാണിക്കണമെന്നായിരുന്നു എൻെറ താല്പര്യം. പക്ഷേ, പലരും അതു തെററിദ്ധരിച്ചു. അതുകൊണ്ടു് ആ പുസ്തകം ഞാൻ തന്നെ നശിപ്പിക്കയും ചെയ്തു. ഒരു ശ്ലോകം ഓർക്കുന്നതു താഴെ ചേർക്കുന്നു:

"ക്ഷീണിക്കുമ്പോൾ പശു മഹിഷവും മററുമാം
വാഹനം തേ

പോണം ദേവാലയബലിനിവേദ്യാതി
പാക്കാതെ റാഞ്ചാൻ
കാണും നിന്നെപ്പലക്ഷണകരാം
ക്കൂട്ടർമ്പാട്ട* പട്ടി–
ണ്ണാണെ ശ്രൈഷ്യം പലരുമതുതൻ
പല്ലു കൊള്ളാതെയില്ല."

മുൻപു പ്രസ്താവിച്ചതുപോലെയാകുന്നു, അമ്പലപ്പുഴ പള്ളിക്കൂടത്തിൽ സാധിച്ചുപോന്ന വിദ്യാഭ്യാസവും അതിൻെറ പാർശ്വഭാഗത്തിൽ കിളിർത്തുവന്ന സംഗീതവാസനയും സാഹിത്യരസികതയും. ഉപരിവിദ്യാഭ്യാസത്തിനു ഞാൻ ആലപ്പുഴ ഇംഗ്ലീഷ് ഹൈസ്ക്കൂളിനെ ആശ്രയിക്കേണ്ടിവന്നു. ഈഴവരെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ചേർത്തു പഠിപ്പിച്ചുകൂടെന്നു നിർബ്ബന്ധമുണ്ടായിരുന്നതായി വാദിച്ചുകേട്ടിട്ടുണ്ട്. പക്ഷേ, ഇതു് ആലപ്പുഴ പള്ളിക്കൂടത്തെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷവിരുദ്ധമാണെന്നു് എനിക്കറിയാം. എൻെറ സതീർത്ഥ്യനായി മട്ടാഞ്ചേരിക്കുടുംബത്തിലെ 'അയ്യർ' എന്നൊരുവനുണ്ടായിരുന്നതിനു പുറമെ 'കുട്ടിവാദ്ധ്യാർ' എന്നൊരു ഈഴവവാദ്ധ്യാർകൂടി അന്നു് ആ പള്ളിക്കൂടത്തിലുണ്ടായിരുന്നു. അതിനു് എങ്ങനെ വേണമെങ്കിലും സമാധാനം പറയട്ടെ. ആലപ്പുഴ പള്ളിക്കൂടത്തിൻെറ പ്രശസ്തി മുഴുവൻ ഒന്നാം വാദ്ധ്യാരായിരുന്ന ഈശ്വരപിള്ളസ്സാറിൻെറ ഗൗരവത്തേയും സയൻസ് വാദ്ധ്യാരായിരുന്ന പി. നാരായണയ്യർ അവർകളുടെ വിജ്ഞാനരസികതയേയും ആശ്രയിച്ചിരുന്നു. സംസ്ഥാനത്തെ പ്രധാന തുറമുഖമാകയാൽ വിവിധരാജ്യങ്ങളിൽനിന്നു കപ്പലുകൾ അവിടെ ചുംബിച്ചുകൊണ്ടിരുന്നു. യാനപാത്രങ്ങളെ നയിക്കുന്നതിനു ചക്രദീപസൗധവും, രാമസേതുവിനോടു മത്സരിയായ കടൽ

* ഗ്രന്ഥകർത്താവിൻെറ ഒരു സതീർത്ഥ്യൻെറ വീട്ടുപേരു്.

പാലവും അനവരതം വ്യാപാരവും ദീർഘങ്ങളായ തെരുവുകളും തോട്ടകളും വലിയ കച്ചേരികളും ഘോരാകാരമായ കാരാഗാരവും പുരുഷാരവുംകൊണ്ട് സ്കൂൾവിദ്യാത്ഥികൾക്ക്, വിശേഷിച്ചു നാട്ടുംപുറങ്ങളിൽനിന്നും വരുന്നവർക്ക് ബുദ്ധി പതറിപ്പോകാതിരിക്കാൻ വല്ല വ്യവസ്ഥയും ചെയ്യേണ്ടതല്ലയോ എന്നു തോന്നും. ഈശ്വരപിള്ളസ്സാറിൻെറ ഗൗരവം അതിലേക്കൊരു ഔഷധംപോലെ പ്രയോജനപ്പെട്ടിരുന്നു. അതിൻെറ ഒരു പ്രധാന ലക്ഷണമായിരുന്നു മിതഭാഷണം. പഠിപ്പിക്കുന്നതു ഗാഢമായി പതിയുന്നതിനു് അദ്ദേഹത്തിൻെറ രീതി സഫലീഭവിച്ചു. പക്ഷേ, വിദ്യാത്ഥിയും ഉപാദ്ധ്യായനും തമ്മിലുണ്ടായിരിക്കേണ്ട സാഹചര്യത്തിനു ശ്രീമാൻ ഈശ്വരപിള്ള അവർകളുടെ ഗൗരവം അനുകൂലമായിരുന്നോ എന്നു സംശയമാണു്. അദ്ദേഹത്തെക്കുറിച്ചു് എല്ലാ വിദ്യാത്ഥികൾക്കും ആദരവും ബഹുമാനവും ഭയവും ഭക്തിയും തോന്നിക്കൊണ്ടിരുന്നു. ഇപ്പോഴും ഈശ്വരപിള്ളസ്സാറിനെ റോട്ടിൽവച്ചു കണ്ടാൽ എനിക്കു് അദ്ദേഹം ചെവിക്കു പിടിക്കുമോ എന്നു ഭയം തോന്നാറുണ്ട്. നേരേമറിച്ചു് നാരായണയ്യർ എത്ര കഠിനമായ വിഷയവും പരമസരസമാംവിധത്തിൽ പ്രതിപാദിച്ചുകൊണ്ടിരുന്നു. എവിടെയും സൗമ്യതയോടുകൂടി അദ്ദേഹം അവയെ സുഖമായി പഠിപ്പിക്കുമായിരുന്നു. വിദ്യാത്ഥികളോടുകൂടി നടക്കുന്നതിനു് പൂച്ചയെപ്പോലെ അദ്ദേഹത്തിനു് ഒരു മരുങ്ങ് ഉണ്ടായിരുന്നു. സഭകൾ കൂട്ടുക, വാദപ്രതിവാദസംഘങ്ങൾ നടത്തുക, പ്രസംഗങ്ങൾ ചെയ്യുക, ചെയ്യിപ്പിക്കുക ഇതിനൊക്കെയും അദ്ദേഹം പ്രധാനഭാഗഭാക്കായിരുന്നു. ലോകവ്യാപാരത്തിനു വിദ്യാത്ഥിയെ സജ്ജീകരിക്കുന്നതിനു് അദ്ദേഹത്തിൻെറ സമ്പ്രദായം വളരെ പ്രയോജനപ്രദമായിരുന്നു. ആലപ്പുഴപ്പള്ളിക്കൂടത്തിലെ പഠനംകൊണ്ടാണു് ബാറിലും

പൊതുജനങ്ങളുടെ ഇടയിലും ഖണ്ഡനമണ്ഡനരൂപമായ പ്രതിവാദശക്തി ഞാൻ സമ്പാദിച്ചതെന്നു വിശ്വസിക്കുന്നു. അവിടെ ഭാഷാപണ്ഡിതനായിരുന്ന ഹരിഹരസുബ്രഹ്മണ്യശാസ്ത്രി ഒരു തികഞ്ഞ സംസ്കൃതപണ്ഡിതനായിരുന്നു. സംസ്കൃതഭാഷാവ്യാകരണത്തോട് എനിക്ക് അഭിരുചി ജനിപ്പിച്ചതു് അദ്ദേഹമാകയാൽ ഞാൻ സവിശേഷം കൃതജ്ഞനാണ്. കോവുണ്ണിനെടുങ്ങാടിയുടെ വ്യാകരണത്തിലെ "അക്കിനൊത്തക്ക ചേരുമ്പോൾ" ഇത്യാദി ഭാഗങ്ങൾ വെച്ചുകൊണ്ടു് അദ്ദേഹം പാണിനീയത്തിലെ ആ ഭാഗം വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യും. അത്ര രസികനായിരുന്നു ശാസ്ത്രി. ശാസ്ത്രികൾക്കു കവിതയും ഉണ്ടായിരുന്നു. ഒരു ശ്ലോകം ഇവിടെ ഞാൻ ഉദ്ധരിക്കാം. തിരുവനന്തപുരത്തെ വർണ്ണിക്കുമ്പോൾ,

"തദ്ദേശദക്ഷിണദിശിശനിദേശസഹ്യാ-
ദ്ര്യുദ്ദേശവേശിഘടജന്മസദേശകാശി
രാജച്ഛ്രിയാ സഹജയാ ജിതരാജരാജ
രാജ്യം സ്വരാജരുചി രാജതി രാജ്യമേകം"

എന്നു പറയും.

ആലപ്പുഴപ്പള്ളിക്കൂടത്തിൽ ശ്ലോകകാരനായി എൻ. ജി. പരമേശ്വരൻപിള്ള അവർകളും ഗദ്യകാരനായി സി. എം. നാരായണപ്പണിക്കരവർകളും എന്റെ കൂട്ടുകാരായിരുന്നു. സംസ്കൃതഗന്ധിയായ രചനകൾ ഉണ്ടാക്കിയിരുന്ന ഐ. സി. ചാക്കോ അവർകളും അവിടൊരു വിദ്യാർത്ഥിയായിരുന്നുവെന്നു കേട്ടിട്ടുണ്ടു്. പക്ഷേ, അദ്ദേഹത്തിന്റെ പ്രയോഗങ്ങൾ വ്യവസായ ഡയക്ടരായതിൽപ്പിന്നെയേ കണ്ടിട്ടൊള്ളു. രണ്ടുമൂന്നു സംഗതികൾ ആലപ്പുഴവച്ചു ഞാൻ മനസ്സിലാക്കി. ഒന്നാമതായി ഗദ്യം പദ്യത്തെക്കാൾ ഊർജ്ജസ്വലതയിൽ ഒട്ടും താഴ്ന്ന സാഹിത്യശാഖ അല്ലെന്നുള്ളതാകുന്നു. അതു

കൊണ്ടു് എനിക്കു ഗദ്യത്തിനോടു മമത വർദ്ധിച്ചു. രണ്ടാമതു്, ഗദ്യമായാലും പദ്യമായാലും ശുദ്ധമായി ഭാഷ ഉപയോഗിക്കുവാൻ സംസ്കൃത ഭാഷയിൽ നല്ല പരിജ്ഞാനം ഉണ്ടായിരുന്നാൽ കൊള്ളാമെന്നുള്ളതാണു്. സംസ്കൃത ഭാഷയിൽ നല്ല ജ്ഞാനം ഉണ്ടെങ്കിൽ ഏതു വൻപനെയും കറക്കാമെന്നു തോന്നിയിട്ടുണ്ടു്. ഞാൻ പറവൂർ താമസിച്ചിരുന്നതിനുസമീപം ഒരു ശാസ്താവുക്ഷേത്രമുണ്ടായിരുന്നു. ആ ക്ഷേത്രത്തെപ്പററി കളരോഡ് ഏരിക്കാട്ടുമഠത്തിലെ ഒരു ശാസ്ത്രി— ഒരു കർക്കശവൈയാകരണൻ—ഉണ്ടാക്കിയതായ ഒരു ശ്ലോകം ഒരു സതീർത്ഥ്യൻ ചൊല്ലുക പതിവായിരുന്നു. ഈ ശ്ലോകത്തിൻെറ ആവർത്തനം ദുസ്സഹമായിത്തീന്നപ്പോൾ ശ്ലോകം അബദ്ധമാണെന്നും ചൊല്ലത്തക്കതല്ലെന്നും ഞാൻ തർക്കിച്ചു. "ഏറെത്തുടങ്ങിയാൽ ഒന്നും ഫലം വരാ" എന്നുള്ളതു് എത്രയോ ശരിയാണു്.

അമ്പലപ്പുഴഭൂഭാഗേ
പറവൂരെന്നൊരു ദേശകേ
ഒരുശാസ്ത്രാലയം പണ്ടേ
വിളങ്ങുന്നു മനോഹരം

ഇവിടെ 'അമ്പലപ്പുഴ ഭൂഭാഗേ' എന്നുള്ളിടത്തു് ഭു എന്നുള്ളതിനു ഭാഷാവ്യാകരണപ്രകാരം ദ്വിത്വം ചെയ്യേണ്ടതാണു്. രണ്ടാമത്തെ പാദത്തിൽ വൃത്തം തെററാണു്. മൂന്നാം പാദത്തിൽ ശാസ്താ. (ശാസ്തൃ) എന്ന 'ഋ' കാരാന്ത ശബ്ദത്തോടു് 'ആലയം' എന്നവാക്കു ചേക്കുമ്പോൾ'ശാസ്തൃാലയം' എന്നു വേണം. അവിടവും സ്ഖലിതമാകുന്നു. ഇങ്ങനെ ഞാൻ ഓരോ ആക്ഷേപങ്ങൾ പറഞ്ഞു കേട്ടപ്പോൾ ഞാൻ ഒരു വിദ്വാനല്ലെന്നും ശാസ്ത്രികൾ മഹാവിദ്വാനാണെന്നും എൻെറ സ്നേഹിതൻ എനിക്കിട്ടൊരു 'കാച്ചു'വെച്ചുതന്നതല്ലാതെ ഒരു സമാധാനവും പറഞ്ഞില്ല. കോപം എൻെറ സ്നേഹിതൻെറ കുത്തകയല്ലാതിരുന്നതുകൊണ്ടു് അയാളെ

ആക്ഷേപിച്ച് മറെറാരു ശ്ലോകം 'ഹന്ത ഗോവിന്ദ കഷ്ടം' എന്നവസാനിക്കുന്നതായി ഞാൻ ഉണ്ടാക്കി. ശ്ലോകങ്ങൾ ആ ഗ്രാമത്തിൽ പ്രസിദ്ധമായിത്തീൎന്നു. ആക്ഷിപ്തനായ സ്നേഹിതൻ എന്റെ പേരിൽ ക്രിമിനിൽ അന്യായം കൊടുക്കുമെന്നും മററും അവിടെ ഭീഷണി പരത്തി. ആ സംഗതി അച്ഛൻ കേട്ടു വളരെ വ്യസനിച്ച് പരാക്ഷേപകരമായ കവിത എഴുതരുതെന്നു ശാസിക്കുകയും അന്നുമുതൽ എന്റെ ദുർവ്വാസനയ്ക്കു ശമനം വരുത്തുകയും ചെയ്തു. അവിടെ ഭാഗവതം വായിച്ചുകൊണ്ടിരുന്ന അനന്തനാരായണശാസ്ത്രിയുടെ അടുക്കൽ കുറെ മാഘവും, ഗോവിന്ദവാര്യരാശാന്റെ അടുക്കൽ കുറെ രഘുവംശവും യുധിഷ്ഠിരവിജയവും പഠിക്കുവാൻ എന്നെ ഏല്പിക്കുകയും ചെയ്തു. യമകമയമായ യുധിഷ്ഠിരവിജയം-പിന്നീട് എനിക്കു ശബ്ദവിഷയമായ അഭിരുചിയെ ഉപേക്ഷിക്കാൻ മേലാത്തവിധത്തിൽ ഗാഢമായിജനിപ്പിച്ചുവെന്നു ഞാൻ വിചാരിക്കുന്നു. ഇത്രമാത്രമേ ഞാൻ ഗുരുമുഖമായി സംസ്കൃതഭാഷ അഭ്യസിച്ചിട്ടൊള്ളു. കുമാരസംഭവം, നൈഷധം, ഭാരതചമ്പു, ഭോജചമ്പു, ശാകുന്തളം മുതലായ കൃതികൾ വെക്കത്തെഷ്ടമിക്കു പോകുമ്പോൾ വ്യാഖ്യാനത്തോടുകൂടിയും കൂടാതെയും വിലയ്ക്കുവാങ്ങി സ്വയമേ വായിച്ചുപഠിച്ചിട്ടുള്ളതാണു്. അങ്ങനെ നോക്കുമ്പോൾ കൈക്കുളങ്ങര രാമവാര്യർ ഒരു ഗുരുവാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഇതിൽ പലതും അദ്ദേഹം വ്യാഖ്യാനിച്ചിട്ടുള്ളതാണു്.

ആപാദചൂഡമായ അഭിവൃദ്ധിക്കു് അനുകൂലിക്കുന്ന വ്യാപാരം ആലപ്പുഴ അതിസമൃദ്ധമാണെങ്കിലും പാദാഭിവൃദ്ധി* യെങ്കിലും അവിടെ നിവാസംകൊണ്ടു സമ്പാദിക്കാതെ പിരിയുന്നവർ ചുരുക്കമാണു്. മശകങ്ങളുടെ കിഷ്കിന്ധയും, ജലങ്ങളെ ചാതുർവ്വർണ്ണ്യമായി തിരിക്കാമെങ്കിൽ അതിൽ

* മന്ത്

ചണ്ഡാലഭാഗത്തിൻെറ സങ്കേതഭൂമിയുമായ ആലപ്പുഴനിന്നു കേടുപാടുകളൊന്നും കൂടാതെ ഞാൻ രക്ഷപ്പെട്ടതിൽ സവിശേഷം ചരിതാൎത്ഥനാകുന്നു. വിദ്യാൎത്ഥിയായി സ്ഥിരതാമസം എനിക്കു് ആലപ്പുഴ ഉണ്ടായിരുന്നില്ല. അഞ്ചുനാഴിക ദൂരമുള്ള പറവൂർ നിന്നു് ആഹാരവും കഴിച്ചു പള്ളിക്കൂടത്തിൽ വന്നാൽ പിന്നെ വൈകിട്ടു ഗൃഹത്തിൽ ചെന്നു വല്ലതും കഴിക്കുകയായിരുന്നു പതിവു്. ഇങ്ങനെ എൻെറ സമ്പൎക്കം പട്ടണവുമായി പൂൎണ്ണമായിരുന്നില്ലെന്നു പറഞ്ഞു കൊള്ളട്ടെ.

ആലപ്പുഴയും അമ്പലപ്പുഴയും ഉള്ള വിദ്യാൎത്ഥിജീവിതത്തിനിടയിൽ പ്രബന്ധകല്പനയിൽ എൻെറ വാസന സാമാന്യംപോലെ വികസിച്ചു. അഭ്യാസത്തിൻെറ ന്യൂനത തടഞ്ഞു നിന്നിരുന്നു എങ്കിലും യൗവനത്തിൻെറ ബലം ഉൽപാദിപ്പിച്ച മനോധൎമ്മത്തിൻെറ സ്ഫുരണം പ്രസരിച്ചുകൊണ്ടു തന്നെയിരുന്നു.

"നെരിപ്പോട്ടും തീയും സരസ-
മുപയോഗിച്ചു പഴതാം
വിരിപ്പോട്ടും കൂടിച്ചില ചെറുകയർ-
ക്കട്ടിലുകളിൽ
കുരപ്പോട്ടും പോട്ടന്നിഹ ശയന-
മമ്പോട്ട കുളിരിൻ
തരിപ്പോട്ടും മട്ടിൽ കിഴവരഖിലം
ചായ്പിനകമേ."

ഇതു് ഒരു നാടകത്തിലെ ഋതുകാലവൎണ്ണനമാണു്. നാടകം കുറെ എഴുതിയെന്നല്ലാതെ ഒരിക്കലും പൂൎത്തിയാക്കിയില്ല. 'മൃഗാനുധാവനം' എന്നു് ഒരു ഓട്ടൻതുള്ളൽ കഥകൂടി ആയിടയ്ക്കു് എഴുതിയിട്ടുള്ളതായി ഓൎക്കുന്നു. വിഘ്നേശ്വരൻെറ കൃപയില്ലായ്കയാൽ അതും അപൂൎണ്ണമാണു്. പാണ്ഡവരുടെ വനവാസകാലത്തു് ഒരു ബ്രാഹ്മണൻെറ അരണി ഒരു കൃഷ്ണമൃഗം എടുത്തുകൊണ്ടുപോയതിനെക്കുറിച്ചു് അദ്ദേഹത്തിൻെറ വിലാപം കേട്ടു് മാനിനെത്തേടി പാണ്ഡവന്മാർ നാലുവഴി

ക്കും ആശ്രമം വിട്ടുപോയപ്പോൾ കൗരവന്മാരുടെ അനുജത്തീയായ ദുശ്ശളയുടെ ഭൎത്താവു് ജയദ്രഥൻ, പാഞ്ചാലിയല്ലാതെ മററാരും തല്ക്കാലം ഇല്ലാതിരുന്ന പാണ്ഡവാശ്രമത്തിൽ പ്രവേശിക്കുകയും, സല്ക്കാരങ്ങൾ സ്വീകരിച്ചശേഷം അയോഗ്യമായ സ്വാഭിലാഷങ്ങൾക്കു വഴിപ്പെടാതെയിരുന്ന പാഞ്ചാലിയെ അപഹരിക്കയും, പാണ്ഡവർ മടങ്ങിവരുന്നവഴി വീണ്ടെടുത്തു ജയദ്രഥനെ അപമാന ചിഹ്നങ്ങളോടുകൂടി ഹനിക്കാതെ വിട്ടയയ്ക്കുകയും ചെയ്തതാണു കഥ. ജിജ്ഞാസുക്കളുടെ കൗതുകപൂൎത്തിക്കു മിക്കവാറും വിസ്മൃതമായി കിടക്കുന്ന ആ കൃതിയിലെ ഗണപതി പ്രാൎത്ഥനയിലെ ഒരംശം മാത്രം താഴെച്ചേൎക്കുന്നു;

> "കടതടരടദളി പടലനൊരുണ്ണി—
> കുടവയറൻ ഹരതനയൻ ഭഗവാൻ."

പ്രസാദിക്കുന്നതിലേക്കു്,

> "അടവടപപ്പടമിവകൾ തരിമ്പും
> മടികൂടാതഥ നല്ലകരിമ്പും."

കൊടുക്കാമെന്നു കവി പ്രാൎത്ഥിക്കുന്നു. ഗജമുഖനായ ഭഗവാൻെറ ഉല്പത്തി സാമാന്യത്തിലധികം ദീൎഘത്തിലായി വൎണ്ണിക്കുന്നുണ്ടു്.

> "കൊടിയ മദോല്ക്കടഗജവടിവാൎന്നി—
> ട്ടിടിയൊടു കിടയാം ബൃംഹിതസംഹതി
> വടിവൊടു തുകിനടന്നു ഗിരീണാം
> കൊടുമുടി കുത്തിയടൎത്തിയ ദൈത്യം
> ഞൊടിയിടയിൽ യമരാട്ടിൻ വീട്ടിൻ
> പടിയുടെയുള്ളിലടിച്ചുമിടിച്ചും
> കുടിപാൎപ്പിച്ചൊരു നിടിലേക്ഷണനും
> പിടിയായ്ത്തീൎന്നൊരു പാൎവ്വതിതാനും."

ഇങ്ങനെ പോകുന്നു.

ഈ കൃതികൾ പൂൎത്തിയാകാതെപോയതു് വിദ്യാൎത്ഥികൾക്കുള്ള കാൎയ്യാന്തരങ്ങൾകൊണ്ടോ തീൎന്നിടത്തോളം ഭാഗം പിന്നീടു നോക്കിയതിൽ അതൃപ്തികരമായി തോന്നിയതുകൊണ്ടോ അഥവാ എഴുതിവച്ചിരുന്നതു കാണാതെ പോയതുകൊണ്ടോ മററോ ആയിരിക്കണം.

## ആറു്

ഇങ്ങനെയെല്ലാമായിരുന്നു ആലപ്പുഴപ്പള്ളിക്കൂടത്തിലെ വിദ്യാഭ്യാസം. പള്ളിക്കൂടത്തിൽ നിന്നു മെട്രിക്കുലേഷൻ പരീക്ഷയിൽ ചേൎന്നിരുന്നവരിൽ ഹൈക്കോടതിയിൽ രജിസ്ത്രാരായിരുന്ന ഏ. ററി. എബ്രഹാമും ഞാനും ഒഴിച്ചു് ആരും ജയിച്ചില്ല. പരീക്ഷാഫലത്തെപ്പററി ചോദിച്ച ഒരാളിനോടു് രണ്ടെണ്ണമേ ജയിച്ചൊള്ളുവെന്നും ശേഷമുള്ളവരെല്ലാം തൊപ്പിയിട്ടുപോയെന്നും ഈശ്വരപിള്ളസ്സാർ കുണ്ഠിതത്തോടുകൂടി പറയുന്നതു കേട്ടിട്ടുണ്ടു്.

അന്നു പള്ളിക്കൂടം സ്ഥാപിച്ചിരുന്നതു കടപ്പുറത്തായിരുന്നു. മെട്രിക്കുലേഷൻ ജയിച്ചപ്പോൾ എനിക്കു സ്വയമേ ഒരു മഹാനാണെന്നു തോന്നാതിരുന്നില്ല. എന്നാൽ ഉപരിവിദ്യാഭ്യാസത്തിനു് എന്താണുവക ? ഒന്നുകിൽ കോട്ടയം, അല്ലെങ്കിൽ തിരുവനന്തപുരം; ഇവിടെ അല്ലാതെ എഫ്. ഏ. ക്കു പഠിക്കുന്ന ക്ലാസ്സുകൾ സുലഭമായിരുന്നില്ല. പണത്തിൻെറ ഞെരുക്കംകൊണ്ടു സക്കാർ സവ്വീസിൽ പ്രവേശിച്ചുകളഞ്ഞാലോ എന്നു തോന്നാതെയുമിരുന്നില്ല. ജയിച്ചപ്പോൾ അച്ഛൻ സ്വഭവനത്തിൽ അല്ലായിരുന്നു. ഞാനവിടെ ചെന്നപ്പോൾ പരീക്ഷയിൽ മുറിവേററ ഒരു വിദ്യാൎത്ഥി കണ്ണുചുളിച്ചു് എന്നെ നോക്കുകയും പരുഷമായി സംസാരിക്കയും മററും ഉണ്ടായി. അദ്ദേഹത്തിൻെറ അപജയത്തിനു യാതൊരു വിധത്തിലും ഞാൻ കാരണഭൂതനല്ലാതി

രിക്കെ എൻെറ വിജയത്തെ അനുമോദിക്കുവാൻ അദ്ദേഹം കണ്ടുപിടിച്ച സമ്പ്രദായം, കോപംതന്നെ ചിലക്കു പ്രസാദമാണെന്നുള്ളതു് ഉദാഹരിക്കുന്നു. അദ്ദേഹവും കൂട്ടുകാരും മേൽവിദ്യാഭ്യാസത്തിനു് കോട്ടയം കാളേജിലെ മെട്രിക്കുലേഷൻ ക്ലാസ്സിൽ ചേരുവാൻ പോകുന്നതായിപ്പറഞ്ഞു. ഒരു വകുപ്പടിയിലും ചേരാതെയിരുന്ന ഞാൻകൂടി അവരുടെകൂടെ തിരിച്ചു. ആസ്കചിത്ത്ധാര എന്നെ എഫ്. ഏ. ക്ലാസ്സിൽ ചേർത്തു പേരെഴുതുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ ഞാൻ തിരുവനന്തപുരത്തു ചെല്ലണമെന്നും എഫ്. ഏ.—ക്കു പഠിക്കേണ്ടതു് അവിടെയാണെന്നും താൻ കാത്തിരിക്കുന്നുവെന്നും അച്ഛൻ കമ്പിയടിച്ചു. ഇങ്ങനെ കോട്ടയം കാളേജിലെഏകാഹവിദ്യാർത്ഥിയായതിനു ശേഷം ഞാൻ തിരുവനന്തപുരത്തു ചെന്നുചേർന്നു.

സാല്പ്രാംശുവായ ഡാക്ടർ മിച്ചൽ മുറംപോലുള്ളറെജിസ്റ്ററുമായി വിദ്യാർത്ഥികളുടെ പേരുകൾ അതിൽ ചേർത്തുകൊണ്ടിരിക്കുകയായിരുന്നു. ഏറിയകൂറും അനുനാസികാമയമായ ശബ്ദം 'ഖംമുഖംമു'വായി സിഗററു ധൂമത്തിൻെറ ഉദ്ഗമത്തോടുകൂടി മത്സരിച്ചു പുറപ്പെട്ടുകൊണ്ടിരുന്നതു കേൾക്കാമായിരുന്നെങ്കിലും മിക്കവാറും സങ്കല്പിച്ചു് ഉത്തരം പറയുകയാണു വേണ്ടിവന്നതു്.

അന്നു കാളേജുകെട്ടിടത്തിൻെറ മദ്ധ്യഭാഗത്തു് ഉണ്ടായിരുന്ന ഒരു ചെറിയ മുറിയിൽ ബ്ലാക്കു്ബോർഡുവച്ചു തിരിച്ചു് അതിൻെറ പുറകിലായിരുന്നു ഡാക്ടർ മിച്ചലിൻെറ ഇരുപ്പു്. ഈ ഗുഹാഗൃഹത്തിൽ നിന്നും ദീപാരാധനയുടെ ധൂമംപോലെ സിഗററു പുക ആഘ്രാണിച്ചുകൊണ്ടു് ഞാൻ നിർഗ്ഗമിച്ചു. എനിക്കു് അച്ഛനെ കണ്ടുപിടിക്കേണ്ടകാര്യമേ പിന്നെ ഉണ്ടായിരുന്നുള്ളു. റെയിൽ സഞ്ചിയുമായി രാജപാതയിലിറങ്ങി നടക്കാമെന്നു നിശ്ചയിച്ചു ഞാൻ മഹാനദികളുടെ

വക്ഷഃപ്രദേശത്തു് വർഷകാലത്തൊഴുകുന്ന പൊങ്ങുതടികളിൽ ഒന്നെന്നുള്ളതിൽ കൂടുതലായി വല്ല ഗണനയേയും അർഹിച്ചിരുന്നില്ല.

"ഹേ, നിങ്ങൾ മെട്രിക്കുലേഷൻ ജയിച്ചതാണോ ?" എന്നു് ഒരു പ്രാണിപോലും എന്നോടു ചോദിച്ചില്ല. ജനങ്ങളും ശകടങ്ങളും, ജനങ്ങളിൽ ഉടുപ്പിട്ടവരും ഇടാത്തവരും, ശീഘ്രഗതികളും മന്ദഗതികളും കുടക്കാരും ചെരുപ്പുകാരും, സ്ത്രീകളും പുരുഷന്മാരും ഇങ്ങനെ വിവിധവർഗ്ഗങ്ങൾ കലർന്നു മെയിൻറോഡിൽക്കൂടി പ്രവഹിച്ചുകൊണ്ടിരുന്നു. മുന്നോട്ടു വരുമ്പോൾ പുത്തൻകച്ചേരിയും അതിൻെറ നിർമ്മാതാവായ സർ ടി. മാധവരായരവർകളുടെ പ്രതിമയും റോഡിൻെറ ഇരുവശവുമായി നില്ക്കുന്നതുകാണാം. ഇതുകൊണ്ടൊന്നും അച്ഛനെ കണ്ടുപിടിക്കാനുള്ള വഴി ആയില്ലല്ലോ, എന്നു വിചാരിച്ചുകൊണ്ടു ഞാൻ മുൻപോട്ടുനടന്നു. പിതൃവ്യപുത്രനായ രാമകൃഷ്ണപിള്ള അന്നു നേററീവ് ഹൈസ്കൂളിൽ പഠിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിനോടു ചോദിച്ചാൽ ഒരുപക്ഷേ, അറിയാമായിരിക്കുമെന്നു വിചാരിച്ചു് ശ്രീപത്മനാഭസ്വാമിയുടെ പുരോഭാഗം കടന്നു് അങ്ങോട്ടു ചെന്നു. ഇരുവശവും കാററാടിമരങ്ങളും അവയുടെ ശാഖകളിൽ വവ്വാൽ എന്നു പറയുന്ന ജന്തുക്കൾ തൂങ്ങിക്കിടക്കുന്നതും കൗതുകകരമായി എൻെറ ശ്രദ്ധയെ ആകർഷിച്ചു. യുഗാന്തരത്തിൽ ശംബൂകൻ എന്ന ശൂദ്രൻ തലകീഴായിക്കിടന്നു തപസ്സുചെയ്യുക നിമിത്തം ബ്രാഹ്മണബാലരിൽ ഒരുവൻ മരിച്ചുപോയതായി ശ്രീരാമചന്ദ്രനോടു് ഒരു ബ്രാഹ്മണൻ സങ്കടം പറയുകയും അവിടുന്നു് ഖഡ്ഗപാണിയായി ചെന്നു തപസ്വിയെ വധിച്ചു മോക്ഷവും, ബാലനു ജീവനും കൊടുത്ത കഥ നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. തലകീഴായി കാററാടി മരത്തിൽ തൂങ്ങിക്കിടക്കുന്ന വവ്വാലുകൾ നിമിത്തം എത്രയോ ബ്രാഹ്മണ

ബാലകർ മരിച്ചിട്ടുണ്ടായിരിക്കണം. നിദ്രാലുവായിക്കിടക്കുന്ന പത്മനാഭസ്വാമി പള്ളിയുണർന്നാലുടനേ തന്നെ സങ്കടം ബോധിപ്പിക്കണമെന്നു കരുതി ആയിരിക്കുമോ കോട്ടയ്ക്കകത്തു് ഇത്രവളരെ ബ്രാഹ്മണർ കുടിപ്പാക്കുന്നതെന്നു് എല്ലാവരും ശങ്കിച്ചുപോകും. കാററാടിമരത്തിൻെറ അഗ്രഭാഗങ്ങളാകുന്ന അഗ്രഹാരങ്ങളിൽ തലകീഴായിത്തൂങ്ങിക്കിടക്കുന്ന വവ്വാലിൻെറ നിരവേദഘോഷം ചെയ്യുന്നതുപോലെ ശബ്ദിച്ചുകൊണ്ടിരുന്നു. ഈ വിസ്മയകരമായ കാഴ്ചയും കണ്ടുകൊണ്ടുനേററീവ്യു് ഹൈസ്കൂളിലേക്കു ഞാൻ കയറിച്ചെന്നു. അതു മി. മാത്താണ്ഡൻതമ്പി അവർകളുടെ വകയായിരുന്നു. അദ്ദേഹംതന്നെയായിരുന്നു ഹെഡ്മാസ്റ്ററും. ഇരുവശവും സമമായി നീണ്ടും അഗ്രഭാഗങ്ങൾ തുല്യമായി മേലോട്ടു വളഞ്ഞുമുള്ള കലമാൻ കൊമ്പുകൾകൊണ്ടു ഭവനഭിത്തികളെ അലങ്കരിക്കാറുള്ളതുപോലെ ഉഭയവശത്തും തുല്യമായി വക്രാഗ്രങ്ങളായ മേൽമീശകൾ ശ്രീമാൻ മാത്തണ്ഡൻതമ്പിയുടെ മുഖഭിത്തിയെ അലങ്കരിച്ചിരുന്നു. മന്ദ്രസ്വരത്തിൽ അദ്ദേഹം പഠിപ്പിച്ചുകൊണ്ടിരുന്ന ക്ലാസ്സിലായിരുന്നു രാമകൃഷ്ണപിള്ള. ഞാൻ ചെന്നു കയറുന്നതുകണ്ടു് അനുവാദം ചോദിച്ചുകൊണ്ടു് അദ്ദേഹം ക്ലാസ്സിനു വെളിയിലേക്കുവന്നു. അച്ഛൻ വന്നിട്ടുള്ള വിവരമേ അറിഞ്ഞിട്ടില്ലെന്നും ഞാൻ ജയിച്ചതിൽ വളരെ സന്തോഷിക്കുന്നുവെന്നും, കൂടെ താമസിപ്പിക്കാമെന്നു വിചാരിച്ചാൽ താൻ താമസിക്കുന്നതു ശ്രീവരാഹത്തു പുളിമൂട്ടമ്മവീട്ടിലാകയാൽ ദൂരംകൊണ്ടും മററും കാളേജിൽ പഠിക്കുന്നവർക്കു വളരെ അസൗകര്യമുണ്ടെന്നും മററും രാമകൃഷ്ണപിള്ള പറഞ്ഞു. ഹതവിധി എന്നു വിചാരിച്ചു ഞാൻ യാത്രയും പറഞ്ഞു.

അവിടന്നു് ഇറങ്ങി നവീനങ്ങളായ പലതും ആസ്വദിക്കുന്നതിനു കണ്ണിനുണ്ടായിരുന്ന കൗതുകം കൊണ്ടു് ഞാൻ

ച്ചുററിനടന്നു. നേരനീക്കമെന്നതു് ഒരിക്കലും അറിഞ്ഞിട്ടില്ലെന്നു പ്രസിദ്ധമായ സായാഹ്നസവാരിക്കു ശ്രീമൂലം തിരുനാൾ തിരുമനസ്സുകൊണ്ടു് എഴുന്നള്ളുന്ന കാഴ്ചയും കാണാതിരുന്നില്ല. സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങൾക്കു് എന്നതുപോലെ മഹാജ്യോതിസ്സായ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഓരോ കാര്യത്തിലും ക്ലിപ്തമായ സമയം അഭംഗമായി അനുഷ്ഠിച്ചിരുന്നു. പിന്നീടു ഞാൻ കോട്ടയ്ക്കകത്തു പ്രവേശിച്ചു. ഉന്നതമായി അഭ്രംലിഹമായി പത്മനാഭസ്വാമിക്ഷേത്രത്തിലെ പുരോഭാഗത്തുള്ള ഗോപുരസൗധംആരെയും വിസ്മയിപ്പിക്കുന്നതാണു്. അതിൻെറ മുൻപിലായിട്ടാണു പത്മതീർത്ഥമെന്ന കുളം. അവിടെ തെക്കുവശത്തുള്ള മാളികയുടെ മുൻഭാഗത്തുവെച്ചിരിക്കുന്ന നാഴികമണി അനല്പമായ ശില്പവൈദഗ്ദ്ധ്യത്തെ പ്രദർശിപ്പിക്കുന്നു. മണി അടിക്കാറാകുമ്പോൾ ഒരു ബൗദ്ധൻെറ രണ്ടു കപോലങ്ങളിലും ഓരോ ആട്ടിൻകുട്ടികളുടെ പ്രതിമ വന്നടിക്കുകയും, വാ തുറക്കുകയും മണിഅടിക്കുകയും, അതുകഴിഞ്ഞാൽ വാ അടയുകയും ചെയ്യുന്നു. ഇതാണു് 'ബൗദ്ധൻ മണി.'

പത്മതീർത്ഥത്തിൻെറ വടക്കേക്കരെ അന്നൊരു സന്യാസി തപസ്സുചെയ്തുകൊണ്ടിരുന്നിരുന്നു. പലരുടേയും കൂട്ടത്തിൽ എന്നെയും അദ്ദേഹത്തിൻെറ സന്നിധി അങ്ങോട്ടു് ആകർഷിച്ചു. അദ്ദേഹം ശബ്ദിക്കുകയില്ല. ആഹാരം കഴിക്കുകയുമില്ല. ഇതു വളരെനാളായി പല പരീക്ഷയും നടത്തിയിട്ടുള്ള ആളുകൾക്കു് ഐകകണ്ഠ്യമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണു്. മററു മനുഷ്യസൃഷ്ടികളിൽനിന്നു താൻ പ്രത്യേകമാണെന്നു തോന്നിപ്പിക്കാനുള്ളഅഭിമാനമല്ലാതെ ആ തപസ്വിക്കു വേറെകാംക്ഷയൊന്നുമുള്ളതായിആരും പറകയില്ല. അവിടെ കുറെ താമസിച്ചതിൻെറ ശേഷം സന്ധ്യാവന്ദനത്തിനായി പത്മതീർത്ഥത്തിൻെറ ഒരു ഭാഗത്തു് അച്ഛനിരിക്കുന്നതു കണ്ടു.

“ആവു!” എന്നു പറഞ്ഞു ഞാനടുത്തുചെന്നു. സന്ധ്യാവന്ദനവും കുളിയും ഭോജനശാലയിൽ ആഹാരവും കഴിഞ്ഞു ഞങ്ങൾ ശ്രീകണ്ഠേശ്വരത്തു് കുളത്തുങ്കര വീട്ടിൽ ചെന്നു. കാരണവനായ മി. പാച്ചുപിള്ള സുമുഖനും പ്രാംശുവുംഅതിഥിസല്ക്കാരചതുരനുമായ ഒരു മദ്ധ്യവയസ്കനായിരുന്നു. അന്നു രാത്രി അവിടെക്കഴിച്ചു. എന്നാൽ അവിടെ താമസിച്ചു കാളേജിൽ പോയി പഠിക്കുന്നതിനു വളരെ അസൗകര്യങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ടു പിറേറദിവസം അന്വേഷിച്ചു് കോവിൽവിള എന്ന വേറൊരു വീടു കണ്ടുപിടിച്ചു. ആ തറവാടു് കപ്പാഴം രാമൻപിള്ള അവർകളുടെ ഭാര്യവീടാണു്. റോഡിന്റെ ഇരുവശമായി ഓരോ വീടുകളുണ്ടു്. കിഴക്കേവീട്ടിൽ ഭഗവതിപ്പിള്ളയെന്നോ കാളിപ്പിള്ളയെന്നോ പറയുന്ന ഒരു വൃദ്ധനും അദ്ദേഹത്തിന്റെ ഭാര്യയും മററും താമസിച്ചിരുന്നു.

അവിടെ അരിവച്ചുതരാമെന്നും വീട്ടിന്റെ പടിഞ്ഞാറുവശമുണ്ടായിരുന്ന ചായിപ്പു് എന്റെ അധിവാസസ്ഥലമാക്കിക്കൊള്ളാമെന്നും പരസ്പരം സന്ധിചെയ്തു. കാരണവരുടെ അൻജനോ മറേറാ ആയിരുന്നു ബംഗ്ലാവുരീതിയിലുണ്ടായിരുന്ന പടിഞ്ഞാറേ വീട്ടിൽ താമസിച്ചിരുന്നതു്. സിക്രട്ടറി വാട്ട്സിന്റെയോ വീയറയുടേയോ അതോ രണ്ടുപേരുടേയുമോ ക്ലാക്കായിരുന്നതുകൊണ്ടു് അദ്ദേഹത്തെ ധ്വരരാമൻപിള്ളയെന്നാണ് രസികന്മാർ പറഞ്ഞുവന്നിരുന്നതു്.

ഒരാൾക്കു മാത്രമായിരുന്നു എങ്കിൽ എന്റെ ചായിപ്പു കഴിച്ചുകൂട്ടുവാൻ മതിയാകുമായിരുന്നു. എന്നാൽ പരേതനായ ബാരിസ്റ്റർ കെ. ആർ. പത്മനാഭപിള്ള അവർകൾ, ഇപ്പോൾ ഹരിപ്പാട്ടു വ്യവഹരിക്കുന്ന വി. രാമകൃഷ്ണപ്പണിക്കരവർകൾ, അദ്ദേഹത്തിന്റെ ഒരു സഹോദരൻ നാരായണപ്പണിക്കരവർകൾ, മൂവാററുപുഴക്കാരൻ ഒരു നാരായണ

പിള്ള ഇത്രയും പേർകൂടി എന്റെ സഹവാസികളായി വന്നു ചേന്നു. എഫ്. എ. പരീക്ഷയ്ക്കു പഠിച്ച രണ്ടുകൊല്ലവും ഈ ചായിപ്പു വിടാതെ കഴിഞ്ഞുവെന്നു പറഞ്ഞാൽ മതിയല്ലൊ. കെ. ആർ. പത്മനാഭപിള്ള അവർകൾ തിരുവനന്തപുരത്തു വരുന്നതിനു മുൻപുതന്നെ പ്രാണപ്രിയനായ സതീർത്ഥ്യനായിരുന്നു. അമ്പലപ്പുഴ കൊട്ടപ്പുന്നയാണു വീട്. പണ്ടാരത്തിൽ എന്നു പറയും. കുഞ്ചുച്ചാർ എന്നൊരു കാരണവന്റെ കാലത്തു് ആവീടു ശ്രേയസ്സിനെ പ്രാപിക്കുകയും ഉപരിഭാഗ്യത്തിനു പത്മനാഭപിള്ളയെ ഇംഗ്ലീഷ് പഠിപ്പിക്കണമെന്നു നിശ്ചയിച്ച് അമ്പലപ്പുഴയും ആലപ്പുഴയും ഉള്ള പഠനം കഴിഞ്ഞു തിരുവനന്തപുരത്തു് അയയ്ക്കുകയുമാണു ചെയ്തിരുന്നതു്. ഇംഗ്ലീഷ് പറയുന്നതിലും വാദപ്രതിവാദങ്ങൾ നടത്തുന്നതിലും സദാ തല്പരനായിരുന്നു. പത്മനാഭപിള്ള അവർകളെ അദ്ദേഹത്തിന്റെ അസന്നിധിയിൽ 'ബക്ക് പത്മനാഭപിള്ള' എന്നു ചില രസികന്മാർ ഉപഹസിച്ചു വന്നിരുന്നു. അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ അസാമാന്യങ്ങൾ തന്നെയായിരുന്നു. ശ്രീപത്മനാഭസ്വാമിയെപ്പററി പറയുമ്പോഴും 'മി. ശ്രീപത്മനാഭസ്വാമി' എന്നു പലപ്പോഴും അദ്ദേഹം പറഞ്ഞുപോയിട്ടുണ്ടു്. അത്രമാത്രം ഇംഗ്ലീഷ് മര്യാദ അദ്ദേഹം ആദരിച്ചിരുന്നു. അസത്യവും വഞ്ചനയും മറ്റു ജനങ്ങളെ ഭയനുള്ള' ചാപല്യവും അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തിരുന്നില്ല.

"ദൂഷണമുള്ളതു ധനവാനെങ്കിൽ
ഭൂഷണമെന്നൊരു ഭാവവുമില്ലാ."

എന്ന തത്വം പത്മനാഭപിള്ള നിഷ്കർഷയായി പരിപാലിച്ചിരുന്നു. അതുപോലെ,

"ബന്ധിച്ചുരപ്പാൻ വശതയില്ലാഞ്ഞിട്ടു
ദണ്ഡിക്കുമാറായി വന്നു വൃഥാഫലം."

എന്ന സങ്കടത്തിലും പത്മനാഭപിള്ള ഒരിക്കലും അകപ്പെട്ടിരുന്നില്ല. എഫ്. എ. പരീക്ഷയ്ക്കു് അദ്ദേഹം തോല്ക്കുകയാണുണ്ടായതു്. തോൽവിയെക്കുറിച്ചു വളരെ സഹതാപമായി താൻ വ്യസനിക്കുന്നുവെന്നും മററും ഒരു സ്നേഹിതൻ അദ്ദേഹത്തിനോടു പറഞ്ഞു. അതിനു് അദ്ദേഹത്തിന്റെ മറുപടി പ്രസ്തുത്യമാണു്. "മാത്തമാററിക്സ് ചോദ്യക്കടലാസ്സുകൾ കൈയിൽ കിട്ടി നോക്കിയപ്പോൾ ഒരു ഭാഗംപോലും ചെയ്യുവാൻ ഞാൻ ശക്തനായിരുന്നില്ല. അങ്ങനെയുള്ള ഞാൻ തോററതിൽ ഒട്ടും വ്യസനിക്കുന്നില്ല. ഞാൻ വ്യസനിക്കാത്തപ്പോൾ നിങ്ങൾ എന്നോടൊപ്പം സഹതപിക്കുന്നുവെന്നുപറയുന്നതു വെറും മിഥ്യാചാരമാണു്."

ഇങ്ങനെ ഒരു മിഥ്യാവിദ്വേഷിയെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹം പിന്നെ പ്ലീഡർഷിപ്പ് ക്ലാസ്സിൽ പഠിച്ചു മുൻസിഫ്കോർട്ടു വക്കീലായി വ്യവഹരിക്കുകയും വേണ്ടിടത്തോളം പണമുണ്ടായി എന്നു കണ്ടപ്പോൾ ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പരീക്ഷയ്ക്കു പഠിച്ചു ജയിച്ചു തിരുവനന്തപുരത്തു വന്നു കുറേനാൾ വക്കീലായി ഇരിക്കുകയും അങ്ങനെ ഇരിക്കുമ്പോൾ പെട്ടെന്നു് അപ്രാപ്തകാലമായി മരിച്ചുപോകുകയും ചെയ്തു. ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധം വിചാരിക്കുമ്പോൾ അശ്രുധാര അനിവാര്യമായി എനിക്കുണ്ടാകാറുണ്ടു്. ഇനിയും അദ്ദേഹത്തെപ്പററി പലതും പറയുവാനുണ്ടു്. അതു് യഥാവസരം പറഞ്ഞുകൊള്ളാം.

രാമകൃഷ്ണപ്പണിക്കരവർകളുടെ പ്രകൃതി വളരെ ഭിന്നമാണു്. അദ്ദേഹം വിനോദപ്രിയനും ഉല്ലാസശാലിയുമാണു്. നേരംപോക്കുകൾ ഇല്ലാതെ കഴിച്ചുകൂട്ടുവാൻ പണിക്കർക്കു പ്രയാസമായിരുന്നു. അതുകൊണ്ടു് മി. പത്മനാഭപിള്ളയും മി. പണിക്കരും തമ്മിൽ പല മനോധർമ്മഭേദങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. അദ്ദേഹം ഇപ്പോൾ ക്ഷേമമായി വക്കീൽ

വേലയിൽ പരിശോഭിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ തവണ നിയമസഭയിൽ മെംബറുമായിരുന്നു. അദ്ദേഹത്തിൻെറ സഹോദരൻ നാരായണപ്പണിക്കർപ്രകാശരഹിതമായ കാരായാഗൃഹം പോലിരുന്ന ഒരു മഹാഗ്രാമീണമണിയായിരുന്നു. എത്ര പഠിച്ചാലും അദ്ദേഹത്തിൻെറ ബുദ്ധിപിണ്ഡത്തിനു വല്ല തേജസ്സുമുണ്ടാകുമോയെന്നുള്ളത് സന്ദേഹഗോചരമായിരുന്നു. അദ്ദേഹത്തിൻെറ പരിണാമകഥ എങ്ങനെ ആയി എന്നു നിശ്ചയമില്ല.

മൂവാററുപുഴ നാരായണപിള്ള അവർകൾക്കു പഠിത്തത്തിനെക്കാൾ വല്ലവിധത്തിലും തിരുവനന്തപുരത്ത് ഒരു പിടിത്തം വേണമേന്നേ താല്പര്യമുണ്ടായിരുന്നോള്ളു. പല വീടുകളിലും ഭജനക്കാരനെപ്പോലെ അദ്ദേഹം പോയിരിക്കുക പതിവായിരുന്നു. വീട്ടിൽനിന്നു പണം വരുത്തി വിദ്യാഭ്യാസത്തിൽ അലസനായി പലവിധത്തിൽ ചെലവു ചെയ്യേണമെന്ന് ആ യുവാവിൻെറ ജാതകത്തിലുണ്ടായിരുന്നതായിത്തോന്നും. ഒടുവിൽ ആ മനുഷ്യൻെറ കഥ എന്തായെന്നു രൂപമില്ല. ഇങ്ങനെയായിരുന്നു ഞങ്ങളുടെ കമ്പനി. രണ്ടുകൊല്ലം അവിടെ താമസിച്ചു. എഫ്. ഏ. പരീക്ഷ കഴിഞ്ഞപ്പോൾ ഞെക്കുകൊണ്ടു മനുഷ്യശരീരത്തിനു വരാവുന്നകൃശീഭാവം നിലച്ച് ഞങ്ങൾ അവിടെ നിന്നു പലവഴി പിരിഞ്ഞു. കെ. ആർ. പത്മനാഭപിള്ള പ്ലീഡർഷിപ്പ്ക്ലാസ്സിലും ഞാൻ ബി. ഏ. ക്ലാസ്സിലും ചേൎന്നു. സീനിയർ എഫ്. ഏ. ക്ലാസ്സിൽ ആയപ്പോൾ അച്ഛൻ മരിച്ചുപോയി.

1073-ാമാണ്ട് വേനൽ ഒഴിവിനു് ഞാൻ അച്ഛനെ കാണ്മാൻ ചെന്നപ്പോൾ അദ്ദേഹത്തിനു സുഖമില്ലാതെയിരിക്കയായിരുന്നു. ആ സുഖക്കേടു ഭേദപ്പെടാതെ പിതാവു ചരമഗതിയെ പ്രാപിച്ചു. ശുശ്രൂഷയ്ക്കു ഞാനും അനുജനും അമ്മയും

മററും അച്ഛൻെറ ഗൃഹത്തിൽത്തന്നെ താമസിച്ചുവന്നു. തിരുവനന്തപുരത്തുള്ള സ്നേഹിതന്മാർ എൻെറ പേക്കയച്ചിരുന്ന എഴുത്തുകൾക്കുള്ള മറുപടികളിൽ അച്ഛൻെറ സുഖക്കേടു പുരസ്സരിച്ചു വളരെ വിവരിച്ചിരുന്നു. വി. രാമകൃഷ്ണപ്പണിക്കർ അവർകൾ (ഹരിപ്പാട്ടു വ്യവഹരിക്കുന്ന ജില്ലാക്കോർട്ടുവക്കീൽ), പരേതനായ ബാരിസ്റ്റർ കെ. ആർ. പത്മനാഭപിള്ള അവർകൾ തുടങ്ങിയവർ അന്നു് എൻെറകൂടെ താമസിച്ചിരുന്നുവെന്നു പറഞ്ഞുവല്ലോ. അവരിൽ ആരുടെയോ പേരക്കെഴുതിയ ഒരു എഴുത്തിൽ ഉള്ള രണ്ടു ശ്ലോകങ്ങൾ താഴെ ചേർക്കുന്നു:

"പിറന്നനാൾ തൊട്ടിഹ വേണ്ടതെല്ലാം
മറന്നുപോകാതെ തരുന്ന താതൻ
മറഞ്ഞുപോയാൽ കഥയെന്തു ഞങ്ങൾ
പറക്കപെററാത്ത ശിശുക്കളല്ലേ!"

"കാസശ്വാസവികാസമെൻജനകകായത്തെ മഹാകാസരം
കാസാരാംബുവതെന്നപോൽ കലുഷമാക്കീട്ടുന്നിളക്കിത്തുലോം
മാസം രണ്ടുകഴിഞ്ഞിവണ്ണമിനിയും ദീനത്തിനാകട്ടൊരാ-
ശ്വാസം കണ്ടതുമില്ല കാണുമിനിയെന്നില്ലാശ ഫുല്ലാശയ!"

എഴുത്തു കിട്ടിയ സ്നേഹിതൻെറ മറുപടിയിൽ ശ്ലോകങ്ങൾ പീഡാകരമായി ഹൃദയത്തിൽ പതിഞ്ഞുഎന്നും പിതാവിനു സുഖക്കേടിൽനിന്നും ആപത്തുകളൊന്നും തന്നെ നേരിടുകയില്ലെന്നും പറഞ്ഞിരുന്നു. പക്ഷേ, എഴുത്തയച്ചു സ്വല്പദിവസങ്ങൾ കഴിഞ്ഞു കാളേജ് തുറക്കുകയും ഇടവപ്പാതിയുടെ കാററും മഴയും വെളിയിലും, ഭവിഷ്യത്തായ പിതൃനിര്യാണം വിചാരിച്ചു കാററും മഴയും അകത്തും സഹിച്ചുകൊണ്ടു തിരിയെ തിരുവനന്തപുരത്തു ഞാൻ ചെന്നുചേരുകയും ചെയ്തു. ജൂനിയർ എഫ്. ഏ. യിൽനിന്നു സീനിയർ എഫ്. ഏ. യിലേക്കു് എനിക്കു ക്ലാസ്സ് കയററം ലഭിച്ചിരുന്നു. അങ്ങനെ ക്ലാസ്സ് കയററം ലഭിച്ച മൂന്നാംദിവസം ആലപ്പുഴ

നിന്നും കിട്ടിയ എഴുത്തിൽ ആസന്നപരലോകനായി കിടന്ന പിതാവു് ദിവംഗതനായ വൃത്താന്തം വ്യക്തമായി പ്രതിപാദിച്ചിരുന്നു. യാത്രപറയുമ്പോൾ അശ്രുപൂർണ്ണമായ ജവനികയിൽക്കൂടി അച്ഛന്റെ മുഖത്തു ഞാൻ നോക്കിയതും ഗദ്ഗദാക്ഷരങ്ങൾ കണ്ണഭിത്തികളെ ക്ഷോഭിപ്പിച്ചതും ഞാനും വേണ്ടവരും ഈശ്വരനോടു പ്രാർത്ഥിച്ചതും ഒന്നും സർവ്വലോകനിയന്താവു് അറിഞ്ഞതായി യാതൊരു ലക്ഷ്യവും ഉണ്ടായിരുന്നില്ല. അങ്ങനെ ആ അദ്ധ്യായം സമാപ്തമായി. അതുകൊണ്ടു് പണമുണ്ടാക്കി പഠിക്കേണ്ട ഭാരംകൂടിഎനിക്കു നേരിട്ടു. 'മലയാളി'പത്രത്തിന്റെ പത്രാധിപത്യം ഞാനും കെ. ആർ. പത്മനാഭപിള്ളയുംകൂടി ഗൂഢമായി നടത്തുകയും ഉടമസ്ഥൻ രാമനുണ്ണിത്താനവർകൾ തന്നിരുന്ന ശമ്പളം വീതിച്ചെടുത്തു ചെലവുകൾ നടത്തുകയുമായിരുന്നു ഞങ്ങളുടെ ഉപായങ്ങൾ. മലയാളമനോരമയ്ക്കും ലേഖനങ്ങൾ അയച്ച് മി. വർഗ്ഗീസ് മാപ്പിളയുടെ പക്കൽനിന്നും ചിലപ്പോൾ ധനസഹായംലഭിച്ചിട്ടുണ്ടു്. ഒടുവിൽ ബി. ഏ. പരീക്ഷയ്ക്കു മദ്രാസിൽ പോകുവാൻ നൂറുരൂപാ ആവശ്യപ്പെട്ടതു് എന്റെ മാതാവിന്റെ അനുജത്തിയും കലവറപരമ്പുപിള്ള പ്രവൎത്ത്യാരുടെ കളത്രവും ആയിരുന്ന കല്യാണിഅമ്മയാണുതന്നതു്. ഉദാരചരിതയായ ആ മഹതി ചെയ്ത ഉപകാരം ഞാൻ സ്മരിക്കുന്നു.

വഞ്ചിയൂർ മഠത്തിൽവീട്ടിൽ ഞാനും കെ. ആർ. പത്മനാഭപിള്ളയുംകൂടി താമസിച്ചിരുന്നു. ആയിടയ്ക്കു തിരുവനന്തപുരത്തു ലഘുവായ ഒരു ഭൂകമ്പമുണ്ടായി. നേരം വെളുക്കാറായപ്പോൾ പത്മനാഭപിള്ള കിടന്നിരുന്ന തൂക്കുമഞ്ചിയും ഞാൻ കിടന്നിരുന്ന കട്ടിലും ആരോ എടുത്തു പന്താടുന്നതുപോലെ ഇളകുകയും ഞങ്ങൾ ഉണർന്നെഴുന്നേല്ക്കുകയും ചെയ്തു. എല്ലായിടത്തും സംഭ്രമം പരന്നു. എന്നാൽ മഠത്തിൽ വല്യമ്മയുടെ പാചകസാമഗ്രികളായിരുന്ന കലമോ ചട്ടിയോ

മറേറാ ഉടഞ്ഞതല്ലാതെ വേറെ നഷ്ടങ്ങളൊന്നും സംഭവിച്ചില്ല. ഈ സംഭവം ഭൂകമ്പമാണെന്നു പിന്നെയേ മനസ്സിലായൊള്ളു. അതിനേപ്പററി പലരും ശ്ലോകമുണ്ടാക്കിയ കൂട്ടത്തിൽ ഞാനും ചിലതുണ്ടാക്കാതിരുന്നില്ല. മുറജപം കഴിഞ്ഞയിടയായിരുന്നതുകൊണ്ടു് മഹാരാജാവിൻെറ ധർമ്മകൃത്യം വിചാരിച്ചു് "ഭൂമിയും തലകുലുക്കിപ്പോയിതെന്നാണഹോ!" എന്നും; ശാസ്ത്രരീത്യാ ഭൂമിയുടെ അന്തർഭാഗത്തുള്ള വെള്ളം ആവിയായി രൂപാന്തരപ്പെടുന്നതുകൊണ്ടാണു് ഭൂകമ്പമുണ്ടാകുന്നതെന്ന് പക്ഷം വിചാരിച്ചു് "ചീത്തുള്ള തുള്ളൽ ജല്‌ദോഷനിമിത്തമാ" മെന്നും മററും ശ്ലോകങ്ങളുണ്ടാക്കിയിട്ടുള്ളതായിട്ടോക്കുന്നു. കുറേനാൾ ഞങ്ങളുടെകൂടെ പ്ലീഡർഷിപ്പുകാരനായ എൻ. ജി. പരമേശ്വരൻപിള്ള അവർകളും (മാവേലിക്കര വക്കീൽ) സഹവാസിയായിരുന്നു. മി. പരമേശ്വരൻപിള്ളതന്നെ 'ചന്ദ്രിക'യെന്ന മാസികയുടെ പത്രാധിപത്യം വഹിച്ചിരുന്നു. അതിലേക്കും ഞാൻ ലേഖനസഹായം ചെയ്തിട്ടുണ്ടു്. അങ്ങനെയൊരു ലേഖനം വറുഗീസ് മാപ്പിള അവർകളുടെ ശ്രദ്ധയെ ആകർഷിച്ചതു വഴിയാണു് ഞങ്ങൾ തമ്മിൽ പരിചയമായതു്.

## ഏഴ്

കാളേജിലെ അദ്ധ്യയനത്തെപ്പററിയും സ്വല്പം പറയേണ്ടതായി തോന്നുന്നു. ആ മഹാപാഠശാലയുടെ ധുരന്ധരൻ ഡാക്ടർ മിച്ചൽ ഒരു വിദ്യാഭ്യാസമല്ലനായിരുന്നു. ഫിസിയാഗ്രഫി എന്നൊരു പുത്തൻ വിഷയം സായിപ്പുതന്നെയാണു പഠിപ്പിച്ചിരുന്നതു്. ഇംഗ്ലീഷ് പ്രഫസറന്മാർ. സി. എസ്. ബായിൽ അവർകളും ലബ്ഷഡിയർ അവർകളും ആയിരുന്നു. അതിൽ ബായിൽ സായിപ്പു നല്ല സാഹിത്യവിമർശകനായിരുന്നു. അദ്ദേഹത്തിൻെറ അദ്ധ്യാപനംകൊണ്ടു് എൻെറ സാഹിത്യവാസനയ്ക്കു വളരെ ഉദ്ദീപനമുണ്ടായിട്ടുണ്ടു്. സാഹിത്യവിമർശനത്തിൽ സായിപ്പു പ്രത്യേകം ശ്രദ്ധവച്ചിരുന്നു. വേഡ്സ്വർത്തിൻെറയും മററും കവിതകളിൽ വർണ്ണിച്ചിട്ടുള്ള ഭൂഭാഗരാമണീയകങ്ങൾ സായിപ്പു ക്ലാസ്സിൽ തന്മയമായി പ്രതിപാദിക്കും. സാഹിത്യം അദ്ദേഹം ഏകതാനവ്രതംപോലെ സ്വീകരിച്ചിരുന്നു. നാലുമണിയാകുമ്പോൾ സായിപ്പിനു ഫുട്ബാൾ കളിക്കാനുള്ള ജ്വരം ആരംഭിക്കുമെന്നേയുള്ളു. ഫുട്ബാൾ എന്ന കളി ഇവിടെ ആരംഭിച്ചതോ, അതു് ഊർജ്ജിതപ്പെടുത്തിയതോ ബായിൽസായിപ്പാണെന്നുപറയുന്നതിൽ യാതൊരാക്ഷേപവുമില്ല. കഷ്ടം, അദ്ദേഹം ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. പിൻതുടർച്ചക്കാരനായി വന്നതു് 'ഡഗ്ലസ്' എന്ന വേറൊരു ധ്വരയായിരുന്നു. ആഹാരത്തേക്കാൾ പാനീയത്തോടു പക്ഷപാതിയായിരുന്ന ആ സായിപ്പു് അധികം താമസിക്കാതെ ഇവിടെനിന്നു പിരി

ഞ്ഞുപോയി. എം. ഏ. പരമുപിള്ള അവർകളും കുറേനാൾ ഇംഗ്ലീഷ് പ്രഫസറായി ജോലി നോക്കിയിട്ടുണ്ട്. പല വിഷയങ്ങളും സാമാന്യമായി ഗ്രഹിച്ചിരുന്ന കൂട്ടത്തിലായിരുന്നു മി. ലബ്ഷഡീയർ. തത്വജ്ഞാനം പഠിപ്പിച്ചിരുന്ന മഹാൻ സുന്ദരൻപിള്ള അവർകൾ ഞാൻ ബി. ഏ. ക്ലാസ്സിലെത്തിയപ്പോഴേക്കും മരിച്ചുപോയി. അദ്ദേഹത്തിൻെറ ശിഷ്യനാകാനുള്ള ഭാഗ്യം ഇല്ലാതെപോയതുകൊണ്ട് രസതന്ത്രശാസ്ത്രമായിരുന്നു ബി. ഏ.-യ്ക്കു് എൻെറ പ്രധാനവിഷയം. അതു പഠിപ്പിച്ചിരുന്നതു് ഡാക്ടർ ബിഷപ്പായിരുന്നു. മാംസളങ്ങളായ കപോലഗോളങ്ങളോടുകൂടി സായിപ്പ് ഉല്ലാസമായി പഠിപ്പിക്കുകയും പ്രയോഗഭാഗങ്ങൾ കാണിച്ചുതരികയും ചെയ്തിരുന്നതു് ഞാൻ ഇപ്പോഴും ദൃഢമായി സ്മരിക്കുന്നു. മുൻപറഞ്ഞ ഭൂകമ്പമുണ്ടായപ്പോൾ കെട്ടിടം തലയിൽ വീണുപോകുമെന്നു ഭയന്നു് വീട്ടിൽനിന്നു തോട്ടത്തിലേക്കു് ഓടുകയാണു താൻ ചെയ്തതെന്നു സായിപ്പ് പറഞ്ഞിട്ടുണ്ട്. ഇവിടെ ഈയിടെ പോലീസ് കമ്മീഷണരായിരുന്ന മി. ബിഷപ്പിൻെറ അച്ഛനായിരുന്നു അദ്ദേഹം. കമ്മീഷണരെ ഉന്തുവണ്ടിയിൽ കൊണ്ടു നടക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. "ഒരുപെട്ടി ബിസ്കററു് ഇവൻ ഒരിരുപ്പിൽതിന്നുതീക്കുമെന്നും ഈ രീതിക്കു ഞാൻ നിദ്ധനസ്ഥാപനഹർജി കൊടുക്കേണ്ടിവരുമെന്നും" സായിപ്പു ഫലിതം പറയുമായിരുന്നു. വളരെ മനോഗുണമുണ്ടായിരുന്ന ഒരു മഹാനായിരുന്നു എൻെറ പ്രഫസർ.

ബി. ഏ. രസതന്ത്രപരീക്ഷയ്ക്കു് ഒരിക്കൽ ഞങ്ങൾ ഇരുപത്തിമൂന്നുപേരോ മറേറാ പോയതിൽ ആരും ജയിച്ചില്ലെന്നുള്ള മാനഹാനി കാളേജ് സഹിക്കേണ്ടിവന്നു. നേരേ രസതന്ത്രം പഠിച്ചവരും ഉദാസീനമായി ക്ലാസ്സിൽ കഴിച്ചവരും എല്ലാമൊരുപോലെ തോററു. അതുകണ്ടു് "എല്ലാ

വണ്ണങ്ങളുമിരുട്ടത്തു സമം'' എന്നാണു സായിപ്പു പറഞ്ഞതു്. മദ്രാസിൽ രസതന്ത്രാദ്ധ്യക്ഷനായിരുന്ന കക്ശൻ ഡാക്ടർ വിൽസൻെറ കഠിനതയാലാണു് ഇങ്ങനെ ഭവിച്ചതു്.

അന്നു മലയാളം പഠിപ്പിച്ചുകൊണ്ടിരുന്നതു പ്രസിദ്ധനായ ശ്രീമാൻ രാമക്കുറുപ്പവർകളായിരുന്നു. ഏതാനുംമാസം കഴിഞ്ഞപ്പോൾ രോഗപീഡകൊണ്ടു് അദ്ദേഹം ശയ്യാശരണനായിത്തീരുകയാൽ പകരം കെ. ആർ. കൃഷ്ണപിള്ള അവർകളെ ആക്കുകയും അദ്ദേഹത്തിനെ നീക്കി ആചാര്യോത്തമനായ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിനെത്തന്നെ നിയമിക്കുകയും ചെയ്തു. അദ്ധ്യാപകനെന്ന നിലയിൽ രാമക്കുറുപ്പവർകളുമായുള്ള പരിചയം അനതിദീർഘമാണെങ്കിലും വേണ്ടപോലെ ഗാഢമാകുന്നു. അദ്ദേഹത്തിനു വിശാലമായ ഗ്രന്ഥപരിചയം ഉണ്ടായിരുന്നുവെങ്കിലും വിശേഷവിധിയായി ഒരു ശാസ്ത്രവും അഭ്യാസമുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ബലം മുഴുവൻവിമർശനശക്തിയിലായിരുന്നു. മൂടിക്കിടക്കുന്നതിനെ മണം പിടിച്ചറിയുവാനുള്ള ഘ്രാണശക്തിയുടെ കൂർമ്മ വിസ്മയകരമായിരുന്നു. മററാരാൾക്കു സുലക്ഷണമായി തോന്നുന്നതു് അദ്ദേഹത്തിനു ഝടിതി വിലക്ഷണമായിത്തോന്നും. അതുപോലെ വിലക്ഷണങ്ങളെ സാധുലക്ഷണങ്ങളായി തോന്നിപ്പിക്കുന്നതിനും അദ്ദേഹത്തിനു് സാമർത്ഥ്യമുണ്ടായിരുന്നു.

''മല്ലാക്ഷീമണിയായ ഭാമ സമരം ചെ-
യ്തീലയോ, തേർ തെളി-
ച്ചില്ലേപണ്ടു സുഭദ്ര, പാരിതു ഭരിക്കു-
ന്നില്ലേ വിക്ടോറിയാ,
മല്ലാക്ഷീമണിമാക്കു പാടവമിവ-
യെല്ലാമിയന്നീടുകിൽ
ചൊല്ലേറും കവിതയ്ക്കു മാത്രമവരാള-
ല്ലെന്നു വന്നീടുമോ ?''

എന്ന ശ്ലോകം കേൾക്കുമ്പോൾ ശ്രീമതി ഇക്കാവമ്മയുടെ പ്രതിഭാപ്രകാശത്തെപ്പററി സാമാന്യമാളുകൾ സന്തോഷിക്കാതിരിക്കുകയില്ല. പക്ഷേ, കുറുപ്പവർകൾക്കു് ആ ശ്ലോകം ആക്ഷേപ്യമായിരുന്നു. സാദ്ധ്യമായ പക്ഷം സ്ത്രീകൾക്കു കവിതയുണ്ടാകുവാൻ ശക്തിയുണ്ടെന്നുള്ളതാണു്. അതിനു സാധകമായി വിക്ടോറിയ ഭൂമിഭരിച്ചതും, സുഭദ്ര തേർതെളിച്ചതും, ഭാമ യുദ്ധംചെയ്തതും ദൃഷ്ടാന്തമായി ഉദ്ധരിച്ചിരിക്കുന്നു. അവർ അസാധാരണസ്ത്രീകളായിട്ടാണു് കവിതന്നെ പറയുന്നതു്. നേരേമറിച്ചു ഭൂമി ഭരിച്ചതു് ഒരു സ്ത്രീയല്ലേ, തേർ തെളിച്ചതു് ഒരു സ്ത്രീയല്ലേ, യുദ്ധം ചെയ്തതു് ഒരു സ്ത്രീയല്ലേ എന്നായിരുന്നു പ്രശ്നമെങ്കിൽ സ്ത്രീകൾക്കു കവിതയുണ്ടാകുവാൻ സാദ്ധ്യമാണെന്നുള്ള പക്ഷം കുറേക്കൂടി ലഘുവായി സിദ്ധിക്കുമായിരുന്നു.

ചക്രീചങ്കരത്തിൽ ഋതുവർണ്ണനയായി,

"മരച്ചീനിവെസ്സാന്‍രസ്സുട്ടെ തേങ്ങാ
പെരുക്കാലനും വന്നിരിക്കട്ടെ തിന്മാൻ"

എന്നൊരു ഭാഗമുണ്ടല്ലോ. ഇതു മററു കവികളുടെ ഋതുവർണ്ണനയെ ആക്ഷേപിക്കുന്നതാണു്. ഇത്ര ബീഭത്സമായിട്ടു് ഒരു ദൃഷ്ടാന്തം കണ്ടുപിടിക്കാൻ വിഷമമാണു്. ശൃംഗാരവീരകരുണാദ്ഭുതാദി സകലരസങ്ങളിൽനിന്നും ദൂരസ്ഥമായ ഒരു മനോഭാവമല്ലാതെ മരച്ചീനിയെപ്പററി തോന്നുകയില്ല. അതുപോലെ സുഖക്കേടുകളിൽവച്ചു പലതും നമ്മുടെ അനുകമ്പയ്ക്കും സഹതാപത്തിനും പാത്രമാകുമെങ്കിലും പെരുക്കാൽ അല്ലെങ്കിൽ മന്തു് എന്നു പറയുന്നതു ജനിപ്പിക്കുന്ന വികാരം വളരെ വിചിത്രമായിട്ടുള്ളതാണു്.

അദ്ദേഹത്തിന്റെ ദൂരദൃഷ്ടി തീരെയില്ലായിരുന്നു. അതുകൊണ്ടു വളരെ അടുത്തു ചെന്നാലല്ലാതെ വ്യക്തമായി കാണ്മാൻ സാധിച്ചിരുന്നില്ല. കാളേജിൽ താഴെ നിന്നിരുന്ന വള്ളിയാനന്ദം മുതലിയാരുടെ (ഗണനശാസ്ത്രപണ്ഡിതൻ)

തലയിൽ മുകളിൽ നിന്നിരുന്ന് കുറുപ്പവർകൾ ആളു നില്ക്കു ന്നെന്നറിയാതെ മുറുക്കി തുപ്പുന്നതിനിടയായി. ഈ സംഗതി കേട്ടു കുറുപ്പവർകൾ സന്തോഷിക്കുകയാണു ചെയ്തതു്. "ഇനി യെങ്കിലും തലമുടി ഉലത്തിച്ചിക്കി വൃത്തിയായി മുതലിയാർ ഒന്നു കുളിക്കുമല്ലോ. അതൊരു തീർത്ഥസ്നാനത്തിന്റെ ഫലം ചെയ്യാതിരിക്കയില്ല. അടുത്തുവരുമ്പോൾത്തന്നെ ഘ്രാണം കൊണ്ടെങ്കിലും ആ സുകൃതം പ്രത്യക്ഷപ്പെടും!" എന്നാണു് അദ്ദേഹം പറഞ്ഞതു്.

ക്ലാസ്സിൽ ആട്ടക്കഥ പാടുകയും ആടുകയും അലറുകയും ഒക്കെ ചെയ്യുന്നതു് അസാധാരണമല്ല. കുട്ടികൾ അശ്രദ്ധ നായി ക്ലാസ്സിൽ ഇരിക്കുന്നതു കണ്ടാൽ അദ്ദേഹത്തിനു വളരെ കോപമാണു്. കെ. ആർ. പത്മനാഭപിള്ള അവർ കൾ മലയാളം ക്ലാസ്സിൽ പൗവർ ആൻഡു് ഗാർഡിയൻ (ന്യൂസ്പേപ്പർ) വായിച്ചുകൊണ്ടിരുന്നതു് അദ്ദേഹം തപ്പി ത്തപ്പിവന്നു പിടികൂടി അപരാധിയായ ശിഷ്യനെ ക്ലാസ്സിൽ നിന്നു ബഹിഷ്കരിച്ചു. ഒടുവിൽ ഒരു ദിവസം ഈ മര്യാദകെട്ട ശിഷ്യൻ ആരാണെന്നും മററും ചോദിച്ചപ്പോൾ അയാൾ ചമ്പക്കുളത്തുകാരനാണെന്നു മനസ്സിലാകുകയും ചമ്പക്കുള ത്താറേ പോകുമ്പോൾ ആവുമെങ്കിൽ കല്ലു വലിച്ചെറിഞ്ഞു കഷണ്ടി പൊട്ടിച്ചാൽത്തന്നെയും അയാളെ ക്ലാസ്സിൽ കയ റുന്നതല്ലെന്നു പറഞ്ഞുവെങ്കിലും കുറെക്കഴിഞ്ഞു്, "നല്ല സംഭാരം ഒരു പാത്രം നിറയെ കൊണ്ടുവരുന്നതാണെങ്കിൽ ക്ലാസ്സിൽ കയററാമെന്നു" സമ്മതിച്ചു് അങ്ങനെ ചെയ്കയും ചെയ്തു.

മ-രാ-രാ-ശ്രീ. കെ. ആർ. കൃഷ്ണപിള്ള അവർകൾ രാമ ക്കുറുപ്പവർകളുടെ ശിഷ്യനാണു്. അദ്ദേഹത്തിന്റെ ബലം സരളവും ആകർഷകവുമായ ഗദ്യരീതിയാകുന്നു. ആ രീതി ഒരുമാതിരി നിരന്തരമായ മന്ദമാരുതപ്രസ്ഥാനമാണു്. വായു

ചിലപ്പോൾ സ്പന്ദനമില്ലാതെ സ്തബ്ധമായി, ചിലപ്പോൾ ചണ്ഡമായി വളരെ ഊക്കുള്ളതായും, മററു ചിലപ്പോൾ മദ്ധ്യാവസ്ഥയിൽ മന്ദമാരുതനായും കാണാറുണ്ടല്ലോ. കൃഷ്ണപിള്ള അവർകളുടേതു മന്ദമാരുതപ്രസ്ഥാനമാണു്. വലിയ പാണ്ഡിത്യമൊന്നുമില്ലെങ്കിലും ഉള്ളതു ശുദ്ധമാണു്. പാശ്ചാത്യസാഹിത്യത്തിൽ പരിചയവും, അസാമാന്യമായ സാമാന്യപ്രജ്ഞയും (Common sense), സഹൃദയതയും അദ്ദേഹത്തിനുള്ള മററു സ്തുത്യഭാഗങ്ങളാകുന്നു.

കൃഷ്ണപിള്ള അവർകളുടെ അദ്ധ്യാപനകാലം ഏതാനും മാസത്തേക്കു മാത്രമേയുണ്ടായിരുന്നുള്ളു. അതു കഴിഞ്ഞാണു സംസ്കൃതകാളേജിൽനിന്നു മഹാരാജശ്രീ-ആ. രാ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിനെ കാളേജിൽ നിയമിച്ചതു്. കേരളപാണിനീയത്തിൻെറ കർത്താവെന്നും വലിയ വിദ്വാനെന്നുമുള്ള യശസ്സു് അദ്ദേഹത്തിൻെറ ആഗമനത്തിനു പുരസ്സരമായി കാളേജിൽ പ്രചരിച്ചിരുന്നു. തങ്ങൾക്കു് അറിയാൻ മേലാത്തതിനെപ്പററി അപ്രിയമായും അരോചകമായും ആക്ഷേപിക്കുന്ന ഒരു കൂട്ടർ കേരളപാണിനീയത്തിലെ സൂത്രങ്ങൾ നിമിത്തം ആ പുസ്തകത്തെപ്പററി അപലപിച്ചു കേട്ടിട്ടുണ്ടു്. അതു ലോകസ്വഭാവമായ ദൗർബ്ബല്യമാകയാൽ ക്ഷന്തവ്യമത്രെ! അഗാധമായ പാണ്ഡിത്യവും അസാധാരണമായ ശാസ്ത്രീയപ്രതിപത്തിയും തിരുമനസ്സിലെ പ്രത്യേകവിശേഷങ്ങളായിരുന്നു. അവ്യാപ്ത്യതിവ്യാപ്ത്യാദി ദോഷങ്ങളെ വർജ്ജിക്കുന്നതിനും ലക്ഷ്യലക്ഷണങ്ങളെ സ്ഫുടമായി പ്രതിപാദിക്കുന്നതിനും സർവ്വോപരി മിതഭാഷണവ്രതമനുഷ്ഠിക്കുന്നതിനും അദ്ദേഹത്തിൻെറ പാടവം ഒന്നു പ്രത്യേകമായിരുന്നു. ഒരു വലിയ മൊത്തക്കച്ചവടക്കാരനെപ്പോലെ ആയിരുന്നു തിരുമനസ്സുകൊണ്ടു്; അല്ലാതെ 'തീപ്പെട്ടി' ചീപ്പുണ്ടല്ലു്,' എന്നു വിളിച്ചുകൊണ്ടു് തെരുവിൽ നടക്കുന്ന ചില്ലറ വ്യാപാരിയെപ്പോലെ ആയിരു

ന്നില്ല. ഇങ്ങനെയൊക്കെ ആയിരുന്നിട്ടും സ്വയശസ്സിൽ അദ്ദേഹം അലസനായിരുന്നു. യശസ്കാമമുണ്ടായിരുന്നു വെങ്കിൽ ഇൻഡ്യയിലും ഇംഗ്ലണ്ടിലും മററും അദ്ദേഹത്തിൻെറ നാമധേയം പ്രസിദ്ധമാകുമായിരുന്നു. കേരളപാണിനീയം, സാഹിത്യസാഹ്യം, ഭാഷാഭൂഷണം, വൃത്തമഞ്ജരി മുതലായ ശാസ്ത്രഗ്രന്ഥങ്ങളും, കുമാരസംഭവം, ശാകുന്തളം, മാളവികാഗ്നിമിത്രം, കാന്താരതാരകം മുതലായ സാഹിത്യ ഗ്രന്ഥങ്ങളും ഉണ്ടാക്കി മലയാളഭാഷയെ അനുഗ്രഹിച്ചിട്ടുള്ള ആചാര്യനെപ്പററി രാജശ്രീ പി. അനന്തൻ പിള്ള അവർകളും രാജശ്രീ എം. രാജരാജവർമ്മതമ്പുരാന വർകളും എഴുതിയിട്ടുള്ള പ്രബന്ധങ്ങളിൽനിന്നും പലതും ഗ്രഹിക്കാമെന്നുള്ളതുകൊണ്ടു് അധികമൊന്നും ഇവിടെ വിവരിക്കേണ്ടതായിട്ടില്ല. അദ്ദേഹത്തിനു് ഉണ്ടായിരുന്ന ഒരു സിദ്ധാന്തം ദ്വിതീയാക്ഷരപ്രാസത്തിനോടുള്ള വൈമുഖ്യമായിരുന്നു. ആരെന്തുതന്നെ പറഞ്ഞാലും അതു് ദ്രാവിഡവൃത്തക്കാൎക്കു പ്രതികൂലമായ ഒരു സംസ്കൃതപ്രതിപത്തിയാണെന്നു പറയാതെ തരമില്ല. ഒരിക്കൽ നീർവീഴ്ചകാരണം ഞാൻ കാളേജിൽ പോയില്ല. തിരിയെ ചെന്നപ്പോൾ സുഖക്കേടിൻെറ വിവരങ്ങൾ കേട്ടു് "വ്യാധിരാദൈവ?" എന്നു ചോദിക്കുകയും ഉത്തരമായി "അദേങ്ഗുണഃ" എന്നു പറഞ്ഞപ്പോൾ "നന്നായി" എന്നു പറയുകയും ചെയ്തു. ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ ഒരിക്കൽ റിക്ഷാവണ്ടിയിലും തിരുമനസ്സുകൊണ്ടു കാളവണ്ടിയിലും കയറി മദ്രാസിൽവച്ചു് ഒരു മീററിംഗിനു ചെന്നുചേർന്നു. അവിടുന്നു് അതുകണ്ടു പറഞ്ഞതു് "പരമേശ്വരയ്യർ എൻെറ വാഹനത്തിലും ഞാൻ പരമേശ്വരയ്യരുടെ വാഹനത്തിലുമാണല്ലോ വന്നതു്. തരക്കേടില്ല. 'കുബേരസ്ത്ര്യംബകസഖഃ' എന്നുണ്ടല്ലോ," എന്നായിരുന്നു. നരവാഹനനാണു കുബേരനെന്നും രാജരാജാ എന്ന പേരു് കുബേരനുംകൂടിയുണ്ടെന്നും ശിവൻ

വൃഷവാഹനനാണെന്നും, ശിവനും കുബേരനും സ്നേഹിതന്മാരാണെന്നും മററുമുള്ള സംഗതികൾ മേല്പറഞ്ഞഭാഗത്തു് അന്തർഭവിച്ചിരിക്കുന്നു. ഒരിക്കൽ കാളേജു മലയാളസമാജത്തിൽ സ്ത്രീകളുടെ സ്വാതന്ത്ര്യസമരം എന്ന വിഷയമധികരിച്ചു സ്ത്രീകൾക്കു പുരുഷന്മാരോടു സമാവസ്ഥയുണ്ടായിരിക്കേണ്ടതാണെന്നു ഞാൻ ബലമായി പ്രസംഗിച്ചു. അദ്ധ്യക്ഷനായ അവിടുന്നു് ഒടുവിൽ പറഞ്ഞതു്, "നാരായണപിള്ളയുടെ കർക്കശമായ വാദങ്ങൾ കേട്ടുകൊണ്ടു ഞാൻ ഭയന്നു ഭയന്നിരിക്കുകയായിരുന്നു. മേലാൽ സ്ത്രീക്കു ഗർഭമുണ്ടാകുന്നതുപോലെ പുരുഷന്മാക്കും ഗർഭാധാനം വേണമെന്നു പറകയില്ലയോ എന്നു സംശയിച്ചുപോയി." എന്നിങ്ങനെയാണു് അവിടത്തെ ഫലിതപ്രയോഗങ്ങൾ. ദിവാൻജിയായിരുന്ന മാധവറാവു അവർകൾ ഒരിക്കൽ കാളേജുകാണ്മാൻ വന്നു. തിരുമനസ്സുകൊണ്ടു പഠിപ്പിച്ചുകൊണ്ടിരുന്ന ക്ലാസ്സിൽ ചെന്നപ്പോൾ അവിടുന്നു ശാകുന്തളം പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, കൈവശം പുസ്തകമുണ്ടായിരുന്നില്ല. പാഠപുസ്തകം കൈവശം കാണുന്നില്ലല്ലോ എന്നു ദിവാൻജി പറഞ്ഞു. അതിനു് ഉത്തരം "ശാകുന്തളം മുഴവൻ കാണാതറിയാം" എന്നായിരുന്നു. ഇതുകേട്ടു ദിവാൻജി വളരെ വിസ്മയപ്പെട്ടു.

അവിടത്തേക്കു് എൻെറപേരിൽ വിശേഷാൽ വാത്സല്യമുണ്ടായിരുന്നു. ഞാൻ ക്ലാസ്സിൽ എതിർവാദം ചെയ്യുമായിരുന്നു. വയസ്കരമൂസ്സതിൻെറ 'ദുര്യോധനവധം' ആട്ടക്കഥയിൽ പ്രാസപ്രാബല്യംകൊണ്ടു് അത്ഥഹാനിയും ചിലയിടത്തു് അത്ഥശൂന്യതയും ഉണ്ടെന്നു് അവിടുന്നു് ആക്ഷേപിച്ചിരുന്നു. ഞാനെഴുന്നേററുനിന്നു ശരിയായി അത്ഥം പറയാമെന്നു പറഞ്ഞു് ഒന്നുരണ്ടു തവണ വ്യാഖ്യാനിച്ചു കേൾപ്പിച്ചതിൽപ്പിന്നെ അത്തരം ഭാഗങ്ങൾ വന്നാൽ, "നാരായണപിള്ളതന്നെ അത്ഥം പറയട്ടെ," എന്നു അവിടുന്നു പറ

യുമായിരുന്നു. ''ആഴിതൻ തീരമാരാൽ'' എന്ന മയൂരസന്ദേശപ്രയോഗം അപാണിനീയമാണെന്നും ''അന്യാരാദിതരർതേ ഇത്യാദിനാ പഞ്ചമി'' എന്നാണു പാണിനിപ്രമാണമെന്നും, പക്ഷേ, ''അപ്സരസ്ത്രീത്ഥമാരാൽ'' എന്നു മഹാകവിപ്രയോഗമുള്ളതുകൊണ്ടു വലിയകോയിത്തമ്പുരാൻെറ പ്രയോഗത്തിനു രക്ഷപ്പെടാമെന്നും ഞാൻ ഉത്തരകൈലാസിൽ എഴുതിയിരുന്നു. അതിനു് ''ചാന്ദ്രവ്യാകരണാച്ച്'' എന്നു് അവിടുന്നു കൂടുതൽ സമാധാനം നോട്ടുചെയ്തിരുന്നു. ഇങ്ങനെയുള്ള തർക്കങ്ങൾ അവിടുത്തേക്കു ബഹുരസപ്രദമായിരുന്നു. സംസ്കൃതത്തിൽ പാണിനിവ്യാകരണം ഞാൻ വളരെ ഭാഗങ്ങൾ അവിടുത്തോടു ചോദിച്ചു മനസ്സിലാക്കിയിട്ടുള്ളതാണു്. കാളേജിലെ ഉപാദ്ധ്യായന്മാരായിരുന്ന മഹാന്മാരെപ്പററിയുള്ള വിവരണം ഇവിടെ വിരമിപ്പിക്കുന്നു.

## എട്ട്

എൻെറ സതീർത്ഥ്യന്മാരിൽ പ്രാമാണ്യവും പ്രാവീണ്യവും പ്രാപിച്ചവർ പലരുമുണ്ട്. മെസ്സേഴ്സ് എ. വെങ്കിട്ടറാവു (ഹൈക്കോടതി ജഡ്ജി), എൻ. സുന്ദരരാജ അയ്യങ്കാർ (അസി. ഹെഡ്സർക്കാർവക്കീൽ), ബാരിസ്റ്റർ ജി. പത്മനാഭപിള്ള (രണ്ടാംജഡ്ജി), ബാരിസ്റ്റർ കെ. ആർ. പത്മനാഭപിള്ള (ഹൈക്കോടതി വക്കീൽ), പി. കെ. ജോൺ (ഹൈക്കോടതി വക്കീൽ), കെ. പത്മനാഭപിള്ള (ഒന്നാംക്ലാസ് മജിസ്ട്രേട്ട്), കെ. രാമകൃഷ്ണപിള്ള (പത്രാധിപർ) മുതൽപേർ മരിച്ചുപോയിരിക്കുന്നു. മെസ്സേഴ്സ് പി. ശിവശങ്കരപ്പിള്ള (ഹൈക്കോടതിജഡ്ജി), പി. വിശ്വനാഥയ്യർ(പേഷ്കാർ), രാമസ്വാമിഅയ്യർ(ഡാക്ടർ), ഗോവിന്ദപ്പണിക്കർ (ഒന്നാംക്ലാസ് മജിസ്ട്രേട്ട്), ജി. രാമൻമേനവൻ (സമുദായ സേവകൻ), ഈ. പരമുപിള്ള (ഒന്നാംക്ലാസ്മജിസ്ട്രേട്ട്), സത്യദാസ്, അരുമനായകം (ഡി. ജഡ്ജിമാർ), സി. ആണ്ടിപ്പിള്ള (ഹെഡ്മാസ്റ്റർ), ഈ. സുബ്രഹ്മണ്യയ്യർ (നിയമപണ്ഡിതൻ) മുതൽപേർ ഓരോ ജോലികളിൽ പ്രവേശിച്ചു പ്രശോഭിച്ചതിൻെറ ശേഷം ആയുസ്സിൻെറ സായംകാലത്തു വേണ്ട വിശ്രമത്തിനു യോഗ്യരായിത്തീർന്നിരിക്കുന്നു. ഇതിൽ പത്രാധിപർ രാമകൃഷ്ണപിള്ളയെപ്പററി ജിജ്ഞാസുവായ ഒരു ലേഖകൻ വൃത്താന്തപത്രത്തിൽ എഴുതിയിരുന്നതിൽനിന്നും താദൃശന്മാരുടെ കൗതുകനിവൃത്തിക്കു സ്വല്പം വിവരിക്കേണ്ടതായിട്ടുണ്ട്. രാമകൃഷ്ണപിള്ള അവർകളുടെ

ജന്മദേശം നെയ്യാററിൻകരയായിരുന്നു. അമ്മാവൻ കേശവ പിള്ള വക്കീലായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചുകൊണ്ടിരുന്നതു്. എന്നാൽ ഞാൻ അറിയുമ്പോൾ രാമകൃഷ്ണപിള്ള കേശവപിള്ളയുമായി പിണങ്ങി എഫ്. ഏ. പരീക്ഷാജിഗീഷയോടുകൂടി പെരുന്താന്നിയിൽ പാച്ചുപിള്ള എന്നൊരാളിന്റെ വീട്ടിൽ ഒരു പെൺകുട്ടിയുടെ ഗൃഹാദ്ധ്യയനഗുരുവായി താമസിക്കുകയായിരുന്നു. ക്ലാസ് പരീക്ഷയിലുള്ള ഭംഗംകൊണ്ടോ മറേറാ കാളേജിൽ വരാതെ അദ്ദേഹം പ്രൈവററായി പഠിച്ചുകൊണ്ടിരുന്നു. പ്രസ്തുത പെൺകുട്ടിയും അദ്ദേഹവും തമ്മിലുണ്ടായിരുന്ന *ശൈഷ്യോപാദ്ധ്യായിക ക്രമേണ മുറുകി 'ഭജനംമൂത്തു് ഊരാണ്മ' എന്നു പറയുന്നതുപോലെ ഭാര്യാഭർത്തൃബന്ധത്തിൽ കലാശിച്ചു. മെസ്സേഴ്സ് ഒടുവിൽ കുഞ്ഞുകൃഷ്ണമേനവൻ, ഡബ്ലിയൂ. കുറപ്പ്, വി. ജി. രാമൻപിള്ള മുതൽപേർ അന്നു കാളേജിൽ വിദ്യാർത്ഥികളായിരുന്നു. ഇവരാണു് 'കാളേജ് ഓണംഡേ' എന്നു സുവിദിതമായ ആഘോഷത്തിന്റെ ഉൽപാദകന്മാർ. അതിന്റെ ആരംഭദശയിൽ ഞാനും അതിൽ ഭാഗഭാക്കായിരുന്നു. ആരംഭകാലത്തു കടപ്പുറത്തു ശംഖിൻമുഖത്തുവെച്ചാണു് അതു നടത്തിയിരുന്നതു്. അതു് ഒടുവിൽ അഭിവൃദ്ധമാകുകയും മഹാരാജാവുതിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ തദാനീന്തനവിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളും മററും തമ്മിൽ മത്സരിച്ചു് കായികാഭ്യാസാദികൾ നടത്തുകയും, അതു സംബന്ധിച്ച സഭാസമ്മേളനങ്ങളിൽ വി. പി. മാധവരാവു അവർകളെപ്പോലുള്ള ദിവാൻജിമാർ ആദ്ധ്യക്ഷ്യം വഹിക്കുകയും ആകപ്പാടെ ഓണംഡേ പ്രശസ്തമായിത്തീരുകയും ചെയ്തു. കാളേജ്ഡേ എന്ന വിശേഷദിവസം ഡാക്ടർ മിച്ചലിന്റെയും മററു് അദ്ധ്യാപകന്മാരുടെയും ഉത്സാഹത്തി

---

* ഗുരുശിഷ്യബന്ധം.

ന്മേൽ ഉണ്ടായിട്ടുള്ളതാണ്. അതിൻെറ പ്രാരംഭദശയിലും ഞാൻ പങ്കുകാരനായിരുന്നു. വേളീക്കായലിൽ വള്ളംകളിയും, ലഘുഭക്ഷണവും അതിൻെറ ചടങ്ങുകളായിരുന്നു. അതും ക്രമേണ വർദ്ധിച്ച വലിയ സദ്യകളും സദസ്സുകളും വിനോദങ്ങളും മററുമായി രൂപാന്തരപ്പെട്ടു. കാളേജിലെ പ്രിൻസിപ്പാളന്മാർക്ക് കാളേജ്ഡേയോടു് ഓണംഡേ ഒരു പ്രബലമത്സരിയായിത്തോന്നുകയാലോ മറേറാ സ്വല്പം ഈർഷ്യയോ അസൂയയോ തോന്നിയിരുന്നു. ഒടുവിൽ ഈ രണ്ടു വിശേഷങ്ങൾക്കും ആഘോഷസ്ഥാനം പഴയ കാളേജ് കെട്ടിടംതന്നെ ആയിത്തീർന്നു. അവസാനത്തിൽ വൈദേശികനായ ഒരു പ്രിൻസിപ്പാൾ കേരളീയർ കൊടുക്കുന്ന കരത്തിൽനിന്നു തൻെറ ശമ്പളം പററിയിരുന്നു എങ്കിലും, മലയാളികൾക്കു വളരെ പ്രിയമായിരുന്ന ഓണംഡേആഘോഷത്തെ നാമാവശേഷമാക്കിത്തീർത്തു. ഇങ്ങനെയാണ് ഈ രണ്ടു വിശേഷദിവസങ്ങളുടേയും കഥ. അവിടം അങ്ങനെ നിൽക്കട്ടെ. ആയിരത്തിയെഴുപത്തിമൂന്നിലെ ഓണംഡേ ആഘോഷത്തിനാണെന്നു തോന്നുന്നു, ഒടുവിൽ കുഞ്ഞുകൃഷ്ണമേനവൻ കെ. രാമകൃഷ്ണപിള്ള അവർകളെ എനിക്കു പരിചയപ്പെടുത്തിത്തന്നതു്. മേനവൻ പറഞ്ഞു: "ഇദ്ദേഹത്തിനു സാഹിത്യത്തിൽതാൽപര്യമുള്ളതിനു പുറമേ ശില്പങ്ങളും ചിത്രവേലകളുംകൊണ്ടു വിതാനിക്കുന്നതിനും വശമുണ്ടു്. ഈ കൂടാരത്തിൽ കാണുന്ന വിതാനങ്ങൾ അങ്ങനെയുള്ള അലങ്കാരവാസനയുടെ ഫലമാണ്. കുറേശ്ശെ പത്രത്തിലെഴുത്തുമുണ്ടു്." ഇതു കേട്ടിട്ട് രാമകൃഷ്ണപിള്ള അവർകൾ സങ്കോചംനിമിത്തം വിലക്ഷമായി ചിരിച്ചുകൊണ്ടു ലജ്ജാലുവായിട്ടിരുന്നതല്ലാതെ ഒന്നും മറുപടി പറഞ്ഞില്ല. പിന്നീടു ഞങ്ങൾ തമ്മിൽ സംസാരിച്ചതിൽ പത്രമെന്നു പറഞ്ഞതു് അന്നു നേററീവ് ഹൈസ്കൂളിൽ മലയാളം മുൻഷി ആയിരുന്ന പണ്ടാല അവർകൾ നടത്തിയിരുന്ന ഒരു മല

യാളപത്രമായിരുന്നു എന്നു മനസ്സിലായി. അന്നു തിരുവനന്തപുരത്തു മററു മലയാളപത്രങ്ങളുണ്ടായിരുന്നതായി തോന്നുന്നില്ല. മുൻപു കൊട്ടാരം ഗ്രന്ഥപ്പുരയിൽ ജോലിയുണ്ടായിരുന്ന ഒരു പണ്ഡിതനായിരുന്നു പണ്ടാല. വിശാഖംതിരുനാൾ തിരുമനസ്സിലെ കാലത്തു് അവിടുന്നു് ഒരിക്കൽ ഗ്രന്ഥപ്പുരയിൽ എഴുന്നള്ളി അവിടിരുന്നുതന്നെ ഒരു ശ്ലോകമുണ്ടാക്കി അതു് അവിടെ വെച്ചു മറന്നു തിരിച്ചെഴുന്നള്ളി. മഹാരാജാവു പോയപ്പോൾ പണ്ടാല ശ്ലോകമെടുത്തു് അതിന്ന് ഇന്ന തെററുണ്ടെന്നും അതു് ഇന്നവിധം തിരുത്തേണ്ടതാണെന്നും മററും ആ കടലാസ്സിൽത്തന്നെ എഴുതിവെച്ചു. കുറേ കഴിഞ്ഞപ്പോൾ ശ്ലോകമെഴുതിവെച്ചിരുന്ന കടലാസ്സു് എടുത്തുകൊണ്ടുചെല്ലുവാൻ കല്പനയുണ്ടായി. അപ്പോൾ ഉണ്ടല്ലോ, പണ്ടാലയുടെ കൈക്കുററപ്പാടു് തിരുമനസ്സിൽ നിന്നുമെഴുതിയ ശ്ലോകത്തെ ബാധിച്ചിരിക്കുന്നതായി വിളയാടി കണ്ടു. പണ്ടാലയെ വരുത്തി അയാൾ വിദ്വാനാകയാൽ ഒരു മുണ്ടും നേര്യതും സമ്മാനം കൊടുക്കുകയും, പക്ഷേ, കല്പിച്ചുണ്ടാക്കിയ ശ്ലോകം അനുവാദമില്ലാതെ തിരുത്തിയതുകൊണ്ടു് നാളത്തു മുതൽ ജോലിയിൽനിന്നു വിടുത്തി അയയ്ക്കുകയും ചെയ്തു. ഇതിൽനിന്നും പത്രാധിപരായിരുന്ന പണ്ടാലയുടെ വിവേകം സമൃദ്ധമായിരുന്നില്ലെന്നു കാണാമല്ലോ? രാമകൃഷ്ണപിള്ളയുടെ ബന്ധുവായ പാച്ചുപിള്ളയ്ക്കു് സാഹിത്യത്തിൽ എന്തോ സ്പർശമുണ്ടായിരുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തെപ്പററി 'കുഞ്ജളേന്ദ്രൻ' പാച്ചുപിള്ള എന്നാണു് ഉപഹാസരസികന്മാർ പറഞ്ഞുവന്നിരുന്നതു്. 'മഞ്ജുളൻ കുഞ്ജരേന്ദ്രൻ' എന്ന ഭാഗത്തു് 'രളയോരഭേദഃ' എന്നും 'ലളയോരഭേദഃ' എന്നുമുള്ള ക്ലിഷ്ടന്യായങ്ങൾ വച്ചുകൊണ്ടു് രകാരം ളകാരമായി പാച്ചുപിള്ള മാററുകയാൽ 'കുഞ്ജളേന്ദ്രൻ' എന്ന ബിരുദസംജ്ഞ അദ്ദേഹത്തിനു സിദ്ധിച്ചതാണത്രെ! വിവേ

കവികലന്നായ പണ്ടാലയുടെ പത്രം ദീർഘായുസ്സ് അനുഭവിച്ചില്ല. അനന്തരം നമ്മുടെ 'കുഞ്ജേന്ദ്രൻ' തന്നെ ഒരു പത്രം തുടങ്ങി. അതിൻെറ ആധിപത്യം രാമകൃഷ്ണപിള്ളയ്ക്കു സമർപ്പിച്ചു. പക്ഷേ, അചിരേണ പാച്ചുപിള്ളയും രാമകൃഷ്ണപിള്ളയും തമ്മിൽ പിണങ്ങുകയും അന്യോന്യം മത്സരിച്ചു പ്രത്യേകം ഓരോ പത്രം തുടങ്ങുകയും ചെയ്തു. 'വഞ്ചിഭൂപഞ്ചിക' എന്നായിരുന്നു രാമകൃഷ്ണപിള്ളയുടെ പത്രത്തിൻെറ പേർ. പ്രസ്തുത നാമകരണം രാമകൃഷ്ണപിള്ളയുടെ പ്രാപ്തിയിൽ കവിഞ്ഞതും ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെ വൈദുഷ്യമുദ്ര നിസ്തുല്യമായി വഹിക്കുന്നതും ആകുന്നു. ആയിടയ്ക്കു ഒരു ഇംഗ്ലീഷ് മലയാള നിഘണ്ടുവിൻെറ [1]നിർമ്മിത്സയോടുകൂടി [2]മൂവിടത്തു മഠത്തിൽ ചെന്നു് കോയിത്തമ്പുരാൻ പറഞ്ഞു കൊടുത്തതനുസരിച്ചു് ഇംഗ്ലീഷുവാക്കുകൾക്കു തുല്യമായ മലയാളവാക്കുകളോ സംസ്കൃതവാക്കുകളോ രാമകൃഷ്ണപിള്ള കുറിച്ചെടുത്തുവന്നിരുന്നു. അങ്ങനെ അല്ലാതെ സംസ്കൃതഭാഷ മി. രാമകൃഷ്ണപിള്ള അഭ്യസിച്ചിരുന്നില്ല. സംസ്കൃതഭാഷയുടെ അഭിനവസമ്പർക്കത്തിൽ അതു സമൃദ്ധമായി ഉപയോഗിച്ചുവന്നിരുന്നതുകൊണ്ടു് 'ക്രമുകര' കേശവക്കുറുപ്പ് എന്നു മറെറാരു പത്രപ്രവർത്തകൻ രാമകൃഷ്ണപിള്ളയുടെ ഭാഷ പത്തൊൻപതാം ഭാഷയാണെന്നു് ആക്ഷേപിച്ചിരുന്നു. എന്നാൽ ഈ ദോഷത്തിനു കാലക്രമത്തിൽ വളരെ ശമനം നേരിടാതെയിരുന്നില്ല. മേൽ പറഞ്ഞതു പോലെയുണ്ടായ പത്രങ്ങൾ രണ്ടും വളരെ നിലനില്ക്കാതെ സമാപ്തിയെ ഭജിച്ചു. പിന്നെയാണു് രാമകൃഷ്ണപിള്ള 'സ്വദേശാഭിമാനി' എന്ന പത്രം തുടങ്ങിയതു്. അതുകൊണ്ടുള്ള പ്രയോജനങ്ങളിൽ ഒന്നു് സ്വരാജ്യത്തിൽനിന്നും ബഹിഷ്കരണമായിരുന്നു.

---

1. നിർമ്മിക്കാനുള്ള ഇച്ഛ.
2. കോട്ടയ്ക്കകത്തു കോയിത്തമ്പുരാൻ താമസിച്ചിരുന്ന സ്ഥലത്തിൻെറ പേർ.

തന്റെ പ്രഥമപരിഗ്രഹമായി പാച്ചുപിള്ളയുടെ വീട്ടിൽനിന്നും സ്വീകരിച്ചിരുന്ന ശിഷ്യ മരിച്ചു കുറേക്കഴിഞ്ഞതിൽപ്പിന്നെയാണ് ശ്രീമതി ബി. കല്യാണിയമ്മയെ അദ്ദേഹം വിവാഹം കഴിച്ചതു്. ബാലികാപാഠശാലയിലേക്കും അവിടെനിന്നു വീട്ടിലേക്കും ഉള്ള ഗതാഗതവേളകളിൽ ആ വിദ്യാർത്ഥിനിയുടെ ദർശനീയത, രാമകൃഷ്ണപിള്ളയിൽ ശാന്തമായും ശീതകമായും കിടന്നിരുന്ന അനുരാഗത്തെ ചൂടുപിടിപ്പിച്ച് അവരുടെ വിവാഹത്തിനു ഹേതുഭൂതമായിത്തീർന്നു. എഫ്. ഏ. പരീക്ഷയ്ക്കു ഞാൻ ചേർന്ന ആണ്ടിൽത്തന്നെ അദ്ദേഹവും ചേർന്നു. ഞങ്ങൾ രണ്ടാളും ആ ആണ്ടിൽത്തന്നെ ജയിക്കുകയുംചെയ്തു. ഞാൻ രസതന്ത്രവും അദ്ദേഹം കണക്കും ഐച്ഛികശാസ്ത്രങ്ങളായി സ്വീകരിച്ച ബി. ഏ. ക്ലാസ്സിൽ ചേർന്നു. കുറെക്കഴിഞ്ഞപ്പോൾ, വിദ്യാർത്ഥികളുടെ തോന്നിവാസത്തെ നിയന്ത്രിക്കുന്നതിൽ ദുരതിക്രമനിഷ്ഠനായ ഡാക്ടർ മിച്ചൽ രാമകൃഷ്ണപിള്ളയുടെ പത്രപ്രവൃത്തിഭ്രമം അറിഞ്ഞു വിളിച്ചുവരുത്തി ഇങ്ങനെ ഉപദേശിച്ചു. "കണക്കുശാസ്ത്രപ്രകാരം നാലും മൂന്നും ഏഴ് എന്നല്ലാതെ ആകയില്ല. പത്രപ്രവൃത്തിയിൽ നാലും മൂന്നും ആറ് അല്ലെങ്കിൽ എട്ട് എന്നും ആകുന്നതാണ്. ശാസ്ത്രങ്ങൾപ്രകാരം വക്രം ഋജു ആകയില്ല. കറുപ്പ് ഒരിക്കലും വെളുപ്പാകയില്ല. പക്ഷേ, പത്രപ്രവർത്തകന്മാർക്കു ചിലപ്പോൾ കറുപ്പു വെളുപ്പായും വെളുപ്പു കറുപ്പായും ഋജു വക്രമായും കാണിക്കേണ്ടതായി വരും. അതുകൊണ്ടു കണക്കും പത്രാധിപത്യവുംകൂടി ഒരുമിച്ച് അഭ്യസിക്കാമെന്നോ നടത്താമെന്നോ വിചാരിക്കേണ്ട. അതിനാൽ ഏതെങ്കിലും ഒന്നു വരിച്ചുകൊള്ളുക. മറേറതു് ഉപേക്ഷിക്കുക." സായിപ്പു പറഞ്ഞതിൽ ഏതാണ്ടു പരമാർത്ഥമുണ്ടെന്നു രാമകൃഷ്ണപിള്ള സമ്മതിച്ചതുപോലെ കണക്കുശാസ്ത്രത്തിന്റെ അഭ്യാസം നിർത്തി പത്രാധിപത്യത്തെ അദ്ദേഹം അംഗീകരിച്ചു. കാലാന്തരത്തിൽ ചരിത്രമോ

തത്വജ്ഞാനമോ ഐച്ഛികശാസ്ത്രമായി സ്വീകരിച്ചാണ് അദ്ദേഹം ബി. ഏ. പരീക്ഷ പൂർത്തിയാക്കിയതു്.

ബി. ഏ. ക്കാരുടെ കൂട്ടത്തിൽ ഗണനീയനായിരുന്നു എങ്കിലും ഇംഗ്ലീഷുഭാഷാപ്രയോഗത്തിലുള്ള പ്രാപ്തി എത്ര കണ്ടുണ്ടായിരുന്നു എന്നു നിശ്ചയമില്ല. എന്തുകൊണ്ടെന്നാൽ ആ ഭാഷയിൽ അദ്ദേഹമൊന്നുമെഴുതിക്കണ്ടിട്ടില്ല. അതുപോലെ പ്രസംഗവേദികളിൽ അദ്ദേഹത്തിനു വാചാപ്രസംഗം ചെയ്യുന്നതിനുള്ള ശക്തിയും സരസസല്ലാപസാമർത്ഥ്യവും അജ്ഞാതമാകുന്നു. പത്രാധിപസങ്കേതത്തിലിരുന്നു ലേഖനങ്ങൾ എഴുതി ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്നതിലാണ് അദ്ദേഹത്തിൻെറ സാമർത്ഥ്യം കണ്ടിരുന്നതു്. ആക്ഷേപത്തിനുചിതവും നിശിതവുമായ ഭാഷ അദ്ദേഹത്തിനു വശ്യമായിരുന്നു. വിനോദയോഗ്യമായോ രമ്യരസമായോ ലളിതമായോ ഉള്ളഭാവങ്ങളെ പ്രതിപാദിക്കുവാൻ അദ്ദേഹം തുനിഞ്ഞിട്ടില്ല. അദ്ദേഹത്തിൻെറ ആക്ഷേപതൃക്ഷത മിക്കവാറും ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ രാജ്യഭരണത്തിന്മേൽ ചെലവാക്കിയിരുന്നു. ഏതാനും ചില പാരിപാർശ്വകന്മാരായ *ആദത്താക്കളുടെ പ്രശംസയാൽ തരളീകൃതനായി തിരുമനസ്സിലെ രാജ്യഭരണത്തെ മലിനച്ഛായയിൽ വർണ്ണിക്കുവാൻ അദ്ദേഹം ബദ്ധകങ്കണനായിരുന്നു. അതിലേയ്ക്കു സംഗതികളെ വക്രീകരിക്കുന്നതിനും വളരെ വിക്രമം പ്രദർശിപ്പിച്ചുവന്നു. അങ്ങനെയിരിക്കെ കൊട്ടാരത്തിലെ ഒരു പരിചാരിക അവിടെ കിടന്നു മരിച്ചു. 'അപസ്മാര' പീഡയാൽ വെള്ളത്തിൽ വീണു മരിച്ചതായിട്ടാണ് അധികാരസ്ഥന്മാർ പറഞ്ഞതു്. പക്ഷേ, ആരോ അതു നരഹത്യയായി സൂചിപ്പിച്ച് കല്യാണീനാടകമെന്നും കളവാണീനാടകമെന്നും മററും പേരുവച്ചുകൂടാതെ ചില പ്രബന്ധങ്ങളെഴുതി പ്രസിദ്ധ

* ആദരിക്കുന്നവരുടെ

പ്പെടുത്തി. അതു രാമകൃഷ്ണപിള്ള അറിയാതെ വന്നിരിക്കയില്ലെന്നാണു് എന്റെ വിശ്വാസം. അന്നു കൊട്ടാരത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കെ. സി. കേശവപിള്ള അവർകൾ മുഖേന ഞാനാണു് പ്രസ്തുത പ്രബന്ധങ്ങളുടെ കർത്താവെന്നു കൊട്ടാരത്തിൽ അറിയത്തക്കവണ്ണം കിംവദന്തി പരന്നു. പക്ഷേ, അന്വേഷണത്തിൽ എനിക്കു് അതിൽ ഒരു കാര്യവുമുണ്ടായിരുന്നില്ലെന്നും അതിന്റെ ഉൽപത്തിക്കു ഹേതുഭൂതൻ കപ്പലിൽത്തന്നെ കള്ളൻ എന്നു പറയും പോലെ എന്നെപ്പററി അപവാദം ഉണ്ടാക്കുവാൻ ശ്രമിച്ചതിൽ ആരെങ്കിലും ആയിരിക്കുമെന്നും വേണ്ടവർക്കു മനസ്സിലായി. രാജ്യദൂഷണരസം കലശലായപ്പോൾ ദിവാൻ സർ. പി. രാജഗോപാലാചാരിയുടെ ആലോചനപ്രകാരം രാമകൃഷ്ണപിള്ളയെ ഇവിടെ നിന്നു നാടുകടത്തുകയും സ്വദേശാഭിമാനിപത്രത്തെ അമർച്ച ചെയ്യുകയും ചെയ്തു. ഗവമ്മെൻറിന്റെ പ്രസ്തുത പ്രവൃത്തി അസാധുവാണെന്നു സാധിക്കുവാൻ 'ഇൻഡ്യൻ പേട്രിയററ്'' പത്രത്തിൽ അതിന്റെ അധിപരായിരുന്ന കരുണാകരമേനവനവർകൾ പ്രസിദ്ധപ്പെടുത്തിയിരുന്ന ചില ലേഖനങ്ങളെ ആസ്പദമാക്കി അവ തനിക്കു് അപകീർത്തികരമാണെന്നു സ്ഥാപിക്കുവാൻ രാമകൃഷ്ണപിള്ള മദ്രാസ് ഹൈക്കോർട്ടിൽ ബോധിപ്പിച്ചിരുന്ന അന്യായം തള്ളി വിധിയായി. ആ വിധി പുനരാലോചിക്കുവാൻ അപേക്ഷ കിടക്കെ നിഷ്കാസിതനായ പത്രാധിപർ മരിക്കുകയും ചെയ്തു. ഇങ്ങനെയാണു ചിലരുടെ സ്തുതിപാത്രമായ രാമകൃഷ്ണപിള്ള അവർകളുടെ ചരിതം. മഹാരാജാവു തിരുമനസ്സിലെ തിരുവുള്ളം എന്റെ പേരിലുണ്ടായിരുന്നു എന്നറിഞ്ഞതു മുതൽ എന്നെപ്പററി രാമകൃഷ്ണപിള്ളയ്ക്കു ദ്വേഷമാണുണ്ടായിരുന്നതു്. അതിന്റെ ഫലമായി ഞാൻ സഭാപ്രവേശത്തിനു വ്യാഖ്യാനമെഴുതുന്നുണ്ടെന്നു് അറിഞ്ഞുകൊണ്ടു് അദ്ദേഹം ധൃതഗതിയിൽ ഒരു വ്യാഖ്യാനം എഴുതി. ഭാഗവതം കിളിപ്പാട്ടു ഞാൻ പ്രസാധനം

ചെയ്തു് അച്ചടിപ്പിച്ചതു. തിരുമുൽക്കാഴ്ചവസ്തുകയും മഹാരാജാവു തിരുമനസ്സുകൊണ്ടു് കല്പിച്ചു് എനിക്കു ഒരു മോതിരം സമ്മാനം തരികയും ചെയ്തു. രാമകൃഷ്ണപിള്ളയുടെ പിത്തം കോപിച്ചു് അതിനു ചില ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു. ഭാഗവതത്തിൽ ചില ഭാഗങ്ങൾ എഴുത്തച്ഛൻെറ കൃതി അല്ലെന്നും സ്ഖലിതമയമാണെന്നും ഞാൻ അഭിപ്രായപ്പെട്ടിരുന്നു. ആ ഗ്രന്ഥം മുഴുവൻ ഗ്രഹിക്കുന്നതിനുള്ള പാണ്ഡിത്യമോ എൻെറ അഭിപ്രായത്തിൻെറ സാധുത്വം പരിശോധിക്കുന്നതിനുവേണ്ട പ്രാപ്തിയോ ഇല്ലാത്ത രാമകൃഷ്ണപിള്ള അവർകളുടെ അസംബന്ധപ്രലാപഡിണ്ഡിമം പ്രതിജ്ഞചെയ്തതുപോലെ പൂർത്തിയാകാതെ വിരമിച്ചു. 'ചാപിള്ള' പിറന്നതുപോലെ ജനിച്ച ആ പരിവാദം കണ്ടു് വിദ്വജ്ജനങ്ങൾ അന്യഥാ ധരിക്കയില്ലെന്നുവെച്ചു് ഞാൻ അതു ഗണ്യമാക്കിയതുമില്ല. ഇങ്ങനെയായിരുന്നു ഞങ്ങളുടെ സൗഹാർദ്ദത്തിൻെറ പരിണാമഗതി.

കാളേജിൽ നേരെ *ഔപാദ്ധ്യായകമായി സിദ്ധിച്ചിരുന്ന വിജ്ഞാനത്തെ പോഷിപ്പിക്കുന്നതിനും ശോധിക്കുന്നതിനും, (College Debating Society) വാദപ്രതിവാദകസംഘം എന്നും, കാളേജ് മലയാളസമാജം എന്നും രണ്ടു സമാജങ്ങൾ ഉണ്ടായിരുന്നു. ഇംഗ്ലീഷിലായിരുന്നു വാദപ്രതിവാദകസംഘത്തിലെ നടപടികൾ. ഒന്നോ രണ്ടോ കൊല്ലം ഞാൻ അതിലെ കാര്യദർശിയായിരുന്നു. കാളേജിലെയും ഹൈസ്കൂളിലെയും അദ്ധ്യാപകന്മാരും വാദപ്രതിവാദത്തിനു ചേരുകയും പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. രാജരാജവർമ്മകോയിത്തമ്പുരാനെ കാളേജിൽ നിയമിച്ചപ്പോൾ അദ്ദേഹത്തിൽനിന്നു് വൈദുഷ്യദുശ്ധം ദോഹനംചെയ്യുവാൻ ഒരു കിടാവുപോലെ ഉപകരിക്കുമെന്നു കരുതിയാണു് കാളേ

* ഉപാദ്ധ്യായനിൽനിന്നു കിട്ടിയതു്.

ജിൽ മലയാളസമാജം സംഘടിപ്പിച്ചതു്. ആ ഉപായം ഏറെക്കുറെ ഫലിച്ചില്ലെന്നുമില്ല. അതിന്റെ സൃഷ്ടികർത്താവായ ആലങ്ങാട്ടുകാരൻ വി. ജി. രാമൻപിള്ള അവർകൾ ആർ. പി. എന്ന സംക്ഷിപ്തസംജ്ഞവെച്ചു ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ചെറുകഥകളുടെ പ്രബന്ധകനായിരുന്നു. എന്റെ ദൃഢസ്നേഹിതനായിരുന്ന അദ്ദേഹം ബി. എ. ജയിച്ചു് സർക്കാർസർവ്വീസിൽ പ്രവേശിച്ചു് അധികമാകുന്നതിനുമുൻപു് ഹതവിധിയാൽ മൃതിയടഞ്ഞുപോയി. ഈ സമാജങ്ങൾക്കുടാതെ കാളേജ്‌വിദ്യാർത്ഥികളും മററുള്ളവരും ചേർന്നു് വിദ്യാപോഷണാഭിലാഷത്തോടുകൂടി വേറെയും സമാജങ്ങൾ നടത്തിയിരുന്നു. അവ കാളേജിനു ബാഹ്യങ്ങളായിരുന്നു.. അങ്ങനെയുള്ള ഒരു സമാജമായിരുന്നു കേരളസമാജം. ലാൻഡ്‌റവന്യൂക്കമ്മീഷണറായിരുന്ന ആർ. കൃഷ്ണപിള്ള അവർകൾ, പേഷ്കാരായിരുന്ന നീലകണ്ഠപ്പിള്ള അവർകൾ, വക്കീൽ എടാമടത്തിൽ അച്യുതൻപിള്ള അവർകൾ, ശ്രീപാദം ഉദ്യോഗസ്ഥൻ മി: നീലകണ്ഠപ്പൊതുവാൾ മുതൽപേരും ഞാൻ മുതലായ വിദ്യാർത്ഥികളും അതിൽ അംഗങ്ങളായിരുന്നു. വാദപ്രതിവാദങ്ങൾ പ്രസംഗങ്ങൾ നാടകാഭിനയങ്ങൾ ഇത്യാദി ഔർജ്ജിത്യവിജൃംഭണങ്ങൾ പ്രസ്തുത സമാജാംഗങ്ങളായ ഞങ്ങൾ പലപ്പോഴും സ്ഫുടിപ്പിച്ചുകൊണ്ടിരുന്നു. ബാരിസ്റ്റർ ജി. പത്മനാഭപിള്ള അവർകൾ ഇംഗ്ലണ്ടിൽ പോകുന്നതിനുമുൻപു് അദ്ദേഹത്തിന്റെ വസതിയിൽവെച്ചു് ഒരു സമുദായപരിഷ്കരണസംഘം നടത്തുകയും ക്രിസ്ത്യൻ മിഷണറിമാരെപ്പോലെ തിരുവനന്തപുരത്തു് ആറാട്ടിനു് ലഘുലേഖകൾ അച്ചടിച്ചു ഞങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നതു പ്രസ്താവയോഗ്യമാകുന്നു.

## ഒൻപതു്

ഞാനും എൻെറ കൂട്ടകാരും നിരന്തരമായി തിരുവനന്തപുരത്തു താമസിച്ചിരുന്നു എങ്കിലും ഞങ്ങൾ ഉദുംബരമശകങ്ങളെപ്പോലെയോ കൂപമണ്ഡൂകങ്ങളെപ്പോലെയോ വാസസ്ഥലംകൊണ്ടു തൃപ്തിപ്പെട്ടിരുന്നില്ല. ദൂരസ്ഥലദർശനകൗതുകംകൊണ്ടു് പലയിടത്തേക്കും യാത്രപുറപ്പെടുകയും പല സ്ഥലത്തും സഞ്ചരിക്കുകയും ചെയ്തിരുന്നു. അങ്ങനെ ഒരു യാത്രാലക്ഷ്യം തിരുവനന്തപുരത്തുനിന്നു് ഇരുപത്തിയൊന്നു മൈൽ വടക്കു് പാലോട്ടു് എന്നു പറയുന്നിടമായിരുന്നു. കെ. ആർ. പത്മനാഭപിള്ളയും ഞാനും താമസിച്ചിരുന്നതിനു സമീപം ലാക്കാളേജു് വിദ്യാർത്ഥി രാമൻപിള്ള എന്നൊരാളും അദ്ദേഹത്തിൻെറ കൂട്ടകാരനായി നീലകണ്ഠനുണ്ണി എന്നൊരാളുമുണ്ടായിരുന്നു. അതുനിമിത്തം ഉണ്ണിരാമൻ എന്നു രാമൻപിള്ളയേയും, രാമനുണ്ണി എന്നു നീലകണ്ഠനുണ്ണിയേയും വിനോദപ്രിയന്മാരായ വിദ്യാർത്ഥികൾ പറഞ്ഞുവന്നു. അവർ രണ്ടുപേരും വൈക്കത്തുകാരായിരുന്നു. നെടുമങ്ങാട്ടുകാരൻ മണ്ടകപ്പിള്ള എന്നൊരാൾ വൈക്കത്തഷ്ടമി തൊഴാൻ പോയപ്പോൾ രാമൻപിള്ളയുടെ വീട്ടിൽ താമസിക്കുകയും അവിടത്തെ സ്ത്രീകളുടെ വക കേടുപററിയ ചില മൂക്കുകുത്തികൾ നന്നാക്കിക്കൊടുക്കാമെന്നു പറഞ്ഞു് വാങ്ങിക്കൊണ്ടുപോരുകയും ചെയ്തു. ഏറിയ നാളായിട്ടും മൂക്കുകുത്തികൾ തിരിയെ കൊടുക്കായ്കയാൽ അവ അററകുററം തീർത്തു തിരിയെ വാങ്ങിക്കൊണ്ടു ചെല്ലുവാൻ രാമൻപിള്ള

യെ ചുമതലപ്പെടുത്തി വീട്ടുകാർ എഴുതിയയച്ചു. മണ്ടകപ്പിള്ള യെത്തേടിപ്പോകുന്നു എന്നു് എന്നോടും കെ. ആറിനോടും രാമൻപിള്ള പറഞ്ഞു. എന്നാൽ നെടുമങ്ങാട്ടു കാണാൻ ഞങ്ങളുംകൂടി വരാമെന്നു പറഞ്ഞു് ഞങ്ങൾ മൂവരുമായി പുറപ്പെട്ടു. നെടുമങ്ങാട്ടു ചെന്നപ്പോൾ മണ്ടകപ്പിള്ള അവി ടന്നു് അസാരം വടക്ക 'വിതിര' (എന്നാണെന്നു തോന്നുന്നു) എന്നു പറയുന്നിടത്തു പോയിരിക്കുന്നതായിപ്പറഞ്ഞു. നെടു മങ്ങാട്ടു നിന്നു കുറെ എരുമപ്പാൽകാപ്പിയും കുടിച്ചുകൊണ്ടു വിതിരക്കു പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ കുറേ മുമ്പെ മണ്ടകപ്പിള്ള പാലോട്ടേയ്ക്കു പോയതായിട്ടറിഞ്ഞു. മണ്ട കപ്പിള്ളയെ കാണാതെ അടങ്ങുകയില്ലെന്നു രാമൻപിള്ള നിർബന്ധം പിടിച്ചു. ഏതോ ചില സ്ത്രീകളുടെ മൂക്കിൻെറ പുട്ടിലിൽ ഉണ്ടായിരുന്ന ദ്വാരത്തിനു് അലങ്കാര മായ മൂക്കുകുത്തികൾ കിട്ടിയാലെന്തു്? ഞങ്ങളുടെ പാദം ദീർഘദൂരം നടന്നു ക്ലേശിക്കേണ്ട കാര്യമെന്തു്? ആഹാര മില്ലാതെ വഴിനടക്കുന്നതെങ്ങനെ? എന്നുള്ള വിചാരമൊന്നു മില്ലാതെ ഞങ്ങളും കൂടി ചെല്ലാമെന്നു രാമൻപിള്ളയോടു പറഞ്ഞു. ദൈവാധീനംകൊണ്ടു് മണ്ടകപ്പിള്ളയുടെ ബന്ധു ക്കൾ ഞങ്ങൾക്കു ഭക്ഷണം തരുന്നതിനു് ഒരുക്കങ്ങൾ തുടങ്ങു കയും അത്രയും സമയം ഞങ്ങൾ വിശ്രമിക്കുകയും ചെയ്തു. ഒടു വിൽ ചക്കക്കുരുപോലുള്ള അരി വെച്ച ചോറും അതിനു സാ ചിവ്യംവഹിക്കുന്ന എരുമത്തൈരും വാഴപ്പിണ്ടിയും കാന്താ രിമുളകുംകൊണ്ടുള്ള കൂട്ടുവാനും ജഠരകഠിനമായി കഴിയു മ്പോലെ ചെലുത്തിക്കൊണ്ടു് ഞങ്ങൾ പാലോട്ടേക്കു പുറ പ്പെട്ടു. അസ്തമയോന്മുഖനായ ആദിത്യൻ അരുണവർണ്ണങ്ങ ളായ കിരണങ്ങളെ തരുനികരങ്ങളുടെ ഇടയിൽക്കൂടി തരം ഗിതമായി ചിതറിക്കൊണ്ടിരിക്കുമ്പോൾ ഞങ്ങൾ പാലോട്ടു ചെന്നുചേൻ. മണ്ടകപ്പിള്ളയെ കണ്ടുമുട്ടി. അയാൾ തൻെറ കൃഷിക്കാരൻെറ പർണ്ണശാലയിലായിരുന്നു. മൂക്കുത്തികളൊ

നും നന്നാക്കിയിരുന്നില്ല. അടുത്ത അഷ്ടമിക്കു വൈക്കത്തു വരുമ്പോൾ എല്ലാം നന്നാക്കിക്കൊണ്ടുവരാം എന്നുള്ള സമാധാനം സ്വീകരിക്കയല്ലാതെ സാമദാനഭേദദണ്ഡങ്ങളൊന്നും ഫലപ്രദമാകയില്ലെന്നു മനസ്സിലായി. സന്ധ്യയായപ്പോൾ, സമീപത്തുകൂടിയൊഴുകുന്ന വാമനപുരത്താറു കാണുവാൻ ഒരാൾ ഞങ്ങളെ ക്ഷണിച്ചു. അവിടെ അടുത്തുതന്നെ ഒരു ആശുപത്രിയുമുണ്ടായിരുന്നു. ഇരുകരകളിലുമുള്ള വൃക്ഷങ്ങളിൽ വീടു വച്ചിരുന്ന ചീവീടുകളുടെ ഝങ്കാരംകൊണ്ടു ഭയങ്കരവും വൃക്ഷച്ഛായ നിമിത്തം *അവതമസവ്യാപ്തവും ആയ നദി അവിടെ അപ്രസന്നമുഖിയായി കറുത്ത ഭാവത്തോട് ഒഴുകിയിരുന്നു. അഥവാ ഇഴഞ്ഞിരുന്നു എന്നു പറയുന്നതു കുറച്ചുകൂടി യുക്തമായിരിക്കും. സന്ധ്യയായപ്പോൾ കൃഷിക്കാരൻെറ വീട്ടിൽ ഞങ്ങൾ വീണ്ടും ചെന്നുചേൻ്നു. ഞങ്ങളെ സൽകരിക്കുവാൻ ഒരു പാളയൻകോടൻകുല മുഴുവൻ മണ്ടകപ്പിള്ള ചെലവെഴുതി. വനപ്രായമായ ആ സ്ഥലത്ത് അത്രയെങ്കിലും ലഭിച്ചല്ലോ എന്നുള്ള കൃതജ്ഞതയോടുകൂടി ഞങ്ങൾ അത്താഴവും കഴിഞ്ഞു യാത്രയും പറഞ്ഞ് അവിടെത്തന്നെ കിടന്നു. നാലഞ്ചു വെളുപ്പുള്ളപ്പോൾ എഴുന്നേററു തിരുവനന്തപുരത്തേയ്ക്കു തിരിച്ചുള്ള യാത്രയാരംഭിച്ചു. കുറെ ദൂരം വന്നപ്പോൾ പല ശാഖകളായിത്തിരിഞ്ഞ വഴികളിൽ ഏതാണു ഞങ്ങൾ സ്വീകരിക്കേണ്ടതു് എന്നു നിശ്ചയമില്ലാതെ കുഴങ്ങി. അങ്ങോട്ടു പോയപ്പോൾ ഇതൊന്നും അത്ര സൂക്ഷിച്ചില്ല. റോഡിൽ ഇരിക്കുക എന്നല്ലാതെ ഗതിയില്ലെന്നുവന്നു. അങ്ങനെയിരിക്കെ ദൂരത്തു 'കിണുകിണ' കേട്ടുതുടങ്ങിയ ഒരു കണുനഘോഷം സമീപിച്ചുവന്നു. അതു് അഞ്ചൽക്കാരൻെറ മണിയുടെ പ്രണാദമായിരുന്നു. അയാളുടെ പുറകെ കൂടിയാൽ നെടുമങ്ങാട്ടു് എത്താമല്ലോ എന്നുള്ള സന്തോഷത്തോടുകൂടി ഞങ്ങളും കൂടെ ഓടുവാൻ തുടങ്ങി.

---

* ക്ഷീണിച്ച ഇരുട്ട്.

അഞ്ചൽപ്പെട്ടി പിടിച്ചുപറിക്കുവാനുള്ള ഉത്സാഹമാണെന്നു ശങ്കിച്ചതുപോലെ ദ്വിഗുണീകൃതവേഗത്തോടു് അഞ്ചൽക്കാരൻ ഉളിപോലെ പാഞ്ഞു മുമ്പോട്ടുപോയി. ഭഗ്നാശയന്മാരായ ഞങ്ങളുണ്ടോ ജംഘാലനായ അവനോടു് ഓട്ടത്തിൽ കിടനില്ക്കുന്നു! പിന്നെ തപ്പിത്തടഞ്ഞു് ഒരു വിധത്തിൽ നെടുമങ്ങാട്ടും തിരുവനന്തപുരത്തും വന്നുചേർന്നെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

തിരുവനന്തപുരത്തുനിന്നു് ആറേഴ്മൈൽ തെക്കുകിഴക്കായിട്ടു് ഇളനീലവർണ്ണമായ ആകാശത്തിനു് എതിരായി ഈഷന്നീലമായ ഒരു പാനപാത്രം കമഴ്ത്തിവച്ചിരിക്കുന്നതുപോലെ കാണുന്നതു മുക്കുന്നിമലയാകുന്നു. അതിന്റെ ശിരസ്സിൽ ആഘാതങ്ങൾകൊണ്ടു പാദങ്ങളെ ധന്യമാക്കേണമെന്നു് എനിക്കും ചില കൂട്ടുകാക്കും തോന്നുകയാൽ ഞങ്ങൾ അതിലേയ്ക്കു് ഏതാനും ലഘുഭക്ഷണപദാത്ഥങ്ങളോടുകൂടി പുറപ്പെട്ടു. അങ്ങോട്ടുള്ള സാധാരണവഴി നെയ്യാററിൻകരയ്ക്കുള്ള വഴിയേ ചെന്നിട്ടാണു്. പക്ഷേ ആ വഴിയേ പോകുന്നതു പൗരുഷമല്ലെന്നുള്ള ഭാവത്തിൽ കിഴക്കോട്ടു ചെന്നുള്ള ഒരു കാട്ടുവഴിയേ ആണു് ഞങ്ങൾ പുറപ്പെട്ടതു്. "വർജ്ജനീയഃ കദദ്ധ്വാ" എന്നുള്ള ശുകസന്ദേശവചനം ഞങ്ങൾ ആദരിച്ചില്ല. പലരോടു ചോദിച്ചും വഴി പിശകിയും ഇരട്ടിപ്പടിദൂരം നടന്നും മുക്കുന്നിമലയുടെ ചുവട്ടിൽ ചെന്നപ്പോൾ നേരം സന്ധ്യയായി. കൈയിലുണ്ടായിരുന്ന ലഘുഭക്ഷണപദാത്ഥങ്ങൾ അശേഷം തീന്നിരുന്നു. അസമയത്തു മലയിൽ കയറുന്നതിനുള്ള ഭയത്തിനു പുറമേ അതു റിസവ്വ്വനമായിരുന്നതിനാൽ അവിടത്തെ കാവല്ക്കാരായിരുന്ന ശിപായിമാർ തടസ്സക്കാരായിരുന്നു. അത്താഴമൂണും രാത്രിയിലെ വിശ്രമവും നിർവ്വഹിക്കുന്നതിനു മാഗ്ഗം എന്തൊന്നുള്ളു എന്നു് അന്വേഷിച്ചതിൽ അവിടെ സമീപത്തു് ഒരു

നായർഭവനമുണ്ടു് എന്നു മനസ്സിലായി ഞങ്ങൾ അഞ്ചാറാളു കൂടി അങ്ങോട്ടു ചെന്നു. ഗ്രഹപ്പിഴകൊണ്ടു് അവിടെ ഒരു സ്ത്രീ ആസന്നമരണയായി കിടന്നിരുന്നു. അവിടെ അത്താഴത്തിനാകട്ടെ മററു സൽകാരങ്ങൾക്കാകട്ടെ ഒരു നിർവ്വാഹവുമില്ലെന്നു വീട്ടിലെ ഭരണകർത്താവു പറഞ്ഞു. ഞങ്ങൾ വളരെ സങ്കടവും അനുകമ്പയും പ്രദർശിപ്പിച്ചു കൊണ്ടു് "അങ്ങനെ ആണെങ്കിൽ കുറെ രാമായണം വായിച്ചുകേൾക്കുന്നതു് ഒന്നുകിൽ ഇഹലോകത്തേയ്ക്കു് അല്ലെങ്കിൽ പരലോകത്തേയ്ക്കു് അവൾക്കു ശ്രേയസ്കരമായിരിക്കുമെന്നും രാമായണം വായിക്കുന്നതിനും ഭംഗിയായി അർത്ഥം പറയുന്നതിനും വശമുള്ളവർ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടെന്നും" പറഞ്ഞു. ഈ വ്യവസ്ഥയിന്മേൽ അത്താഴം തരാമെന്നു ഗൃഹസ്ഥനും സമ്മതിച്ചു. വി. ജി. രാമൻപിള്ള അവർകൾ രാമായണം വായിക്കുകയും ഞാൻ അർത്ഥം പറയുകയും ചെയ്തു. അനന്തരം അത്താഴമുണ്ണും കഴിഞ്ഞു് പ്രത്യേകം ഒരു കെട്ടിടത്തിൽ ഞങ്ങൾ കിടന്നുറങ്ങി. ഏകദേശം രാത്രി രണ്ടുമണി കഴിഞ്ഞപ്പോൾ ദീനക്കാരി മരിച്ചു. രാമായണം വായിച്ചതിൻെറ ഫലം ഇങ്ങനെയാണല്ലോ എന്നു വിചാരിച്ചു നേരം വെള്ളവീശിയപ്പോൾ ഒന്നും പറയാതെ ഞങ്ങൾ ഇറങ്ങിപ്പോരുകയും ചെയ്തു. മലയുടെ മുകളിൽ കയറി നോക്കിയതിൽ ചുററുമുള്ള കാഴ്ച അതിമനോഹരമായിത്തോന്നി. ദൂരെയായി മററു മലഞ്ചെരുവുകളിൽനിന്നുമുള്ള വെള്ളച്ചാട്ടം വിവിധവർണ്ണവൈചിത്ര്യശോഭകൊണ്ടു് ആരെയാണു് ആകർഷിക്കാത്തതു് !

പിന്നൊരിക്കൽക്കൂടി മുക്കുന്നിമലയിൽ ഞാൻ പോയിട്ടുണ്ടു്. അത്തവണ സാഹസങ്ങൾക്കൊന്നും സന്നദ്ധനാകാതെ സാധാരണവഴിയേയാണു പോയതു്. മൂക്കുകുത്തിയാത്രയും മുക്കുന്നിയാത്രയും സ്ഥലപ്രദേശസഞ്ചാരങ്ങളാകുന്നു. വിസ്തരഭയത്താൽ മററു കഥകളൊന്നും ഇവിടെ പറയുന്നില്ല.

ജലമാർഗ്ഗസഞ്ചാരങ്ങളും ചിലതുണ്ടായിട്ടുള്ളതു പ്രസ്തുതമാകുന്നു. എൻെറ പ്രിയസ്നേഹിതനായി പുറക്കാട്ട കിട്ടുവൈദ്യൻ എന്നൊരാളുണ്ടായിരുന്നു. സേതുസ്നാനം കഴിഞ്ഞു രാമേശ്വരത്തുനിന്നും തിരിച്ചുവരുമ്പോൾ മധുരയിൽവെച്ച് അദ്ദേഹം ചരമഗതിയെ പ്രാപിച്ചു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ ഒരിക്കൽ ഞാനുംകൂടി പുറക്കാട്ട് അദ്ദേഹത്തിൻെറ വീട്ടിലിരിക്കെ, പടിഞ്ഞാറുവശം കടലിൽ ഒരു കപ്പൽ കിടക്കുന്നതായും അതിൽ സാംക്രമികരോഗങ്ങൾ ബാധിച്ചിട്ടുള്ളവർ വല്ലവരുമുണ്ടോ എന്നു പരിശോധിക്കുവാൻ ഡോക്ടർ നാരായണൻ വലൃത്താൻ വന്നിട്ടുള്ളതായും അറിവുകിട്ടി. എന്നാൽ നമുക്കുംകൂടി പോകാമെന്നു പറഞ്ഞു ഞങ്ങൾ മൂവരുമായി മുക്കുവരുടെ വഞ്ചിയിൽ കയറി കപ്പലിലേയ്ക്കു തിരിച്ചു. കപ്പൽക്കാർക്കു കൊടുക്കുവാൻ കുറെ കരിക്കും പഴവും കരുതിയിരുന്നു. കരയിൽനിന്ന് അഞ്ചാറുമൈൽ ദൂരെയാണു കപ്പൽ കിടന്നിരുന്നതു്. ഇടവപ്പാതി തുടങ്ങി സമുദ്രക്ഷോഭമുണ്ടാകുമ്പോൾ പുറക്കാട്ട കപ്പലുകൾ അടുക്കുക പതിവായിരുന്നു. അതുകൊണ്ടായിരിക്കാം പോർട്ടുഗീസുകാരുടെ കാലത്തു് അവിടം ഒരു കപ്പൽ താവളമാക്കി അവർ കോട്ടകെട്ടി വ്യാപാരം നടത്തിയിരുന്നതു്. വള്ളത്തിൽ പുറപ്പെട്ട ഞങ്ങൾ കടലിൻെറ ശൗര്യം വേണ്ടതുപോലെ കണ്ടു. ഞങ്ങളുടെ വള്ളം കൊടുമുടിപോലെ പരമ്പരയായിത്തുടർന്നുകൊണ്ടിരുന്ന കല്ലോലങ്ങളുടെ മൂർദ്ധഭാഗങ്ങളിലേയ്ക്കു് ഉരുട്ടിക്കയറുകയും അവിടന്നു മിക്കവാറും തൂക്കായി കീഴ്പോട്ടു് ഇടുകയും ചെയ്യുതിൽ മുങ്ങിപ്പോകുമെന്നു പലപ്പോഴും തോന്നി എങ്കിലും അങ്ങനെ ഒരു വിപത്തു നേരിട്ടില്ല. ചുഴികളും മലരികളും ഓളങ്ങളും ആപൽകരമായി വിളയാടുന്ന സമുദ്രത്തിൽനിന്നും ഉപജീവനം സമ്പാദിക്കുന്ന മുക്കുവരുടെ ജീവിതം മരണസാഹസം കൃഷിചെയ്തു ജീവിക്കുന്നതിനു തുല്യമാകുന്നു. കൂടെ കൊണ്ടുപോയിരുന്ന

പദാർത്ഥങ്ങൾ കപ്പൽക്കാക്കു കൊടുത്തു ഞങ്ങൾ മടങ്ങി പ്പോന്നു. പിന്നൊരിക്കൽ വിദ്യാർത്ഥിതമെല്ലാം കഴിഞ്ഞു ഞാൻ ആലപ്പുഴ വക്കീലായിരുന്നപ്പോൾ മാരാരിക്കുളത്തു് ഒരു സഭാസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ മാൎഗ്ഗം കൂടിയ ചില ക്രിസ്ത്യാനികൾ വന്നു ക്ഷണിച്ചു. യാത്രയുടെ വൈഷമ്യങ്ങൾ ഒന്നുമറിയാതെ അങ്ങനെ ആകട്ടെ എന്നു ഞാൻ സമ്മതിച്ചു. ആലപ്പുഴ വക്കീലായി ആയിടയ്ക്കു വന്ന പി. വി. ജോൺ അവർകൾ (ലാക്കാളേജിൽ പ്രഫസറായിരുന്നു മരിച്ചുപോയ ആൾ) ആണു് പ്രസംഗിക്കാമെന്നു് ഏററിരുന്നതു്. സഭായോഗത്തിനു നിശ്ചയിച്ചിരുന്ന ദിവസം ഏതാണ്ടു പതിനൊന്നു പന്ത്രണ്ടു മണിയായപ്പോൾ ഭാരവാഹികൾ വന്നു പുറപ്പെടാമെന്നു പറഞ്ഞു. അവർ പറഞ്ഞതിൽനിന്നു കരവഴിക്കു് പോകുവാൻ ഒരു നിർവ്വാഹവും ഉണ്ടായിരുന്നില്ല. നഖമ്പചമായ മണലും ലലാടന്തപമായ വെയിലും നിമിത്തം നടക്കാമെന്നുവെച്ചാലും അതു് അസാദ്ധ്യമായിത്തീൎന്നു. നാലഞ്ചു നാഴിക ദൂരെ പോകേണ്ടതായും നാലുമണിക്കു സഭ തുടങ്ങേണ്ടതായും കണ്ടപ്പോൾ സമുദ്രമാൎഗ്ഗേണ മുക്കുവരുടെ തോണിയിൽ പോകയല്ലാതെ ഗതിയുണ്ടായിരുന്നില്ല. തണ്ടുവെച്ചു മുറുക്കിയിരുന്ന ഒരു തോണിയിൽ ഞങ്ങളെ രണ്ടാളെയും കസേരയിൽ ഇരുത്തി വള്ളം വിട്ടു. ഒന്നു രണ്ടു വിളിപ്പാടു കഴിഞ്ഞപ്പോൾ ഛർദ്ദിക്കുവാൻ തുടങ്ങിയ പി. വി. ജോൺ അവർകൾ മാരാരിക്കുളത്തു കടവിൽ അടുക്കുന്നതുവരെ ഇടവിട്ടു്, രേചകം അഭ്യസിക്കുന്ന യോഗിയെപ്പോലെ ജഠരത്തിലുണ്ടായിരുന്ന പദാൎത്ഥമെല്ലാം വമിച്ചു വെളിയിൽ കളഞ്ഞു. എന്നുതന്നെയല്ല ഛൎദ്ദിച്ചു ഛർദ്ദിച്ചു തൊണ്ട മിക്കവാറും പൊട്ടിയിരുന്നതുകൊണ്ടു പ്രസംഗിക്കുവാൻ നിവൃത്തിയില്ലാതെ അദ്ദേഹം വിഷമിക്കേണ്ടതായും വന്നു. അതുകൊണ്ടു പ്രസംഗകൎത്താവിൻെറയും അദ്ധ്യക്ഷൻെറയും കൃത്യം ഞാൻതന്നെ നടത്തി. രാത്രി

യിൽ മടങ്ങിപ്പോരുവാൻ (സമുദ്രതീരവാസികളുടെ ഭാഷയിൽ) കടൽ 'പെരുകി' ഇരുന്നതുകൊണ്ടും മി. ജോണിന്റെ അസ്വാസ്ഥ്യംകൊണ്ടും സാധിച്ചില്ല. പ്രഭാതമായപ്പോൾ ഞങ്ങൾ ആലപ്പുഴയ്ക്കു തിരിച്ചു. സമുദ്രത്തിന്റെ ക്ഷോഭം കുറെ കുറഞ്ഞിരുന്നു എങ്കിലും മി. ജോണിന്റെ ഛർദ്ദി ശമിച്ചില്ല. തൊട്ടിലാട്ടുന്നതുപോലെ വള്ളം മുകളിലേയ്ക്കും കീഴ്പോട്ടും പൊക്കുകയും താഴ്ക്കുകയും ചെയ്തുകൊണ്ടിരുന്ന കടലിൽക്കൂടി ഓളപ്പാത്തിയെ ആശ്രയിച്ചു ഞങ്ങൾ ആലപ്പുഴ വന്നുചേർന്നു. ഇതു രണ്ടാമത്തെ സമുദ്ര സഞ്ചാരമായിരുന്നു. കായലുകളിൽക്കൂടിയുള്ള സഞ്ചാരസങ്കടങ്ങളും വളരെ അനുഭവിച്ചിട്ടുണ്ട്. എന്നാൽ അതൊന്നും ഇവിടെ വിസ്തരിക്കുന്നില്ല.

കന്യാകുമാരീതീരത്തുള്ള കടലിലാണ് ഒടുവിൽ ജലമാർഗ്ഗേണ സഞ്ചരിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നതു്. അവിടെ കുറെദിവസം താമസിച്ചതിനിടയ്ക്കു ദേവിയെക്കുറിച്ചു സംസ്കൃതത്തിൽ ഒരു സ്തോത്രമുണ്ടാക്കിയതു പലയിടത്തും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെ ഒടുവിലത്തെ ശ്ലോകംകൊണ്ടു് ഈ അദ്ധ്യായം സമാപ്തമാക്കുന്നതു് ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

എങ്ങനെ എന്നാൽ:-

"സ്തുമസ്തമസ്തോമഹരേ! മഹസ്തേ
സമസ്തവസ്തുപ്രസരദ്ഗഭസ്തേ!
നമസ്തു തേ സന്തതമസ്തു രൂപം
സമസ്തകഃ കസ്തവ ന സ്തവീതി."

## പത്തു്

തിരുവല്ലാ കവിയൂർ ഒരു പ്രഭുകുടുംബത്തിൽനിന്നു വിവാഹം കഴിച്ചുകൊണ്ടുവന്ന ഒരു സ്ത്രീയാണു് ഐതിഹ്യവും ജ്യൗതിഷവും അനുസരിച്ചു തെങ്കരക്കുടുംബത്തിന്റെ പ്രതിഷ്ഠയ്ക്കു ഹേതുഭൂതയായതു്. കവിയൂർ ഉണ്ടായിരുന്ന കുടുംബത്തിലേയ്ക്കു കളരിയും ആശാന്മയും പണിക്കർസ്ഥാനവും മററു പദവികളും ഉണ്ടായിരുന്നത്രേ! അതു് അന്യം നിന്നിട്ടു് അനേകശതവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എങ്കിലും ഈ ഐതിഹ്യത്തെ ആദരിച്ചു് എന്റെ അന്നപ്രാശനം കവിയൂർ ക്ഷേത്രത്തിൽവച്ചു നടത്തുകയും പ്രാശ്നിക വിധിപ്രകാരം ദൈവദോഷശമനത്തിനായി ഒരിക്കൽ ഞാൻ ആ ക്ഷേത്രത്തിൽ പോയി ഭജനമിരിക്കുകയും ചെയ്തു. തെങ്കരക്കുടുംബത്തിൽനിന്നു് തെങ്കര, വെട്ടിക്കാട്ടു്, കടമ്മാട്ടു്, കോയിക്കൽ, കൊച്ചുവീട്ടു്, പുത്തോട്ടു് ഇങ്ങനെ പല ശാഖകൾ പിരിഞ്ഞു. അതിൽ കടമ്മാട്ടു ശാഖയുടെ സ്ഥാപികയായ മാതാമഹി തേവിയമ്മയ്ക്കു്, കാളിയമ്മ, മാധവിയമ്മ, കേശവപ്പിള്ള, കുഞ്ചുപിള്ള, കുഞ്ഞുലക്ഷ്മിയമ്മ, കല്യാണിയമ്മ എന്നു് ആറു മക്കൾ ഉണ്ടായി. കാളിയമ്മയുടെ ഇളയ മകളായ നാണിയമ്മയ്ക്കു് ആർ. പത്മനാഭപിള്ള ബി. ഏ., ബി. എൽ., രാമൻനായർ ബി. ഏ., ബി. എൽ., ഗോപാലൻനായർ ബി. ഏ., നാരായണൻ നായർ എന്നു നാലു പുത്രന്മാരും ഒരു പുത്രിയും ഉണ്ടു്. അവരുടെ

അച്ഛൻവഴി സിദ്ധിച്ച വീടാണ് അഞ്ചിൽക്കണ്ടം. കല്യാണിയമ്മയ്ക്കും മകൾക്കുമുള്ള സ്വന്തസമ്പാദ്യമാണു കിഴക്കേമൊളിയയ്ക്കൽവീട്. അതുപോലെ ഞാനുൾപ്പെടെ ഉള്ളവർക്ക് അച്ഛൻവഴി കിട്ടിയിട്ടുള്ളതാണ് പടിഞ്ഞാറേ ആലപ്പാട്ടു വീട്. ഈ മൂന്ന് ഉപശാഖകൾക്കും പ്രത്യേകം സ്വത്തുക്കളും സാമ്പാദ്യങ്ങളുമുണ്ട്. തേവിയമ്മയുടെ മക്കളിൽ പഞ്ചമിയായ കുഞ്ഞുലക്ഷ്മിയമ്മയാണ് എൻെറ അമ്മ. പഞ്ചമിയായ അവരുടെ സഹോദരങ്ങളെല്ലാം പഞ്ചതയെ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അമ്മയ്ക്കു് ഇപ്പോൾ എഴുപത്തിയാറു വയസ്സ് പ്രായമുണ്ടെങ്കിലും, അസ്വാതന്ത്ര്യകരമായ വല്ല സുഖക്കേടോ ക്ഷീണതയോ ഉണ്ടെന്നു പറയുവാനില്ല. മാതാമഹിയായ തേവിയമ്മയും ഇതുപോലെ വളരെനാൾ കുശലമായി ജീവിച്ചിരുന്നവരാണ്. എന്നെ അമ്മ പ്രസവിച്ചതു് പതിനേഴാമത്തെ വയസ്സിലാണ്. എൻെറ സഹോദരങ്ങളായി അഞ്ചുപേർകൂടിയുണ്ടു്. അമ്മ പ്രസവിച്ചതിൽ രണ്ടു കുട്ടികൾ ചെറുപ്പത്തിൽ മരിച്ചു പോയി. യൗവനം ഏറെക്കുറെ നിർഭരമാകുന്നതുവരെ വിവാഹം കഴിക്കാതിരുന്നതുകൊണ്ടോ, പൈതൃകമായി പുത്രിയിൽ നിക്ഷേപിച്ചിരുന്ന സത്ത്വസമ്പത്ത് അക്ഷീണമായിരിക്കകൊണ്ടോ ഇടവിടാതെ ആരോഗ്യഭാഗ്യം അമ്മയ്ക്കുണ്ടു്. ചെമ്പകപുഷ്പത്തിൻെറ ശോഭപോലുള്ള ദേഹകാന്തിയും അംഗങ്ങളുടെ താരതമ്യരമ്യതയും അംഗപ്രത്യംഗങ്ങളുടെ സമീചീനമായ സന്നിവേശവുംകൊണ്ടു് അമ്മയ്ക്കു ചെറുപ്പത്തിൽ ഉണ്ടായിരുന്ന രൂപസമ്പത്തി ആരുടെ ദൃഷ്ടിയേയും ആകർഷിക്കുമായിരുന്നു. ആയിരത്തിയെഴുപത്തിമൂന്നിൽ അച്ഛൻ മരിച്ചു. ആയിരത്തിയെഴുപത്തിയാറിൽ ഞാൻ സർക്കാർസർവ്വീസിൽ പ്രവേശിച്ചു. ഇതിനിടയ്ക്കുള്ള അന്തരാളകാലത്തു പീഡാനിബിഡമായ സങ്കടസ്ഥിതിയല്ലാതെ അമ്മ അനുഭവിച്ചിരിക്കയില്ല. ഞാൻ മുതലായ കുട്ടികളുടെ വിദ്യാഭ്യാസത്തിനും വീട്ടുചെലവിനും

ഭർത്തൃദത്തമായി വേണ്ട സ്വത്തുണ്ടായിരുന്നില്ല. "അർത്ഥപ്രാർത്ഥനശങ്കയാ ന കുരുതേ പ്യാലോകമാത്രം സഖാ" എന്നു പറഞ്ഞതുപോലെ ആകാമെന്നുള്ള ബന്ധുക്കളാരും അർത്ഥം കൊടുത്തു് അവരെ അനുഗ്രഹിച്ചില്ല. അമ്പലപ്പുഴ നിന്നും തിരുവനന്തപുരത്തു വന്നിരുന്നവരോടു് വീട്ടിലെ കഥകൾ ചോദിക്കുമ്പോൾ അമ്മതന്നെ പശുക്കൾക്കു കൊടുക്കുവാൻ പുല്ലു ചെത്തുന്നതിനു പാടത്തുപോകുകയാണെന്നു കേട്ടു് ഏകാന്തത്തിലിരുന്നു പുസ്തകങ്ങളിൽ എത്രകടലാസു് ഞാൻ കണ്ണുനീരുകൊണ്ടു നനച്ചിട്ടുണ്ടെന്നു കണക്കില്ല. അന്നു് എൻെറ ഏകവിചാരം വല്ലവിധവും പരീക്ഷ ജയിച്ചു് അമ്മയ്ക്കും സഹോദരങ്ങൾക്കും സുഭിക്ഷമാകത്തക്കവിധം പ്രയത്നിച്ചു് വല്ലതും ഉണ്ടാക്കേണ്ടതു് എൻെറ മുഖ്യധർമ്മമെന്നായിരുന്നു. മാതാക്കളെക്കുറിച്ചു് ആദരവും ഭക്തിയും തോന്നുന്നതു് അവരുടെ ശീലം ജ്ഞാനം മുതലായ ഗുണങ്ങൾ കുറികോൽകൊണ്ടു് അളന്നുനോക്കി മാതൃഭക്തിയിൽ ഏററക്കുറവുകൾ അനുഷ്ഠിക്കുന്നതും പതിവുള്ളതല്ല. എങ്കിലും എൻെറ മാതാവിൻെറ പേരിൽ ഗാഢമായ പ്രതിപത്തിക്കു വിശേഷാൽ പല സംഗതികളുമുണ്ടു്. അതിൽ ഒന്നു താഴെപ്പറയുന്നു. ഞങ്ങൾ മുരിങ്ങനാട്ടു താമസിച്ചിരുന്നപ്പോൾ ഞാനും അനുജനും കൂടി ഒരു ദിവസം രാവിലെ അമ്മ അറിയാതെ വള്ളം കളിക്കാൻ പുറപ്പെട്ടു. ആ വീട്ടിൽനിന്നും ഒരു തോടു് കരിമ്പാവളവിൽനിന്നു കുറെ തെക്കായി ആററിൽ ചെന്നു ചേരുന്നു. തോടിൻെറ ഇരുപുറവും പുഞ്ചപ്പാടങ്ങളല്ലാതില്ല. വർഷകാലത്തു തോട്ടു വരമ്പുകൾ അഴിഞ്ഞുപോകുന്നതാകയാൽ തോടും പാടങ്ങളും മിക്കവാറും ഒന്നുപെട്ടു് ആ പ്രദേശം ഒരു വലിയ കായലുപോലെ ആയിത്തീരും. അപ്പോൾകാലവർഷത്തിൻെറ ആരംഭം ആയിരുന്നതുകൊണ്ടു പ്രഭാതത്തിൽ കണ്ടവെയിൽനിമിത്തം വഞ്ചിതരായിട്ടാണു ഞങ്ങൾ വഞ്ചിയിൽ കയറിത്തിരിച്ചതു്. എന്തുകൊണ്ടെന്നാൽ ആ വെയിൽ

മഴയുടെ പൂർവ്വരൂപമായിരുന്നു. വള്ളം ഏകദേശം ഒരു മൈൽ ദൂരം പോയപ്പോൾ പ്രബലമായ കാററും മഴയും ആരംഭിച്ചു. ആറേഴവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഞാനോ അനുജനോ കഴക്കോൽകൊണ്ടു കുത്തിപ്പിടിച്ചതിൽ നിൽക്കാതെ വള്ളം തെക്കോട്ടു പോയിത്തുടങ്ങി. അവിടെ ആട്ടത്തെങ്ങും മറെറാരു മനുഷ്യൻ ഉണ്ടായിരുന്നില്ല. ആററിൽ ചെന്നു വീഴുന്നപക്ഷം എന്താപത്താണു സംഭവിക്കാൻ പാടില്ലാത്തതു്? ഞങ്ങളെ അന്വേഷിച്ചതിൽ വീട്ടിൽ കാണ്മാനുണ്ടായിരുന്നില്ല. അച്ഛനും ഭൃത്യന്മാരും ഓരോ വഴിക്കു പോയിരിക്കുകയായിരുന്നു. അമ്മമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. കുട പോലും അവിടെ ലഭ്യമായിരുന്നില്ല. കടവിൽ നോക്കിയപ്പോൾ വള്ളം കാണ്മാനുണ്ടായിരുന്നില്ല. ഞങ്ങൾ വള്ളത്തിൽ കയറി പോയിരിക്കണമെന്നു വിചാരിച്ചു് കഠിനമായ കാററത്തും മഴയത്തും ഒരു മുറവും ചൂടികൊണ്ടു നീന്തിയും തുടിച്ചും അമ്മ ഞങ്ങളെ അന്വേഷിച്ചു പുറപ്പെട്ടു. മടകളിൽക്കൂടി നീന്തിയും വരമ്പത്തുക്കൂടി നടക്കുമ്പോൾ കാലുതെററി വീണും ദൂരെനിന്നു് അവർ വരുന്ന കാഴ്ച ഞങ്ങൾക്കുഭയം തോന്നിച്ചു എങ്കിലും സങ്കടം കുറയ്ക്കുന്നതിനുപകരം വർദ്ധിപ്പിക്കുകയായിരുന്നു ചെയ്തതു്. ഒടുവിൽ അവർ ഞങ്ങളുടെ വള്ളം പോകുന്നതിനു് അസ്സാരം അകലെയായിവന്നുനിന്നു. ഇടയ്ക്കു പാടമായിരുന്നതുകൊണ്ടു് അതിലൂരം അടുക്കുന്നതിനു് അവക്കു സാധിച്ചില്ല. വിളിച്ചാൽ കേൾക്കത്തക്ക ദൂരത്തിൽ നിന്നുകൊണ്ടു് വള്ളമൂന്നി അടുപ്പിക്കുന്നതിനു വേണ്ട കൗശലങ്ങൾ പറഞ്ഞുതന്നു. കുറേ കഴിഞ്ഞപ്പോൾ കാററും മഴയും ശമിക്കുകയും അമ്മയെക്കൂടി വള്ളത്തിൽ കയററികൊണ്ടു ഞങ്ങൾ തിരിയെ വീട്ടിലേയ്ക്കു പോരുകയും ചെയ്തു. ഇങ്ങനെ പുത്രവാത്സല്യത്തിനു ബാല്യത്തിൽ കണ്ട ദൃഷ്ടാന്തം മാഞ്ഞുപോകാതെ ഇന്നും ഹൃദയത്തിൽ കിടക്കുന്നു. തനിക്കു നേരിടുന്ന ആപത്തിനെ ഗണിക്കാതെ ഞങ്ങളെത്തേടി പുറപ്പെട്ട

മാതാവിനുവേണ്ടി ഏതു കഷ്ടപ്പാടു വഹിക്കുന്നതിനും ആരാണു സന്നദ്ധനാകാത്തതു്? ഇങ്ങനെയുള്ള പല സംഗതികൾ നിമിത്തമാണു് മാതാവിനെയും സഹോദരങ്ങളെയും പരിപാലിക്കേണ്ട കടമ ലഘൂഭവിക്കാതെ എന്നിൽ ദൃഢീഭവിച്ചതു്. ബി. ഏ. പരീക്ഷയുടെ രസതന്ത്രഭാഗത്തുണ്ടായ പരാജയം പടസ്സു പോകുന്ന ഭടനു നേരിട്ട മുടന്തുപോലെ എനിയ്ക്കു തോന്നി. അമ്പലപ്പുഴെ വീട്ടിൽ താമസിക്കുന്നതുകൊണ്ടു് ഒരു ഫലവും ഉണ്ടാകുമായിരുന്നില്ല. രസതന്ത്രംകൂടി ജയിച്ചു മുഴു ബി. ഏ. ആകുന്നതിനു തിരുവനന്തപുരത്തു ചെന്നു പ്രയോഗശാലയുടെ സഹായത്തോടുകൂടി രസതന്ത്രം അഭ്യസിക്കേണ്ടതു് അത്യാവശ്യമായിരുന്നു. വല്ലജോലിയിലും പ്രവേശിച്ചു് ഉപജീവനം സമ്പാദിക്കുന്നതു് അതിലും അത്യാവശ്യമായിരുന്നു. ഇങ്ങനെയുള്ള വിചാരങ്ങളോടുകൂടി ഞാൻ വീട്ടിൽനിന്നും പുറപ്പെട്ടു കൊല്ലത്തുവന്നു. അവിടെ ഡിവിഷൻകച്ചേരിയിൽ രായസംപിള്ളയായി തെങ്കരശാഖയിൽപ്പെട്ട അപ്പുപിള്ള എന്ന അമ്മാവനും ആ കച്ചേരിയിൽത്തന്നെ പകർപ്പെഴുത്തായി എൻെറ വയസ്യനായി വെട്ടിക്കാട്ടു ശാഖയിൽപ്പെട്ട ജി. കൃഷ്ണപിള്ള അവർവളും ഉണ്ടായിരുന്നു. അപ്പുപിള്ള അവർകളുടെ ഭാര്യ മരിച്ചു് പരിണയോന്മുഖിയായ മകൾ ചെയ്തിരുന്ന പരിചര്യകൾ അവലംബിച്ചു് അദ്ദേഹം ദിവസങ്ങൾ നയിച്ചു വരികയായിരുന്നു. വളരെനാൾ കാണാതിരുന്നു് എന്നെക്കണ്ടപ്പോൾ അദ്ദേഹം വർത്തമാനങ്ങൾ ഒക്കെ ചോദിക്കുകയും രസതന്ത്രത്തിൽ മടങ്ങിപ്പോയി എന്നു വിചാരിച്ചു കുണ്ഠിതപ്പെടേണ്ട എന്നും കൊല്ലത്തുതന്നെ ഒരു ജോലി ഉണ്ടാക്കിത്തരാമെന്നും കൂടെ താമസിക്കാൻ വിരോധമില്ലെന്നും മററും പറഞ്ഞു് എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു. അന്നു കൊല്ലത്തു പേഷ്കാർ ടി. രാജാരാമരായരവർകളും അദ്ദേഹത്തിൻെറ അസിസ്റ്റൻറായ ഒന്നാംക്ലാസ് മജിസ്ട്രേട്ടു് കെ. അയ്യപ്പൻപിള്ള അവർകളുമായി

രുന്നു. അപ്പുപിള്ള അവർകൾ ഉയർന്നപടിയിൽ ഒരു രായസംപിള്ള ആയിരുന്നതുകൊണ്ടു് അദ്ദേഹം പറഞ്ഞതുവിശ്വാസയോഗ്യമായിത്തോന്നി. അവിടെ ഉദ്യോഗമായിത്താമസിക്കുന്നതു് പരമാവധി തൃപ്തികരമായിരുന്നില്ലെങ്കിലും തൽകാലത്തേയ്ക്കു് സ്വീകാര്യമായിരുന്നു. ജി. കൃഷ്ണപിള്ള അവർകളുടെ സാന്നിദ്ധ്യവും അതിലേയ്ക്കു് ഉല്ലാസം ജനിപ്പിച്ചു. ഒന്നു രണ്ടുദിവസം കഴിഞ്ഞപ്പോൾ ഉദ്യോഗാന്വേഷികളായി ഞാനും അമ്മാവനും കൂടി അയ്യപ്പൻപിള്ള അവർകളുടെ വസതിയിൽ ചെന്നു. അദ്ദേഹം എന്നെ ആപാദചൂഡം നോക്കിയിട്ടു്, ഞാൻ ഒരു നല്ല സ്ഥിതിയിൽ വരാനുള്ളവനാണെന്നും ഇപ്പോൾ ഉദ്യോഗത്തിൽ നിയമിച്ചാൽ ഭാവിശ്രേയസ്സു് നഷ്ടമായിപ്പോകുമെന്നും മററും ഉപദേശംകൊണ്ടു് ഔത്സുക്യത്തെ മന്ദീകരിച്ചു. പിന്നീടു ഞാൻ കോട്ടയത്തു വക്കീലായിരിക്കുമ്പോൾ അദ്ദേഹത്തിൻെറ വക്കാലത്തു വാങ്ങി കേസ്സുകൾ നടത്തിയിട്ടുണ്ടു്. അപ്പോൾ ഒക്കെയും ‘‘കൊല്ലത്തുവെച്ചു നടന്ന ഉപദേശം ശരിയായില്ലേ ?’’ എന്നു് അദ്ദേഹം ചോദിക്കുമായിരുന്നു. കൊല്ലത്തു് അന്നു സി. കൃഷ്ണപിള്ള അവർകൾ ആയിരുന്നു പള്ളിക്കൂടം ഇൻസ്പെക്ടർ. പള്ളിക്കൂടങ്ങളിൽ എവിടെയെങ്കിലും തക്കതായ ജോലി കിട്ടുന്നപക്ഷം അതു സ്വീകരിക്കുന്നതു കൊള്ളാമെന്നു് ഇടയ്ക്കൊരഭിപ്രായമുണ്ടായി. സി. കൃഷ്ണപിള്ള അവർകൾ നായർസമുദായത്തിൻെറ ഉദ്ധാരകൻ എന്നാണല്ലോ ആളുകൾ ധരിച്ചിരുന്നതു്. അങ്ങനെയുള്ള ബോദ്ധ്യത്തോടുകൂടി ഞാനും മി. ജി. കൃഷ്ണപിള്ളയുംകൂടി സി. കൃഷ്ണപിള്ള അവർകളെ കാണ്മാൻ പുറപ്പെട്ടു. പരവൂർക്കായലിൻെറ കിഴക്കേക്കരെ നെടുങ്ങോലം എന്നു പറയുന്ന സ്ഥലത്തു് സുഖവാസത്തിനായി ഇൻസ്പെക്ടർ പോയിരിക്കുകയായിരുന്നു. ഞങ്ങൾ അവിടംവരെ നടന്നു ചെന്നുചേൻ്നു. കഥകൾ എല്ലാം

പറഞ്ഞപ്പോൾ എട്ടുരൂപയ്ക്കു് ഒരു ഒഴിവല്ലാതെ തന്റെ കീഴിൽ തൽക്കാലമില്ലെന്നും അതിനു വേണമെങ്കിൽ നിയമിക്കാമെന്നും അദ്ദേഹം പറഞ്ഞു. "കാകമാംസം ശുനഗ്ലിഷ്ടം സ്വല്പം തദപി ദുർല്ലഭം" എന്ന ശ്ലോകാർത്ഥമാണു് ആ ഗംഭീരമായ ഔദാര്യം ശ്രവിച്ചപ്പോൾ എന്റെ മനസ്സിൽ സ്ഫുരിച്ചതു്. അതുകൊണ്ടു സ്വല്പം കുണ്ഠിതത്തോടുകൂടി, അന്നു രാത്രി ഇത്തിക്കരയാററിൽ കുളിച്ചു് അമ്പലപ്പുഴക്കാരൻ ഒരു ശിപായി ചെയ്ത സൽക്കാരങ്ങൾ സ്വീകരിച്ചു് അവിടെത്തന്നെ കഴിച്ചുകൂട്ടുകയും പിറേറദിവസം രാവിലെ കൊല്ലത്തേയ്ക്കു മടങ്ങിപ്പോരുകയും ചെയ്തു. മി. രാജാരാമരായരുടെ സന്നിധാനമല്ലാതെ ഗതിയില്ലെന്നു സ്പഷ്ടമായി. ഒരുദിവസം സന്ധ്യകഴിഞ്ഞപ്പോൾ എന്നെയും കൂട്ടിക്കൊണ്ടു് അപ്പുപിള്ള അവർകൾ തേവള്ളിയിൽ പേഷ്കാർ താമസിച്ചിരുന്നതും നാരമ്പുചെട്ടിയാരുടെ വകയുമായ ബംഗ്ലാവിലേയ്ക്കുപുറപ്പെട്ടു. തെക്കുവശമൊഴികെ മററു മൂന്നുവശങ്ങളിലും കായൽ ആവരണംചെയ്തു് ഒരു ഉപദ്വീപമായിരുന്ന ആ സ്ഥലം മനോഹരത്വംകൊണ്ടു ക്ലേശങ്ങളെ വിസ്മരിപ്പിക്കത്തക്കതായിരുന്നു. സന്ധ്യാമാരുതന്റെ വീജനമേററുകൊണ്ടു മിക്കവാറും വിജനമായിരുന്ന ഒരു തൈമാവിന്റെ താഴെ ചാരുകസേരയിൽ പേഷ്കാർ കിടന്നിരുന്നു. എന്നെ അസാരം അകലത്തു നിർത്തി അമ്മാവൻ കുറേക്കൂടി അടുത്തുചെന്നു് ആഗമനം അറിയിക്കുന്നതിലേയ്ക്കു് ഒന്നു ചുമച്ചു. ആരാണതെന്നുള്ള ചോദ്യത്തിനു് അപ്പുപിള്ള എന്നും എന്താണസമയത്തു വന്നതെന്നുള്ള ചോദ്യത്തിനു് സന്നിധാനത്തിൽ വന്നു സങ്കടം ബോധിപ്പിക്കാനുള്ളതുകൊണ്ടാണെന്നും മറുപടികൾ പറഞ്ഞു. "വീട്ടിൽ വലിയ സമ്പാദ്യമൊന്നുമില്ലെന്നും തന്റെ അനുജൻ ക്രിമിനൽ വക്കീൽ വേലയിൽനിന്നും വല്ലതും കിട്ടുന്നതുകൊണ്ടു കഷ്ടിച്ചു കഴിഞ്ഞുകൂടുകയാണെന്നും എന്നാൽ ഇപ്പോൾ ഒരു കൊച്ചൻ ബി. ഏ. പരീക്ഷയിൽ കുറേഭാഗ

ങ്ങൾ ജയിച്ചിട്ടുണ്ടെന്നും സ്വാമിസന്നിധാനത്തിൽനിന്നും അയാൾക്കു് ഒരു ജോലി കൊടുത്താലല്ലാതെ രക്ഷയില്ലെന്നും'' വേണ്ട പൊടിപ്പും തൊങ്ങലും വച്ചു് പറഞ്ഞുകേൾപ്പിക്കുന്നതു കേട്ടു് അകലെ നിന്നിരുന്ന ഞാൻ അദ്ദേഹത്തിന്റെ പ്രതിപാദനസാമർത്ഥ്യത്തെ മനസ്സാ അഭിനന്ദിച്ചു. അതുകേട്ടു്, ബി. എ. പരീക്ഷ മുഴുവൻ ജയിച്ചിട്ടില്ലെങ്കിൽ മെട്രിക്കുലേഷൻ ജയിച്ച ഫലമേയുള്ളു എന്നും ബി. എ. കുറേ ജയിച്ചു എന്നുവച്ചു് ജയിച്ചതിനും തോററതിനും ഇത്രശ്ശവീതം ശമ്പളമെന്നു വീതിക്കുവാൻ പ്രയാസമുണ്ടെന്നും കൈപ്പടയും ജോലിയിൽ ഉള്ള സാമർത്ഥ്യവുമനുസരിച്ചു കയററം കിട്ടുന്നതാണെന്നും തന്റെ അനന്തരവനായിരിക്കുന്ന സ്ഥിതിക്കു് അയാൾക്കു് ഒരു ജോലി കൊടുക്കുന്നതാണെന്നും പേഷ്കാർ ഉത്തരം മുഴങ്ങുന്ന സ്വരത്തിൽ പറഞ്ഞു. പിറേറദിവസം ഞാൻ അദ്ദേഹത്തിന്റെ വാസസ്ഥലത്തു ചെല്ലണമെന്നും കൈപ്പട കണ്ടിട്ടു് ശേഷം പറയാമെന്നും ഉത്തരവായി. സ്വല്പംകൂടി സംഭാഷണംകഴിഞ്ഞശേഷം ജോലി കിട്ടുമല്ലോ എന്നുള്ള സന്തോഷത്തോടുകൂടി ഞങ്ങൾ മടങ്ങിപ്പോന്നു. ഇംഗ്ലീഷുക്ലാക്കിന്റെയും റയിൽവേ ക്ലാക്കിന്റെയും രണ്ടു ജോലികൾ അന്നു് ഒഴിവായിരുന്നു. പ്രസിദ്ധനായ വയസ്സരമൂസ്സിന്റെ ശിപാർശയനുസരിച്ചു് എന്റെ സ്നേഹിതൻ അച്യുതവാര്യരവർകളെ ഇംഗ്ലീഷ് ക്ലാക്കായി നിയമിച്ചുത്തരവയച്ചു. ഉത്തരവുംകൊണ്ടു് വാര്യർ പേഷ്കാരുടെ സന്നിധിയിൽ വന്നു് Good Morning എന്നു പീഠികയോടു് ''എന്നെയാണു് ഇംഗ്ലീഷ് ക്ലാർക്കായി നിയമിച്ചിരിക്കുന്നതു്'' എന്നു പറയുകയും ''ചാർജ്ജു് എടുക്കേണ്ടതു് എപ്പോഴാണു്?'' എന്നു ചോദിക്കുകയും ചെയ്തു. വാര്യരുടെ നടപടികൾ കണ്ടു പേഷ്കാർക്കു കോപമാണുണ്ടായതു്. വാര്യരെപ്പോലെ ക്ഷമകെട്ട ഒരു മനുഷ്യനെ കണ്ടിട്ടില്ലെന്നും വിനയമില്ലാത്ത ഇംഗ്ലീഷ് ക്ലാക്കിനെക്കൊണ്ടു് എങ്ങനെ കഴിച്ചുകൂട്ടേണ്ടു

എന്നും പേഷ്കാർ ഗജ്ജിച്ചു. ഇതു കേട്ട് അന്നുതന്നെ വായ്യർ തനിക്കു സമർപ്പിച്ച ഉദ്യോഗം രാജിവച്ച് അവിടംവിട്ടു പോയി. ഇങ്ങനെയാണ് ഇംഗ്ലീഷുക്ലാക്കു വേലയ്ക്കു് ഒഴിവു വന്നതു്. ഇംഗ്ലീഷുക്ലാക്കിനു് ഇരുപതു രൂപയും റെയിൽവേ ക്ലാക്കിനു പന്ത്രണ്ടുരൂപായുമായിരുന്നു ശമ്പളം. ഞാനല്ലാതെ ഇംഗ്ലീഷുക്ലാർക്കുവേലയ്ക്കു് അപേക്ഷകന്മാരുണ്ടായിരുന്നില്ല എന്നായിരുന്നു എൻെറ ധാരണ. പക്ഷേ, കൊല്ലം ഹൈസ്കൂളിൽ വാദ്ധ്യാരായി എം. സുബ്രഹ്മണ്യയ്യർ ബി. ഏ. എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം പേഷ്കാരുടെ മക്കളെ വീട്ടിൽച്ചെന്നു പഠിപ്പിച്ചുകൊണ്ടിരുന്നു. പള്ളിക്കൂടത്തിൽ നാല്പതുരൂപാ ശമ്പളമുണ്ടായിരുന്ന അദ്ദേഹം ഇരുപതുരൂപാക്കു ക്ലാർക്കായി തന്നെ നിയമിക്കണമെന്നു് അപേക്ഷിച്ചു. എൻെറ കാര്യം ഉർദ്ധ്വമായി. ഡിവിഷൻകച്ചേരിയിലെ ഒരു രൂപാ പള്ളിക്കൂടത്തിലെ രണ്ടുരൂപാക്കു തുല്യമാണെന്നു സത്യവാനായ പേഷ്കാരവർകൾ മനസാ അഭിനന്ദിച്ചിരിക്കണം! ഏതെങ്കിലും സുബ്രഹ്മണ്യയ്യരെ ഇംഗ്ലീഷുക്ലാർക്കായി നിയമിച്ചതുകൊണ്ടു റയിൽവേക്ലാർക്കുദ്യോഗമേ ശേഷിച്ചിരുന്നുള്ളു. കാലക്രമത്തിൽ കൂടുതൽ ശമ്പളം കിട്ടുമെന്നും പന്ത്രണ്ടുരൂപായേ ഉള്ളല്ലോ എന്നു വിചാരിച്ച് അതുപേക്ഷിക്കരുതെന്നും നിയമിക്കുന്നപക്ഷം ഇട്ടെറിഞ്ഞേച്ചു പോകരുതെന്നും അമ്മാവനുപദേശിച്ചു. ഞാൻ പുലിവാലു പിടിച്ചവനെപ്പോലെയായി. ഒന്നുമില്ലാത്തതിൽ അതു ഭേദമാണല്ലോ എന്നും വിശേഷിച്ചു ഡിവിഷൻകച്ചേരിയിലെ രൂപാക്കു മാററുകൂടുമല്ലോ എന്നും ഞാൻ മുഴ ബി. ഏ. ആയില്ലല്ലോ എന്നും സമാധാനങ്ങൾ തോന്നി.

പറഞ്ഞിരുന്നതനുസരിച്ചു പിറേറദിവസം പ്രഭാതത്തിൽ ഞാൻ പേഷ്കാരെ കാണാൻ പോയി. പ്രധാനപ്പെട്ട കെട്ടിടത്തിൽനിന്നും കുറേ തെക്കോട്ടുമാറി ഒരു ചെറിയ

ബംഗ്ലാവുള്ളതിലിരുന്നാണ്ട് അദ്ദേഹം കാലത്തെ കച്ചേരി ജോലികൾ നോക്കിവന്നതു്. പ്രഭാതത്തിൽ ഏകദേശം ഏഴമണിയ്ക്കു വടക്കേക്കൊട്ടിടത്തിൽനിന്നും തെക്കേക്കൊട്ടിടത്തിലേയ്ക്കുള്ള പ്രയാണമാരംഭിച്ചു. വഴിയുടെ ഇരുവശവും ഏകദേശം പത്തമ്പതു സങ്കടക്കാർ അനതിശുഭ്രമായ വസ്ത്രം മുട്ടിനു കീഴ്വശം മറയാത്തവിധത്തിൽ ധരിച്ചു നട്ടെല്ലു കഴിയുന്നതും വക്രിതമാക്കി അണിനിരന്നിരുന്നു. പാടലവർണ്ണത്തിൽ ഒരു അൽപ്പാക്കാശീലക്കുട പിടിച്ചുകൊണ്ടു് ഒരാൾ പുറകിലും ഒരു കോൺസ്റ്റബിൾ മുമ്പിലും പേഷ്കാരെ സേവിച്ചിരുന്നു. ആദ്യമായി അദ്ദേഹത്തെ കുമ്പിട്ടു സലാംവച്ചുകൊണ്ടു് ജയിലിൽ ജോലിയുള്ള ഒരു പട്ടാണി ഉപചാരമായിട്ടു് ആദരിച്ചുനിന്നു. അവർ തമ്മിൽ ഹിന്ദുസ്ഥാനിയിൽ കുറേ സംഭാഷണം കഴിഞ്ഞതിൻെറ ശേഷം സ്വാമികൾ തെക്കോട്ടു നടന്നു. സങ്കടക്കാരിൽനിന്നും അല്പം അകലെയായിരുന്ന ഞാൻ ഈ ഘോഷയാത്രയിൽ പങ്കുകൊള്ളാതെ കുറേ മാറിനിന്നു. ഒടുവിൽ തെക്കേക്കൊട്ടിടത്തിൽ അദ്ദേഹം ചെന്നുചേരുകയും അവിടെ കയറി ഇരുന്നുകൊണ്ടു് ശിരസ്തദാരായിരുന്ന ആർ. കൃഷ്ണപിള്ള (റിട്ടയാർഡ് ലാൻഡ് റവന്യൂ കമ്മീഷണർ) അവർകളെ വിളിച്ചു് അപ്പുപിള്ളയുടെ അനന്തരവൻ വന്നിട്ടുണ്ടെങ്കിൽ വരാൻ പറകയും ചെയ്തു. അതിൻപ്രകാരം ഞാൻ ഹാജരായി. എന്നെപ്പററി ചില ചോദ്യങ്ങൾ നടന്നതിൻെറശേഷം ഇംഗ്ലീഷിലും മലയാളത്തിലും എൻെറ കൈപ്പട എഴുതി വാങ്ങുവാൻ അദ്ദേഹം ആജ്ഞാപിച്ചു. കൈയെഴുത്തിൻെറ മാതൃക കണ്ടു് ഈയാളെ ജോലിയിൽ നിയമിച്ചാൽ ശരിയായിരിക്കുമെന്നു് അനതിതൃപ്തനായി അദ്ദേഹം അഭിപ്രായപ്പെടുകയുംചെയ്തു. ഇങ്ങനെ എന്നെ റയിൽവേ ക്ലാർക്കായി നിയമിച്ചു.

## പതിനൊന്നു്

അന്നു കൊല്ലത്തുനിന്നും ചെങ്കോട്ടയ്ക്കുള്ള റയിൽപ്പാതയുടെ പണി നടന്നുകൊണ്ടിരിക്കുകയായിരുന്നു. റയിൽവേ സംബന്ധിച്ച ജോലികൾ നടത്തിച്ചിരുന്നതു കമ്പനിക്കാരുടെ എക്സിക്യൂട്ടീവ് ഇൻജിനീയറന്മാരായ മെസ്സേഴ്സ് ലൈസ്സോട്ട് എന്നും മാക്കിൻടോഷ് എന്നും ഉള്ള സായിപ്പന്മാരായിരുന്നു. അവക്കു ഗവമ്മെൻറുമായിട്ടുള്ള എഴുത്തുകുത്തുകൾ പേഷ്കാർ മുഖാന്തരം നടന്നുവന്നു. ചിലപ്പോൾ അവർ പേഷ്കാരെ കാണ്മാൻ സൈക്കിൾ ഓടിച്ചു തെക്കേ ബംഗ്ലാവിൻെറ വരാന്തയിൽ വന്നുനിന്നുകൊണ്ടു് കാർഡ് അയയ്ക്കും. ശരീരനഗ്നതയെ മറയ്ക്കുന്നതിലേയ്ക്കു് ഒരു ഷർട്ട് സമീപത്തുതന്നെ അദ്ദേഹം കരുതിവയ്ക്കുക പതിവായിരുന്നു. ഒരു ദിവസം ഇവരിൽ ഒരാൾ വന്നുചാടിയപ്പോൾ ഷർട്ടുകൊണ്ടുവരാൻ ബാദ്ധ്യതപ്പെട്ടവൻ അതു് എടുത്തു കൊണ്ടുവരാൻ വിട്ടുപോകയാൽ വളരെ വിലക്ഷതയും കലുഷതയും സംഭവിച്ചു. സായിപ്പിനെ വരാന്തയിൽ വളരെനേരം നിത്താവുന്നതല്ലല്ലോ. അതുനിമിത്തം തൽകാലമൊരു ഷട്ടാണെന്നുള്ള ഭാവനയാ ഉത്തരീയം പ്രയോഗിച്ചുകൊണ്ടു സായിപ്പിനെ അകത്തു വിളിച്ചിരുത്തി. കുറച്ചു കഴിഞ്ഞപ്പോൾ സായിപ്പിനെ കണ്ടുകൊണ്ടു ഷർട്ടെടുക്കാൻ ഓടിയ ഒരുത്തൻ അവരുടെ മുമ്പിൽ ഷർട്ടും വിരുത്തുപിടിച്ചുകൊണ്ടു വന്നുചേന്നു. തീക്കനൽ ചൊരിയുന്നതുപോലെ ഒരു നോട്ടവും അംഗുലിസംജ്ഞയുംകൊണ്ടു് ആ ഭൃത്യനെ സ്വാമി ബഹിഷ്കരിച്ചു.

റയിൽവേ സംബന്ധിച്ച എഴുത്തുകുത്തുകളായിരുന്നു പ്രധാനമായിട്ടു് എൻെറ കൃത്യം. എന്നാൽ അതു് അത്ര വളരെ ഇല്ലാതിരുന്നതുകൊണ്ടു പേഷ്കാർ പേഴ്സനൽ ക്ലാക്കു് (അതായതു തൻെറ പ്രത്യേക ഗുമസ്തൻ) ആയും എന്നെ നിയമിച്ചിരുന്നു. രാവിലെ ഏഴുമണിയ്ക്കു ഞാൻ ചെന്നു് ഒപ്പിടാനുള്ള കടലാസ്സുകൾ എടുത്തു് അടുക്കിവയ്ക്കുകയും ഒപ്പിട്ടു കഴിഞ്ഞാൽ അവ ഇനം തിരിച്ചു് അതാതു സ്ഥാനങ്ങളിലേയ്ക്കു അയച്ചുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ ജോലിയ്ക്കു കൂടി എന്നെ നിയമിച്ചതു ഡിവിഷൻകച്ചേരിയിലെ ജോലി പഠിപ്പിക്കുന്നതിനു് ഒരനുഗ്രഹമായിട്ടായിരുന്നു. ഒൻപതു മണിവരെ ഇങ്ങനെ പേഷ്കാരുടെ സന്നിധിയിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. പന്ത്രണ്ടു രൂപാ കിട്ടുന്നതു് ഇരട്ടിയായി ഗണിക്കുവാൻ മററുലോകക്കാക്കും സൗജന്യമുണ്ടായില്ല. ആദായം കുറേക്കൂടി വർദ്ധിപ്പിച്ചാൽക്കൊള്ളാമെന്നു വിചാരിച്ചുകൊണ്ടിരുന്നപ്പോൾ അതിലേയ്ക്കൊരു മാർഗ്ഗമുണ്ടായി. ഹാസ്യരസവാസിതനും നമ്മജ്ഞസമ്രാട്ടും ആയ കൊല്ലം വല്യഴിയത്തു* കെ. സി. ഗോവിന്ദപ്പിള്ള അവർകൾ ഒരു ദിവസം വീട്ടിൽ വന്നു് കന്യാസ്ത്രീമഠത്തിൽ മെട്രിക്കുലേഷൻ പരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരുന്ന ഒരു വിദ്യാത്ഥിനിയെ ദിവസം ഒരു മണിക്കൂർ നേരത്തേയ്ക്കു് രസതന്ത്രവും ക്ഷേത്രഗണിതവും പഠിപ്പിച്ചാൽ തൽകാലം മാസം ഏഴു രൂപായും പന്നീടു് എട്ടു രൂപായും തരാമെന്നു പറഞ്ഞു. ഡിവിഷൻ കച്ചേരിജോലിയുമായി വിഘടിക്കാതിരിക്കുവാൻ അദ്ധ്യാപനസമയം ഒൻപതിനും പതിനൊന്നിനും മദ്ധ്യേ ഒരു മണിക്കൂർ ആകാമെന്നു സമ്മതിച്ചു. ഇങ്ങനെയുള്ള ഏർപ്പാടിന്മേൽ ആ ജോലി ഞാൻ സ്വീകരിച്ചു. പഠിപ്പിക്കാൻ ചെല്ലുമ്പോൾ മഠത്തിലെ അദ്ധ്യക്ഷകൂടി പതിവായി

* ഇദ്ദേഹം കൊല്ലവർഷം 1113 കന്നിയിൽ മരിച്ചുപോയി,

സന്നിഹിതയായിരിയ്ക്കും. ക്ഷേത്രഗണിതത്തിലെ അനുമേയ പ്രമേയങ്ങൾ (Riders) ഞാൻ പഠിപ്പിച്ചിരുന്ന സമ്പ്രദായം അവർക്ക വളരെ രസപ്രദമായിത്തോന്നി എന്നെ അഭിനന്ദിച്ചുകൊണ്ടിരുന്നു. ഏഴുമണിയ്ക്കു തേവള്ളി ബംഗ്ലാവിലേയ്ക്കും ഒൻപതുമണിയ്ക്കു കന്യാസ്ത്രീമഠത്തിലേയ്ക്കും അവിടുന്നു വീട്ടിലേയ്ക്കും വീട്ടിൽനിന്നു കച്ചേരിയ്ക്കും നടക്കേണ്ടിയിരുന്നതു നിമിത്തം അഞ്ചലോട്ടക്കാരനു സ്പർദ്ധ തോന്നത്തക്കവിധം സഞ്ചാരകൃത്യം ഞാൻ ദിവസേന നിർവ്വഹിച്ചുകൊണ്ടിരുന്നു. പ്രസാദകഠിനനായ പേഷ്കാരുടെ പ്രീതിയായിരുന്നല്ലോ സമ്പാദിക്കേണ്ടിയിരുന്നതു്. ആഡംബരങ്ങളോടു്, വിശേഷിച്ചു് അസമ്പന്നന്മാരുടെ വേഷഭൂഷാഭിലാഷഭ്രമത്തിനോടു വിദ്വേഷവും അധരോത്തരസ്ഥിതികളെ ധിക്കരിച്ചും കീഴ്മേൽ ഭേദകല്പനകളെ ഗണിക്കാതെയും നടക്കുന്നവരെ അനുഗ്രഹിക്കുന്നതിൽ വൈമുഖ്യവും സർക്കാരുദ്യോഗത്തിന്റെ ഗൗരവത്തെ പുലർത്തുന്നതിനും ഉദ്ധരിക്കുന്നതിനും ശ്രദ്ധാസമൃദ്ധിയും അദ്ദേഹത്തിന്റെ ഗുണങ്ങളായിരുന്നു. സന്മാർഗ്ഗസീമകളെ ലംഘിക്കുന്നവരും ഉന്മാർഗ്ഗഗാമികളും അദ്ദേഹത്തിന്റെ കഠിനമായ അപ്രീതിയ്ക്കു പാത്രീഭവിച്ചു. രജതശലാകപോലെ ധവളകോമളതയെ വഹിച്ചിരുന്ന വെള്ളിമീശനിമിത്തം മററു രാജാരാമരായന്മാരിൽ നിന്നു വേർതിരിക്കുന്നതിനുവേണ്ടി അദ്ദേഹത്തിനെ വെള്ളിമീശ-രാജാരാമരായർ എന്നു ചിലർ പറയുമായിരുന്നു. കൃത്യനിഷ്ഠ നോക്കിയാൽ മററു് ഉദ്യോഗസ്ഥന്മാർക്കു് അദ്ദേഹത്തിന്റെ ഭൃത്യതയല്ലാതെ സിദ്ധിക്കുകയില്ല. തീരെ വിനോദതാൽപര്യമില്ലാതിരുന്നതുകൊണ്ടും 'കാശകുശച്ഛവി'യായ മീശയുണ്ടായിരുന്നതുകൊണ്ടും ശുഷ്കനായ ഒരു യാതയാമനാണെന്നു ചില ചെറുപ്പക്കാർ അദ്ദേഹത്തെ പരിഹസിച്ചുവന്നു. യുവജനങ്ങൾ പിഞ്ചിലേ പഴുത്ത അവിവേകികൾ ആണെന്നു് അദ്ദേഹവും ആക്ഷേപിച്ചുകൊണ്ടിരുന്നു. വൃദ്ധന്മാരും യുവാ

ക്കളും സമുദായഘടനയ്ക്കു് വശീഭവിച്ചവരും മനുഷ്യജാതിയിൽപ്പെട്ടവരും ആയിരിക്കുന്നിടത്തോളംകാലം ഒത്താശകളും പരസ്പരാദരവും വേണ്ടതാണെന്നു് ഒരു ഉഭയസാധാരണബോധം എത്രയോ ശ്രേയസ്കരമായിരിക്കും. അദ്ദേഹത്തിനുണ്ടായിരുന്ന ഒരു ദോഷം സ്വാധികാരത്തിനുള്ള മഹിമയും ഗൗരവവും യഥാർത്ഥത്തിൽ വളരെ കൂടുതലാണെന്നു സങ്കല്പിച്ചു് പലരുടേയും പ്രവൃത്തികളുടെ നിഴൽപോലും സ്വാധികാരമണ്ഡലത്തിൽ തട്ടിയാൽ അതു് അനാദരവും ആക്രമവുമായി വ്യാഖ്യാനിച്ചു് അമർഷം കാണിച്ചുവന്നതാണു്. ഇതിനു നേരെമറിച്ചൊരു ദോഷമാണു് ജംബുകബുദ്ധികളായ ചിലർ സ്വസ്ഥിതി യഥാർത്ഥതയിൽ താണതാണെന്നു് അഭിനയിച്ചു് അധികാരസ്ഥന്മാരെ പൃഥുകരിച്ചും അവരുടെ ശ്രോത്രങ്ങൾക്കു് സുഖകരമായ സ്തോത്രങ്ങൾ ചെയ്തും അനർഹമായി കാര്യങ്ങൾ സാധിക്കുന്നതു്. അധികാരസ്ഥന്മാരെ അഡ്രസ്സു കൊടുത്തും മററും വാഴ്ത്തുന്നതു് അവിഹിതമാണെന്നു് അഭേദ്യമായി ഒരു നിശ്ചയമുണ്ടായിരുന്നാൽക്കൊള്ളാമെന്നു് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ മനുഷ്യമനസ്സിന്റെ ദൗർബല്യം നിമിത്തം സ്തുതിരൂപമായ വ്യാജം പ്രയോഗിച്ചു ബുദ്ധിയെ കബളിപ്പിച്ചു എന്നു വരാവുന്നതാണല്ലോ. മി. രാജാരാമരായർ സാധുക്കളോടു് കാരുണ്യം കാണിച്ചുവന്നു. എന്നാൽ അവക്ക് തന്നിമിത്തം അലംഭാവവും അഹംഭാവവും തോന്നാത്തവണ്ണം അത്ര മിതമ്പചമായിട്ടേ അതു പ്രകാശിച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ ബാഹ്യപ്രകൃതിയും ആന്തരമാർദ്ദവവുംകൂടി നോക്കുമ്പോൾ ഭാമിനീവിലാസത്തിലെ,

"ഉപരി കരവാലധാരാ-
കാരാഃ ക്രൂരാഃ ഭുജംഗമപുംഗവാത്
അന്തഃ സാക്ഷാദ് ദ്രാക്ഷാ-
ദീക്ഷാഗുരവോ ജയന്തി കേƒപിജനാഃ"

എന്ന ശ്ലോകം അറിയാവുന്നവർ അതു് ഓർക്കാതിരിക്കയില്ല. അതായതു പുറമെ വാളിന്റെ വാത്തലപോലെ മൂർച്ചയുള്ളവരും സർപ്പശ്രേഷ്ഠനെക്കാൾ ക്രൂരന്മാരുമായ ചില ജനങ്ങൾ അകമേ മുന്തിരിങ്ങായെ അഭ്യസിപ്പിക്കുന്നതിവേണ്ട മധുരമാർദ്ദവമുള്ളവരായി ജയിക്കുന്നു എന്നർത്ഥം. പുറമേ പരുഷത കാണിക്കുന്നവരാണെങ്കിലും അകമേ വളരെ കനിവുള്ളവരായി ചില ജനങ്ങൾ സർവ്വോൽകർഷേണ വർത്തിക്കുന്നു എന്നു സാരം. അതുകൊണ്ടു നമ്മഗർഭമായി ഇവിടെ ചെയ്യുന്ന പ്രസ്താവനകൾ ആക്ഷേപമായി പുറപ്പെടുവിച്ചതല്ലെന്നു ധരിക്കുവാൻ പ്രത്യേകം അപേക്ഷിക്കുന്നു. വേഷഭൂഷാദിഭ്രമം അദ്ദേഹത്തിനു് അപ്രീതികരമായിരുന്നു എന്നു പൊതുവിൽ അറിഞ്ഞിരുന്നതുകൊണ്ടാണു് സങ്കടക്കാർ മുട്ടിനു കീഴ്പോട്ടു ഇറങ്ങാതെ മിക്കവാറും മലിനമായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ മുമ്പിൽ ചെന്നിരുന്നതു്. പേഷ്കാർ സർക്കീട്ടുവരുമ്പോൾ പ്രയോഗിക്കാൻ അമ്പലപ്പുഴ ഡെപ്യൂട്ടി തഹശീൽദാർ ഒരു മുണ്ടു പ്രത്യേകം വച്ചിരുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഒരിടസ്സു് തവണവച്ചു ഡിവിഷൻകച്ചേരിയിലെ ഓരോ ഗുമസ്തന്മാർ രാത്രിയിൽ പേഷ്കാരുടെ ബംഗ്ലാവിൽ കിടക്കണമെന്നു് ഏർപ്പാടുണ്ടായിരുന്നു. അടിയന്തിരമായി വല്ല എഴുത്തുകുത്തും ചെയ്യേണ്ടിവന്നാൽ അതിലേക്കായിട്ടാണു് ഈ ഏർപ്പാടു വച്ചതു്. തവണമുറസ്സു കിടക്കാൻ ചെല്ലുന്ന ഗുമസ്തനു കിടന്നുറങ്ങുവാൻ വടക്കേ കെട്ടിടത്തിന്റെ വരാന്തയിൽ വല്ല കീറിപ്പറിഞ്ഞ പായും തലയണസ്സു വല്ല കടലാസ്സുകെട്ടും കിട്ടിയാൽ ഭാഗ്യമായി. അങ്ങനെയിരിക്കെ സ്വത്തും സ്ഥിതിയുമുള്ള ഒരു ഗുമസ്തന്റെ തവണ വന്നു. നല്ല ഈട്ടിക്കട്ടിലും മേക്കട്ടിയും കിടക്കയും കൊതുകുവലയും ചാരുകസേരയും ജലപാത്രങ്ങളും മററു സാമാനങ്ങളും താൻ വരുമ്പോഴേയ്ക്കു വരാന്തയിൽ ഒരുക്കിയിരിക്കണമെന്നു് ആജ്ഞാപിച്ചു ഭൃത്യന്മാരുവശം പേഷ്കാരുടെ ബംഗ്ലാവിലേ

ക്കയച്ചു. മാവിൻെറ മുട്ടിൽ സായാഹ്നവായുവേററു പേഷ്കാർ ഇരിക്കുമ്പോൾ രണ്ടുമൂന്നുപേർ വണ്ടികളും സാമാനങ്ങളുമായി വരുന്നതു കണ്ടു. കാര്യം ചോദിച്ചപ്പോൾ പൊന്നൻപിള്ള യുടെ കിടമുറയാണെന്നും അതിനുവേണ്ട സാമഗ്രികളാണു വണ്ടിയിൽ കൊണ്ടുവന്നിരിക്കുന്നതെന്നും മനസ്സിലായി. ഇതെല്ലാം തന്നെ പരിഹസിക്കാനുള്ള ആഡംബരങ്ങളാ ണെന്നു ധരിച്ച് അയാൾ കിടക്കാൻ വരണ്ടെന്നും പകരം വേറെ ആളിനെ ഏർപ്പാടു ചെയ്തുകൊള്ളാം എന്നും പറഞ്ഞു വണ്ടികളും സാമാനങ്ങളും അദ്ദേഹം തിരിച്ചയച്ചു.

കൊല്ലത്തു് ആശ്രാമത്തു് ഊട്ടിൽ ജോലിക്കാരനായി രുന്ന ഒരു ബ്രാഹ്മണനെ സംഗതിവശാൽ ചെങ്കോട്ടയ്ക്കു സ്ഥലംമാററി. ഭാര്യാപുത്രാദികളെ ചെങ്കോട്ടയിൽ കൊണ്ടു പോയി പോററുന്നതിനു ശമ്പളം പോരാതിരുന്നതുകൊണ്ടു് തിരിയെ കൊല്ലത്തേയ്ക്കു സ്ഥലംമാററം കിട്ടണമെന്നു സങ്കടം പറയുവാൻ അദ്ദേഹം പേഷ്കാരുടെ അടുക്കൽ വന്നു. പേഷ്കാർ കായൽക്കരെയ്ക്കു് അല്പം അകലെ ഇരിക്കുകയായിരുന്നു. സങ്ക ടക്കാരൻ അടുത്തുചെന്നു കാര്യങ്ങൾ പറയുവാൻ ഭാവിച്ച പ്പോൾ കണ്ട മുഖഭാവം നിമിത്തം അല്പംകൂടി കായലോര ത്തിനു് അടുത്തു നിന്നുകൊണ്ടു കാര്യങ്ങൾ പറഞ്ഞു. എല്ലാം കേട്ടശേഷം, "തന്നെ കൊല്ലത്തേയ്ക്കു സ്ഥലം മാററിയില്ലെ ങ്കിൽ കായലിൽ ചാടുവാനാണോ അവിടെ നില്ക്കുന്നതു്?" എന്നു പേഷ്കാർ ചോദിച്ചു. സ്വാമി ഉത്തരവാകുന്നപക്ഷം അങ്ങനെയും ചെയ്യാം എന്നയാൾ മറുപടിപറഞ്ഞു. "അപ്പിടി ആനാൽ ചാടും, പാർപ്പോം," എന്നു പേഷ്കാർ പറഞ്ഞതു കേട്ടു് ആ ശുദ്ധഗതിക്കാരൻ കായലിലേയ്ക്കു 'തുടിൻ' എന്നെ ടുത്തുചാടി. ഈ ഭ്രാന്തപ്രവൃത്തികണ്ടു പേഷ്കാർതന്നെ സംഭ്രാ ന്തനായി ശിപായിമാരെ വിളിച്ചു പിച്ചൻ ബ്രാഹ്മണനെ പിടിച്ചു കയററുവാൻ പറഞ്ഞു. കായലിൽ ചാടിയവനു നീന്തോ പതയോ ഒന്നും വശമുണ്ടായിരുന്നില്ല. ആ

പ്രദേശം കയമായിരുന്നതുകൊണ്ടു് ഈയക്കട്ടി പോലെ അയാൾ അവിടെ താണുപോകുമായിരുന്നു. ശിപായിമാർ ഓടിവന്നു പിടിച്ചുവലിച്ചു കരയ്ക്കിട്ടതു കൊണ്ടു 'ദ്വിജ'നായ അദ്ദേഹം ഒരു ജന്മംകൂടി സിദ്ധിച്ചു 'ത്രിജ'നായിത്തീർന്നു. അഷ്ടമുടിക്കായലിൽ [1]സ്നായകനും അതിലെ ജലത്തിന്റെ [2]പായകനും ആയ സങ്കടക്കാരൻ പേഷ്കാരുടെ മുമ്പിൽ കാണിച്ച സാഹസത്തിനു് അയാളെ വെറുതേ വിടത്തക്കതല്ലെന്നു വിചാരിച്ചു പോലീസുകാക്കറിവുകൊടുത്തതനുസരിച്ചു് അവർ കേസെടുത്തു് ആത്മഹത്യയ്ക്കു് ഉത്സാഹിച്ചതായി ആ പാവത്തിനെ പ്രാസിക്യൂട്ടു ചെയ്തു. പേഷ്കാർ സ്വാമി പറഞ്ഞിട്ടാണു കായലിൽ ചാടിയതെന്നു് അയാൾ ചെയ്ത എതിർവാദത്തെ ഗണിക്കാതെ ഒന്നാംക്ലാസ്സുമജിസ്ട്രേട്ടു് പ്രതിയെ ശിക്ഷിച്ചു. ഇതു പേഷ്കാർ കേട്ടപ്പോൾ അദ്ദേഹത്തിനുതന്നെ വളരെ ആർദ്രതതോന്നുകയും പ്രതിയെക്കൊണ്ടു് അപ്പീൽ കൊടുപ്പിക്കുകയും സെഷൻജഡ്ജിയെ താൻതന്നെ കണ്ടു സംഗതികൾ ഗ്രഹിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ഒരു വിധത്തിൽ സങ്കടക്കാരനെ വെറുതേ വിടുവിച്ചു. ആവശ്യപ്പെട്ട സ്ഥലംമാററവും കൊടുത്തു. ജഗന്നാഥപണ്ഡിതന്റെ ശ്ലോകത്തിനു് ഇപ്രകാരമാകുന്നു സംബന്ധം.

ലോർഡു് കേഴ്സൺ തിരുവിതാംകൂർ സന്ദർശിച്ചതു കപ്പൽവഴി കൊല്ലത്തു പടിഞ്ഞാറുവശത്തു വന്നിറങ്ങിയായിരുന്നു. വൈസ്രോയിക്കു് അഷ്ടമുടിക്കായലിൽ സഞ്ചരിക്കുന്നതിനു നൂതനമായി ഒരു ബോട്ടു് പേഷ്കാരുടെ വാസസ്ഥലത്തുവച്ചു പണിചെയ്യിപ്പിച്ചിരുന്നു. മഹാനായ സായിപ്പിന്റെ ആഗമനത്തിനു തലേദിവസം അതു കായലിൽ ഇറക്കുന്നതിനു പലർകൂടി ശ്രമിച്ചിട്ടും സാധിച്ചില്ല. ഈ വൈ

1 സ്നാനം ചെയ്യുന്നവൻ.

2 കുടിക്കുന്നവൻ.

ഷമ്യം അറിഞ്ഞു പേഷ്ക്കാർതന്നെ ബംഗ്ലാവിൽനിന്നു് ഇറങ്ങി വന്നു. അദ്ദേഹം വന്നുനിന്നു് "എല്ലാവരുംകൂടി ഒത്തുപിടിക്കവിൻ, ഇപ്പോൾ ഇതു് കായലിൽ ഇറക്കണം." എന്നു് ഉത്തരവുകൊടുത്തു. മുമ്പുണ്ടായിരുന്നവരും വേറേ ചിലരും കൂടിച്ചേൎന്നു വടങ്ങൾക്കു പിടിച്ചതുകൊണ്ടു് ബോട്ടിളകി കായലിലേയ്ക്കു് ഇറങ്ങി. ഇതു് അധികാരത്തിൻെറ പ്രാബല്യം കൊണ്ടാണെന്നു് ആർക്കും തോന്നുന്നതല്ല. പക്ഷേ, ഉദ്യോഗസ്ഥന്മാരെ സേവപിടിക്കുന്ന ഹൃദ്യകല അഭ്യസിച്ചിരുന്ന ഒരു വിദ്വാൻ സമീപത്തുനിന്നുകൊണ്ടു്, സന്നിധാനത്തിൽ നിന്നു് ഉത്തരവായാൽ ബോട്ടു് ഇളകാതിരിക്കുമോ?" എന്നു സ്തുതിചെയ്യുന്നതുകേട്ടു് സ്വാധികാരത്തെ പേഷ്ക്കാർ മനസാ കുളക്കെ അഭിനന്ദിച്ചു.

കേസു വാദിക്കുവാൻ ചെല്ലുന്ന വക്കീലന്മാർ ലാ റിപ്പോർട്ടു് മുതലായ പ്രമാണഗ്രന്ഥങ്ങൾ കൂടെ കൊണ്ടുചെല്ലുന്നതു് അദ്ദേഹത്തിനു നീരസമാണെന്നു് ഒരു ധാരണയുണ്ടായിരുന്നു. അറിവില്ലാത്ത സംഗതികൾ ഗ്രഹിപ്പിക്കുന്നതിനു് ആയിരിക്കണമല്ലോ പുസ്തകങ്ങളുടെ പ്രയോജനം. എന്നാൽ അദ്ദേഹത്തിനു് അറിവില്ലാത്തതായി ഒന്നുമില്ലെന്നുള്ള ഭാവനയിലായിരുന്നു തന്ത്രജ്ഞന്മാരായ വക്കീലന്മാർ കേസുകൾ വാദിച്ചിരുന്നതു്. അതുകൊണ്ടു പുസ്തകങ്ങൾ കൊണ്ടുപോകുന്നവർ കച്ചേരിയ്ക്കു പുറമേയുള്ള കാററാടിയുടെ മൂട്ടിൽ അവ വല്ലവരേയും ഏല്പിച്ചു വയ്ക്കുകയായിരുന്നു പതിവു്. ഒരു ദിവസം, "നിങ്ങൾ പുറപ്പെടുവിക്കുന്ന വാദത്തിനു് ആധാരമായി വല്ല അത്താറട്ടിയുമുണ്ടോ?" എന്നു കോടതിയിൽ നിന്നും ചോദിച്ചു. അതുകേട്ടു് "ഇരുക്കു്, കാററാടിമൂട്ടിലേ ഇരുക്കു്," എന്നു പച്ചപ്പരമാൎത്ഥിയായ ഒരു വക്കീൽ വിളിച്ചു പറഞ്ഞു. ഡാക്ടർ കൃഷ്ണൻപണ്ടാല കൊല്ലത്തു വളരെനാൾ വ്യവഹരിച്ചു താമസിച്ചിരുന്നല്ലോ. മി. രാജാരാമറാവു

വിൻെറ കച്ചേരിയിൽ ഒരിക്കൽ അദ്ദേഹം ഒരു അപ്പീൽ വാദിച്ചുകൊണ്ടിരിക്കുമ്പോൾ, റാവുജി അവർകൾ സംശയ നിവൃത്തിയ്ക്കു് ഏതോ പുസ്തകം നോക്കിക്കൊണ്ടിരിക്കയായി രുന്നു. ആ അവസരത്തിൽ ജഡ്ജ്മെൻറുകൊണ്ടു മുഖം മറച്ചു പിടിച്ചു മി. പണ്ടാല എതിർകക്ഷിവക്കീലിനെ കൊഞ്ഞ നംകാണിയ്ക്കുകയാൽ അദ്ദേഹം ചിരിക്കുവാനിടയായി. അങ്ങനെ ചിരിച്ചതു ഗ്രഹപ്പിഴയ്ക്കു മി. രാജാരാമറാവു കണ്ടു. വക്കീൽ ചിരിച്ചതു തന്നെക്കുറിച്ചാണെന്നു് അദ്ദേഹംധരിച്ചു് "ഹേ, മി. പത്മനാഭപിള്ളേ! ഞാനൊരു ബി. ഏ.-ക്കാരൻ മാത്രമാകുന്നു. നിങ്ങൾ ബി. ഏ. ബി. എൽ. ആണെന്നു് അറിയാം. എന്നെപ്പോലെയുള്ളവർക്കു പുസ്തകങ്ങൾ നോക്കി സംശയങ്ങൾ തീർക്കേണ്ടതായിട്ടുണ്ടു്. നിങ്ങൾക്കങ്ങനെ യൊന്നുമാവശ്യമില്ല." എന്നു പരിഭവമായിപ്പറഞ്ഞു. വാസ്ത വമെവിടെക്കിടക്കുന്നു? ചിരിക്കുന്നതു് അദ്ദേഹത്തിൻെറ അജ്ഞതയേയോ അബദ്ധത്തേയോ ഉദ്ദേശിച്ചാണെന്നും അധികാരപൗരുഷത്തെ അനാദരിച്ചാണെന്നും സാധാരണ തെററിദ്ധരിക്കകൊണ്ടു് അദ്ദേഹത്തിൻെറ മുമ്പിൽവെച്ചു ചിരിക്കുന്നവർ ചുരുക്കമായിരുന്നു. അധികാരത്തെപ്പററി അദ്ദേഹത്തിനു് അത്രമാത്രം അഭിമാനമുണ്ടായിരുന്നു.

അശ്വതി തിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സു് ബി. ഏ. നാടുനീങ്ങുന്നതിനു കുറേമുമ്പു് ഒരിക്കൽ കൊല്ലത്തു് എഴുന്നള്ളി. തിരുമനസ്സിലെ മാനേജരായിരുന്ന കിളിമാനൂർ കേരളവർമ്മ കോയിത്തമ്പുരാൻ അവർകൾ ബി. ഏ. (സീനി യർ മഹാറാണി തിരുമനസ്സിലെ പിതാവു്)കൂടെ ഉണ്ടായി രുന്നു. എഴുന്നള്ളത്തുസംബന്ധിച്ചു ചെയ്തിരുന്ന ഏർപ്പാടു കളിൽ എന്തോ വൈകല്യങ്ങൾ ഉണ്ടായിരുന്നതു് അടി സ്ഥാനമാക്കി മാനേജർ കോയിത്തമ്പുരാൻ, സ്ഥലം തഹ ശീൽദാരെ വിളിച്ചുനിർത്തി കഠിനമായി ശകാരിച്ചു. അതു

കേട്ടകൊണ്ടു് കയറിച്ചെന്ന പേഷ്കാരവർകൾ അതിനുപകരം വളരെ പരുഷമായി കോയിത്തമ്പുരാനെയും അധിക്ഷേപിച്ചു. കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു കേൾക്കുനുണ്ടെന്നുള്ള വിചാരം പേഷ്കാരുടെ ജിഹ്വയേയോ കണ്ഠത്തേയോ നിയന്ത്രിച്ചില്ല. ഒടുവിൽ തിരുമനസ്സുകൊണ്ടു വെളിയിൽ ഇറങ്ങിവന്നു പേഷ്കാരോടു വളരെ സമാധാനങ്ങൾ പറഞ്ഞു. പേഷ്കാർ പറഞ്ഞു: "ഈ കോയിത്തമ്പുരാനു തഹശീൽദാരുടെ പേരിൽ എന്തധികാരമാണുള്ളതു്? കോയിത്തമ്പുരാനാരു്, തഹശീൽദാർ ആരു്? ഈ സ്ഥലത്തു മഹാരാജാവുതിരുമസ്സിലെ പ്രതിനിധി നാമാണു്. തഹശീൽദാർ നമ്മുടെ വരുതിയിൽ ഉൾപ്പെട്ടതാകയാൽ അയാളെ ശാസിക്കുന്നതിനു നമുക്കല്ലാതെ ആൎക്കാണധികാരം? തഹശീൽദാൎക്കു വല്ലതും തെററു പററിപ്പോയിരുന്നാൽ നമ്മെ അറിയിക്കുകയാണു വേണ്ടതു്."

ഇതു കേട്ടു കൊച്ചുതമ്പുരാൻതിരുമനസ്സുകൊണ്ടു പേഷ്കാർ പറയുന്നതെല്ലാം ശരിയാണെന്നു സമ്മതിച്ചു കലഹം കലാശിപ്പിച്ചു. ഇതു സൎക്കാരുദ്യോഗത്തിന്റെ ഗൗരവം അദ്ദേഹം ഉദ്ധരിച്ചതിനു് ഒരു ദൃഷ്ടാന്തമാണു്. ഇതുപോലെ ഡിവിഷൻകച്ചേരി സന്നിധിയിൽ (അതായതു് പേഷ്കാരുടെ സന്നിധിയിൽ) തഹശീൽദാർ ഇരുന്നുകൂടാ എന്നാണു് അദ്ദേഹം വെച്ചിരുന്നതു്. കണ്ണാടി കേശവപിള്ള എന്നു ഡിവിഷൻകച്ചേരിയിൽ ഒരു രായസംപിള്ളയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീടു് കാവാലം പകുതിയിൽ കണ്ണാടിക്കരയിൽ ആയിരുന്നതുകൊണ്ടു് അങ്ങനെ വിളിച്ചുവന്നു എന്നേയുള്ളു. സൎക്കീട്ടായി മറെറാരിടത്തുപോയ അവസരത്തിൽ അവിടത്തെ തഹശീൽദാർ, പിള്ളമാർ കച്ചേരി ജോലി ചെയ്യുന്നിടത്തു ചെല്ലുകയും കണ്ണാടി കേശവപിള്ള അദ്ദേഹത്തെ ബഹുമാനിച്ചു് ഒരു കസേരയിൽ ഇരുത്തുകയും ചെയ്തു. ദൂരെ വേറൊരു കെട്ടിടത്തിൽ ഇരുന്ന പേഷ്കാർ

ഇതുകണ്ട കേശവപിള്ളയെ വരുത്തി, "മാനം കെട്ടതാനാണോ താനുംകൂടി സക്കീട്ടിൽ പോന്നതു്? എന്നു ചോദിച്ചു. ഇതു കേട്ടിട്ട കേശവപിള്ളയ്ക്കു കാര്യം മനസ്സിലാകാതെ കുഴഞ്ഞമ്പരന്നു നിൽക്കുന്നതു കണ്ടു്, പ്രസ്തുതത്തിന്റ ഗമകമായി "തഹശീൽദാർക്കു് ഡിവിഷൻസമക്ഷത്തു് ഇരിപ്പുണ്ടോടോ?" എന്നു് ഒരു ചോദ്യംകൂടി അദ്ദേഹം ചോദിച്ചു. അതു കേട്ടപ്പോൾ കേശവപിള്ളയ്ക്കു കാര്യം മനസ്സിലായി. വന്നുപോയ അപരാധം ക്ഷമിക്കണമെന്നു മാപ്പു് അപേക്ഷിച്ചുകൊണ്ടു കേശവപിള്ള തിരിച്ചു പോയി. താഴെയുള്ളവർ മേലുദ്യോഗസ്ഥനോടു ക്ലിപ്തപ്പെട്ട പതിവനുസരിച്ചുള്ള ഭാഷ ഉപയോഗിക്കുകയും ആദരവു കാണിക്കുകയും ചെയ്യില്ലെങ്കിൽ അതു മേലാവിനുള്ള അധികാരത്തോടു മത്സരമായിട്ടു് അദ്ദേഹം കരുതിയിരുന്നു എന്നു തോന്നുണ്ടു്. മരാമത്തു സൂപ്രണ്ടായി ശിവശങ്കരപ്പിള്ള എന്നൊരാളുണ്ടായിരുന്നു. അദ്ദേഹം പേഷ്കാരോടു സംഭാഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ "അങ്ങനെയല്ലേ നിങ്ങൾ നമ്മോടു ബോധിപ്പിച്ചിട്ടുള്ളതു്"' എന്നു പേഷ്കാർ ചോദിച്ചു. അതിനു മറുപടിയായി, "ഞാനങ്ങനെയാരോടും പറഞ്ഞിട്ടില്ല" എന്നു സൂപ്രണ്ടു പറഞ്ഞു. ഇതുകേട്ടു "നിങ്ങൾ പൊയ്ക്കൊള്ളുക" എന്നു് അയാളുടെ ധാർഷ്ട്യത്തിന്നു ശിക്ഷയായി സൂപ്രണ്ടിനെ ഉടനേതന്നെ പറഞ്ഞയച്ചു. നേരേ മറിച്ചു വലിയ അപരാധങ്ങൾ പററിയാലും ഭക്തിയും വിനനവും കാണിക്കുന്നവക്കു് അദ്ദേഹം അഭയപ്രദനായിരുന്നു. ഡിവിഷൻകച്ചേരിയിൽ അദ്ദേഹം വന്നാൽ ആദ്യമായി നടക്കാറുള്ളതു സങ്കടഹർജികൾ വായിച്ചു കേൾക്കുകയാണു്. വായിച്ചു കേൾപ്പിക്കുവാൻ 'പെററിഷൻക്ലാക്കു്" എന്നു പ്രത്യേകമൊരു ഉദ്യോഗസ്ഥനുണ്ടു്. ഹർജികൾ എല്ലാം നേരത്തെ നോക്കി വായിച്ചു മനസ്സിലാക്കി പേഷ്കാരെ വായിച്ചുകേൾപ്പിക്കുവാൻ സന്നദ്ധനായി ഇരിക്കേണ്ടതാണു് അയാളുടെ

കൃത്യം. ചിലപ്പോൾ അലസത നിമിത്തമോ ഇതരകാര്യ പര്യാകുലതയാലോ അതിനു സാധിച്ചില്ല എന്നു വരും. എന്നാൽ ജോലിയിലുള്ള പഴക്കംകൊണ്ടു് എല്ലാം ഒരു വിധം അയാൾ ശരിപ്പെടുത്തിക്കൊണ്ടുപോകും. ഒരു ദിവസം ഒരു ഹർജി വായിക്കാൻ തുടങ്ങിയതിൽ കൈപ്പട മനസ്സി ലാകാതെ അയാൾ വളരെക്കുഴഞ്ഞു. കേട്ടുകൊണ്ടിരുന്ന പേഷ്കാർ, ''ഗുമസ്തൻ ഇതിനുമുൻപു് ഈ കടലാസ്സു കണ്ടിട്ടി ല്ലെന്നു നിശ്ചയമാണു്. എല്ലാം നോക്കി തയാറായി വരണ മെന്നു ഞാൻ പലപ്പോഴും ഉപദേശിച്ചിട്ടും അതൊന്നും ഗുമ സ്തൻ വകവെച്ചിട്ടുള്ളതായിക്കാണുന്നില്ല'' എന്നു ശുണ്ഠികടി ക്കാൻ തുടങ്ങി. അങ്ങനെയല്ല സന്നിധാനത്തെക്കുറിച്ചുള്ള ഭയഭക്തിവിശ്വാസത്താൽ വായന തടസ്സപ്പെട്ടുപോയതാ ണെന്നു ഭയമഭിനയിച്ചുകൊണ്ടു ഗുമസ്തൻ മറുപടി പറഞ്ഞു. ''അല്ലല്ല തൻെറ അജാഗ്രതയാണു്'' എന്നു പേഷ്കാർ പറ ഞ്ഞെങ്കിലും ഗുമസ്തൻെറ താഴ്മയും വണക്കവും അദ്ദേഹ ത്തിനെ തൃപ്തിപ്പെടുത്തി. എന്തെന്നാൽ, ''താൻകൂടി സർ ക്കീട്ടിൽ പോരു,'' എന്നായിരുന്നു ശാസനത്തിൻെറ അവ സാനം.

എൻെറ പേരിൽ കുറേക്കഴിഞ്ഞതിൽപ്പിന്നെ അദ്ദേഹം പ്രീതനായിരുന്നു എന്നുള്ളതിനു് ലക്ഷ്യമുണ്ടു്. ആദ്യമാദ്യം കൈയ്യക്ഷരത്തിൽ ചില വൈചിത്ര്യങ്ങൾ സംഭവിക്കാറുള്ള തിനെ അദ്ദേഹം ആക്ഷേപിച്ചുകൊണ്ടിരുന്നു. അങ്ങനെയി രിക്കെ ആയിരത്തിയെഴുപത്തിയാറിലെ കാനേഷുമാരി നട ത്തേണ്ടതായിവന്നു. ജനങ്ങളുടെ സംഖ്യാതാക്കളെ (എനു മറേറ്ററന്മാരെ) നിയമിക്കുന്നതിനുവേണ്ട അധികാരപത്രം പേഷ്കാർ കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. സംഖ്യാതാ വിൻെറ വാസസ്ഥലം മുതലായ വിവരങ്ങളും മററും എഴുതി ച്ചേർക്കുന്നതിനു് ഇടയിട്ടു് അച്ചടിച്ചിട്ടുള്ള ഫാറങ്ങൾ സെൻ

സസ്സ് കമ്മീഷണരുടെ ആഫീസിൽനിന്നു് ഓരോ പേഷ്കാർ ക്കും അയച്ചുകൊടുക്കുകയും അവർ ഫാറം പൂരിപ്പിച്ചു സംഖ്യാതാവിനെ അധികാരപ്പെടുത്തുകയുമായിരുന്നു ചെയ്തിരുന്നതു്. കൊല്ലം ഡിവിഷനിലേയ്ക്കു വേണ്ട ഫാറങ്ങൾ കാലേക്കൂട്ടി ഡിവിഷൻ കച്ചേരിയിലേയ്ക്കു് അയച്ചുകൊടുത്തിരുന്നു എങ്കിലും അവയെല്ലാം കെട്ടുകെട്ടായി ഗുഹാപ്രായമായ ഒരു മുറിയിൽ അടച്ചിട്ടിരുന്നതു ചുമതലക്കാർ വിസ്മരിച്ചുപോയി. ആളെണ്ണേണ്ട തീയതി അടുത്തുവന്നപ്പോൾ ഫാറം അയച്ചു തരണമെന്നു കമ്മീഷണരുടെ പേക്കു് എഴുതി അയച്ചതിൽ മുമ്പുതന്നെ അയച്ചുപോയി എന്നു മറുപടി കിട്ടി. ഉണ്ടെന്നും ഇല്ലെന്നും പരസ്പരം തക്കങ്ങൾ കുറെ നടന്നതിനുശേഷം പിന്നീടു തക്കിക്കുന്നതിനു തീയതി ഇല്ലെന്നുള്ള ദിക്കിലായി. അന്നേദിവസം ഫാറങ്ങൾ കിട്ടിയില്ലെങ്കിൽ അവ വേണ്ട ദിക്കിൽ എത്തിക്കുന്നതു് അസാദ്ധ്യമാണെന്നു കണ്ടു ഡിവിഷൻകച്ചേരിയുടെ മുറികൾ എല്ലാം തപ്പുകയും തിരയുകയും ചെയ്തപ്പോൾ കെട്ടുകെട്ടായിക്കിടന്ന ഫാറങ്ങൾ എല്ലാം കണ്ടുകിട്ടി. ആകപ്പാടെ രണ്ടുമൂവായിരം ഫാറങ്ങൾ അന്നു രാത്രികൊണ്ടു സംഖ്യാതാക്കളുടെ വിവരങ്ങളും ദിവാൻ പേഷ്കാർ രാജാരാമരായരെന്നു പേഷ്കാരുടെ പേരും എഴുതി പൂർത്തിയാക്കി പ്രഭാതത്തിൽ ഒപ്പിടുവിക്കാൻ പേഷ്കാരുടെ അടുക്കൽ എത്തിച്ചുകൊടുക്കണം എന്ന വ്യവസ്ഥയിന്മേൽ ഗുമസ്തന്മാരുടേയും പിള്ളമാരുടെയും പക്കൽ വീതിച്ചുകൊടുത്തു. പിറേറദിവസം പേഷ്കാരുടെ മുമ്പിൽ കുന്നുപോലെ കൂട്ടിയിരുന്ന ഫാറങ്ങൾ ഓരോന്നായി ഒപ്പിടുവിച്ചു വയ്ക്കുന്നതിനായി ഞാൻ ആരംഭിച്ചു. വളരെ ഫാറങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു് ഓരോ ഫാറത്തിലും പ്രത്യേകം നോക്കുന്നതിനു സമയമോ സൗകര്യമോ ഉണ്ടായിരുന്നില്ല. എങ്കിലും വല്ല തെററുമുണ്ടോ എന്നു സമഷ്ടിയായിട്ടു ഞാൻ ഓരോന്നിലും കണ്ണോടിച്ചിരുന്നു. ഇങ്ങനെ ഒപ്പിടുവിച്ചുകൊണ്ടി

രുന്നപ്പോൾ ദിവാൻപേഷ്കാർ രാജാരാമരായർ എന്നുള്ള തിൻെറ സ്ഥാനത്തു് ദിവാൻപേഷ്കാർ പരമേശ്വരൻ പിള്ള എന്നെഴുതിയിരിക്കുന്നതും ആ സ്ഖലിതം കാണാതെ അതിനടിയിൽ പേഷ്കാർ ഒപ്പിട്ടുന്നതും കണ്ടു് അതു പ്രത്യേകമെടുത്തു ഞാൻ വച്ചപ്പോൾ അതെന്താണു മാററി വെച്ചതു് എന്നു് അദ്ദേഹം ചോദിച്ചു. ഒരു തെററുണ്ടെന്നു ഞാൻ പറഞ്ഞു. അതെന്താണെന്നു ചോദിച്ചപ്പോൾ ദിവാൻ പേഷ്കാർ രാജാരാമരായർ എന്നെഴുതാതെ പരമേശ്വരൻ പിള്ള എന്നു് ഇതിൽ എഴുതിക്കാണുന്നു എന്നു ഞാൻ പറഞ്ഞു. അതു വാങ്ങി നോക്കിയപ്പോൾ ഞാൻ പറഞ്ഞതു ശരിയാണെന്നു കണ്ടു. ഉടൻ ശിരസ്താരെയും ഹെഡ്ക്ലാക്കി നെയും മററും വരുത്തി പരമേശ്വരൻപിള്ള പേഷ്കാർ എപ്പോളാണു വന്നതെന്നു ചോദിച്ചതിൽ അവക്കു കാൎയ്യം മനസ്സിലാകാതെ കുഴങ്ങുന്നതുകണ്ടു് ഫാറം കാണിച്ചു കൊടുത്തു വ്യാഖ്യാനിച്ചു. അതിൻെറ കൈപ്പട നോക്കിയ തിൽ അതു മരാമത്തുകണക്കു പരമേശ്വരൻപിള്ള എന്നൊ രുവൻേറതാണെന്നു മനസ്സിലായി. നാലഞ്ചു ശിപായിമാരും ഒരു ക്ലാക്കുംകൂടി അയാളെ കൊണ്ടുവരാനായി പുറപ്പെട്ടു. അയാൾ പതിവായി കണക്കുകൾ എഴുതി അവസാനിപ്പി ക്കുമ്പോൾ മരാമത്തുകണക്കു പരമേശ്വരൻപിള്ള എന്നെഴുതി ഒപ്പിടുമായിരുന്നു. അൎദ്ധനിദ്രായിതനായി തലേദിവസം രാത്രിയിൽ ഫാറം പൂൎത്തിയാക്കിയപ്പോൾ രാജാരാമരായർ എന്നെഴുതുന്നതിനുപകരം പരമേശ്വരൻപിള്ള എന്നു് അയാൾ ബോധംകെട്ടു് എഴുതിപ്പോയതാണു്. പക്ഷേ പേഷ്കാർ അങ്ങനെയല്ല ധരിച്ചതു്. എന്തെഴുതിക്കൊണ്ടു ചെന്നാലും വായിച്ചുനോക്കാതെ അദ്ദേഹം ഒപ്പിടും എന്നു കാണിക്കുന്നതിലേയ്ക്കു് ഇങ്ങനെ ഒരു പണി ചെയ്തതാണെ ന്നും പിറേറദിവസം ഇതു 'മലയാളി'പേപ്പറിൽ പ്രസിദ്ധ പ്പെടുത്തി തന്നെ പരിഹസിക്കുമെന്നുമായിരുന്നു അദ്ദേഹ

ത്തിന്റെ ഊഹം. പരമേശ്വരൻപിള്ളയെ കൊണ്ടുവന്ന പ്പോൾ അയാളെ കഠിനമായി ഭർത്സിക്കുകയും ജോലിയിൽ നിന്നു സസ്പെൻറുചെയ്യുകയും ചെയ്തു. വളരെനാൾ കഴിഞ്ഞു് അബദ്ധം പററിയതാണെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹം അപരാധിയെ തിരിയെ ജോലിയിൽ നിയമിക്കുകയും ചെയ്തു. രണ്ടുമൂവായിരം ഫാറങ്ങളുടെ കൂട്ടത്തിൽ ഒന്നിൽ ഇപ്രകാരമൊരു സ്ഖലിതം സംഭവിച്ചതു "മാഷരാശി പ്രവിഷ്ടേവ മഷീഗുളികാ" അതായതു് ഉഴുന്നു കൂട്ടിയിരുന്ന തിനിടയ്ക്കു് ഒരു മഷിഗ്ഗുളിക ഉൾപ്പെട്ടിരുന്നതുപോലെ ആയിരുന്നു. അതു കണ്ടുപിടിച്ച ഞാൻ വളരെ സൂക്ഷ്മദൃഷ്ടിയും ശ്രദ്ധാലുവുമാണെന്നു പേഷ്കാർ എന്നെക്കുറിച്ചു മുക്തകണ്ഠം അഭിനന്ദിച്ചു. പിന്നീടു് അദ്ദേഹം എന്നെക്കുറിച്ചു പ്രീതനാ യിട്ടല്ലാതെ പെരുമാറിയിട്ടില്ല.

ഇങ്ങനെ ഏകദേശം ഒരു മാസക്കാലമായി ഞാൻ ഡിവിഷൻകച്ചേരിജോലി നോക്കിക്കൊണ്ടിരിക്കുമ്പോൾ മഞ്ഞുകാലം കുറഞ്ഞുകുറഞ്ഞു തനി വേനലിന്റെ ആരംഭം ജൃംഭിച്ചുതുടങ്ങി. നിവൃത്തിയുള്ളവർ നദീതീരങ്ങളെയും മററു ശീതളപ്രദേശങ്ങളെയും ആശ്രയിക്കാൻ പുറപ്പെട്ടു. ആ കൂട്ടത്തിൽ പേഷ്കാരവർകൾ കണ്ട സുഖവാസസ്ഥാനം കൊട്ടാരക്കരയ്ക്കും കുന്നത്തൂരിനും മദ്ധ്യേ കല്ലടയാററിന്റെ തീരത്തുള്ള കരിമ്പിൻപുഴ എന്ന സ്ഥലമായിരുന്നു. അവിടെ ജീർണ്ണിച്ചതായിരുന്ന ഒരു ക്ഷേത്രമുള്ളതല്ലാതെ നിബിഡമായി വീടുകളോ കെട്ടിടങ്ങളോ ഉണ്ടായിരുന്നില്ല. ടിപ്പു കോഴിക്കോടു മുതലായ പ്രദേശങ്ങളെ പടക്കളമാക്കാൻ തുട ങ്ങുന്നതറിഞ്ഞു വിഖ്യാതവിദുഷിയായ മനോരമത്തമ്പുരാട്ടി ഉൾപ്പെടെ സാമൂതിരിക്കോവിലകത്തു നിന്നും ഏതാനും അംഗങ്ങൾ പണ്ടു കരിമ്പിൻപുഴെ വന്നു താമസിച്ചതായി കേട്ടിട്ടുണ്ടു്. വേനല്ക്കു കല്ലടയാററിൽ പലയിടത്തും വെള്ളം

വററിപ്പോകുമാറുണ്ടെങ്കിലും കരിമ്പിൻപുഴെ ആ ദോഷം ബാധിക്കാറില്ല. അതുകൊണ്ടാണു് അവിടെ കുളിച്ചുതാമസി ക്കുന്നതിലേയ്ക്കു പേഷ്കാർ പുറപ്പെട്ടതു്. അദ്ദേഹത്തിൻെറ യാനവാഹനമായ കെട്ടുവള്ളത്തിൽ ഗൃഹസ്ഥനായി ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ഞങ്ങൾ കരിമ്പിൻപുഴെ ചെന്ന പ്പോൾ നേരം വെളുത്തില്ല. വള്ളത്തിൽ കിടന്നുകൊണ്ടു "കുഞ്ഞികൃഷ്ണപിള്ളേ!" എന്നു് അദ്ദേഹം വിളിച്ചപ്പോൾ കരയ്ക്കുള്ള കുററിക്കാട്ടുകളിലും മരുപ്രദേശങ്ങളിലുംനിന്നു വിളികേൾക്കുവാൻ വല്ലവരും ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിച്ചില്ല. എന്നാൽ ശീതബാധാഭയത്താൽ ആപാദ ചൂഡം പുതപ്പിട്ടു മൂടിക്കൊണ്ടു കാട്ടിനിടയിൽ ഇരുന്ന തഹ ശീൽദാർ, 'സ്വാമി' എന്നു വിളികേട്ടുകൊണ്ടു വള്ളക്കടവി ലേയ്ക്കു വന്നു. ഇതുകണ്ടു പേഷ്കാരുടെ പ്രതാപം വിചാ രിച്ചു ഞാൻ വിസ്മയിച്ചു.

കരിമ്പിൻപുഴെ ചെന്നു് ഒന്നുരണ്ടു ദിവസം കഴിഞ്ഞ പ്പോൾ എനിക്കു ഡാക്ടർ മിച്ചലിൻെറ ഒരെഴുത്തും കമ്പിയും രാജരാജവമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ ഒരെഴുത്തും തൻെറ സ്വന്തമായിട്ടു് ഒരെഴുത്തും എല്ലാംകൂടി ഒരുമിച്ചു പ്രത്യേകമൊരു കൂട്ടിലിട്ടു് അമ്മാവൻ അപ്പുപിള്ള അവർ കൾ അയച്ചുതന്നു. പൊട്ടിച്ചുനോക്കിയപ്പോൾ തിരുവനന്ത പുരത്തു ഹൈസ്കൂളിൽ എന്നെ മുൻഷിയായി നിയമിച്ചിരി ക്കുന്നു എന്നും ഉടൻ വന്നു ചാർജ്ജെടുക്കണമെന്നും മിച്ചൽ ധ്വരയും കോയിത്തമ്പുരാനും പറഞ്ഞിരിക്കുന്നതുകണ്ടു. തിരു വനന്തപുരത്തു ജോലി കിട്ടിയിരിക്കുന്ന സ്ഥിതിയ്ക്കു് അ ങ്ങോട്ടു പോകുകയാണു വേണ്ടതെന്നും ഡിവിഷൻ കച്ചേരി യിൽ കിടന്നു നരകിക്കേണ്ടാ എന്നും അപ്പുപിള്ള അവർ കൾ അഭിപ്രായപ്പെട്ടിരുന്നു. കൂടെയുണ്ടായിരുന്ന മററു ഗൃഹ സ്ഥന്മാരുടെ അഭിപ്രായവും ഇതു തന്നെയായിരുന്നു. അതു

കൊണ്ടു ഡിവിഷൻകച്ചേരിയിലെ ജോലി രാജിവയ്ക്കു വാൻ ഞാൻ നിശ്ചയിച്ചു. രാജിഹർജി എഴുതി തയാറാക്കി പേഷ്കാരുടെ പക്കൽ കൊടുത്തു് അന്നുതന്നെ സ്വീകരിപ്പിക്കുന്നതിനു് ഉത്സാഹിച്ചു. നല്ലനേരം നോക്കി ഈ വിവരങ്ങൾ അവിടെ ധരിപ്പിച്ചില്ലെങ്കിൽ രാജി സ്വീകരിക്കാതെ എന്നെ കുറേദിവസം കറക്കിയാലോ എന്നു ഭയന്നു് പേഷ്കാരുടെ വിശ്വസ്തഭൃത്യനും പ്രത്യേകതകൾ ഗ്രഹിച്ചിരുന്നവനുമായ ഭൃത്യൻ കൊച്ചുമ്മിണിയോടു്, സ്വാമി ശാന്തനും സൌമ്യനുമായിരിക്കുന്ന അവസരം എപ്പോഴാണെന്നു ഞാൻ ചോദിച്ചു മനസ്സിലാക്കി. ഊണുകഴിഞ്ഞു് ഏലക്കായും ചവച്ചുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടുമുലാത്തിക്കൊണ്ടിരിക്കുമ്പോൾ സ്വാമിയ്ക്കു് ഇടങ്ങേടു കാണുകയില്ല എന്നു് അയാൾ പറഞ്ഞു. കൊച്ചുമ്മിണിയുടെ ഉപദേശമനുസരിച്ചു ഞാൻ നിർദ്ദിഷ്ടമായ സമയത്തു പേഷ്കാരുടെ അടുക്കൽ ഹാജരായി ഹർജി കൊടുക്കുകയും സംഗതികൾ വിവരിച്ചു ബോധിപ്പിക്കുകയും ചെയ്തു. ദൈവാധീനംകൊണ്ടു് അദ്ദേഹം പ്രതികൂലത ഒന്നും പുറപ്പെടുവിച്ചില്ല. "ബി. എ. പരീക്ഷയ്ക്കു് ഇനി ഒരു ഭാഗംകൂടി ജയിക്കാനുള്ള സ്ഥിതിയ്ക്കും മററുവിധത്തിലും നിങ്ങൾക്കു ശ്രേയസ്സ് തിരുവനന്തപുരത്തു പോകുന്നതാകകൊണ്ടു നാം നിങ്ങളുടെ മാർഗ്ഗത്തിൽ തടസ്സമൊന്നും ചെയ്യുന്നില്ല. ഈ രാജിഹർജി ഇവിടെ സ്വീകരിച്ചു നിങ്ങളെ വിടുതൽ ചെയ്തിരിക്കുന്നു. കൈവശമുള്ള കടലാസ്സുകളും റിക്കാർട്ടുകളും മററും ഹെഡ്ക്ലാക്കു് കൃഷ്ണയ്യനെ ഏൽപ്പിക്കുക." എന്നു പേഷ്കാർ പറഞ്ഞു. ഇതു കേട്ടു് ഈശ്വരാനുഗ്രഹത്തിനുള്ള കൃതജ്ഞതയോടുകൂടി ഇഷ്ടന്മാരോടു യാത്രയുംപറഞ്ഞു ഞാൻ തിരിച്ചുപോന്നു. ഇപ്രകാരം റവന്യൂവകുപ്പിൽ ഉദ്യോഗം ഭരിക്കണമെന്നുള്ള മോഹത്തിനെ ഹോമിച്ചു.

## പന്ത്രണ്ടു്

കൊല്ലത്തു വന്നു് അപ്പപിള്ള അമ്മാവൻെറ അനുഗ്രഹവും വാങ്ങി ധാരയുടെ അടുക്കലേയ്ക്കു ഞാൻ താരയോടുകൂടി പുറപ്പെട്ടു. തിരുവനന്തപുരത്തു ചെന്നുചേൎന്നതു് ഒരു അനദ്ധ്യായദിവസമായിരുന്നു. അതുകൊണ്ടു സായിപ്പിനെ കാണ്മാൻ ബംഗ്ലാവിൽ പോകേണ്ടതായിവന്നു. അദ്ദേഹത്തിൻെറ വൎത്തമാനത്തിൽ നിന്നും പ്രവയസ്സായിത്തീൎന്ന മുൻഷി പുരുഷോത്തമൻപിള്ളയെ പിരിച്ചയയ്ക്കുന്നതിനുപകരം എന്നെ നിയമിക്കുന്നതിനാണു ഭാവിക്കുന്നതെന്നു മനസ്സിലായി. തന്നിമിത്തം തക്കതായ ശമ്പളം കിട്ടുമെന്നുണ്ടായിരുന്ന പ്രതീക്ഷ ബലഹീനമാണെന്നു പ്രത്യക്ഷമായി എങ്കിലും രസതന്ത്രാഭ്യാസത്തിൽ ഞാൻ വിചാരിച്ചിരുന്നതിലധികം ആനുകൂല്യം സിദ്ധിച്ചു. സമയവും സൗകൎയ്യവുമുള്ളപ്പോൾ പ്രയോഗശാലയിൽ ചെന്നു പരീക്ഷണങ്ങളും പദാൎത്ഥപരിശോധനങ്ങളും ഫീസ്കൂടാതെ നടത്തിക്കൊള്ളുന്നതിനു ഡാക്ടർ മിച്ചൽ എന്നെ അനുവദിച്ചു. ഹൈസ്കൂൾ ക്ലാസ്സുകളിൽ മലയാളം പഠിപ്പിക്കേണ്ട ജോലി കെമിസ്ട്രി അഭ്യസിക്കുന്നതിനെ അപേക്ഷിച്ച് ഉപസൎജ്ജനമായിട്ടേ കരുതേണ്ടതുള്ളു എന്നു കൂടി ഡാക്ടർ മിച്ചൽ സൂചിപ്പിച്ചു. ഇത്രമാത്രം ആനുകൂല്യം കാണിച്ച സായിപ്പിനോടു് ഞാൻ അനന്യചിത്തനായി കൃതജ്ഞത വഹിച്ചു. ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ എന്നെ പുരുഷോത്തമൻപിള്ളയ്ക്കു പകരം ഇരുപതു രൂപാ ശമ്പളത്തിൽ നിയമിച്ചു. ഹൈ

സ്കൂളിൽ മുൻഷിയായി എൻെറ *സധ്രീചീനനായി വേറൊരു നാരായണപിള്ളകൂടി ഉണ്ടായിരുന്നു. ഞങ്ങളുടെ ജോലി വളരെ ലഘുവായിട്ടേ തോന്നിയൊള്ളു. രസതന്ത്രം പഠിക്കുന്നതിനും സംസ്കൃതത്തിലും മലയാളത്തിലും ഉപരി അദ്ധ്യയനത്തിനും വൈകുന്നേരം പബ്ലിക്‌ലൈബ്രറിയിൽ പോയിരുന്നു വായിക്കുന്നതിനും തന്നിമിത്തം ധാരാളം സൗകര്യം ലഭിച്ചു. പല ദിവസവും ആറുമണിമുതൽ എട്ടുമണിവരെ ഞാൻ പബ്ലിക്‌ലൈബ്രറിയിലെ ഒരു വായനക്കാരനായിരുന്നു. രണ്ടു മൂന്നുകൊല്ലം ഇങ്ങനെ ഹൈസ്കൂളിൽ ജോലിനോക്കിയതായിട്ട് ഓർക്കുന്നു. അതിനിടയ്ക്ക് ആയിരത്തിയെഴുപത്തിയേഴിലെ പരീക്ഷയ്ക്കു രസതന്ത്രംകൂടി ജയിച്ചു ഞാൻ മുഴു ബി. ഏ. ആയി. കുറേക്കൂടി ശമ്പളം കിട്ടേണ്ടതിനെക്കുറിച്ചു ഡാക്ടർ മിച്ചലിനോടു പറഞ്ഞപ്പോൾ ശമ്പളം നിശ്ചയിച്ചിരിക്കുന്നതു് ഓരോ ജോലിക്കാണെന്നും ആളുകളുടെ യോഗ്യതായോഗ്യതകൾ അനുസരിച്ച് അതിൽ ഭേദഗതി സാദ്ധ്യമല്ലെന്നും ആയിരുന്നു സായിപ്പിൻെറ മറുപടി. അങ്ങനെയിരിയ്ക്കെ നാല്പതുരൂപാ ശമ്പളത്തിൽ ഒരു രസതന്ത്രാദ്ധ്യാപകനെ ഹൈസ്കൂളിൽ നിയമിക്കേണ്ട ആവശ്യം നേരിട്ടു. എൻെറ സ്നേഹിതൻ സുന്ദരരാജയ്യങ്കാരവർകളും ഞാനും അതിനു് അപേക്ഷകന്മാരുമായിരുന്നു. എനിയ്ക്കു മുമ്പുതന്നെ അവിടെ ജോലിയുണ്ടായിരുന്നിട്ടും അയ്യങ്കാർക്ക് എന്നെക്കാൾ ഒരു വിധത്തിലും മെച്ചമുണ്ടായിരുന്നില്ലെങ്കിലും അയ്യങ്കാരെയാണു നിയമിച്ചതു്. അതിനു കാരണം അസി: കെമിസ്ട്രി പ്രഫസരുടെ ശിപാർശയാണെന്നു പ്രിൻസിപ്പാൽ ധാരാ പറഞ്ഞു. സർക്കാർസർവ്വീസിൽ യോഗ്യതയ്ക്കു പുറമേ, ഇച്ഛാഭംഗകരമായോ പ്രോത്സാഹകരമായോ പല സംഗതികളും നേരിട്ടേക്കാമെന്നു് എനിയ്ക്കു ബോദ്ധ്യപ്പെട്ടു.

---

*സഹപ്രവർത്തകൻ.

അതുകൊണ്ടു് ഗവമ്മെൻറു സർവ്വീസു വിട്ടു മറെറതെങ്കിലും ഒരു പന്ഥാവിൽ പ്രവേശിച്ചു് ഉപജീവനം സമ്പാദിയ്ക്കു യാണ ഭംഗിയെന്നു് ശാന്തമായിട്ടാണെങ്കിലും അചഞ്ചല മായിട്ടു് ഒരഭിപ്രായം എൻെറ ഹൃദയത്തിൽ അങ്കുരിച്ചു. മറു ഞാണില്ലാത്തവൻ വില്ലാളി അല്ല എന്നാണല്ലോ പഴമൊഴി. അതുകൊണ്ടു് കാളേജിലെ ജോലി ഒരുവേള ഉപേക്ഷി ക്കേണ്ടതായി വന്നാൽ മറെറാരു ജീവികാമാൎഗ്ഗം സ്വാധീന മായിരിക്കേണ്ടതാണല്ലോ. ഇങ്ങനെയുള്ള വിചാരങ്ങൾ കൊണ്ടു ബി. എൽ. പരീക്ഷയ്ക്കു പഠിക്കേണ്ടതാണെന്നു തോന്നി. എന്നാൽ നിയമപരീക്ഷകളോടു് അഭേദ്യവും അക്ഷയ്യവുമായ വൈമുഖ്യം ഡാക്ടർ മിച്ചലിനുണ്ടെന്നു പ്രസി ദ്ധമായിരുന്നു. അതേവരെ പ്രിൻസിപ്പാൾ ധാരയാൽ സ്വഗൃ ഹീതനായിരുന്ന ഞാൻ ലാക്കാളേജിൽ ചേൎന്നാൽ ധാര യുടെ അനുഗ്രഹത്തിനു് അപാത്രമാകുമെന്നു മിക്കവാറും നിശ്ച യമായിരുന്നു. കോയിത്തമ്പുരാനുമായി ഇതിനെപ്പററി ഗൂഢ മായി ആലോചിച്ചതിൽ അദ്ദേഹം നിയമപരീക്ഷയ്ക്കു പഠി ക്കുന്നതിനെപ്പററി ഏറെക്കുറെ ഉദാസീനനായി കാണപ്പെട്ടു. പരിതഃസ്ഥിതികൾ മേൽപ്രകാരമായിരുന്നതുകൊണ്ടു പ്രച്ഛ ന്നരീതിയിൽ ലാക്ലാസ്സിൽ ചേൎന്നു ഞാൻ പഠിച്ചുതുടങ്ങി. പരീക്ഷ ഉടൻ ജയിച്ചില്ലെങ്കിലും ലാക്ലാസ്സിൽ ഇത്രദിവസം ഹാജരായിരിക്കണമെന്നുള്ള വ്യവസ്ഥയെങ്കിലും സാധിച്ചു വയ്ക്കേണമെന്നു നിശ്ചയിച്ചു. എഫ്. എൽ. പരീക്ഷയ്ക്കു് ഒരു കൊല്ലവും ബി. എൽ. പരീക്ഷയ്ക്കു് മൂന്നുകൊല്ലവും തോററ തിൽപ്പിന്നെയേ ജയിക്കുവാൻ കഴിഞ്ഞൊള്ളു. സമാവൎത്തനം കഴിഞ്ഞു ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കാത്ത സ്നാതക നായിട്ടു് അധികം നാൾ കഴിച്ചുകൂട്ടിയവനെപ്പോലെ ആയി രുന്നു എൻെറ സ്ഥിതി. അഥവാ ബി. ഏ. പരീക്ഷ പൂൎത്തി യാകുന്നതുവരെ നിരന്തരമായ ശ്രമവും ബുദ്ധിമുട്ടും അനുഭവി ച്ചശേഷം പ്രയത്നസാഫല്യം കരസ്ഥമായതിൽപ്പിന്നെ

കുറെ വിശ്രമിച്ചിട്ട് അടുത്തപടിയായി ബി. എൽ. പരീക്ഷയ്ക്കു് ഉത്സാഹിച്ചാൽ മതി എന്നുവച്ചു ഞാൻ അദ്ധ്യയനതാൽപര്യത്തെ ശിഥിലീകരിച്ചു. നടുക്കടലിൽ കാററും പെരുമഴയും ഏററു വിഷമിച്ചു വലഞ്ഞ കപ്പൽ അഭയസ്ഥാനമായ തുറമുഖത്തു് അടുത്താൽ ഉടൻതന്നെ വേറൊരു യാത്രയ്ക്കാരംഭിക്കാതെ വിശ്രമത്തിനു നങ്കൂരമടിച്ചു കിടക്കുന്നതുപോലെ അഭിനവപ്രസ്ഥാനത്തിനു ബദ്ധപ്പെടാതെ കുറെ നാളത്തേയ്ക്കു ഞാൻ സ്വസ്ഥനായിരുന്നു. ചില പ്രതിബന്ധങ്ങൾ ഇല്ലാതിരുന്നുമില്ല. പരീക്ഷയ്ക്കു മദ്രാസിൽ പോകേണ്ട ഘട്ടത്തിൽ ഫോത്ത്ഫാറം ഫിഫ്ത്ത്ഫോറം മുതലായ തിരുവിതാംകൂർ പരീക്ഷകൾ നടത്തി ഉത്തരക്കടലാസുകൾ കെട്ടുകെട്ടായി എന്റെ അപേക്ഷ് അയയ്ക്കുകയും അതു നോക്കി മാർക്കുലിസ്റ്റ് അയച്ചുകൊടുക്കാതെ ഇവിടം വിട്ടുപോകാൻ പാടില്ലെന്നു നിർബന്ധിക്കുകയും ചെയ്തിരുന്നതുകൊണ്ടു് എഫ്. എൽ. പരീക്ഷയ്ക്കോ ബി. എൽ. പരീക്ഷയ്ക്കോ പഠിക്കുന്നതിനുള്ള സമയവും സൗകര്യവും ശൂന്യമായിരുന്നു. ഒടുവിൽ അവധിയിൽ പോയ ഡാക്ടർ മിച്ചലിനു പകരം ഡാക്ടർ ബിഷപ്പ് പ്രിൻസിപ്പാലായിരുന്ന തക്കംനോക്കി നാലഞ്ചു മാസത്തെ അവധി എടുത്തുകൊണ്ടു ഞാൻ മദ്രാസിൽ പോകുകയും അവിടെ താമസിച്ചു പഠിച്ചു ബി. എൽ. ജയിക്കുകയുമാണു ചെയ്തതു്.

രണ്ടുമൂന്നു കൊല്ലം ഹൈസ്കൂളിൽ മുൻഷി ഉദ്യോഗം വഹിച്ചതിന്റെ ശേഷം ഗവമ്മെൻറിൽനിന്നു കാളേജിൽ ചില പുതിയ ഏപ്പാടുകൾ ചെയ്തു. കോയിത്തമ്പുരാൻ തിരുമേനിയെ മാതൃഭാഷാസൂപ്രണ്ടായും എന്നെ അദ്ദേഹത്തിന്റെ മലയാളം അസിസ്റ്റൻറായും തുറവൂർ നാരായണശാസ്ത്രി അവർകളെ സംസ്കൃതം അസിസ്റ്റൻറായും നിയമിച്ചു. എന്റെ ജോലി പ്രാധാന്യേന കാളേജിൽത്തന്നെ ആകുകയും നാല്പതു

രൂപാ മുതൽ അമ്പതുരൂപാവരെ ശമ്പളക്കൂടുതൽ അനുവദിക്കു കയും ചെയ്തു. ആകപ്പാടെ ഹൈസ്കൂളിലും കാളേജിലുംകൂടി ഏഴുകൊല്ലത്തിലധികം ഞാൻ ഉദ്യോഗം വഹിച്ചു. കാളേജിലെ ജോലി വിട്ടുപോകുമ്പോൾ എനിയ്ക്കു് അമ്പതുരൂപാ ശമ്പളമുണ്ടായിരുന്നു. അതുപേക്ഷിച്ചു് അനിശ്ചിതഭാഗ്യമായ വക്കീൽവേലയിൽ പ്രവേശിക്കുന്നതിനെപ്പററി ഭിന്നാഭിപ്രായക്കാരായ ഗുണകാംക്ഷികൾ ഉണ്ടായിരുന്നു എങ്കിലും ഭാഗ്യപരീക്ഷ എന്ന സാഹസത്തിനു യൗവനം എന്നെപ്രേരിപ്പിച്ചു. പിന്നീടുള്ള ജീവിതയാത്രകൊണ്ടു കാളേജു വിട്ടുപോയതു തെററായിപ്പോയി എന്നു പറയത്തക്കവിധം ദൈവവൈപരീത്യം എന്നെ ബാധിച്ചില്ല.

ശ്രീമാന്മാരായ ററി. കെ. വേലുപ്പിള്ള, കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സു്, കെ. എച്ചു്. രാജാങ്കമയ്യർ, എച്ചു്. രാമകൃഷ്ണയ്യർ, കെ. പി. എബ്രഹാം, ഗണപതി അയ്യർ എം. എൽ., അടുക്കളയിൽ എബ്രഹാം, ററി. കെ. മാധവൻ, അക്കൗണ്ടാഫീസർ ആർ. നീലകണ്ഠപ്പിള്ള, വാസുദേവക്കുറുപ്പു്, കരിമ്പുവിളാകം ഗോവിന്ദപ്പിള്ള, പി. അനന്തൻ പിള്ള, ഇശക്കിമുത്തു ചെട്ടിയാർ, പ്രിൻസിപ്പാൽ എ. ഗോപാലമേനവൻ, ഹൈക്കോർട്ടുജഡ്ജി ജി. പരമേശ്വരൻ പിള്ള, രണ്ടാംജഡ്ജി കെ. രാമക്കുറുപ്പു്, എക്സൈസ് കമ്മീഷണർ സി. ഒ. മാധവൻ, പട്ടം താണുപിള്ള, ഏ. നാരായണ പിള്ള, ഏ. എൻ. പണിക്കർ (കോട്ടയം) മുതൽപേരും ശ്രീമതിമാർ ജി. പാറുക്കുട്ടിഅമ്മയും, പരേതയായ ചിന്നമ്മയും മററും എൻെറ ശിഷ്യവർഗ്ഗത്തിൽ ഉൾപ്പെട്ടവരാണെന്നുള്ള അഭിമാനം എനിക്കുണ്ടു്. എന്നാൽ അവർക്കുണ്ടായിട്ടുള്ള പ്രശസ്തി ഞങ്ങളുടെ ഗുരുശിഷ്യബന്ധം കൊണ്ടാണെന്നു മാത്രം പറഞ്ഞാൽ അവരുടെ ബുദ്ധിശക്തിക്കു് അതു് അപകർഷവും എൻെറ അഹംഭാവവും ആയിരിക്കുമെന്നു പറയേ

ണ്ടതില്ലല്ലൊ. എന്നെ കാളേജിൽ നിയമിച്ചതോടുകൂടി പഠി പ്പിക്കേണ്ട പ്രധാനഭാരം കോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ടു് എനിക്കു സമർപ്പിച്ചു. വിശിഷ്യ നെല്ലിക്കാപോലെ പ്രഥമചർവ്വണത്തിൽ തിക്തകമായിരുന്ന കേരളപാണിനീയം പഠിപ്പിക്കേണ്ടതു ഞാൻ ആണെന്നു് അദ്ദേഹം താൽപര്യ പ്പെട്ടു. ശാസ്ത്രികളും ഞാനും കോയിത്തമ്പുരാനും വളരെ രമ്യ മായും സ്നേഹവിശ്വാസങ്ങളോടും ജോലിചെയ്തുവന്നിരുന്നു. ശാസ്ത്രികൾ നല്ല വൈയാകരണനായിരുന്നു എങ്കിലും ശുഷ്ക നായിരുന്നില്ല. അദ്ദേഹത്തിൻെറ ഭവനം തുറവൂരായിരുന്നതു കൊണ്ടു് പ്രകൃത്യാ അദ്ദേഹം തനി മലയാളിയായിരുന്നു. സംസ്കൃതത്തിൽ കോയിത്തമ്പുരാനു നേരിടുന്ന വൈഷമ്യ ങ്ങൾ അദ്ദേഹത്തിനോടു ചോദിച്ചാണു തീർത്തിരുന്നതു്. അവരുടെ സംസർഗ്ഗം എനിക്കു പലവിധത്തിൽ പ്രയോജന കരമായിരുന്നു. ഹൈസ്കൂളിൽ അദ്ധ്യാപകന്മാരായിരുന്നപറ വൂർ തമ്പാൻ (മി. എം. രാമവർമ്മതമ്പാൻ), മി. ഒ. എം. ചെറിയാൻ മുതലായ സാഹിത്യരസികന്മാരുടെ സാഹച ര്യവും എൻെറ സാഹിത്യസക്തിക്കു് ഉപബൃംഹണപ്രദമായി രുന്നു. എഴുപത്തിയാറാമാണ്ടുമുതൽ എമ്പത്തിനാലാമാണ്ടു് ആരംഭിക്കുന്നതുവരെ ഞാൻ ഹൈസ്കൂളിലും കാളേജിലുമായി അദ്ധ്യാപകവൃത്തിയിൽ ഇരുന്നു. അദ്ധ്യാപനകൃത്യത്തിനു വേണ്ടിയിരുന്നതു കഴിച്ചുള്ള സമയവും അവസരങ്ങളും ആത്മീയാഭിവൃദ്ധിക്കും സാഹിത്യപരിശ്രമത്തിനുംവിനിയോ ഗിച്ചുവന്നു. ഞാൻ ഇദംപ്രഥമമായി നിർമ്മിച്ചച്ചടിപ്പിച്ച പുസ്തകം ഇരുപത്തിനാലുവൃത്തത്തിൻെറ അവസാനഭാഗ ത്തുള്ള ഏതാനും വൃത്തങ്ങൾക്കു് ഒരു വ്യാഖ്യാനമായിരുന്നു. ഇതു പാഠ്യപുസ്തകമാക്കിയിരുന്നതുകൊണ്ടു പഠിപ്പിക്കേണ്ട തായി വന്നപ്പോൾ അപപാഠങ്ങളുടെ കാഠിന്യംകൊണ്ടു സുഗമമായി അർത്ഥം ഗ്രഹിക്കുവാൻ നല്ല പാഠവും വ്യാഖ്യാ നവും വേണ്ടതാണെന്നു തോന്നി. പുസ്തകമച്ചടിപ്പിക്കുവാൻ

ശ്രീമാൻ ആർ. നീലകണ്ഠപ്പുതുവാൾ ബി. എ. പണംതന്നു സഹായിക്കാമെന്നേററു. ചില പാഠദോഷങ്ങളെ താഴെ കാണിക്കുന്നു: 1. "നരപതിയ്ക്കു പണ്ടാശ്രിതപാലനം" (ഇതു 'നരപതികവർണ്ണാശ്രമപാലനം' എന്നുവേണ്ടതാണു്.) 2. "പരമചന്ദ്രക്കലയെ കൊണ്ടുചെന്നു ദർശദോഷാദികളിലാക്കും പോലെ") ('പരമാം ചന്ദ്രക്കലയെ കൊണ്ടുചെന്നു് ദർശം ഓഷധികളിലാക്കുംപോലെ' എന്നായിരിക്കണം.) 3. "വിത്താദ്യമെടുപ്പിച്ച സമദ്ധ്യാപായദസ്ത്രാൻ" ('വീണാദ്യമെടുപ്പിച്ച സമത്യാജയദസ്ത്രാൻ' എന്നുവേണം.) ഈ ഭാഗങ്ങൾ രഘുവംശകാവ്യത്തെ ഉപജീവിച്ച കവി നിർമ്മിച്ചിട്ടുള്ളതാണു്. ആദ്യത്തെ ഉദാഹരണം "നൃപസ്യ വർണ്ണാശ്രമപാലനം യത്സ ഏവ ധർമ്മോ മനുനാ പ്രണീതഃ" എന്നും, രണ്ടാമത്തേതു് "അന്യാം കലാം ദർശ ഇവൗഷധീഷു" എന്നും മൂന്നാമത്തേതു് "ആതോദ്യം ഗ്രാഹയാമാസ സമത്യാജയദായുധാൻ" എന്നുമുള്ള രഘുവംശഭാഗങ്ങളിൽ കൈവച്ച കവി മലയാളഭാഷയിലാക്കിയതാണു്. ഇങ്ങനെ പാഠങ്ങൾ ഭേദപ്പെടുത്തേണ്ടതാണെന്നു കാണിച്ചുകൊടുത്തു എങ്കിലും റഡ്യാർപ്രഭൃതികളായ അച്ചടിക്കാർ ദോഷമൂർച്ഛിതങ്ങളായ പാഠങ്ങളെത്തന്നെ അഭിന്നമായിട്ടു് ആദരിച്ചുവരുന്നതു സാഹിത്യത്തിനോടു കാണിക്കുന്ന ഒരു കടുംകയ്യാണു്. ഇതുപോലെ സംഭവപർവ്വത്തിനും കർണ്ണവർവ്വത്തിനും സഭാപ്രവേശം തുള്ളലിനും വ്യാഖ്യാനമുണ്ടാക്കിയിട്ടുണ്ടു്. കുറേക്കൂടി ജനസമക്ഷം ചെയ്ത ഒരു പ്രയത്നം മാലതീമാധവത്തിനു മി. അന്തപ്പായി പുറപ്പെടുവിച്ച ആക്ഷേപങ്ങൾക്കുള്ള പ്രതിവാദമാകുന്നു. മി. സി. അന്തപ്പായി ബി. എ. അന്നു് ഉത്തിഷ്ഠമാനനായ ഒരു ലേഖനീപാണിയായിരുന്നു. അദ്ദേഹം പാശ്ചാത്യരീത്യാ മാലതീമാധവത്തെ ഭാഷാപോഷിണിയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ലേഖനപരമ്പരയിൽ ആക്ഷേപിച്ചു. ആക്ഷേപങ്ങൾ ദൃഷ്ടിയിലോ

കണ്ണങ്ങളിലോ കൊണ്ടതിൽ കൂടുതൽ വ്യാപകങ്ങളായി തോന്നാതിരുന്നില്ല. നാമഗ്രാഹം അധിക്ഷിപ്തനായിരുന്നതു ഭവഭൂതി മാത്രമായിരുന്നു എങ്കിലും പൂർവ്വഹിന്ദുകവികൾക്കു പൊതുവെ കൊള്ളത്തക്കവിധത്തിലായിരുന്നു മി. അന്തപ്പായി ആക്ഷേപബാണങ്ങൾ പ്രയോഗിച്ചതു്. വിഭവാനുഭാവസഞ്ചാരിഭാവങ്ങളെ സമ്മേളിപ്പിച്ചും ധ്വനിവ്യംഗ്യാദി ശബ്ദഗുണങ്ങളെ പ്രയോഗിച്ചും മററു സങ്കേതങ്ങൾ അനുസരിച്ചും കാവ്യങ്ങൾ രചിക്കുന്ന പൗരസ്ത്യകവികളെ പാശ്ചാത്യകവികളുമായിട്ടു താരതമ്യം ചെയ്യുന്നതു് ഉചിതമായിരിക്കുമോ എന്നുള്ള വിചാരം മി. അന്തപ്പായിക്കുണ്ടായിരുന്നതായി തോന്നുന്നില്ല. അദ്ദേഹം കാവ്യകലയുടെ മൂലതത്ത്വമായി കരുതിയിരുന്നതു് പ്രകൃതിയെ അതുപോലെ പകർത്തുന്നതിൽ കവിയ്ക്കുള്ള സാമർത്ഥ്യത്തെ ആയിരുന്നു. പ്രകൃതിയാണെന്നു തോന്നുമാറുള്ള ബോധമാണു കാവ്യമെന്നും അല്ലാതെ ശരിപ്പകർപ്പല്ലെന്നും ഞാൻ പ്രതിവദിച്ചു. ഒരു കാടിന്റെ പടം വരയ്ക്കുന്നവൻ അടിയിൽ നില്ക്കുന്ന ഓരോ പുല്ലിനേയും പ്രത്യേകം വരയ്ക്കാറില്ലല്ലോ. ചായം ഉപയോഗിക്കുന്ന കൗശലംകൊണ്ടു ചിത്രകാരൻ പുല്ലുനില്ക്കുന്നു എന്നു തോന്നിക്കുകയേ ചെയ്യുന്നുള്ളു. നേരേമറിച്ചു ഛായാപടമെടുക്കുന്നവൻ (ഫോട്ടോഗ്രാഫർ) പ്രകൃതിസ്ഥമായ പദാർത്ഥത്തിനെ അതുപോലെ കാണിക്കുന്നു. ഈ വ്യത്യാസം മനസ്സിലാക്കാതെ യാഥാർത്ഥ്യത്തെ കവി ആദരിക്കണമെന്നു പറയുന്നവർ കലാകൗശലത്തെ ഗ്രഹിക്കുന്നുണ്ടോ എന്നു സംശയമാണു്. ഇങ്ങനെ മൂലതത്ത്വത്തിൽത്തന്നെ ഞങ്ങൾ വിയോജിച്ചു. മാലതിയുടെ വിയർപ്പുതുള്ളികൾ പയസ്സമുദ്രബിന്ദുക്കളാണെന്നും അമൃതകണങ്ങളാണെന്നും മററും മാധവൻ ഉദ്ഘോഷിക്കുന്നതു് അബദ്ധമാണെന്നും വിയർപ്പുതുള്ളികൾക്കു നാററമുണ്ടെന്നും മി. അന്തപ്പായി പറഞ്ഞു. മത്സ്യവ്യാപാരിണികളായ സ്ത്രീകൾ തലച്ചുമടേ മത്സ്യം

വില്ലാൻ കൊണ്ടുനടക്കുമ്പോൾ മീൻകുട്ടയിൽനിന്നു് ഇററി ററുവീഴുന്ന വെള്ളത്തുള്ളികൾ വിയപ്പുതുള്ളികളുമായി യോജി ച്ചാൽ ദുർഗ്ഗന്ധം പ്രസരിക്കുന്നതു നിശ്ചയംതന്നെ. അങ്ങനെ അല്ലാതെ വിയർപ്പുതുള്ളികൾക്കു നാസികാമന്ഥകമായ ദുർ ഗ്ഗന്ധമുള്ളതായിട്ടു് അറിയുന്നില്ല. അഥവാ വിയർപ്പുതുള്ളി കൾക്കു സൗരഭ്യമില്ലെന്നിരിക്കിലും അനുരാഗപരതന്ത്രനായ ഒരു കാമുകനു വികാരശക്തികൊണ്ടു പ്രിയതമയുടെ സ്വേദ ബിന്ദുക്കൾ സുധാബിന്ദുക്കളായിട്ടല്ലാതെ തോന്നുമോ? അനു രാഗം രൂപാ അണ പൈസ ആയി കണക്കു കൂട്ടത്തക്ക തല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ദിവ്യവും അന ഘ്യവുമായ ആ വികാരം മുററിനല്കുന്ന ഹൃദയം എന്തെല്ലാം സംഗതികൾ അന്യഥാ ദർശിക്കുന്നു! "തദ്ഗേഹോപാന്ത രഥ്യാഭ്രമണമപി പരാം നിർവൃതിം സന്തനോതി." അതാ യതു പ്രിയതമയുടെ ഭവനത്തിനുസമീപമുള്ള വഴിയിൽക്കൂടി നടക്കുന്നതുപോലും ബ്രഹ്മാനന്ദകരമാണെന്നു് ഒരു കവി ഉൽഘോഷിക്കുന്നു. ആ കവിക്കു ഭ്രാന്താണെന്നു പക്ഷേ മി. അന്തപ്പായി പറയുമായിരുന്നില്ലേ എന്നു സംശയിക്കുന്നു. എന്നാൽ അയാളോടൊന്നിച്ചു നരകത്തിൽ കെട്ടുന്നതിനു ഭ്രാന്തന്മാരായ ഇംഗ്ലീഷുകവികളും ഉണ്ടാകുമെന്നു ധരിച്ചിരു ന്നാൽ കൊള്ളാം. ഈ വാദപ്രതിവാദം കുറെ നടന്നപ്പോൾ എന്നെക്കൊണ്ടു മുഴുവൻ പറയിപ്പിക്കാതെ നിഷ്പക്ഷപാതി യെന്നുവച്ചിരുന്ന ഭാഷാപോഷിണി പത്രാധിപർ മേലാൽ ഈ വാദത്തിനു സ്ഥലമനുവദിക്കുന്നതല്ല എന്നുള്ള വിജ്ഞാ പനംകൊണ്ടു പ്രതിവാദധാടിയുടെ കവാടബന്ധം ചെയ്തു. പ്രസിദ്ധഭാഷാകവിയായ കുഞ്ചൻനമ്പ്യാരുടെ കൃതികൾ എൻെറ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചു. അദ്ദേഹ ത്തിൻെറ തുള്ളൽപ്പാട്ടുകളിൽ ചിലതു് ഇദംപ്രഥമമായി ഞാനാണു പ്രസിദ്ധീകരിച്ചതു്. ഘോഷയാത്രയും, പഞ്ചേ ന്ദ്രോപാഖ്യാനവും, സുന്ദോപസുന്ദോപാഖ്യാനവും പ്രസിദ്ധ

പ്പെടുത്തിയതു ഞാനാണു്. ഈ മൂന്നു കൃതികളിലും കാണുന്ന കവിതാവൈശിഷ്ട്യം നമ്പ്യാരുടേതായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മററു കൃതികളുടെ ഗുണത്തെ അതിശയിക്കുമെന്നു നിർമ്മത്സരന്മാർ സമ്മതിക്കാതിരിക്കയില്ല. സത്യാസചയംവരത്തിൻെറ ശുദ്ധമായ ഒരു പാഠവും ഞാൻ പ്രസിദ്ധപ്പെടുത്തിയതായിട്ടു് ഓക്കുന്നു. ഇതിനുംപുറമേ കുഞ്ചൻനമ്പ്യാരെപ്പററി അറിയപ്പെട്ടിട്ടുള്ള വിവരങ്ങൾ ശേഖരിച്ചു് അദ്ദേഹത്തിൻെറ കൃതികളുമായി ഘടിപ്പിച്ചു നിരൂപണംചെയ്യുന്നതു ഭാഷാസാഹിത്യം അഭ്യസിക്കുന്നവക്കു മാർഗ്ഗദർശകമായിരിക്കുമെന്നു വിചാരിച്ചു പ്രഫസർ ലബ്ഷഡിയറുടെ സൗജന്യത്താൽ ലക്ചർകമ്മററിയുടെ ആഭിമുഖ്യത്തിൽ കുഞ്ചൻനമ്പ്യാരെ അധികരിച്ചു ഞാനൊരു പ്രസംഗംചെയ്തു. അതു് ഒരു പുസ്തകമായിട്ടു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതു പലപ്പോഴും പാഠപുസ്തകമായി സർവ്വകലാശാലവരെ അംഗീകരിച്ചിട്ടുണ്ടു്. കുഞ്ചൻനമ്പ്യാരും രാമപാണിവാദനും ഒന്നോ രണ്ടോ എന്നിപ്പോൾ കേൾക്കാറുള്ള വാദം അന്നുണ്ടായിരുന്നു എങ്കിൽ അതു പരിശോധിക്കുന്നതിനു് എനിക്കു വളരെ സന്തോഷമുണ്ടായിരുന്നേനെ. കൃഷ്ണാർജ്ജുനവിജയം തുള്ളൽപ്പാട്ടു് കൃഷ്ണാർജ്ജുനയുദ്ധം അഥവാ മാധവലീല എന്ന കൃതിയിലെ കഥതന്നെയാണെന്നു കാണിക്കുവാൻ ചവറയിൽ ചക്കാട്ടുവീട്ടിൽനിന്നും കിട്ടിയ പ്രസ്തുത ഗ്രന്ഥം ഭാഷാപോഷിണിയിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ചാണക്യസൂത്രം കിളിപ്പാട്ടു് 'രവിനത്തക' കൃതിയായ ചാണക്യസംഗ്രഹം, മുദ്രാരാക്ഷസം മുതലായവയെ ഉപജീവിച്ചു രചിച്ചിട്ടുള്ളതാണെന്നു കാണിച്ചു ഞാൻ പ്രസംഗിച്ചിട്ടുണ്ടു്. അദ്ധ്യാത്മരാമായണംകിളിപ്പാട്ടിനു വേദാന്തവിവരിണികയായ ഒരു അവതാരിക എഴുതിയതു കൂടാതെ ശ്രീമഹാഭാഗവതം കിളിപ്പാട്ടിനെ അവഗാഹകമായ മുഖവുരയോടുകൂടി വിമർശനപരമായി പ്രസാധനം ചെയ്യുകയും

ചെയ്തിട്ടുണ്ട്. ഭാരതം കിളിപ്പാട്ടിൽ സംഭവപർവ്വത്തെയും കർണ്ണപർവ്വത്തെയും മററും വ്യാഖ്യാനിച്ചിട്ടുണ്ട്. ഇങ്ങനെ ശുദ്ധസാഹിത്യസംബന്ധമായ പരിശ്രമങ്ങൾ ആയിടയ്ക്കുണ്ടായിരുന്ന ഉത്സാഹത്തിൻെറ ഫലങ്ങളാണ്. മദ്രാസ് പ്രസിഡൻസിയുടെ ഭൂമിശാസ്ത്രം നവീനമായി നിർദ്ദേശിച്ച ലക്ഷണങ്ങൾ അനുസരിച്ചു രചിച്ചതും പ്രസ്താവയോഗ്യമാകുന്നു. കൂടാതെ അനേകസദസ്സുകളിൽ അദ്ധ്യക്ഷനായും അല്ലാതെയും ചെയ്തിട്ടുള്ള പ്രസംഗങ്ങൾ വളരെയുണ്ട്. 'സാഹിത്യകലയുടെ മൂലതത്ത്വങ്ങൾ' 'ആട്ടക്കഥയും നാടകവും' മററും അക്കൂട്ടത്തിൽ ഉൾപ്പെടുന്നവയാണ്. അവയിൽ ചിലതു പിന്നീട് 'പ്രസംഗതരംഗിണി' എന്ന പ്രബന്ധസമുച്ചയത്തിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. മാസികഗ്രന്ഥങ്ങൾവഴി വിദ്യാവികിരണത്തിനു പല ലേഖനങ്ങളുമെഴുതിയിട്ടുണ്ട്. ഗവൺമെൻററിൽ നിന്നും കിട്ടിവന്നിരുന്ന ശമ്പളം അല്പമായിരുന്നിട്ടും, അതു വിചാരിച്ചാൽ പാഠശാലയിൽ നടത്തിയിരുന്ന അദ്ധ്യാപനകർമ്മം അലംജീവികമായിരുന്നു എങ്കിലും ഉപ്പും ചോറും സർക്കാരിൽനിന്നും സിദ്ധിച്ചതിൻെറ നന്ദി കാണിക്കുവാൻ മേൽപ്രകാരം പൊതുവിൽ ഭാഷയ്ക്കും സാഹിത്യത്തിനും ഉപകാരപ്രദമായി യഥാശക്തി പ്രയത്നിക്കുകയാണു ചെയ്തതു്.

## പതിമൂന്നു്

ഇതിനെല്ലാം പുറമേ പ്രായേണ അജ്ഞാതമായി ചെയ്തിരുന്ന ലേഖനീപ്രയോഗങ്ങളും പലതുണ്ടു്. മലയാളി പത്രത്തിന്റെ ആധിപത്യം ഞാനും കെ. ആർ. പത്മനാഭപിള്ള അവർകളുംകൂടി വഹിച്ചിരുന്ന കാര്യം മുൻപു പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെയിരിക്കെ, സമുദായസേവകനും സഹൃദയാഗ്രേസരനും ആയിരുന്ന കൈനിക്കര ഗോവിന്ദപ്പിള്ള അവർകൾ 'സുഭാഷിണി' എന്നൊരു വർത്തമാനപ്പത്രവും 'നായർ' എന്നൊരു 'മാസികാ'പത്രവുംകൊണ്ടു തിരുവനന്തപുരത്തു വന്നുചേർന്നു. ഗോവിന്ദപ്പിള്ള അവർകൾ പലപ്പോഴും പലഹാരങ്ങൾ തന്നും മററും എന്നെയും ഞാൻ അദ്ദേഹത്തിന്റെ പത്രപംക്തികൾ പൂരിപ്പിക്കുന്നതിനു ലേഖനങ്ങൾ കൊടുത്തു് അദ്ദേഹത്തിനെയും പ്രസാദിപ്പിച്ചു വന്നു. കുറേക്കഴിഞ്ഞു സുഭാഷിണിയോടു് അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം പത്രാധിപരായിരുന്ന പി. കെ. ഗോവിന്ദപ്പിള്ള അവർകൾക്കു് ഒഴിഞ്ഞുകൊടുത്തു. The Vanchi Raj എന്നൊരു ഇംഗ്ലീഷുപത്രം അദ്ദേഹം ഇവിടെ ആരംഭിച്ചു നടത്തിക്കൊണ്ടിരുന്നതിലും ഞാൻ സംബന്ധിച്ചിരുന്നു. ഇങ്ങനെയുള്ള വ്യാപാരംനിമിത്തം മെസ്സേഴ്സ് സി. വി. രാമൻപിള്ള, വി. ഐ. കേശവപിള്ള, പി. അയ്യപ്പൻപ്പിള്ള, ഏ. ഗോവിന്ദപ്പിള്ള, സി. കൃഷ്ണപിള്ള മുതലായ സമുദായനായകന്മാരെ അറിയുന്നതിനും പരിചയപ്പെടുന്നതിനും ഇടയായി. അതിൽ സി. വി. രാമൻപിള്ള

അവർകളുടെ കാര്യം പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു. സാഹിത്യഗ്രാഹികൾക്കു് അദ്ദേഹത്തിന്റെ സംഭാഷണത്തിൽ സ്ഫുരിച്ചിരുന്ന രസഗുളികകൾ വ്യാകീർണ്ണങ്ങളായി കർണ്ണങ്ങളിൽ ആനന്ദം പ്രദാനം ചെയ്തിരുന്നു. ഫലിതങ്ങളും വിനോദകഥകളും പൂർവ്വകാലവിജ്ഞാനവും സമൃദ്ധമായിരുന്ന ഒരക്ഷയപാത്രമായിരുന്നു രാമൻപിള്ള അവർകൾ. തിരുവനന്തപുരത്തു് അന്നുണ്ടായിരുന്ന നായർ ബി. ഏ.ക്കാർ അദ്ദേഹത്തിനോടു് ആദരികളായിരുന്നു.എന്നോടു് അദ്ദേഹത്തിനു സ്ഥായിയായ സ്നേഹമുണ്ടായിരുന്നു. രാമൻപിള്ള അവർകളുടെയും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ദാരങ്ങളുടെയും ഔദാര്യംനിമിത്തം അനുഭവിച്ചിരുന്ന ഭക്ഷ്യാദികളെ നിക്ഷേപിച്ച കുക്ഷിഭിത്തികൾക്കു് എത്രയോ മർദ്ദനമേല്പിച്ചിട്ടുണ്ടു്. അനന്തസന്ദേശം എന്നൊരു പത്രം കൊച്ചിയിൽനിന്നു പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതു നായർസമുദായത്തെ അവമാനിക്കണമെന്നുള്ള ഏകതാനവ്രതത്തോടുകൂടിയായിരുന്നു. തിരുവനന്തപുരത്തു് അതു സാമാന്യം ക്ഷോഭത്തിനിടകൊടുത്തു. അതിന്റെ പ്രതിദ്വന്ദ്വിയായി 'സുധർമ്മ' എന്നൊരു പത്രം കൊല്ലത്തുനിന്നു് ആരംഭിച്ചു. അപവാദഭാഷ മെച്ചമായിട്ടു് അഭ്യസിച്ചിരുന്നവർ പല ലേഖനങ്ങളും അതിൽ എഴുതിയിട്ടുണ്ടു്. ഒരു ലേഖനമെങ്കിലും അതിലേയ്ക്കു് എഴുതണമെന്നു പറഞ്ഞു് രാത്രി ഏഴെട്ടു മണി ആയപ്പോൾ രാമൻപിള്ള അവർകൾ പറഞ്ഞുതന്നു് ഒരു ലേഖനം എന്നെക്കൊണ്ടു് എഴുതിച്ചു കൊണ്ടിരിക്കയായിരുന്നു. അപ്പോൾ ഡാക്ടർ പുന്നൻ മി. സി. വി.യെ കാണ്മാൻ വരുന്നതായി മനസ്സിലായി. എഴുതിയിടത്തോളം ലേഖനവും എന്നെയുംകൂടി ഒരു ചെറിയ മുറിയിൽ മേശവിരിപ്പിന്റെ അടിയിൽ അദ്ദേഹമൊളിച്ചുവച്ചു. അനന്തസന്ദേശത്തിന്റെ പുറപ്പാടിൽ തനിയ്ക്കു യാതൊരു കൈയുമില്ലെന്നും ആ വിവരം വേണമെങ്കിൽ മദ്രാസ്‌മെയിലിൽ പ്രസിദ്ധപ്പെടു

ത്താമെന്നും രണ്ടു സമുദായങ്ങളുടെയും ഭിന്നിപ്പു തീർക്കാൻ വല്ലതും ചെയ്യേണ്ടതു് അത്യാവശ്യമാണെന്നും മററും ഏകദേശം ഒരു മണിക്കൂറോളം ഡാക്ടർ പുന്നൻ സി. വി.യുമായി സംസാരിച്ചുകൊണ്ടിരുന്ന സമയം നിശ്ചലനായി ഞാൻ മേശയുടെ താഴെ കഴിച്ചുകൂട്ടേണ്ടതായി വന്നു. രാമായണംവായന മുതലായതു് അദ്ദേഹത്തിൻെറ വീട്ടിൽ നടത്തി ഭക്ഷ്യങ്ങളും പാനീയങ്ങളും സമൃദ്ധമായിവികിരണം ചെയ്തിരുന്നു. രാമായണം പട്ടാഭിഷേകം ആഘോഷിച്ചു് ഒരിക്കൽ അദ്ദേഹം സംഘടിപ്പിച്ച സദസ്സിനോടു മത്സരിച്ചു് സി. കൃഷ്ണപിള്ള അവർകൾ ഏലാപ്പുറത്തുള്ളവരെ ക്ഷണിച്ചു വരുത്തി ബുക്കർ വാഷിങ്ങ്ടൻെറ ജീവചരിത്രം വായിച്ചു കേൾപ്പിച്ചു. സി. വി. രാമൻപിള്ള അവർകളുടേയും സി. കൃഷ്ണപിള്ള അവർകളുടേയും സ്വഭാവവൈജാത്യം വിശദീകരിക്കുവാൻ ഇതൊരു നല്ല ദൃഷ്ടാന്തമാണു്. ഇവർ രണ്ടുപേരിൽനിന്നും ഭിന്നനായിരുന്നു ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന ആററുകാൽ ഗോവിന്ദപ്പിള്ള അവർകൾ. യശസ്കാമവും പുരസ്കാരസിദ്ധിക്കുള്ള ശ്രമവും അദ്ദേഹം ഒരിക്കലും ശിഥിലീകരിച്ചില്ല. എന്നാൽ ഒരു നായകനുവേണ്ട പ്രധാന ഗുണം അതായതു് അനുചരന്മാക്കുവേണ്ടി ഏതു് ആപത്തിനെയും അഭിമുഖീകരിക്കുന്നതിനുള്ള സന്നദ്ധത അദ്ദേഹത്തിൻെറ ഗുണങ്ങളിൽ ഉൾപ്പെട്ടിരുന്നില്ല. തൻെറ സ്വാഗിന്ത്ര്യം സ്വല്പമെങ്കിലും ക്ഷതപ്പെട്ടുമെന്നു കാണുന്ന ഒരു സംഗതിയിലും അദ്ദേഹം പ്രവേശിച്ചിരുന്നില്ല. ആയിരത്തിയെമ്പത്താറാമാണ്ടാണെന്നു തോന്നുന്നു ചേർത്തല വടക്കേ അററത്തു് അരൂർവച്ചു നടത്തിയ നായർ സമാജത്തിൽ 'നായന്മാരും സ്വാതന്ത്ര്യവിചാരവും' എന്ന വിഷയമധികരിച്ചു് ഒരു പ്രസംഗം ചെയ്യാമെന്നേററിരുന്നതനുസരിച്ചു് ഞാൻ സന്നിഹിതനായി. സ്വാതന്ത്ര്യവിചാരം ചെയ്തു്, നമ്പൂരിമാക്കു നായന്മാരെ സമുദായ ഭ്രഷ്ടന്മാരാക്കുന്നതിനു് അധികാരമി

ല്ലെന്നും സ്മാത്തവിചാരം ആധുനിക നിയമതത്തപങ്ങൾക്കു് അയുക്തമാണെന്നും ആയിരുന്നു എൻെറ അഭിപ്രായം. ഇതൊന്നും നായർ സമ്മേളനത്തിൽ പറഞ്ഞുകൂടാ എന്നു് അദ്ധ്യക്ഷനായിരുന്ന ഗോവിന്ദപ്പിള്ള അവർകൾ കക്ശമായി എതിർത്തു. തന്നെപ്പററി ചില മഹാജനങ്ങൾക്കു പരിഭവമുണ്ടാകുമെന്നുള്ള ശങ്ക അല്ലാതെ അദ്ദേഹത്തിൻെറ എതിർപ്പിനു വേറെ കാരണമൊന്നും കണ്ടില്ല. ഇതാണു സപകീയമായ തപഗിന്ദ്രിയഭംഗത്തിൽ അദ്ദേഹത്തിൻെറ ധീരത സാരവത്തായിരുന്നില്ലെന്നു പറഞ്ഞതു്.

ആ പ്രസംഗം പിന്നീടൊരു പ്രബന്ധമായിട്ടു് എൻെറ സ്നേഹിതൻ ഈ. വി. രാമനുണ്ണിത്താൻ അവർകൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. തിരുവിതാംകൂർ ലാറിപ്പോർട്ടു് ഇരുപതാംവാല്യത്തിൽ ശങ്കരവേലിക്കേസ് എന്നു പ്രസിദ്ധപ്പെട്ട കേസിലെ ഹൈക്കോടതി ജഡ്ജ്മെൻറു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഒരു നായർസ്ത്രീയെ വിവാഹം ചെയ്യുന്ന നമ്പൂരി, ആ സ്ത്രീയ്ക്കും അവക്കു ജനിയ്ക്കുന്ന കുട്ടികൾക്കും ചെലവിനു കൊടുക്കാൻ ബാദ്ധ്യതപ്പെട്ടവനാണോ അല്ലയോ എന്നായിരുന്നു കേസ്സിലെ തക്കം. ഡിസ്ത്രിക്ടു് ജഡ്ജിയായിരുന്ന കെ. നാരായണമേനവനവർകൾ സ്ത്രീയ്ക്കും കുട്ടികൾക്കും അനുകൂലമായി കേസ്സുവിധിച്ചു. നമ്പൂരിയുടെ അപ്പീൽ മെസ്സേഴ്സ് ഏ. ഗോവിന്ദപ്പിള്ള, പത്മനാഭയ്യർ, ഹണ്ടു് എന്നിവരുടെ ബഞ്ചിൽ കേട്ടു. ഹണ്ടു് സായിപ്പു ജില്ലാജഡ്ജിയോടു യോജിച്ചും പത്മനാഭയ്യർ അവർകൾ പൂണ്ണമായി വിയോജിച്ചും ഏ. ഗോവിന്ദപ്പിള്ള അവർകൾ ചാഞ്ഞും ചരിഞ്ഞും വിധികൾ പ്രസ്താവിച്ചു. ഗോവിന്ദപ്പിള്ള അവർകളുടെ വിധിയിൽ മനുസ്മൃതി പ്രമാണീകരിച്ചു വളരെ ക്ലേശപ്പെട്ടിട്ടുള്ളതായി കാണാം. മനുസ്മൃതികത്താവു് നായന്മാരും നമ്പൂരിമാരും തമ്മിലുള്ള വിവാഹത്തെപ്പററി വല്ലതും അറി

ഞ്ഞിരുന്നോ എന്നു പ്രശ്നംവച്ചു നോക്കിയാലും തെളിയുമെന്നു തോന്നുന്നില്ല. ''ശൂദ്രാം ശയനമാരോപ്യ ബ്രാഹ്മണോ യാത്യധോഗതിം'' എന്നു പറയുന്ന മനു നായരും നമ്പൂതിരിയും തമ്മിലുള്ള വിവാഹത്തെ അംഗീകരിക്കുന്നതായി കാണുന്നില്ല. അതുകൊണ്ടു് അത്തരം വിവാഹങ്ങളെ അധികരിച്ചു് ആ ഗ്രന്ഥത്തിൽ വല്ലതും പറഞ്ഞിട്ടുള്ളതായി വിചാരിക്കാവുന്നതല്ല. ഏതായാലും അതു രാജശാസനമല്ല. നായന്മാർ അതിനെ പ്രമാണമായി സ്വീകരിച്ചിട്ടുമില്ല. വരൻ ആശ്രയിക്കുന്ന പ്രമാണം വധു നിരസിച്ചു സ്വന്തം ആചാരത്തെ ആശ്രയിക്കുമ്പോൾ വധുവിൻെറ സമുദായാചാരവും സാർവ്വജനീനമായ നീതിയും അഗണ്യമാകുന്നതെങ്ങനെ? ഇങ്ങനെ പല സംഗതികളും വിചാരിക്കുമ്പോൾ മൃഗതൃഷ്ണയിൽ ജലമുണ്ടെന്നു സങ്കല്പിക്കുന്നതുപോലെ ഒരു ഭ്രമമാണു മനുസ്മൃതിയിൽ നായന്മാരെ ബന്ധിക്കുന്ന നിയമമുണ്ടെന്നു വാദിക്കുന്നതു്.

ആയിരത്തിയെൺപത്തിയെട്ടിലെ നായർ റഗുലേഷൻ ഉണ്ടാക്കുന്നതിനു വേണ്ട പ്രാരംഭചിന്തകൾ നടത്തുവാൻ നിയമിച്ച കമ്മിററിയിലെ അദ്ധ്യക്ഷൻ മി. ഏ. ഗോവിന്ദപ്പിള്ള അവർകളായിരുന്നു. അസവർഗ്ഗീയർ തമ്മിലുള്ള വിവാഹം അധികരിച്ചുള്ള വ്യവസ്ഥകൾ മനുസ്മൃതിയിലുണ്ടെങ്കിൽ അത്രമാത്രമെങ്കിലും റഗുലേഷനിൽ ചേർക്കേണ്ടതായിരുന്നില്ലേ? അങ്ങനെ ചെയ്തുകാണുന്നില്ല. നേരേമറിച്ചു നായർസ്ത്രീയെ വിവാഹം ചെയ്യുന്ന ബ്രാഹ്മണക്ഷത്രിയാദികൾക്കു വല്ല ചുമതലയുമുള്ളതായിട്ടു റഗുലേഷൻ വിധിക്കുന്നില്ല. പുത്രന്മാർ പിതാവിൻെറ കാലശേഷം അദ്ദേഹത്തിൻെറ സ്വത്തിനു് അവകാശികൾ എന്നാണു സ്മൃതിവിധികൾ. എമ്പത്തിയെട്ടിലെ റഗുലേഷനിൽ ഇങ്ങനെ ഒരു വ്യവസ്ഥയില്ലാത്തതിനാൽ പിന്നീടു് ആ റഗുലേഷൻ

ഭേദപ്പെട്ടത്തിയപ്പോൾ നിയമസഭയിൽ എത്ര തീക്ഷ്ണമായ കണ്ഠക്ഷോഭം വേണ്ടിവന്നു എന്നുള്ളതു സുവിദിതമാണല്ലൊ. അന്യഥാ ഗോവിന്ദപ്പിള്ള അവർകൾക്കു പല യോഗ്യതകളുമുണ്ടായിരുന്നു എന്നുള്ളതു്, നിസ്സംശയമായി സമ്മതിക്കുന്നതിനു് ഞാൻ സന്നദ്ധനാണെന്നു പറഞ്ഞുകൊള്ളട്ടെ.

പരീക്ഷയിൽ ജയിച്ചപ്പോൾ ഡാക്ടർ മിച്ചൽ അനുമോദിച്ചെങ്കിലും "യാത്രക്കാരനു വഴിയമ്പലത്തിലെ വിശ്രമം പോലെ ഉപരിയാത്രയ്ക്കു വേണ്ട ഊർജ്ജിതത്തിനു് ഉപകരിക്കുമെന്നു വിചാരിച്ചല്ലയോ നിങ്ങൾ കാളേജിൽ ജോലി സ്വീകരിച്ചതു്. ഇനി ഭാവമെന്താണു്." എന്നു പരിഭവഗർഭമായി ചോദിച്ചു. ഞാൻ വിനയസമേതം ഇങ്ങനെ മറുപടി പറഞ്ഞു: "സായിപ്പേ! ഇവിടെ എന്നോടു പ്രദർശിപ്പിച്ചിട്ടുള്ള സൗജന്യത്തിനു ഞാൻ കൃതജ്ഞനാകുന്നു. എന്നാൽ യഥാർഹമായ പ്രോത്സാഹനം പ്രദാനംചെയ്യുന്നതിനു നിങ്ങൾ അസ്വതന്ത്രനും ജോലിക്കു നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിനല്ലാതെ ജോലി ചെയ്യുന്നവൻെറ യോഗ്യതകൾക്കു ഗവമ്മെൻറിൻെറ *തുലാധടങ്ങളിൽ പ്രവേശനമില്ലാത്തതുമാകുന്നു. ഞാനോ പ്രാരബ്ധക്കാരൻ. ഏതു മാർഗ്ഗമവലംബിച്ചു് എൻെറ വിധിയെ പ്രസാദിപ്പിക്കേണ്ടു എന്നു പരീക്ഷിച്ചു നോക്കേണ്ടതു് എൻെറ കടമയായിത്തീന്നിരിക്കുന്നു. സായിപ്പിനെ പിരിഞ്ഞുപോകുന്നതുകൊണ്ടുള്ള വ്യസനം എന്നെ തടഞ്ഞു നിർത്തുന്നതിനു് അസമർത്ഥമായിരുന്നാൽ എന്നോടു പരിഭവിക്കരുതെന്നു് അപേക്ഷിക്കുന്നു." അതുകേട്ടിട്ടു് അദ്ദേഹം, "കൊള്ളാം, നിങ്ങൾക്കു ശ്രേയസ്സു ഭവിക്കട്ടെ," എന്നുപറഞ്ഞു ഞങ്ങളുടെ സംഭാഷണമവസാനിപ്പിച്ചു. കോയിത്തമ്പുരാൻ തിരുമനസ്സിനോടു വേർപെടുന്നതു കുറേക്കൂടി

---

*ത്രാസിൻെറ തട്ടു്.

ദുസ്സഹമായിരുന്നു എങ്കിലും കാളേജുവിട്ടു് വക്കീൽവേല യിൽ പ്രവേശിക്കുന്നതിനുള്ള കാലം കുറേ അധികം ഞാൻ വ്യയം ചെയ്തതായി തോന്നിയതിൽനിന്നുമുണ്ടായ പശ്ചാത്താപത്തിന്റെ പ്രതിബലം പ്രസ്തുത ദുസ്സഹതയെ ലഘൂകരിച്ചു. ഒടുവിൽ കാളേജിലെ ജോലി ഞാൻ രാജിവയ്ക്കുകയും 1084-ാംമാണ്ടു ചിങ്ങമാസത്തിൽ ആലപ്പുഴജില്ലാക്കോടതിയിൽ വക്കീലായി ചേരുകയും ചെയ്തു.

## പതിനാല്

തിരുവിതാംകൂർ മഹാരാജകുടുംബം ആദരിച്ചനുവർത്തിച്ചുവരുന്ന വിദ്യാഭ്യാസനയത്തിൽനിന്ന് ഉപജീവനമാർഗ്ഗം മുതലായ പല ഗുണങ്ങൾ നമുക്കു സിദ്ധിച്ചുവരുന്നുണ്ടെന്നുള്ളതിനു തർക്കമില്ലല്ലോ. "ധർമ്മോഽസ്മൽ കുലദൈവതം" എന്നു രാജകുടുംബത്തിൻെറ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നതു് അശിഥിലമായ വിദ്യാഭ്യാസനിഷ്ഠയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ലക്ഷ്മിയും സരസ്വതിയും പരസ്പരം വിഘടിക്കാതെ യോജിച്ചു ജനങ്ങളെ അനുഗ്രഹിക്കുന്നതിനു നമ്മുടെ മഹാരാജാക്കന്മാർ പ്രസ്തുത ദേവിമാരെ രഞ്ജിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനു സംശയമില്ല. അദ്ധ്യയനത്തിനായി വിദ്യാലയങ്ങളിൽ കാലം നയിച്ചിരുന്നതിൻെറ ശേഷം തക്കതായ ഒരു ജീവികാമാർഗ്ഗം കണ്ടുപിടിക്കേണ്ടതു വിദ്യാർത്ഥികളുടെ കടമയാകുന്നു. അതിൽ വിദ്യാർത്ഥിയെ സഹായിക്കേണ്ടതു് അതാതു രാജ്യത്തെ ഭരണകർത്താക്കളാകുന്നു. അങ്ങനെയാണു് മറേറാരോദിക്കിൽ തൊഴിലില്ലായ്മയെ സംഹരിച്ചുവരുന്നതു്. ഇങ്ങനെ നോക്കുമ്പോൾ കൃതജ്ഞതാപുരസ്സരം രാജകുടുംബത്തിൻെറ ധർമ്മനിഷ്ഠയെക്കുറിച്ചു നോക്കാതെ ഒഴിക്കാവുന്നതല്ല. ഈ ഗ്രന്ഥത്തിൻെറ ആരംഭത്തിൽത്തന്നെ ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു രോഗാതുരനായി ശയിക്കുന്നതു കണ്ടുകൊണ്ടാണല്ലോ നമ്മൾ പുസ്തകത്തിലേക്കു കടക്കുന്നതു്. 1036—1055-ാംമാണ്ടുവരെ പത്തൊമ്പതു സംവത്സരം രാജ്യഭാരം

ചെയ്തിരുന്നതിനുശേഷം ആ തിരുമനസ്സുകൊണ്ടു സ്വാർഗ്ഗാരൂഢനായി. പിന്നീട് 1061 വരെ വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു രാജ്യം ഭരിച്ചിരുന്നു.

അനന്തരം ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു സിംഹാസനാരൂഢനായി. അവിടത്തെ രാജ്യഭാരത്തെപ്പററി വിവരിക്കുന്നതിനു മുമ്പായി രാജകുടുംബസ്ഥിതിയേയും അതിൻെറ ചാഞ്ചല്യങ്ങളേയും പററി വർണ്ണിക്കുന്നതു പ്രതിപാദ്യവസ്തുവിൻെറ വ്യക്തതയ്ക്കു നന്നായിരിക്കും.

ആയിരത്തിമുപ്പത്തിയാറാമാണ്ടു നാടുനീങ്ങിയ മഹാരാജാവുതിരുമനസ്സുകൊണ്ടു രാജ്യഭാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ കൊല്ലവർഷം ആയിരത്തിയിരുപത്തിയെട്ടിൽ വലിയ ക്ഷാമവും ദുരിതവും രാജ്യമൊട്ടുക്കു നേരിട്ട് കഷ്ടപ്പാടുകൾക്കിടയായി. രാജകുടുംബത്തിൻെറ സ്ഥിതിതന്നെ കുലപ്രതിഷ്ഠയ്ക്കു റാണി ലക്ഷ്മീഭായിത്തമ്പുരാട്ടി ഏകസ്ത്രീമാത്രമായി ശേഷിച്ചിരുന്ന സംശയാപന്നസ്ഥിതിയിലായിരുന്നു.

1033 കന്നിമാസം 22-ാംനു ദ്വിതീയപുത്രനായ ശ്രീമൂലംതിരുനാൾ തമ്പുരാൻ ഐഹികത്തിൽ അവതരിച്ചതു കണ്ടുകൊണ്ട് ആ തമ്പുരാട്ടി പാരത്രികപ്രസ്ഥാനത്തിനു പുറപ്പെട്ടു. നാടുവാണിരുന്ന മഹാരാജാവിൻെറ സ്ഥിതി അത്യന്തം ശോചനീയമായിരുന്നു. അന്നു വൈസ്രോയി ആയിരുന്ന 'ഡൽഹൗസി' പ്രഭു ദത്തെടുത്തു കുടുംബങ്ങളെ പോഷിപ്പിക്കുന്നതിനു് അനുവദിക്കുന്നതിൽ വിമുഖനായിരുന്നു. സന്താനവിച്ഛേദം നേരിട്ട കുടുംബത്തിൻെറ സ്ഥിതിയെ പരിഹരിക്കുവാൻ നടത്തിയ പല എഴുത്തുകുത്തുകളുടേയും ഫലമായി ഇംഗ്ലീഷ് വർഷം 1857 ഡിസംബർമാസത്തിൽ മാവേലിക്കര രാജകുടുംബത്തിൽനിന്നു തിരുവിതാംകൂർ രാജ

കുടുംബത്തിലേക്കു് എട്ടും ആറും വയസ്സുവീതം പ്രായമുണ്ടായിരുന്ന രണ്ടു രാജകുമാരികളെ ദത്തെടുക്കുന്നതിനു് അധീശ ഗവണ്മെൻറിൻെറ അനുവാദം ഒരുവിധം സിദ്ധിച്ചു. ഇതിൽ മൂത്തകുട്ടി ആററിങ്ങൽ മൂത്തതമ്പുരാനും മറേറതു് ആററിങ്ങൽ ഇളയതമ്പുരാനുമായിത്തീന്നു. ആററിങ്ങൽ മൂത്തതമ്പുരാൻ സന്താനരഹിതയായിരുന്നു. ഇളയതമ്പുരാൻെറ പുത്രന്മാരായി രേവതിതിരുനാൾ, ചതയംതിരുനാൾ, അശ്വതിതിരുനാൾ ബി. ഏ. ഇങ്ങനെ മൂന്നു രാജകുമാരന്മാർ ജനിച്ചു. ഇളയതമ്പുരാട്ടിയായിരുന്ന പാൎവ്വതീഭായി തിരുമനസ്സുകൊണ്ടു് 1893-ാം വർഷത്തിൽ നാടുനീങ്ങി. സീമന്തപുത്രനായ രേവതിതിരുനാളും അധികം താമസിയാതെ മാതാവിനെ അനുഗമിച്ചു. ഇപ്രകാരം സന്തതിപ്രതിബന്ധം പിന്തിരിയാതെ രാജകുടുംബത്തെ അഭിമുഖീകരിച്ചു ആവൎത്തിച്ചതുകൊണ്ടു് ആയിരത്തിത്തൊള്ളായിരം വർഷം ആഗസ്റ്റ് മുപ്പത്തിയൊന്നാംതീയതി മാവേലിക്കരക്കൊട്ടാരത്തിൽനിന്നും സേതു ലക്ഷ്മീഭായി എന്നും സേതു പാൎവ്വതീഭായി എന്നും രണ്ടു കൊച്ചുതമ്പുരാട്ടിമാരെ ദത്തെടുത്തു. ആ വർഷം നവംബർമാസത്തിൽ കഴ്സൻ പ്രഭുവും അദ്ദേഹത്തിൻെറ ഭാൎയ്യയായ പ്രഭ്വിയും തിരുവിതാംകൂർ സന്ദർശിച്ചു. ഇദംപ്രഥമമായ ഒരു വൈസ്രോയിയുടെ സന്ദർശനം ഇവിടെ ഉണ്ടായതു് അന്നാണു്. മുമ്പുതന്നെ അസമൃദ്ധമായിരുന്ന രാജകുടുംബാംഗങ്ങളുടെ സംഖ്യ അപ്രാപ്തകാലമായ പരമഗമനം കൊണ്ടു വളരെ വിഷാദകരമായി ശോഷിച്ചിരുന്ന സങ്കടം കുടുംബത്തിൽ ശേഷിച്ചിരുന്ന മഹാരാജാവു് അനുഭവിക്കേണ്ടതായി വന്നു. ആയിരത്തിയെഴുപത്തിയാറാമാണ്ടു കന്നി ഇരുപത്തിയഞ്ചാംതീയതി സുമുഖനും പ്രസന്നദർശനനുമായ അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു് സ്വൎഗ്ഗാരൂഢനായി. അവിടത്തെ ജ്യേഷ്ഠസഹോദരനായ ചതയംതിരുനാൾ ഇളയരാജാ തിരുമനസ്സുകൊണ്ടു്

ആയിരത്തിയെഴുപത്തിയാറാമാണ്ടു് ഇടവമാസം ഇരുപത്തി നാലാംതീയതി നാടുനീങ്ങി. അകൃശശരീരനും മുഖസ്ഫുരിതക്ഷത്രതേജസ്സും ആയിരുന്ന ഇളയരാജാ തിരുമനസ്സിലെ വിയോഗം പല ജനങ്ങൾക്കും അശാമ്യമായ അന്തസ്താപത്തെ ഉജ്ജ്വലിപ്പിച്ചു. ഇതിനൊക്കെ പുറമെ ആയിരത്തി എഴുപത്തിയാറാമാണ്ടു മിഥുനമാസം രണ്ടാം തീയതി ആററിങ്ങൽ മൂത്തതമ്പുരാനായിരുന്ന ലക്ഷ്മീഭായിത്തമ്പുരാട്ടി തിരുമനസ്സുകൊണ്ടും ദീർഘനിദ്രയെ ഭജിച്ചു. അത്താഴമൂണുകഴിഞ്ഞു രാത്രി വിശ്രമത്തിനു് ഒരുങ്ങിത്തുടങ്ങിയ ജനങ്ങൾ തെരുവുകളിൽക്കൂടി സാദിഭടൻെറ ദുഃഖസ്വരമായ കുഴൽവിളിയുടെ കാരണം അന്വേഷിച്ചപ്പോൾ 'മംഗല്യാംഗീമണിമകുട'മെന്നും മററും മയൂരസന്ദേശത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാനാൽ വർണ്ണിതയായ ലക്ഷ്മീഭായിത്തമ്പുരാട്ടി ഇഹലോകംവെടിഞ്ഞ വൎത്തമാനം മനസ്സിലായി. ഇടവിടാതെ ചനചനെ മഴ പെയ്തുകൊണ്ടിരുന്നു എങ്കിലും പാതിരാസമയംവരെ രാജകുടുംബത്തിലെ ശ്മശാനഭൂപ്രദേശമായ പള്ളിയടക്കമുക്കിൽ തിരുമനസ്സിലെ ഔർദ്ധ്വദേഹികക്രിയകളെ ആദരിച്ചു് ബഹുജനങ്ങൾ കൂടിനിന്നിരുന്നു.

ഒടുവിൽ മൂലംതിരുനാൾ മഹാരാജാവു നാടുനീങ്ങിയപ്പോൾ ദത്തിൽ ഉൾപ്പെട്ട സേതു ലക്ഷ്മീഭായി ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു റീജൻസിയായി കുറേനാൾ രാജ്യം ഭരിക്കേണ്ടതായി വന്നു. അവിടുന്നു് ആയിരത്തിയെഴുപത്തിയൊന്നാമാണ്ടു വൃശ്ചികം അഞ്ചാം തീയതി തിരുവവതാരംചെയ്യുകയും ആയിരത്തിയെമ്പത്തിയൊന്നാമാണ്ടു മേടം ഇരുപത്തിനാലാംതീയതി അനന്തപുരത്തുകൊട്ടാരത്തിൽ രാമവർമ്മ കോയിത്തമ്പുരാനെ പള്ളിക്കെട്ടു കഴിക്കുകയും ചെയ്തു. ആ വിവാഹത്തിൽ ലളിതാംബാഭായി എന്നും ഇന്ദിരാഭായി എന്നും രണ്ടു രാജകുമാരികൾ ഉണ്ടു്. ആയിര

ത്തിത്തൊള്ളായിരത്തിലെ ദത്തിൽപ്പെട്ട രണ്ടാമത്തെ മഹാറാണി ആയിരത്തിയെഴുപത്തിരണ്ടാമാണ്ടു തുലാമാസം ഇരുപത്തിനാലാംതീയതി തിരുവവതാരംചെയ്തരുളിയ ശ്രീമൂലം തിരുനാൾ പാർവ്വതീഭായിത്തമ്പുരാട്ടി ആകുന്നു. ആ തിരുമനസ്സിലെ പള്ളിക്കെട്ടു കഴിച്ചതു് ആയിരത്തിയെമ്പത്തിരണ്ടാമാണ്ടു മേടമാസം പന്ത്രണ്ടാംതീയതി കിളിമാനൂർ രവിവർമ്മ കൊച്ചുകോയിത്തമ്പുരാൻ ബി. എ. ആണു്. മഹാറാണിയുടെ മൂത്തപുത്രനായ മഹാമഹിമശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ആയിരത്തിയൊരുനൂറാമാണ്ടു ചിങ്ങമാസം പതിനേഴാംതീയതിമുതൽ പ്രശസ്തഗംഭീരമാകുംവണ്ണം രാജ്യഭാരം നടത്തിവരുന്നു. മഹാരാജാവു തിരുമനസ്സിലെ സഹോദരനായി ആയിരത്തി തൊണ്ണൂററിഏഴാമാണ്ടു തിരുവവതാരം ചെയ്ത ഉത്രാടംതിരുനാൾ തിരുമനസ്സുകൊണ്ടും, സഹോദരിയായി ആയിരത്തി തൊണ്ണൂററിരണ്ടാമാണ്ടു കന്നിമാസം രണ്ടാംതീയതി തിരുവവതാരംചെയ്ത കാർത്തികതിരുനാൾ കൊച്ചുതമ്പുരാട്ടിയും രാജകുടുംബാംഗങ്ങളായി പ്രശോഭിക്കുന്നു.

തൊള്ളായിരത്തി മുപ്പത്തിമൂന്നുമുതൽ ഏറെക്കുറെ നിരന്തരമായി നമ്മുടെ മഹാരാജകുടുംബം അനുഭവിച്ചുപോന്ന സന്താനവിച്ഛേദശങ്ക വിട്ടുമാറുകയും ശ്രേയസ്കരമായ മാർഗ്ഗത്തിൽ രാജകുടുംബം പ്രവേശിക്കുകയും ചെയ്തിരിക്കുന്നു. കാരുണികനായ മഹാരാജാവുതിരുമനസ്സിലെ ഭരണത്തിനാൽ അനുഗൃഹീതരായ പ്രജകളുടെ ഭാഗ്യം അസദൃശമാകുന്നു. അങ്ങനെയുള്ള സംഗതികൾ ഈ പുസ്തകത്തിന്റെ രണ്ടാംഭാഗത്തു വിവരിക്കാമെന്നു വിചാരിക്കുന്നു. ഇരുപത്തിയഞ്ചു തിരുവയസ്സു പൂർത്തിയാകുന്ന ഈ ഘട്ടത്തിൽ തിരുമനസ്സിലേക്കു് ആയുരാരോഗ്യമംഗളങ്ങളാശംസിച്ചുകൊണ്ടു് വിനീതനായ ഗ്രന്ഥകർത്താവു് ഈ പുസ്തകം ഒന്നാംഭാഗം ഇവിടെ വിരമിപ്പിക്കുന്നു.

## പതിനഞ്ചു്

I

ഇരുപത്തിയഞ്ചു തിരുനാൾ തികഞ്ഞെഴും
തിരുചിത്തിരത്തിരുമനസ്സുതമ്പുരാൻ
പരചിത്തരംഗഹരിപാദപദ്മതൽ-
പരചിത്തരംഗനരചരൻ പ്രശോഭതേ.

II

ഭരണീയലോകപുരുപുണ്യപൂർണ്ണമാം
ഭരണിക്കുതുല്യനമതന്നനുഗ്രഹാത്
ഭരണീശദേവനണയാതെ മന്നിനാ-
ഭരണീഭവിച്ചു ഭരണം നടത്തണേ.

III

ദേവാഗാരനിരോധഖിന്നമനസാം
ദൂരേ വിഷാദഃ കൃതഃ
കണ്ഠാകുഞ്ചനഭാരവത് കരമയീ
പീഡാ പ്രജോഢാ ഹൃതാ
അദ്യോല്ലംഘിതപഞ്ചവിംശവയസോ
യസ്യേതി ഭൂരക്ഷണം
ഭക്ത്യാ മാതരി ചാദരേണ സചിവേ
ജീയാത് സ വഞ്ചീശ്വരഃ

IV

ദേവാനാം പ്രതിമാഃ സവർണ്ണപിഹിതാ
നാര്യോഽവരോധേ യഥാ

സർവ്വേഷാമഭിഗമ്യതാസമതയാ
ചൈതന്യധന്യാഃ കൃതാഃ
കാരുണ്യാത് കരഭൂഗനകക്ഷകശിരോ-
ഭാരസ്തു ദൂരീകൃതോ
യേനൈവം ധ്രിയതേ ധരാ വിജയതാം
ചൈത്രഃ സ വഞ്ചീശ്വരഃ

V

ഇരുപതുമഞ്ചുമായ്ത്തിരുവയസ്സിതു ചിത്തിരയിൽ
തിരുവവതാരമാന്ന കുലശേഖരഭൂപനിഹ
ഇരുപതുമഞ്ചുമായിനി മുറസ്സു ഗുണിച്ചവരും
പരമവയസ്സതിത്തിരുമനസ്സിനു നൽക ഹരൻ.

# രണ്ടാം ഭാഗം

## പതിനാറു്

എഴപതു് എഴപത്തൊന്നിടയ്ക്കു് വിദ്യാൎത്ഥിയായി ആലപ്പുഴെ ഉണ്ടായിരുന്ന സഞ്ചാരങ്ങൾ 84-ാമാണ്ടു് പൊന്നും ചിങ്ങമാസത്തിൽ വക്കീലായിട്ടു് ആവൎത്തിക്കേണ്ടതായി വന്നു. വിദ്യാൎത്ഥിയായിട്ടു് ആലപ്പുഴെ സ്ഥിരതാമസമില്ലായിരുന്നു. എന്നാൽ വക്കീലായിട്ടു് അതു വേണ്ടിവന്നു. പന്ത്രണ്ടു സംവത്സരം കഴിഞ്ഞു തിരികെ ചെന്നപ്പോൾ പട്ടണത്തിനു വലിയ ഭാവഭേദങ്ങൾ ഉണ്ടായിരുന്നില്ലെങ്കിലും 'സനാതനം ഹൈസ്കൂൾ' എന്നൊരു നവീനവിദ്യാലയം സ്ഥാപിതമായി പ്രബലതയിൽ വന്നിരുന്നു. ജില്ലാക്കോടതിയിൽ ഒന്നാം ജഡ്ജിയായി എ. കൃഷ്ണയ്യങ്കാർ അവർകളും രണ്ടാം ജഡ്ജിയായി ശാസ്തമംഗലം കെ. ശങ്കരപ്പിള്ള അവർകളുമാണു് പ്രശോഭിച്ചിരുന്നതു്. വക്കീലന്മാരായിരുന്ന മെ. വി. ആർ. പത്മനാഭപിള്ള, എം. ആർ. നീലകണ്ഠപ്പിള്ള ഇവരുടെ കാലം കഴിഞ്ഞു കെ.എ. കൃഷ്ണയ്യങ്കാർ അവർകളും എസ്. കൃഷ്ണയ്യരവർകളും സമുന്നതിയെ പ്രാപിച്ചിരുന്നു. ടി. ആർ. ഗോവിന്ദപ്പിള്ള അവർകൾ സ്വകീയപൂൎവ്വപ്രശസ്തിയിൽനിന്നും ഭ്രംശിച്ചുപോയിരുന്നില്ല. രണ്ടാംവരിയിൽ ചേൎക്കേണ്ടതായി മെ: എൽ. എ. സുബ്രഹ്മണ്യയ്യർ, കെ. സി. മാധവൻപിള്ള, പി. ജി. ഗോവിന്ദപ്പിള്ള, പി. എൻ.പത്മനാഭപിള്ള, വൈക്കം ജി. കൃഷ്ണപിള്ള, എ. പി. പണിക്കർ, വള്ളിയൂർ കൃഷ്ണയ്യർ, സിറിയക്കനിധീരി മുതൽ പേർ പ്രസ്താവയോഗ്യന്മാരാകുന്നു. സൎവ്വ്രീ

യരായ വക്കീലന്മാർ തമ്മിൽ ന്യൂനാധിക്യങ്ങൾ ആരോപി ക്കാവുന്നതല്ലെങ്കിലും തൊഴിലിലുള്ള സാമർത്ഥ്യവും ആദാ യവും പഴമപരിചയവും വിചാരിക്കുമ്പോൾ ഭേദകല്പന കൾക്കു് അവകാശമില്ലെന്നു പറഞ്ഞുകൂടാ. ഒരു നാഴിയിൽ മറെറാരു നാഴി പോകയില്ലെന്നു തന്നെയിരിക്കട്ടെ. എങ്കിലും വക്കീൽ വേലയിൽ പ്രവേശിച്ച് ആരംഭകസ്ഥിതിയിലിരി ക്കുന്നവർ പരിചയസമ്പന്നരായ മററു വക്കീലന്മാരെ മാർഗ്ഗ ദർശകന്മാരായി സ്വീകരിച്ചു തൊഴിലിലേയ്ക്കു വേണ്ട ഏർപ്പാ പാടുകളും നടപടികളും മനസ്സിലാക്കുന്നതു് അസാധാരണ മല്ല. ശബരിമലയ്ക്കു പോകുന്നവർ പരിചയാധിക്യമുള്ളവനെ 'പെരിയസ്വാമി'യായി സ്വീകരിച്ചു നായകനായിട്ടു വരി ക്കുമാറുണ്ടല്ലോ. അതുപോലെ ആകുന്നു വക്കീൽ വേലയിൽ ആരംഭകന്മാർ പക്വബുദ്ധികളുടെ അടുക്കൽ തൊഴിൽ പരി ചയിക്കുന്നതു്.

വല്ലവരുടേയും അടുക്കൽ പററിപ്പിടിച്ചു തൊഴിൽപരി ചയം സമ്പാദിക്കണമെന്നു് എനിക്കുണ്ടായിരുന്ന വിചാരം ആലപ്പുഴെ ചെന്നതിൽപ്പിന്നെ എങ്ങനെയോ ക്ഷയിച്ചു പോയി. മററുള്ളവരുടെ സമ്പ്രദായങ്ങൾ കണ്ടു മനസ്സി ലാക്കി സ്വതന്ത്രശക്തി വർദ്ധിപ്പിക്കുന്നതിനായിരുന്നു ഞാൻ ഉത്സാഹിച്ചതു്. ചില സ്നേഹിതന്മാർ ചില ഒത്താശകൾ ചെയ്തിട്ടില്ലെന്നുമില്ല. മെ: കെ. സി. മാധവൻപിള്ളയും പി. ജി. ഗോവിന്ദപ്പിള്ളയും അവരുടെ കേസുകളിൽ ചില തെല്ലാം എനിക്കു തന്നിട്ടുണ്ടു്. പി. എൻ. പത്മനാഭപിള്ള അവർകളെ മുൻസിപ്പായി നിയമിച്ചപ്പോൾ അദ്ദേഹ ത്തിന്റെ പക്കലുണ്ടായിരുന്ന പല കേസുകളും എനിക്കു തരു ന്നതിനു് ഏർപ്പാടുചെയ്തു. ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. സനന്തു് സിദ്ധിച്ച തിൽപ്പിന്നെ മൂന്നു നാലു ദിവസമല്ലാതെ എനിക്കു കച്ചേരി യിൽ ജോലിയില്ലാതിരുന്നിട്ടില്ല.

പിന്നെ പൊതുജനങ്ങളിൽനിന്നും സിദ്ധിച്ച പ്രോത്സാഹനം എത്രയോ മുൻപ് ബാറിൽ ചേരാതിരുന്നതു കൊണ്ടുള്ള പശ്ചാത്താപത്തെ ഉദ്ദീപിപ്പിക്കുകയും അതോടു കൂടി മൂടിക്കിടന്നിരുന്ന ഭാഗ്യകൂപത്തിൽനിന്നുള്ള ഊററുമറവയും കൊണ്ടു് എന്നെ അനുഗ്രഹിക്കുകയും ചെയ്തു.

ആദ്യം വാദിച്ച ഒരു കേസ്സ് തെക്കേടത്തു മനയ്ക്കൽ ജോലിയായിരുന്ന ഒരുവൻെറ ബന്ധുവിനെ പൈങ്ങാമഠത്തിൽ കുഞ്ഞിക്കോയാമുതലാളിയുടെ അരിച്ചാക്കുകൾ വൈക്കത്തുവച്ച വിശ്വാസവഞ്ചനചെയ്തു് അപഹരിക്കുവാൻ ഉത്സാഹിച്ച എന്ന കുററത്തിനു് അറസ്ററുചെയ്തു ആലപ്പുഴെ കൊണ്ടുവന്നപ്പോൾ വിട്ടയയ്ക്കാൻവേണ്ടിയിട്ടുള്ളതായിരുന്നു. അൻപതു രൂപാ രൊക്കം തന്നാൽ പ്രതിയെ ഹാജരാക്കുന്ന അന്നുതന്നെ വിട്ടതൽ ചെയ്യിക്കാമെന്നു ഞാനേററു. ശേഷം ഫീസ് കക്ഷിയുടെ യുക്തംപോലെ മതിയെന്നു സമ്മതിച്ചു. അതനുസരിച്ച് അൻപതു രൂപാ തന്നു. വൈക്കത്തുവെച്ചു നടന്ന കുററം വിചാരണചെയ്യുവാൻ കോട്ടയം ഒന്നാംക്ലാസ് കോടതിക്കല്ലാതെ ആലപ്പുഴക്കോടതിക്കു് അധികാരമില്ലെന്നു ഞാൻ വാദിക്കുകയും, അരിച്ചാക്കു് ആലപ്പുഴനിന്നും അയച്ചതാണെന്നുള്ള ഭ്രമം നിമിത്തം വൈക്കത്തുവച്ച് കുററം ചെയ്തതായിപ്പറയുന്ന എൻെറ കക്ഷിയെ ആലപ്പുഴയ്ക്കു വലിച്ചിഴയ്ക്കുവാൻ ഇടയായതാണെന്നു തർക്കിക്കുകയും ചെയ്തു. ഒന്നാം ക്ലാസ് മജിസ്ത്രേട്ടായിരുന്ന സത്യനേശനവർകൾ എൻെറ വാദങ്ങളെ അഭിനന്ദിച്ചു. കുഞ്ഞിക്കോയാമുതലാളി മഹമ്മദീയരുടെ നേതാവും പൗരപ്രമാണിയുമായിരുന്നു. പിറേറ ദിവസത്തേയ്ക്കു കേസ്സു നീക്കിവയ്ക്കുന്നപക്ഷം ഈ ലാപോയിൻറു വാദിക്കുന്നതിനു കൃഷ്ണയ്യങ്കാരവർകളെയോ തത്തുല്യനായ മററു വക്കീലിനെയോ ഹാജരാക്കാമെന്നു പറഞ്ഞതനുസരിച്ചു കേസ്സു് പിറേറ ദിവസത്തേയ്ക്കു വച്ചു. പിറേറ

ദിവസം മി: വി. എസ്. കൃഷ്ണയ്യർ ഹാജരായി ചില പ്രമാണഗ്രന്ഥങ്ങൾ ഉദ്ധരിച്ചു. അതൊന്നും അംഗീകരിക്കാതെ മജിസ്ത്രേട്ട് പ്രതി പൊയ്ക്കൊള്ളുവാൻ ഉത്തരവുചെയ്തു.

ഒരുമാസം ജോലിചെയ്താൽ 50 രൂപാ കിട്ടിക്കൊണ്ടിരുന്ന എനിയ്ക്കു് ആകപ്പാടെ അഞ്ചാറുമണിക്കൂർ നേരത്തെ പണികൊണ്ടു് അത്രയും രൂപ കിട്ടിയപ്പോഴുണ്ടായ സന്തോഷം എത്ര നിർഭരമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

കുഞ്ഞിക്കോയാമുതലാളി തോററുപോകയാണു ചെയ്തതെങ്കിലും എന്നെക്കുറിച്ചു പ്രീതനാകുകയാണു ചെയ്തതു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ ആശ്രിതനായി കരിമ്പാവളവിൽ താമസിച്ചിരുന്ന ഒരു മുഹമ്മദീയ യുവാവിൻെറ പേരിലുണ്ടായ ബലാൽസംഗക്കേസ്സിൽ എനിയ്ക്കു് അദ്ദേഹം വക്കാലത്തു തരുവിപ്പിച്ചു. പിന്നീടു് അദ്ദേഹത്തിൻെറ വിമാതൃജനായ* കമാൽദീൻ കോയായും മററും എന്നെ അവരുടെ വക്കീലായി നിയമിച്ചുവന്നു. ഞങ്ങൾ തമ്മിൽ അവ്യാജമായ മൈത്രിയിലാണു കഴിഞ്ഞുവന്നതു്.

കൊട്ടിപ്പള്ളി നാരായണൻ എന്നൊരുവനെ തല്ലിക്കൊന്നതായി സെഷൻകോർട്ടിൽ നടന്ന ഒരു കേസ്സു് സാമാന്യം ജനക്ഷോഭകരമായിരുന്നു. പരിമണത്തു നാരായണപിള്ള എന്ന മുൻസിപ്പുകോട്ടുവക്കീൽ മററു പ്രതികളെ കൂട്ടുപിടിച്ചു കൊട്ടിപ്പള്ളി നാരായണനെ തല്ലിക്കൊന്നുവെന്നാണു് കേസ്സു്. അതിൻെറ പശ്ചാത്ഭാഗത്തു സ്ത്രീനിമിത്തമുള്ള ചില ചാപല്യങ്ങൾ പ്രധൂമിച്ചിരുന്നുവെങ്കിലും പ്രകാശിച്ചു് ഉജ്ജ്വലിച്ചില്ല.

പ്രാസിക്യൂഷനിൽ ഗവൺമെൻറിനുള്ള താൽപര്യത്തിനു പുറമേ കോവിലകത്തു കർത്താക്കന്മാരിൽ ചിലരും ഉത്സാഹി

* അച്ഛൻെറ മറെറാരു ഭാര്യയിലുള്ള പുത്രൻ.

കളായിരുന്നു. എന്നാൽ ഇപ്പോൾ സർവ്വേസൂപ്രണ്ടായിരിക്കുന്ന ഗോവിന്ദൻകർത്താവ്‌ അവർകൾ സ്വജനങ്ങളോടു ചേരാതെ പ്രതി നാരായണപിള്ളയുടെ പേരിൽ എന്തു കാരണവശാലോ അനുകമ്പയായിരുന്നു. നാരായണപിള്ളയുടെ വക്കാലത്തു മി. അച്യുതവാര്യർക്കും ഘാതകന്മാരെന്നു വച്ചിരുന്ന കൂട്ടപ്രതികളുടെ വക്കാലത്തു മററു് ആക്കും കഴിയുകയാല്ലെന്നു പറയുകയാൽ എനിയ്ക്കും കിട്ടി. വാദിഭാഗത്തേയ്ക്കു പ്രധാനപ്പെട്ട സാക്ഷി കോവിലകത്തു ഗോപാലൻകർത്താവെന്നൊരു പ്രഭുവായിരുന്നു. പോലീസുവേലയിൽ തഴമ്പിച്ച ഇൻസ്പെക്ടരായിരുന്ന 'കാച്ചിൽ' കൃഷ്ണപിള്ള അവർകളായിരുന്നു സക്കാർവക്കീലിനു് അറിവുകൊടുത്തിരുന്നതു്. ഗോപാലൻ കർത്താവിൻെറ മൊഴി ഉലച്ചില്ലെങ്കിൽ പ്രാസിക്യൂഷൻെറ ബലം ക്ഷയിക്കയില്ലെന്നു നിശ്ചയമായിരുന്നു. ഗോപാലൻകർത്താവിനെ ഞാനോ, അദ്ദേഹം എന്നെയോ അറിയുമായിരുന്നില്ല. അദ്ദേഹത്തിനോടായിട്ടല്ലെങ്കിലും അദ്ദേഹം കൂടി കേൾക്കത്തക്കവിധം ജഡ്ജിയായിരുന്ന കൃഷ്ണയ്യങ്കാരവർകളുടെ സത്യപ്രതിപത്തിയെപ്പററി കുറെ അധികം വിസ്തരിച്ചു് ഞാൻ സംസാരിച്ചു. സാക്ഷികൾ ഒരിയ്ക്കൽ പറയുന്നതു ഭേദപ്പെടുത്തിപ്പറഞ്ഞാൽ ജഡ്ജി ക്ഷമിക്കയില്ലെന്നും പ്രോസിക്യൂട്ട ചെയ്യാതെ വിടുകയില്ലെന്നും മററും ഗോപാലൻ കർത്താവിൻെറ മനസ്സിനു ശമഹരമായി വിവരിച്ചു. ഒടുവിൽ ഗോപാലൻകർത്താവു് സാക്ഷിക്കൂട്ടിൽ കയറി. മി. അച്യുതവാര്യർ ചെയ്ത ക്രാസ്സ് വിസ്താരത്തിൽ കർത്താവിനു വലിയ കുലുക്കമൊന്നും സംഭവിച്ചില്ല. വക്കീൽ വേലയിൽ പുതുതായി പ്രവേശിച്ച എനിയ്ക്കുണ്ടോ കർത്താവിനെ ഇളക്കുന്നതിനുവേണ്ട സാമർത്ഥ്യം എന്നു വിചാരിച്ചുകൊണ്ടാണു് ഞാൻ ക്രാസ്സ് തുടങ്ങിയതു്. കമ്മിററിങ്ങ് മജിസ്ട്രേട്ടുകോർട്ടിൽ ഗോപാലൻകർത്താവു ബോധിപ്പിച്ച മൊഴി ഞാൻ ഗാഢമായി പഠിച്ചിരുന്നു. അതിൽ നിന്നു

കത്താവിനെ വ്യതിക്രമിപ്പിക്കണമെന്നായിരുന്നു എൻെറ ലക്ഷ്യം. അതു് ഏറെക്കുറെ സാധിച്ചു. കീഴ്ക്കോടതിയിൽ കൊടുത്ത മൊഴിയിൽനിന്നു നാലഞ്ചിടത്തു കത്താവു ഭേദഗതിയായി പറഞ്ഞശേഷം കീഴ്ക്കോട്ടിൽ ബോധിപ്പിച്ചതോ ഇവിടെ ബോധിപ്പിച്ചതോ ശരിയെന്നു ഞാൻ ചോദ്യം തുടന്നു. ഒന്നു രണ്ടു ചോദ്യങ്ങൾക്കു ഭിന്നങ്ങളായ മൊഴികളെ നിരപ്പാക്കുവാൻ സാക്ഷി ഉത്സാഹിച്ചെങ്കിലും മേൽപ്രകാരമുള്ള ദുർഘടം സമീകരിക്കുവാൻ വിഷമിച്ചു് അദ്ദേഹം അപസ്മാരരോഗിയെപ്പോലെ മോഹാലസ്യപ്പെട്ടു് സാക്ഷിക്കൂട്ടിൽ വീണു. അതു സാക്ഷിയുടെ സത്യവാദിതത്തെപ്പററി പ്രബലമായ ശങ്ക ജഡ്ജിക്കു ജനിപ്പിച്ചു. ഒടുവിൽ കേസ്സിലെവാദം കേട്ടു് എല്ലാ പ്രതികളെയും വിട്ടു് ജഡ്ജി വിധി പ്രസ്താവിച്ചു. പുതിയ വക്കീലായിരുന്ന എനിക്കു് ഈ കേസ്സു് യശസ്കരമായിത്തീന്നു.

സിവിൽക്കേസുകൾ തന്നു് എന്നെ അഭിനവമായി പ്രോത്സാഹിപ്പിച്ചതു് പനങ്ങോട്ടു കേശവപ്പണിക്കരും ചേന്നമംഗലം പാലൃംവക ചേത്തല ഉഴവ മുതൽപടിയിലെ മാനേജരും മററുമായിരുന്നു. ആരംഭത്തിൽ ആകപ്പാടെ നാന്നൂറഞ്ഞൂറുരൂപാ മാസം വരുമ്പടിയായി കിട്ടത്തക്കവണ്ണമുള്ള കേസ്സുകൾ എനിക്കുണ്ടായിരുന്നു എന്നു പറയുന്നതിൽ അണുവും അതിശയോക്തിയില്ല. കാളേജിലെ ശമ്പളം വിചാരിച്ചു വക്കീൽ വേലയിലെ പ്രവേശനഘട്ടത്തിൽ ത്തന്നെ ഞാൻ ധന്യംമന്യനായിരുന്നു. പക്ഷേ സാഹിത്യലോകബന്ധം ഉടനടി നിറുത്തുവാൻ സാധിച്ചില്ല. ആലപ്പുഴെ വക്കീലായിരുന്നപ്പോഴാണു് എഴുതിക്കൂട്ടിയിട്ടുള്ളതിൻെറ പിണ്ഡത്തെ മാനദണ്ഡമാക്കിയാൽ ആരെയും ജയിച്ചിരുന്ന പ്രസിദ്ധ കവിയും വിദ്വാനുമായ കുഞ്ഞിക്കുട്ടൻതമ്പുരാനെ കണ്ടു പരിചയമാകാൻ ഇടയായതു്. വടശ്ശേരി അമ്മ

വീട്ടിലെ കല്യാണം കഴിഞ്ഞു് അദ്ദേഹം ഭാൎയ്യാസമേതനായി മടങ്ങിവരുമ്പോൾ ആലപ്പുഴസ്സത്രത്തിൽ ഇരുന്നുകൊണ്ടു് എന്നെ കാണുന്നതിലേയ്ക്കാളയച്ചു. ഒരു തമ്പുരാൻ സത്രത്തിൽ വന്നിരുന്നുകൊണ്ടു യജമാനനെ കാണണമെന്നു പറയുന്നതായി ഒരാൾ വന്നുപറഞ്ഞു. ഏതു തമ്പുരാൻ എന്നു ചോദിച്ചതിൽ വന്ന ആളിനു് അറിവുണ്ടായിരുന്നില്ല. ഞാൻ ചെന്നു ചോദിച്ചപ്പോൾ കുഞ്ഞിക്കുട്ടൻതമ്പുരാനാണെന്നു മനസ്സിലായി. "തിരുവനന്തപുരത്തന്വേഷിച്ചപ്പോൾ നാരായണപിള്ള വക്കീലായി ആലപ്പുഴെ പോയി എന്നറിഞ്ഞു. എന്നാൽ ആലപ്പുഴവച്ചു കാണാതെ പോകുകയില്ലെന്നു നിശ്ചയിച്ചു." ഇങ്ങനെ വിനയമധുരമായിട്ടാരംഭിച്ച സംഭാഷണം ഒന്നരമണിക്കൂർ നീണ്ടുനിന്നതിനുശേഷം ഞങ്ങൾ പിരിഞ്ഞു. അപ്പൻ തമ്പുരാനെ കണ്ടതും ആ ഇടയ്ക്കുതന്നെ ആയിരുന്നു. കാലടിയിൽ മൈസൂർക്കാർ നടത്തിയ ശാരദാപ്രതിഷ്ഠയും മററും ദർശിച്ചശേഷം തൃശ്ശിവപേരൂർ പ്രതിവർഷം നടത്താറുണ്ടായിരുന്ന സാഹിത്യസദസ്സിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനു വെള്ളായ്ക്കൽ നാരായണമേനവനും കൂട്ടരും എന്നെ ക്ഷണിച്ചതനുസരിച്ചു് ഞാനങ്ങോട്ടു പുറപ്പെട്ടു. സമ്മേളനത്തിനു് അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടും സന്നിഹിതനായിരുന്നു. സദസ്സിൽ നടന്ന പ്രസംഗങ്ങൾ മുഖേന സംജാതമായ പരസ്പരാകർഷണം അയ്യന്തോൾ കൊട്ടാരത്തിൽവച്ചു് എനിയ്ക്കു ലഭിച്ച വിരുന്നുസല്ക്കാരത്താൽ മൈത്രീബന്ധമായി ദൃഢീഭവിച്ചു. ഇദംപ്രഥമമായി ശ്രീമൂലം പ്രജാസഭയിലേയ്ക്കു് ഒരംഗമായി ഞാൻ പോയതും ആലപ്പുഴെ വക്കീലായിരുന്നപ്പോഴാണു്. അന്നു ദിവാൻജി സർ. പി. രാജഗോപാലാചാരിയും ബ്രിട്ടീഷ് റസിഡൻറ് 'ലയണൽ ഡേവിഡ്സ'നുമായിരുന്നു. ആലപ്പുഴബാറിൽ നിന്നും എൻെറ കൂടെ മെമ്പറന്മാരായി മെ: പി. ജി. ഗോവിന്ദപ്പിള്ളയും കെ. സി. മാധവൻപിള്ളയും കൂടി ഉണ്ടായി

രുന്നു. ഗവണ്മെൻറിൻെറ വിദ്യാഭ്യാസനയമധികരിച്ചു ഞാനും ജന്മംചേരിക്കലിൻെറ സെററിൽമെൻറധികരിച്ച് പി. ജി. ഗോവിന്ദപ്പിള്ളഅവർകളും സഭയിൽ ചെയ്ത നിവേദനങ്ങൾപോലെ ആ ആണ്ടിൽ മറെറാരു നിവേദനവും ഫലിച്ചില്ലെന്നു സർവ്വസമ്മതമായ ശ്ലാഘയ്ക്കു ഞങ്ങൾ പാത്രീഭവിച്ചു. ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ജൂബിലിഹാളിലെ മഞ്ചമണ്ഡപത്തിൽ ഇരുന്നിരുന്ന ദിവാൻജിയും റസിഡണ്ടും തമ്മിൽ അഭിനന്ദനമായി കൂടെക്കൂടെ പൊറുപൊറുക്കുന്നതു് എനിയ്ക്കു കാണാമായിരുന്നു. ആയിടയ്ക്കു, ഗവണ്മെൻറു വിദ്യാഭ്യാസകാര്യത്തിൽ നിന്നു പിൻവലിയണമെന്നും പ്രൈവററു് ഏജൻസികൾക്കു് അതു വിട്ടുകൊടുക്കേണ്ടതാണെന്നും കഠിനമായി വാദപ്രതിവാദങ്ങൾ ഉണ്ടായിരുന്നു. ഗവണ്മെൻറ് വിദ്യാഭ്യാസവുമായി സർവ്വസംഗപരിത്യാഗം ചെയ്യണമെന്നു പറയുന്നതു വലിയ അപനയമാണെന്നും കേവലം ക്രയവിക്രയഭാവം വിദ്യാഭ്യാസം നടത്തുന്നതിൽ നേരിടാതെ പുണ്യവും ധമ്മവുമായ ഒരു ചുമതലയായി ഗവണ്മെൻറു് അതിനെ കരുതണമെന്നും മററും ആയിരുന്നു എൻെറ വാദം. ദിവാൻ രാജഗോപാലാചാരി അവർകൾ പിന്നെ എന്നെ കാണുമ്പോഴൊക്കെയും ആ പ്രസംഗമാസ്സദമാക്കി ഡേവിഡ്സണും തനിയ്ക്കുമുണ്ടായ സന്തോഷത്തെപ്പററി എന്നോടു പറയുമായിരുന്നു.

ആലപ്പുഴക്കോടതിയിലെ കേസുകളുടെ കുടിശ്ശികയും കൂട്ടതല്ലം നിമിത്തം രണ്ടു ജഡ്ജികൾക്കു പുറമെ മററു രണ്ടു ജഡ്ജികളെക്കൂടി നിയമിക്കേണ്ടിവന്നു. മെ: കൃഷ്ണയ്യങ്കാർ, ശങ്കരപ്പിള്ള, രാമചന്ദ്രയ്യർ, പി. ജെ. വറുഗീസ് ഇങ്ങനെ നാലുപേർ ഒരു കാലത്തു് അവിടെ ജഡ്ജിമാരായിരുന്നു. ഒടുവിൽ വേമ്പനാട്ടുകായൽ തരണംചെയ്യുന്നതിലുള്ള വൈഷമ്യങ്ങളും ആപത്തുകളും സ്വവാസസ്ഥാനങ്ങളിൽ നിന്നു

മുള്ള വിദൂരസ്ഥതയും മററും പുരസ്കരിച്ചു കോട്ടയത്തുകാർ ചെയ്ത പ്രക്ഷോഭണത്തിൻെറ ഫലമായി കോട്ടയത്തു് 1085-ാ മാണ്ടു മദ്ധ്യവേനൽ ഒഴിവു കഴിഞ്ഞു് ഒരു ജില്ലാക്കോടതി സ്ഥാപിച്ചു. അതിനോടുകൂടി ആലപ്പുഴക്കോടതി വളരെ ശോഷിച്ചുപോകയാൽ മെ: എസ്. കൃഷ്ണയ്യർ, എൽ. കെ. രാമസ്വാമിഅയ്യർ, ഏ. പീലിപ്പോസ് മുതലായ വക്കീലന്മാർ കോട്ടയത്തു വ്യവഹരിക്കുന്നതിനായി ആലപ്പുഴ വിട്ടു. വക്കീൽ വേലയിൽ പ്രവേശിച്ചു് അധികമാകാതിരുന്ന ഞാൻ ആലപ്പുഴയോ കോട്ടയത്തോ വ്യവഹരിക്കേണ്ടതു് എന്ന തക്കത്തിൽ വീണു. കോട്ടയംകോടതി നവീനമാകയാൽ അവിടെ ആലപ്പുഴയെക്കാൾ വക്കീലന്മാർ തമ്മിൽ സമീഭാവമുണ്ടായിരിയ്ക്കുമെന്നു് ഒരു മെച്ചം സ്പഷ്ടമായി ത്തോന്നി. മദ്ധ്യവേനൽ കഴിഞ്ഞു കോടതി തുറന്നപ്പോൾ കെ. ശങ്കരപ്പിള്ളജഡ്ജീഅവർകളും ഏതാനും വക്കീലന്മാരും കോട്ടയത്തു സ്ഥലംപിടിച്ചു കഴിഞ്ഞിരുന്നു. ഞാനും കോട്ടയത്തിനു പോകുവാൻ നിശ്ചയിച്ചു. പക്ഷേ ഉടനടി പുറപ്പെടുവാൻ സാധിച്ചില്ല. അതിനു കാരണം തകഴിയിൽ അടിമനപ്പോററിയുടെ വക ഒരു അപ്പീൽക്കേസ് വാദിക്കുന്നതു് ഞാൻതന്നെ വേണമെന്നു പോററിക്കുണ്ടായിരുന്ന നിർബന്ധമാണു്. ആലപ്പുഴെ ഉണ്ടിയൽ വ്യാപാരിയായിരുന്ന മിസ്റ്റർ പിച്ചുവയ്യൻെറ തടിക്കച്ചവടസ്ഥലത്തു് പോററിയുടെ ആന തടിപിടിച്ചു തോട്ടിലേക്കിറക്കിക്കൊണ്ടിരുന്നപ്പോൾ അടുത്തു പൂട്ടിയിട്ടിരുന്ന വള്ളം രണ്ടായി കുത്തിപ്പിളന്നു നിമിത്തം ഉടമസ്ഥനായ ഒരു ഈഴവൻ പോററിയേയും മി. പിച്ചുവയ്യനേയും പ്രതികളാക്കി ബോധിപ്പിച്ചിരുന്നതാകുന്നു പ്രസ്തുതകേസ്സ്. തടിപിടിച്ചു തോട്ടിലേക്കിറക്കിയപ്പോൾ വെള്ളമിളകിയതു നിമിത്തം വള്ളമിളകുകയും പിൻവശത്തുണ്ടായ വള്ളത്തിൻെറ ചലനം കടിക്കുവാൻ വരുന്ന മുതലയോ മറേറാ ആണെന്നു തെററിദ്ധരിച്ചു്

ആന തിരിഞ്ഞു കുത്തുകയുമാണു ചെയ്തതെന്നു് ഊഹിക്കപ്പെട്ടു. പിച്ചവയ്യനെക്കൊണ്ടു നഷ്ടം കൊടുപ്പിക്കത്തക്കതല്ലെന്നും ആനയുടെ ഉടമസ്ഥനായ പോററിവേണം വള്ളംകുത്തിപ്പിളന്നതിന്റെ നഷ്ടം കൊടുക്കേണ്ടതെന്നും മുൻസിഫായിരുന്ന മി. പി. ജെ. വറുഗീസ് വിധിച്ചു. വേനൽ ഒഴിവു കഴിഞ്ഞു് കച്ചേരി തുറന്നപ്പോൾ എസ്. ററി. വീരരാഘവാചാരി അവർകൾ ജഡ്ജിയായി സ്ഥലംമാറി വന്നു. കോട്ടയത്തിനു സ്ഥലംമാറാനിരുന്ന ഞാൻ സ്ഥലം മാറി വന്ന ജഡ്ജിയുടെ അടുക്കൽ അപ്പീൽ വാദിക്കുന്നതിനായി ഉടൻതന്നെ സ്ഥലംമാറാതെയുമിരുന്നു. ഉപദ്രോഹനിയമ (Tort law) പ്രകാരം ജന്തുക്കൾ വന്യങ്ങളെന്നും ഗൃഹ്യങ്ങളെന്നും രണ്ടുതരമാണു്. രണ്ടുതരം ജന്തുക്കളിൽനിന്നു നേരിടുന്ന ദ്രോഹങ്ങൾക്കു് ഉടമസ്ഥന്മാരുടെ ഉത്തരവാദിത്വം നിയമശാസ്ത്രപ്രകാരം രണ്ടുതരത്തിലാണു്. ആന വന്യജന്തുവോ ഗൃഹ്യജന്തുവോ എന്നായിരുന്നു പ്രധാനതൎക്കം. ഇംഗ്ലണ്ടിൽ ആനയെ വന്യജന്തുവായി ഗണിച്ചു വിധികളുണ്ടായിട്ടുണ്ടു്. 'രതൻലാൽ' എന്ന ഗ്രന്ഥകാരൻ ഉണ്ടാക്കിട്ടുള്ള ടാർട്ടു പുസ്തകത്തിൽ ആ സംഗതി പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹംതന്നെ അതിനു ചുവടേ ചെറിയ അക്ഷരത്തിൽ അച്ചടിച്ചിട്ടുള്ള ഒരു ഭാഗത്തു് ആന ബൎമ്മായിൽ ഒരു ഗൃഹ്യജന്തുവാണെന്നു പറയുന്നു. ഇതു കാണാതെയോ ഗണ്യമാക്കാതെയോ ആണു് മുൻസിഫ് പോററിയ്ക്കു് ദോഷമായി വിധിച്ചതു്. ഇതിനുംപുറമേ കൽക്കട്ടാ ഹൈക്കോർട്ടിലും ആന ഗൃഹ്യകമാണെന്നു വിധിയുണ്ടായിട്ടുണ്ടു്. ഇതെല്ലാംവച്ചുകൊണ്ടു് ഞാൻ പുറപ്പെടുവിച്ച വാദം ജഡ്ജി അവർകൾ അംഗീകരിക്കുകയും പോററിയ്ക്കു യാതൊരു ചുമതലയുമില്ലെന്നു സ്ഥാപിക്കുകയും ചെയ്തു. പിന്നീടു സമയം വ്യയം ചെയ്യാതെ ഞാൻ കോട്ടയത്തിനു പുറപ്പെട്ടു.

കോട്ടയത്തു ജില്ലാക്കോടതി ഇട്ടിരിക്കുന്ന കെട്ടിടം ഒരു സിറിയൻ ക്രിസ്ത്യന്റെ ഭവനം ഗവൺമെന്റിൽനിന്നു വിലയ്ക്കു വാങ്ങിയിട്ടുള്ളതാണു്. അതിന്റെ ക്രയംകൊണ്ടു ഗവർമ്മെന്റിനു കാലതാമസം കൂടാതെ ഒരു കെട്ടിടവും ഉടമസ്ഥന്റെ അവകാശികൾക്കു ബാദ്ധ്യതകൾ തീർക്കുന്നതിലേയ്ക്കു തക്കതായ പ്രതിഫലവും കിട്ടി. കോടതിയിൽ കേസുണ്ടായിരുന്ന കക്ഷികൾക്കും മററും സമീപത്തു വേണ്ട സൗകര്യങ്ങൾ ഇല്ലാതിരുന്നതുകൊണ്ടുണ്ടായ സങ്കടങ്ങൾ കാൽനടക്കാരായ സാധുക്കളല്ലാതെ വേറെ വല്ലവരുമറിഞ്ഞിരുന്നോ എന്നു സംശയമാണു്. ആന പോയവഴിയേ വാലും എന്നു പറഞ്ഞപോലെ വക്കീലന്മാർ കോട്ടയത്തേയ്ക്കു പോയപ്പോൾ കുറെ റിക്ഷാവണ്ടികളും അവരുടെ പുറകേ കോട്ടയത്തു് എത്തി. തന്നിമിത്തം തിരുനക്കരെയും മററും താമസിച്ചിരുന്ന വക്കീലന്മാർക്കു കച്ചേരിയ്ക്കു പോകുവാൻ സുലഭമായ വാഹനസാഹായ്യമുണ്ടായി. എന്നാൽ ആലപ്പുഴപോലെ റോഡുകൾ നിരപ്പും പരപ്പുമുള്ള ഭൂപ്രദേശത്തല്ലാതിരുന്നതിനാൽ റിക്ഷാവലിക്കുന്നവന്റെ കൈതെററി ചില്ലറ അപകടങ്ങൾ സംഭവിക്കാറുണ്ടു്. ഒരിക്കൽ കച്ചേരിയുടെ പടിക്കലേയ്ക്കു കേറുന്നിടത്തുവച്ചു റിക്ഷാക്കാരന്റെ പിടിവിട്ടു പോകയാൽ അതിൽ സഞ്ചരിച്ചിരുന്ന ജഡ്ജി മലന്നു നിലത്തു വീഴുകയും അദ്ദേഹത്തിന്റെ തലപ്പാവു തെറിച്ചു് ഉരുണ്ടു പോവുകയും ചെയ്തതു പലരും കണ്ടിട്ടുണ്ടു്.

മൂന്നു ജഡ്ജിമാരെ കോട്ടയത്തു നിയമിക്കേണ്ടതായിവന്നു. അവരിൽ കനിഷ്ഠനായ ജഡ്ജി കച്ചേരിജോലിചെയ്തിരുന്നതു മുന്നുടമസ്ഥന്റെ പാചകശാലയിലായിരുന്നു. ഇങ്ങനെ വിവിധമായ ദുർഘടങ്ങളുണ്ടായിരുന്നെങ്കിലും സ്ഥാപിച്ചു് അധികമാകുന്നതിനുമുമ്പു് കോട്ടയം കോടതിയ്ക്കു വളരെ പ്രാധാന്യവും ഗാംഭീര്യവും സിദ്ധിച്ചു. അതിനുള്ള ഒരു

കാരണം മെത്രാൻ-ബാവാകക്ഷിദ്രം നിമിത്തം നടന്ന സെമ്മനാരി കൊലക്കേസ്സാകുന്നു. തിരുവല്ലാക്കാർ 'ആനപ്പാപ്പി' എന്നൊരു സുറിയാനി ക്രിസ്ത്യാനിയെ മെത്രാൻെറ അംഗരക്ഷകനായി നിയമിച്ചിരുന്നു. അടുത്തുള്ള ആററിലെ മണൽപ്പുറത്തുവച്ച് എതിർകക്ഷി അയാളെ വടികൊണ്ടും മററും അടിച്ചു മൃതിപ്പെടുത്തി എന്നായിരുന്നു കേസ്സ്. കുറെ ക്രിസ്ത്യാനികളും മുഹമ്മദീയരും അതിൽ പ്രതികളായിരുന്നു. പ്രോസിക്യൂഷൻഭാഗത്തു ബദ്ധതാൽപര്യക്കാരായിരുന്ന മെത്രാൻകക്ഷിക്കാർ സർക്കാർവക്കീലിനെ സഹായിക്കുന്നതിനു് എന്നെക്കൂടി ഒരു വക്കീലായി നിയമിച്ചിരുന്നു. ജഡ്ജി ആയിരുന്ന കെ. ശങ്കരപ്പിള്ള അവർകൾ പ്രതികളിൽ പലരെയും ശിക്ഷിച്ചു. മെത്രാൻ-ബാവാ വഴക്കിൽനിന്നു സിവിലായും ക്രിമിനലായും പിന്നെയും പല കേസുകളുണ്ടായി. അവയുടെ വിവരണം ഇവിടെ സംഗതമായിരിക്കുമോ എന്നു സംശയിച്ചു് ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. മെത്രാൻ കക്ഷിയുടെയും ആ കക്ഷിക്കു ധൂർവഹന്മാരും ബലകരന്മാരും ആയിരുന്ന കണ്ടത്തിൽ കുടുംബക്കാരുടെയും പ്രസാദം എനിക്കു സിദ്ധിച്ചതിനു പുറമേ ഇടപ്പള്ളി സ്വരൂപം, ചേന്ദമംഗലത്തു പാലിയം, പൂഞ്ഞാററിൽ തമ്പുരാക്കന്മാർ, കരിങ്ങനംപള്ളി സ്വരൂപം, വഞ്ഞിപ്പുഴപ്പണ്ടാരം, വട്ടപ്പറമ്പിൽ വല്യതാൻ, അറയ്ക്കൽ പിള്ളമാർ, പുല്ലോംപിള്ള, മഞ്ഞപ്പള്ളി കുടുംബം, കൂടത്തും മുറിക്കാർ, വല്യടത്തുമൂത്തതു്, തെക്കേടത്തുഭട്ടതിരി, ഹാരിസൺ ക്രാസ്ഫീൽഡ് കമ്പനിക്കാർ, ആര്യാട്ടിടം, ചെറുകരക്കുടുംബം മുതലായ പല വലിയ സ്ഥാനങ്ങളും മഹാജനങ്ങളും വക്കാലത്തു തന്നു് എന്നെ പ്രോത്സാഹിപ്പിച്ചിരുന്നു. ധനവിഷയമായ ദാരിദ്ര്യം അറിയാനിടവരാതെ ഈശ്വരൻ അനുഗ്രഹിച്ചു. കോട്ടയം ജില്ലയുടെ അധികാരസീമകളാൽ വലയിതമായ ഭൂപ്രദേശം വലുതായിരുന്നതുകൊണ്ടു വളരെ സ്ഥലങ്ങളും ജനങ്ങളും എനിക്കു പരിചയ

പ്പെട്ടു. മെസ്സേഴ്സ് കെ. ശങ്കരപ്പിള്ള, എൻ. രാമചന്ദ്രയ്യർ, രാമസ്വാമി ശാസ്ത്രികൾ, പി. രാമൻതമ്പി, പി. ജെ. വറുഗീസ്, കെ. ജേക്കബ്, എൻ. ജി. നാരായണറാവു, ആർ. നാരായണപിള്ള, എസ്സ്. അയ്യാത്തുരയ്യർ, കെ. കെ. ചാക്കോ മുതലായ ജഡ്ജിമാരുടെ മുമ്പാകെ കോട്ടയത്തു ഞാൻ വ്യവഹരിച്ചിട്ടുണ്ട്. രക്തത്തിനു് ആതഞ്ചനമുണ്ടാകുമാറു് (ഉറക്കുടമാറു്) അത്ര ഭയങ്കരങ്ങളായ കൊലപാതകങ്ങളും മററനേക കുററകൃത്യങ്ങളും കോട്ടയം കോടതിയിൽ വിചാരണചെയ്യപ്പെട്ടിട്ടുണ്ട്. നല്ലമുളകുവിളവെടുപ്പോടുകൂടി ധനത്തിനു വൃദ്ധിയും മദ്യത്തിൽ സക്തിയും വിവേകത്തിനു ലുപ്തിയും ഉണ്ടാകുകകൊണ്ടു് കോട്ടയം കോട്ടിൽ കുററകൃത്യങ്ങൾ കൂടുതൽ വിചാരണ ചെയ്യേണ്ടതായി വന്നിരുന്നു എന്നാണു് ഒരു വ്യാഖ്യാനം കേട്ടിട്ടുള്ളതു്. അക്ഷരാഭ്യാസത്തിൻെറ പ്രചാരത്തിനു വിരളതയും ആ ഡിസ്ത്രിക്ടിൽ ഗണ്യമായിരുന്നു എന്നു പറയേണ്ടതായിട്ടുണ്ട്. ഞാൻ അവിടെ താമസിക്കുമ്പോൾ വിക്ടോറിയാ മഹാറാണി നാടുനീങ്ങി വളരെനാളായിരുന്നെങ്കിലും ആ മഹാരാജ്ഞി അപ്പോഴും രാജ്യഭാരം ചെയ്തുകൊണ്ടിരിക്കുന്നതായി മീനച്ചിൽക്കാരൻ ഒരാൾ പറയുന്നതു കേട്ടിട്ടുണ്ട്. അതുപോലെ നായർ റഗുലേഷൻ നടപ്പായി വളരെ കഴിഞ്ഞതിൻെറ ശേഷം നിയമവിലക്ഷണമായി ഒരു വിവാഹം നടത്തിയതിനെ സംബന്ധിച്ച് ഒരു കേസ്സുണ്ടായി. അങ്ങനെ സംഭവിച്ചതെന്താണെന്നു ഞാൻ ചോദിച്ചതിനു് റഗുലേഷൻ പാസ്സായ വിവരം അറിഞ്ഞിരുന്നില്ല എന്നാണു് കിട്ടിയ മറുപടി. സിവിൽക്കേസുകൾ ആണെങ്കിൽ വലിയ മലഞ്ചെരിക്കല്ലുകളേയും വിശാലമായ ഭൂപ്രദേശങ്ങളേയും സംബന്ധിച്ച പല കുഴഞ്ഞ കേസുകളും ആ കോടതിയിൽവിസ്തരിക്കേണ്ടി വന്നിട്ടുണ്ട്. ശങ്കരൻപണ്ടാല അവർകൾ ജഡ്ജിയായിരുന്നപ്പോൾ ഇത്തരം ചില കേസുകൾ മുൻജഡ്ജിമാർ വിചാരണാ-

ദൈർഘ്യം ഭയന്നു തൊടാതിട്ടിരുന്നതു വിസ്തരിച്ചു തീക്കുവാൻ അദ്ദേഹത്തിനെ പ്രത്യേകം ഹൈക്കോടതിയിൽ നിന്നു നിയോഗിച്ചിരുന്നു. ആ ഡിസ്ട്രിക്ടിൽ ഗവമ്മെൻറിൽനിന്നു നടത്തിയ സവ്വേയും സെററിൽമെൻറും പല വെല്ലുവിളികൾക്കു വിഷയമാകുകയും പലയിടത്തും അസ്ഥിരപ്പെട്ടുപോകുകയും ചെയ്തിട്ടുണ്ടു്. പൂഞ്ഞാറും ഗവമ്മെൻറും തമ്മിലും ഗവമ്മെൻറും ഇടപ്പള്ളി സ്വരൂപവും തമ്മിലും വഞ്ചിപ്പുഴപ്പണ്ടാരവും ഗവമ്മെൻറും തമ്മിലും നടന്ന സീമാവിവാദക്കേസുകൾ ഏറിയകൂറും ഗവമ്മെൻറിനു ദോഷമായിട്ടാണു തീരുമാനമുണ്ടായതു്. കുറെയൊക്കെ അപ്പീലിൽ ഭേദപ്പെട്ടിട്ടുണ്ടു്. പാലപ്രച്ചേരിക്കൽ കേസിൽ പാലപ്രമുറി മുഴുവൻ ഉൾപ്പെട്ടിരുന്നു. അതു പി. ജി. ഗോവിന്ദപ്പിള്ള അവർകൾക്കു ഗുണമായി തീരുമാനമായി. ഇങ്ങനെയുള്ള വലിയ കേസുകളുടെ കൂട്ടത്തിൽ വിശ്രുതങ്ങളായ ചില ചെറിയ കേസുകളും നടന്നിട്ടുണ്ടു്.

*Note :-* [‘സ്മരണമണ്ഡലം’ പൂർത്തിയാക്കാൻ ഗ്രന്ഥകാരനു് കഴിയാതെപോയി. ആ ജീവിതത്തിൻെറ ബഹുമുഖമായ വളർച്ചയുടെ പൂർണ്ണവിവരങ്ങൾ ശ്രീമാൻ പി. കെ. പരമേശ്വരൻനായർ അവർകൾ രചിച്ച ‘സാഹിത്യപഞ്ചാനനൻ’ എന്ന കൃതി കൗതുകമുള്ള വായനക്കാക്കു് സമ്മാനിക്കുന്നതാണു്.]